2013 മാർച്ച് / വോള്യം 5 / ലക്കം 3/ വില 15 ₹

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## ആമിന വദൂദുമായി അഭിമുഖം

ഷംഷാദ് ഹുസൈൻ/അജിത

## ലിംഗ പദവി, ലൈംഗികത -നവനീത്





# സംഘടിത

2013 മാർച്ച് / വോള്യം 5 / ലക്കം 3


# ഉള്ളടക്കം




ആമിനവദൂദ് –ഷംഷാദ്ഹുസൈൻ/അജിത 8





ലിംഗപദവി, ലൈംഗികത: രാഷ്ട്രീയത്തിന്റെ മാറുന്നതും മാറേണ്ടതുമായ ഭാഷകൾ – നവനീത 44





ചരിത്രത്തെ വീണ്ടെടുക്കുന്ന ഡോക്യുസിനിമ 'തൊഴിൽകേന്ദ്രത്തിലേക്ക്' – സുനീത.ടി.വി 50

14. പുറത്തേക്കു തുറക്കുന്ന വാതിലുകൾ -ഷീനജോസ്. എ.
17. കോടതിയെന്ന പുരുഷയിടം -ആതിര പി.എം & ആരതി പി.എം
22. ലിംഗപദവിയും ലൈംഗികതയും
തകരുന്ന വാർപ്പുമാതൃകകൾ -ബീന
26. ആകാശത്തിന്റെ പകുതിയോ അതോ?-എം എസ് ശ്രീരേഖ
29. തിരിഞ്ഞുനോക്കുമ്പോൾ - വി.പി.സുഹറ
31. എനിക്ക് സർക്കാരിനോടുപറയാനുള്ളത്.... -സന്ധ്യാമേരി
33. തുടരുന്ന ഫെമിനിസ്റ്റ് രാഷ്ട്രീയ പാഠങ്ങൾ - ബിന്ദു മേനോൻ
40. പറയാൻ വന്നത് - അലീന ഷാരോൺ
48. അനുഭവങ്ങൾക്കപ്പുറം -പി.വി.വിജയമ്മ
54. ഞാനറിഞ്ഞ 'ഫെമിനിസം' - അന്നമ്മ ജോസഫ്
58. പുനർവിചിന്തനം ആവശ്യപ്പെടുന്ന സ്ത്രീവാദം-സീനപനോളി


## കവിതകൾ


അപര - സാവിത്രി രാജീവൻ
അടിയന്തിരാവസ്ഥ - ആശാലത
സ്നേഹം - വി.എം.ഗിരിജ



എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
ഗസ്റ്റ് എഡിറ്റർ : ഗിരിജ.കെ.പി
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**



അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org ✦ www.sanghaditha.com



## എഡിറ്റോറിയൽ



സാറാ ജോസഫ്

**കഥാകൃത്ത്** കരുണാകരന്റെ ഒരു കത്ത് ഫെബ്രുവരി 28ന് ഇ-മെയിലിൽ കിട്ടി. കത്ത് എനിക്കുമാത്രമല്ല മറ്റുപലർക്കും കൂടിയുള്ള തായിരുന്നു. വ്യക്തികൾക്കും മലയാളം മാധ്യമം തുടങ്ങിയ പ്രസി ദ്ധീകരണങ്ങൾക്കും. കത്തിന്റെ ചുരുക്കം ഇതാണ് "സൂര്യനെല്ലി കേസ്സിൽ പി.ജെ.കുര്യനെതിരെ അന്വേഷണം വേണമെന്ന് ഒപ്പുവെച്ച ബി.ആർ.പി ഭാസ്ക്കർ, കെ.വേണു, സക്കറിയ, സി.ആർ.പരമേശ്വരൻ, സാറാജോസഫ് തുടങ്ങിയവർ പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്ത്രീകൾക്കെതിരായുള്ള ഹിംസാത്മകമായ പ്രസംഗത്തിനെതിരെ പ്രസ്താവനയിറക്കിയോ (ഞാൻ കണ്ടില്ല). ആ ഉശിരൻ പെൺകുട്ടി ആര്യയെ അനുമോദിച്ച സുഗതകുമാരി പുനത്തിൽ കുഞ്ഞബ്ദുള്ള യുടെ സ്ത്രീകൾക്കെതിരായുള്ള ഹിംസാത്മകമായ പ്രസംഗത്തിനെ തിരെ പ്രസ്താവന ഇറക്കിയോ (ഞാൻ കണ്ടില്ല)." എന്നു തുടങ്ങി പ്രസംഗത്തിനെതിരെ വേദിയിലുണ്ടായിരുന്ന എഴുത്തുകാർ എഴുന്നേ റ്റുനിന്ന് കൂവാഞ്ഞതും സദസ്സിൽ നിന്ന് ഒരു ചെരുപ്പ് വേദിയിലേക്ക് എറിയാഞ്ഞതും "സ്മാരകശിലകൾ" ഇതുവരെ വിറ്റകോപ്പിയുടെ കണക്ക് പോസ്റ്റ് ചെയ്ത കെ.പി.നിർമ്മൽകുമാർ പ്രസംഗത്തിലെ സ്ത്രീവിരുദ്ധവാക്കുകൾ എണ്ണാത്തതും ഒക്കെ ചൂണ്ടികാണിച്ചു കൊണ്ട് വളരെ പരിഹാസപൂർണ്ണമായ രീതിയിൽ താൻ ഒന്നും അറി യുന്നില്ല ഒന്നും കേൾക്കുന്നില്ല എന്ന് കരുണാകരൻ എഴുത്ത് അവ സാനിപ്പിക്കുന്നു.

പുനത്തിൽ കുഞ്ഞബ്ദുള്ളക്കെതിരെ കരുണാകരൻ കൂവുകയോ ചെരുപ്പെറിയുകയോ പ്രസ്താവനയിറക്കുകയോ ഉണ്ടായോ (ഞാൻ കണ്ടില്ല). പ്രണബ്മുഖർജിയുടെ മകൻ അഭിജിത്ത് മുഖർജി, അശ്രാം ബാപ്പു, മോഹൻഭാഗവത് (ആർ.എസ്.എസ് മേധാവി), ജസ്റ്റിസ് ബസ ന്ത്, രജത്കുമർ, പി.സി.ജോർജ്ജ് തുടങ്ങി പുനത്തിൽ കുഞ്ഞബ്ദുള്ള വരെ സ്ത്രീകളോടുള്ള മനോഭാവം ഇങ്ങനെ വെളിപ്പെടുത്തിക്കൊ ണ്ടിരിക്കുമ്പോൾ കരുണാകരനെപ്പോലെയുള്ള എഴുത്തുകാർ മറ്റുള്ള വർ എന്തുചെയ്തു എന്നു ചോദിക്കുന്നതിനു പകരം സ്വയം എന്തു ചെയ്തു എന്നു ചോദിക്കലാണ് നല്ലത്. അബോധപൂർവ്വമായി മന സ്സിലിരിപ്പുകൾ വഴുതി പുറത്തുവിടുകയും ആളുകൾ സ്വയം വെളി പ്പെടുകയും ചെയ്യുന്ന ഒരു കാലഘട്ടമാണ് ഇത്.

ഡൽഹി സംഭവത്തിനുശേഷം പ്രത്യേകിച്ചും. 17 കൊല്ലം മുമ്പ് സൂര്യനെല്ലി സംഭവത്തെ തുടർന്ന് മലയാളി പുരുഷന്മാരുടെ ഇടയിൽ കൊച്ചു പെൺകുഞ്ഞുങ്ങളെ സൂര്യനെല്ലി എന്നു വിളിച്ച് കമന്റടിക്കുന്ന അവസ്ഥ ഉണ്ടായിരുന്നു. പെൺകുട്ടികൾ എന്നാൽ നോക്കി നിൽക്കാ നുള്ളതല്ല എന്ന കുഞ്ഞബ്ദുള്ളയുടെ പ്രസംഗം ബോധത്തിലാണോ ബോധക്കേടിലാണോ നടന്നതെന്ന് എനിക്കറിഞ്ഞുകൂടാ. ബോധക്കേ ടിൽ പോലും സ്ത്രീയുടെ നേർക്കുള്ള പുരുഷന്റെ സാമാന്യമനോഭാ വമാണ് അത്. ഒരിക്കൽ ഒരു മതപുരോഹിതൻ ഒരു ചാനൽ ചർച്ച യിൽ പങ്കെടുക്കുന്നതിനിടയിൽ സ്വകാര്യ സംഭാഷണത്തിൽ ശൈശവവിവാഹത്തെക്കുറിച്ച് എന്റെ ചോദ്യത്തിന് ഇങ്ങനെ മറുപടി പറഞ്ഞത് ഓർക്കുന്നു. "പെൺകുട്ടികളെ കൗമാരപ്രായത്തിൽതന്നെ വിവാഹം ചെയ്ത് കൊടുക്കുന്നതാണ് നല്ലത്. ചെനച്ച മാങ്ങയുടെ പരുവത്തിൽ തന്നെ അത് തിന്നണം. അധികം പഴുത്താൽ നല്ലതല്ല." പെൺകുട്ടി നോക്കി നിൽക്കാനുള്ളതല്ല എന്ന കുഞ്ഞബ്ദുള്ളയുടെ പ്രസ്താവത്തെ പുരോഹിതന്റെ ഈ വാക്കുകളോട് ചേർത്ത് വെയ്ക്കാം. സ്ത്രീയെന്നാൽ പുരുഷന് ആസ്വദിക്കാനുള്ള വസ്തുവോ പല ഹാരമോ എന്നപോലെ മാത്രമേ അവർ കാണുന്നുള്ളൂ. അമ്മയാണ്, ദേവിയാ ണ്, പ്രകൃതിയാണ് എന്നൊക്കെയുള്ള സ്തുതിഗീതങ്ങളുടെ ഉള്ളിൽ ഒളി പ്പിച്ചു വെച്ചിട്ടുള്ള ഈ മാനോഭാവമാ ണ്. നവോത്ഥാനകാല നാടകങ്ങളിൽ ഒന്നിൽ പലഹാരത്തോട് ചോദിച്ചി ട്ടാണോ പലഹാരം തിന്നാറ് എന്ന നമ്പൂതിരിയുടെ ചോദ്യം ഒരു പെൺകു ട്ടിയോട് വിവാഹത്തെപ്പറ്റി അവളുടെ അഭിപ്രായം കൂടി അറിയണ്ടേ എന്ന ചോദ്യത്തിന് കിട്ടിയ മറുപടി ആയിരു ന്നു. 'തൊഴിൽ കേന്ദ്രത്തിലേക്ക്' എന്ന സ്ത്രീ നാടകത്തിൽ തൊഴുത്തിലെ പശുവിനെപ്പോലെയോ, അടുക്കള യിലെ പാത്രം പോലെയോ എന്നെ ആർക്കെങ്കിലും പിടിച്ചു കൊടുക്കാ നൊന്നും കഴിയില്ല എന്ന പ്രസ്താവ നയോടെ ഇറങ്ങിപ്പോകുന്ന പെൺകു ട്ടിയുണ്ട്- ദേവസേന. ഇന്ന് ദേവ സേനമാരുടെ എണ്ണം വളരെ വർദ്ധിച്ചി രിക്കുന്നത് അസ്വസ്ഥതയോടെയാണ് ആൺലോകം കാണുന്നത്. കരുണാക രനിലേക്ക് തിരിച്ചുവന്നാൽ ഇത്തരം ആൺമനോഭാവത്തെ തിരിച്ചറിഞ്ഞ് പ്രതിരോധിക്കേണ്ട ഉത്തരവാദിത്വം എല്ലാവർക്കും ഒരുപോലെയാണ്. പ്രത്യേകിച്ച് കരുണാകരനെപ്പോലെ തിരിച്ചറിവുള്ള എഴുത്തുകാർക്ക്. നിങ്ങൾ എന്തുചെയ്തു എന്നു ചോദി ക്കാൻ എളുപ്പമാണ്. അതിനുമുമ്പ് ഞാൻ എന്തു ചെയ്തു എന്ന് ചോദി ക്കേണ്ടിയിരിക്കുന്നു. പ്രതീക്ഷിക്കുക; പ്രതീക്ഷിക്കുക; കരുണാകരന്റെ ഒരു ചെരുപ്പേറ്.

●





**ഗിരിജ.കെ.പി**

## ഗസ്റ്റ് എഡിറ്റേർസ് നോട്ട്

**ഏതാണ്ട്** മൂന്നുപതിറ്റാണ്ടുകളായി നിലനിൽക്കുന്നതും പലരും നെഞ്ചേറ്റിയതുമായ സ്ത്രീസമത്വവാദമെന്ന ആശയത്തെ പല തലമുറകളിലൂടേയും വ്യത്യസ്തധാരകളിലൂടേയും അറിയാനുള്ള ഒരു ശ്രമമാണ് ഈ ലക്കത്തിൽ. 1980കളുടെ മധ്യത്തിൽ ജ്വലിച്ചുയരുകയും അക്കാലത്തെ വലിയൊരു വിഭാഗം സ്ത്രീകൾക്ക് ആവേശവും കരുത്തും ആത്മവിശ്വാസവുമേകുകയും ചെയ്ത സ്ത്രീസമത്വവാദം (feminism) നിരവധി പ്രതിബന്ധങ്ങളും വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും നേരിട്ടുകൊണ്ടാണ് നിലനിന്നത്. അക്കാലത്ത് സമൂഹത്തിനും കുടുംബത്തിനുമകത്ത് സ്ത്രീകളനുഭവിക്കുന്ന അനീതികൾക്കെതിരെ ഉയർത്തിപ്പിടിച്ച ആ ചൂണ്ടുവിരലിന്റെ ആജ്ഞാശക്തി കാണാതെ പോയവർ വിരളവുമായിരുന്നു. രൂപംകൊണ്ട കാലത്ത് കാണാതെയോ അറിയാതെയോ പോയ നിരവധി ചോദ്യങ്ങളും പ്രശ്നങ്ങളും പിന്നീട് പല കോണുകളിൽനിന്നുമുയർന്നു. ജാതിമതവർഗ്ഗഭേദമെന്യെ എല്ലാ സ്ത്രീകളെയും ഉൾക്കൊള്ളുന്നതും അവരുടെയൊക്കെ പ്രശ്നങ്ങൾ തുല്യനിലയിൽ അംഗീകരിക്കുന്നതുമായ ഏകശിലാരൂപമാണോ ഫെമിനിസം എന്ന അടിസ്ഥാന ചോദ്യമുയർന്നു. ഉൾക്കൊള്ളാൻ മടിക്കുകയോ വിവരിക്കുവാൻ അതേവരെ പദാവലിയിലില്ലാതിരിക്കുകയോ ചെയ്ത ഈ ചോദ്യം പൊട്ടിത്തെറിച്ചത് യൂണിഫോം സിവിൽകോഡിനു വേണ്ടിയുള്ള വാദത്തോടെയായിരുന്നു. അത്തരമൊരു സിവിൽകോഡല്ല തങ്ങൾക്കു വേണ്ടതെന്നും യൂണിഫോം സിവിൽകോഡ് തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പര്യാപ്തമായ സമത്വസുന്ദര സിവിൽനിയമം അല്ലെന്നും ഭൂരിപക്ഷം മുസ്ലീംസ്ത്രീകൾ എതിർത്തപ്പോഴാണ് പുനർവിചിന്തനത്തിന്റെ ആദ്യകിരണങ്ങൾ വിസമ്മതത്തോടെയെങ്കിലും ഉദിച്ചത്. പിന്നീടങ്ങോട്ട് സ്ത്രീവാദത്തിന് എണ്ണമില്ലാത്തത്രയും ചോദ്യങ്ങളും പ്രശ്നങ്ങളും നേരിടേണ്ടിവന്നു. അതിൽ അത്ഭുതപ്പെടാനൊന്നുമില്ല. വെട്ടിയും തിരുത്തിയും തിരിച്ചറിഞ്ഞും പുനഃപരിശോധിച്ചുമെല്ലാമാണ് മുന്നോട്ടേയ്ക്കുള്ള വഴികൾ തുറക്കുക. അല്ലാതെ തുടങ്ങുന്നതും ഒടുങ്ങുന്നതും പൂർണ്ണവും സമഗ്രവുമായ ആശയങ്ങളോടെയാവില്ല. മുസ്ലീംസ്ത്രീകൾ, ദളിത്സ്ത്രീകൾ, സ്വവർഗ്ഗസ്നേഹികൾ, ലൈംഗികത്തൊഴിലാളികൾ ഇങ്ങനെ ഒട്ടനവധി പ്രാന്തവല്ക്കരിക്കപ്പെട്ട വിഭാഗങ്ങളോടും ഇടങ്ങളോടും സംവദിക്കാതെ സ്ത്രീവാദത്തിന് നിലനിൽക്കാനാവാത്ത അവസ്ഥവന്നു. പലപ്രസ്ഥാനങ്ങളും ചെയ്യുന്ന പോലെ, അറിയാത്തതും മനസ്സിലാകാത്തതുമായ കാര്യങ്ങളും സ്ഥലികളും നിലനിൽക്കുന്നേയില്ല എന്ന നിലപാടും സ്ഥാപനവത്ക്കരിപ്പെട്ട ഫെമിനിസ്റ്റ്ധാരക്കകത്ത് കാണാമായിരുന്നു. പലപ്പോഴും വിപ്ലവാത്മകചിന്തകളും ആശയങ്ങളും അധീശത്വത്തിന്റെ മധുരത്തിൽ പൊതിഞ്ഞാണല്ലോ നാം വിഴുങ്ങാറ്. അപ്പപ്പോഴത്തെ സാമൂഹ്യയാഥാർത്ഥ്യങ്ങളോട് ഏറ്റുമുട്ടുവാനായി രൂപം കൊള്ളുന്ന പ്രസ്ഥാനങ്ങൾ എക്കാലത്തേക്കുമായി നിലനിൽക്കുമ്പോൾ ആശയങ്ങൾ തുരുമ്പെടുക്കുന്നതും പ്രവർത്തനങ്ങൾ ഏകമുഖമാകുന്നതും സ്വാഭാവികമാണ്. എങ്കിലും വ്യവസ്ഥാപിതഫെമിനിസത്തിനു നേരെ ഉയരുന്ന ചോദ്യങ്ങളും അവയോടുള്ള അമ്പരപ്പുകളും കാതലായ ചില സന്ദേഹങ്ങൾ മുന്നോട്ടുവെക്കുന്നുണ്ട്. മറ്റേത് സാമൂഹികപ്രസ്ഥാനങ്ങളേയും പോലെ പ്രതിനിധാനം ചെയ്യുന്ന വിഭാഗവും പ്രതിനിധാനം ചെയ്യപ്പെടുന്നവരും തമ്മിലുള്ള അതിർവരമ്പുകളെയാണ് ഈ ചോദ്യങ്ങൾ കുലുക്കുന്നത്. പീഡനത്തിന് 'ഇര'യായവരും അവർക്കായി ശബ്ദമുയർത്തുന്നവരും തമ്മിൽ ഒരു അധികാരബന്ധത്തിന്റെ നേർത്ത മൂടുപടമുണ്ട്.

അധികാരങ്ങളും, തങ്ങൾക്കായി തങ്ങൾ തന്നെ സ്വരം കേൾപ്പിക്കുന്നതുൾപ്പെടെ
യുള്ള അവകാശങ്ങളും, ഉത്തരവാദിത്തങ്ങളും അന്യോന്യബന്ധിതവും പരസ്പ
രപൂരകവുമാണ്. ഇവയെക്കുറിച്ചുള്ള സൂക്ഷ്മമായ നിരീക്ഷണങ്ങളും ക്ഷമയും
തുറസ്സും ഇല്ലെങ്കിൽ ആശയങ്ങളുടെ അലകുകൾ പൊട്ടിപ്പോകും, പ്രവർത്തന
ങ്ങളുടെ ജൈവികത നഷ്ടപ്പെടും.

ഫെമിനിസത്തെക്കുറിച്ച് കഴിഞ്ഞ 25കൊല്ലക്കാലത്തെ ഒരു കണക്കെടുപ്പോ
അയവിറക്കലോ നടത്തുമ്പോൾ ലഭിച്ച ലേഖനങ്ങളിലേറെയും ലിംഗപദവിയും
ലൈംഗികതയും (gender & sexuality) സംബന്ധിച്ച സവിശേഷപ്രശ്നങ്ങൾ ഉ
ന്നയിക്കുന്നുവെങ്കിൽ അതിനർത്ഥം ഇനിയും ആവശ്യമായത്ര ഗൗരവവും പ്രാ
ധാന്യവും ആ വിഷയത്തിൽ ഫെമിനിസം നിക്ഷേപിച്ചിട്ടില്ല എന്നുതന്നെയാണ്.
ഒരൊറ്റ ഫെമിനിസം സാധ്യമല്ലാത്തപോലെ തന്നെ ഭിന്നലൈംഗികത (hetero
sexuality) യെന്നതും ഒരു പ്രത്യേക അധീശസംസ്ക്കാരത്തിന്റെ ആവശ്യാർത്ഥം
നിലനിൽക്കുന്ന ഒന്നാണ്. കുടുംബത്തിന്റെ അധികാരഘടനയെ ചോദ്യംചെയ്യു
മ്പോൾ അതിനകത്ത് സ്ത്രീകളുടെ ഉല്പാദന (productive) പ്രത്യുല്പാദന
(reproductive) റോളുകളും കാണാപ്പണികളും ചർച്ചചെയ്തിരുന്നു. ഇതിനോട്
ചേർത്തു വായിക്കേണ്ടതാണ് ലൈംഗികതയും അതിനുമുകളിൽ പണിതുയർത്തി
യ പ്രത്യുല്പാദനപരമായ റോളുകളും. യഥാർത്ഥത്തിൽ ലൈംഗികതയെക്കുറിച്ചോ
ശരീരത്തെക്കുറിച്ചോ ഗൗരവമാർന്ന ഒരു ചർച്ച ഇനിയും വേണ്ടത്ര നടന്നുകഴി
ഞ്ഞിട്ടില്ല. ലൈംഗികതയെന്നാൽ ലൈംഗികസ്വാതന്ത്ര്യം അഥവാ അരാജകത്വം
ആണെന്ന ഒരു മിഥ്യാധാരണ രൂപപ്പെടുന്നത് വ്യക്തമായും ആണധികാരമൂശ
കൾക്കുള്ളിൽ നിന്നുതന്നെയാണ്.

കുടുംബത്തിന്റെ അധികാരഘടനയും സമൂഹത്തിന്റെ അനുശീലനങ്ങളും ചേർ
ന്ന് വ്യക്തികളുടേയും പ്രസ്ഥാനങ്ങളുടേയും സ്വാതന്ത്ര്യസങ്കല്പങ്ങളെപോലും
ചിട്ടപ്പെടുത്തുന്നത് നാം അറിയാതെ പോകുന്നു. ലിംഗപദവിയെക്കുറിച്ചോ ലൈം
ഗികതയെക്കുറിച്ചോ ഉള്ള ആലോചനകൾ, പ്രാന്തവത്ക്കരിക്കപ്പെട്ട കമ്മ്യൂണിറ്റി
കൾക്കുള്ളിലെ വീണ്ടും പ്രാന്തവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളെക്കുറിച്ചും ഇടങ്ങ
ളെക്കുറിച്ചും ഉള്ള കുഴക്കുന്ന ചോദ്യങ്ങളുയർത്തുന്നു. ഇങ്ങനെ സങ്കീർണ്ണവും
എളുപ്പപരിഹാരങ്ങളില്ലാത്തതുമായ കുഴക്കുന്ന ചോദ്യങ്ങളിലൂടെ/ പ്രശ്നങ്ങളി
ലൂടെ കടന്നുപോയേ പറ്റൂ സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്ക്. കാരണം, ഈ
പ്രസ്ഥാനങ്ങളാണ് ആദ്യമായി ആണധികാരമൂല്യങ്ങൾക്കകത്ത് തഴച്ചുവളർന്ന
അദൃശ്യമായ അനുശീലനങ്ങളെ ചോദ്യം ചെയ്തതും ലൈംഗികചൂഷണത്തെ
ചെറുത്തതും. മേൽവിവരിച്ച സന്ദേഹങ്ങളുടെ ഒരു പരിച്ഛേദം ലേഖനങ്ങളിൽ
ഈ ലക്കത്തിലും അടുത്തലക്കത്തിലുമായി വായിക്കാം.

എല്ലാത്തരം സ്ത്രീവിമോചനപ്രസ്ഥാനങ്ങളെയും ഒന്നാകെ ഇതിൽ ഉൾക്കൊ
ള്ളിക്കാനായിട്ടില്ലെങ്കിലും 1980കളിൽ കേരളത്തിനകത്ത് രൂപംകൊണ്ടതും സജീ
വമായി നിലനിന്നതുമായ ഒട്ടൊക്കെ സംഘടനകളിൽ പ്രവർത്തിച്ചവർ അനുഭവ
ങ്ങൾ പങ്കുവെക്കുന്നുണ്ട്. എങ്കിലും വിട്ടുപോയവരും എഴുതാത്തവരും എഴുതി
യവരും ചേർന്നാണീ യത്നം സാർത്ഥകമാക്കുന്നത്. പ്രസ്ഥാനങ്ങൾക്കകത്ത് സ
ജീവമായി പ്രവർത്തിക്കുകയും സമത്വത്തിനും നീതിക്കുമായി നിരന്തരം ശബ്ദമു
യർത്തുകയും ചെയ്ത, എന്നാൽ അവയൊക്കെ എഴുതി ഫലിപ്പിച്ച് ശീലമില്ലാ
ത്ത പലരും പ്രതിബദ്ധതയോടെ തങ്ങളുടെ അനുഭവങ്ങളും വിലയിരുത്തലുകളും
പങ്കുവെക്കുവാൻ തയ്യാറായി എന്നത് സ്നേഹത്തോടെ ഓർക്കട്ടെ. ഫലപ്രദമാ
യ ആലോചനകളിലേക്കും ജാഗ്രതകളിലേക്കും ജൈവമായ പ്രവർത്തനങ്ങളി
ലേക്കും വഴിതുറക്കാനായി സമത്വം, സ്വാതന്ത്ര്യം, അധികാരബന്ധങ്ങൾ, ലിംഗ
രാഷ്ട്രീയം, അനുശീലനങ്ങളിൽ ഒളിഞ്ഞിരിക്കുന്ന സ്ഥാപിത മാതൃകകൾ തുട
ങ്ങിയവയെക്കുറിച്ചെല്ലാമുള്ള നിരവധി ആശങ്കകളും ഉൾക്കാഴ്ചകളും ലേഖന
ങ്ങൾ പങ്കിടുന്നു.

സ്നേഹാദരങ്ങളോടെ ഈ പതിപ്പ് സമർപ്പിക്കുന്നു. ●



**ഷംഷാദ്ഹുസൈൻ**

# ആമിനവദൂദ്

**ആമിനവദൂദ്** ആഫ്രിക്കൻ അമേരിക്കക്കാരിയായ ഒരു ഇസ്‌ലാമിക സ്ത്രീവാദിയാണ്. ബഹുസാംസ്കാരികതാവാദത്തിന് പ്രാധാന്യം ഏറിവന്ന ഒരു കാലഘട്ടത്തിൽ തന്നെയാണ് ഇസ്‌ലാമികഫെമിനിസവും ഇവിടെ ഇടം നേടുന്നത്. ഒരു വ്യക്തിയുടെ അവകാശത്തെ നിർണ്ണയിക്കേണ്ടത് അവളുൾക്കൊള്ളുന്ന വർണ്ണ/വർഗ്ഗ/മത/വംശപരിഗണനകൾക്കനുസരിച്ചാണെന്നുള്ള ആശയത്തിന് സ്ത്രീവാദത്തിൽ തന്നെ സ്വീകാര്യത ലഭിക്കുകയായിരുന്നു ഇതിലൂടെ. സ്ത്രീപ്രശ്നങ്ങളെ ഖുർആനുമായി ബന്ധപ്പെടുത്തി വിശകലനം ചെയ്യാനുള്ള ശ്രമമാണ് ആമിനവദൂദിന്റെ ഈ മേഖലയിലെ ആദ്യപരിശ്രമങ്ങളിലൊന്ന്. ഇസ്‌ലാമികസ്ത്രീവാദത്തിന്റെ തുടക്കത്തിൽ നമുക്കു ലഭിച്ച പ്രധാന പഠനങ്ങളിലൊന്നാണിത്. സ്ത്രീവിരുദ്ധത ഖുർആനിന്റെ സഹജസ്വഭാവമാണെന്ന പൊതുധാരണയെ ഈ പഠനം അട്ടിമറിച്ചു. സ്ത്രീകളുടെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഖുർആൻ പുനർവായിക്കുകയാണിവർ ചെയ്തത്. ഖുർആൻ ഉണ്ടായ സന്ദർഭം, ഖുർആൻ സൂക്തങ്ങളിലെ പദങ്ങളുടെ അർത്ഥസാധ്യതകൾ ഇവയെല്ലാം



പ്രയോജനപ്പെടുത്തിക്കൊണ്ട് ഖുർആനിനെ സ്ത്രീകൾക്കനുകൂലമായി വായിച്ചെടുക്കുന്ന രീതിയാണ് ഇതിൽ സ്വീകരിച്ചിരിക്കുന്നത്. രണ്ടാമത്തെ പുസ്തകത്തിൽ ഇസ്ലാമിനെ സംബന്ധിച്ച ഇവരുടെ വ്യക്തിപരമായ അനുഭവങ്ങളും കൂടി ഉൾച്ചേർത്തിട്ടുണ്ട്. ഇസ്ലാമിനകത്ത് സ്ത്രീയെക്കൂടി ഉൾച്ചേർത്ത് വ്യവഹരിക്കാനുള്ള ബൗദ്ധികശ്രമങ്ങളാണിതെന്ന് സാമാന്യമായി പറയാം. ഇവർ ബന്ധപ്പെട്ടു പ്രവർത്തിച്ച ഇസ്ലാമിക സ്ത്രീസംഘടനകളിൽ നിന്നും ഇവരുടെ അധ്യാപന അനുഭവങ്ങളിൽ നിന്നും ഇവർ നടത്തിയ ഇസ്ലാമിക സ്ത്രീവാദപ്രയോഗവല്ക്കരണത്തിൽ നിന്നുമെല്ലാം പാഠങ്ങളുൾക്കൊണ്ടതാണീ പുസ്തകം.

1952 സെപ്തംബർ 25ന് അമേരിക്കയിലെ മേരിലാന്റിൽ ജനിച്ചു. ആദ്യം ബുദ്ധമതവും പിന്നീട് 1972ൽ ഇസ്ലാംമതവും സ്വീകരിച്ചു. 1988ൽ അറബിയിലും ഇസ്ലാമികപഠനത്തിലും മിഷിഗൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് നേടി. ഈജിപ്റ്റിലെ കെയ്റോ സർവ്വകലാശാലയിൽ നിന്ന് അറബിയിലും തഫ്സീറിലും (ഖുർആൻ വ്യാഖ്യാനം) പഠനം നടത്തി.

മലേഷ്യയിലെ ഇന്റർനാഷണൽ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ അസിസ്റ്റന്റ് പ്രൊഫസറായിരിക്കെയാണ് അവരുടെ ഗവേഷണ പ്രബന്ധം പ്രസിദ്ധീകരിച്ചത്. Quran and women, reading the sacred text from a women's perspective എന്നതാണ് ആദ്യപുസ്തകം. 2006ൽ പ്രസിദ്ധീകരിച്ച Inside the Gender Jihad: Women's reform in Islam ആണ് രണ്ടാമത്തെ പുസ്തകം. 1992–ൽ വെർജീനിയ കോമൺവെൽത്ത് യൂണിവേഴ്സിറ്റിയിൽ മതതത്ത്വശാസ്ത്രവിഭാഗം പ്രൊഫസറായി. 2008–ൽ വിരമിച്ചു. പിന്നീട് ഇന്തോനേഷ്യയിലെ ഗദ്ജമാദ (Gadjah Mada) യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫസറായി. യുണൈറ്റഡ് സ്റ്റേറ്റ് മിഡിൽ ഈസ്റ്റ്–സൗത്ത് ഈസ്റ്റ് ഏഷ്യ ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലെ വിവിധ യൂണിവേഴ്സിറ്റികളിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രഭാഷണം നടത്തിയിട്ടുണ്ട്. കേസിയ അലി & ജൂലിയൻ ഹേമർ & ലോറി സിൽവേർസ് എന്നിവർ എഡിറ്റ് ചെയ്ത ആമിനവദൂദിനെ കുറിച്ചുള്ള ഇ–ബുക്കും ലഭ്യമാണ്. 'എ ജിഹാദ് ഫോർ ജസ്റ്റിസ് (ഹോണറിംഗ് ദി വർക്ക് ആന്റ് ലൈഫ് ഓഫ് ആമിനവദൂദ്)' എന്ന ഈ പുസ്തകത്തിൽ മുപ്പത്തിരണ്ടോളം പഠനങ്ങൾ അവരുടെ ജീവിതത്തെക്കുറിച്ചും എഴുത്തിനെക്കുറിച്ചും ഉണ്ട്. അവരുടെ കൃതികളെ വിമർശനാത്മകമായി വിലയിരുത്തുന്ന പഠനങ്ങളും ഇതിലുണ്ട്. 'ദി നോബിൾ സ്ട്രഗ്ഗിൾ ഓഫ് ആമിനവദൂദ് എന്നൊരു ഡോക്യുമെന്ററിയും ഇവരെക്കുറിച്ചുണ്ട്.

***സ്ത്രീകൾക്ക് ഇമാമാകാൻ അവകാശമില്ലെന്നാണ് പൊതുധാരണ. ഇതിനെ ചോദ്യം ചെയ്തുകൊണ്ടിവർ സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന നൂറോളം പേർ പങ്കെടുക്കുന്ന ജുമ്ആ നമസ്കാരത്തിൽ ഇമാമായി. 2005 മാർച്ച് 18ന് ന്യൂയോർക്കിലാണിത് നടന്നത്. ഇസ്ലാമിക ലോകത്തുനിന്ന് ഇതിന് വ്യത്യസ്തമായ പ്രതികരണങ്ങളുണ്ടായി. ഈജിപ്ഷ്യൻ പണ്ഡിതനായ ജമാൽഅൽ ബന്ന വാദിച്ചത് ആമിനവദൂദിന്റെ പ്രവൃത്തികൾക്ക് ഇസ്ലാമികമായ പിൻബലമുണ്ടെന്നതാണ്.***

രണ്ടുവർഷത്തെ ജെന്റർ & ഇസ്ലാം എന്ന പ്രോജക്ടിനായി ഇന്ത്യയിൽ എത്തി. കോഴിക്കോട് താമസിക്കുന്നു.

അക്കാദമിക് പ്രവർത്തനങ്ങളോടൊപ്പം തന്നെ ഈ മേഖലയിലെ സംഘടനകളോടൊപ്പവും ഇവർ പ്രവർത്തിച്ചിട്ടുണ്ട്. മലേഷ്യയിലെ സിസ്റ്റേർസ് ഓഫ് ഇസ്ലാം ഇവയിൽ എടുത്തുപറയേണ്ട ഒന്നാണ്.

ഇസ്ലാമിക സ്ത്രീവാദതത്ത്വങ്ങളെ പ്രയോഗത്തിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായുള്ള ഇവരുടെ പ്രവർത്തനങ്ങളും പ്രധാനമാണ്. 1994–ൽ സൗത്താഫ്രിക്കയിലെ കേപ്പ്ടൗണിലുള്ള ക്ലാരമൗണ്ട് പള്ളിയിൽ വെള്ളിയാഴ്ചകളിലെ നമസ്കാരത്തോടനുബന്ധിച്ചുള്ള മതപ്രഭാഷണമായ ഖുതുബ(sermon) ഇവർ നിർവഹിച്ചിരുന്നു.

ഇതുകൂടാതെ വെള്ളിയാഴ്ച നടത്തുന്ന ജുമുആ നമസ്കാരത്തിന് അവർ നേതൃത്വം നല്കി. ഈ സ്ഥാനത്തിന് ഇമാം എന്നാണ് പറയുക. സ്ത്രീകൾക്ക് ഇമാമാകാൻ അവകാശമില്ലെന്നാണ് പൊതുധാരണ. ഇതിനെ ചോദ്യം ചെയ്തുകൊണ്ടിവർ സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന നൂറോളം പേർ പങ്കെടുക്കുന്ന ജുമ്ആ നമസ്കാരത്തിൽ ഇമാമായി. 2005 മാർച്ച് 18ന് ന്യൂയോർക്കിലാണിത് നടന്നത്. ഇസ്ലാമിക ലോകത്തുനിന്ന് ഇതിന് വ്യത്യസ്തമായ പ്രതികരണങ്ങളുണ്ടായി. ഈജിപ്ഷ്യൻ പണ്ഡിതനായ ജമാൽഅൽ ബന്ന വാദിച്ചത് ആമിനവദൂദിന്റെ പ്രവൃത്തികൾക്ക് ഇസ്ലാമികമായ പിൻബലമുണ്ടെന്നതാണ്. ഇസ്ലാമിക പണ്ഡിതയായ ലൈല അഹമ്മദും ഇതിനെ ശരിവെച്ചി



ട്ടുണ്ട്. കൂടാതെ പാക്കിസ്ഥാൻപണ്ഡിതരായ ജാവേദ് അഹമ്മദ് ഗാമിദി, ഡ്യൂക് യൂണിവേഴ്സിറ്റിയിലെ ഇബ്രാഹിം ഐ മൂസ എന്നിവരും വദൂദിനെ പിൻതാങ്ങിയിട്ടുണ്ട്. വദൂദിന്റെ പ്രവൃത്തി അനിസ്‌ലാമികമാണെന്നാണ് പൊതുവെ ഇസ്‌ലാമിക ഉലമാക്കൾ (പണ്ഡിതർ) അഭിപ്രായപ്പെട്ടത്. സ്ത്രീകൾക്ക് സ്ത്രീകളുടെ മാത്രമോ അല്ലെങ്കിൽ പ്രായപൂർത്തിയാവാത്ത മക്കളുടെയോ ഇമാമാവാം. അല്ലാതെ പൊതുവായ സദസ്സിന് ഇമാമാകുന്നത് അനിസ്‌ലാമികമാണെന്നാണ് ഷെയ്ക് യൂസുഫുൽ ഖറദാവി അഭിപ്രായപ്പെട്ടത്. എങ്കിലും വദൂദ് ഖുതുബ നിർവ്വഹിക്കുന്നതും ഇമാമാവുന്നതും തുടരുന്നുണ്ട്.

## അഭിമുഖം
### ആമിനവദൂദ് –
### അജിത/ഷംഷാദ്ഹുസൈൻ

*അജിത : നിങ്ങളുടെ പുസ്തകം മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് അദർ ബുക്സ് ആണല്ലേ? മറ്റേതെല്ലാം ഭാഷകളിൽ വന്നിട്ടുണ്ട്?*

ആമിന : അറബിക്, ടർക്കിഷ്, ഇറ്റാലിയൻ, ജർമ്മൻ, ബഹാസ ഇന്തോനേഷ്യ, ബഹാസ മലേയു. ഈയടുത്തകാലത്ത് പേർഷ്യൻ ഭാഷയായ പാർസിയിലേക്കും വിവർത്തനം ചെയ്തിട്ടുണ്ട്.

*അജിത : നിങ്ങൾ ശരിക്കും ഏതു രാജ്യക്കാരിയാണ്?*

ആമിന : ആഫ്രിക്കൻ അമേരിക്കകാരിയാണ്. ഞാൻ ജന്മനാ മുസ്ലീമല്ലെന്ന് അറിയാമോ? നാല്പതുവർഷമായി മുസ്ലീമായിട്ട്. അതിനുശേഷം ഓരോ രാജ്യങ്ങളിലായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. മുസ്ലീം ഭൂരിപക്ഷമായ രാജ്യങ്ങളാണധികവും. ഇന്ത്യയിലേക്ക് ഞാൻ വന്നത് വ്യത്യസ്തമതക്കാർ തമ്മിലുള്ള കുറേക്കൂടി ചലനാത്മകമായ ബന്ധങ്ങൾ കാണാനാണ്. എന്നാൽ ഇവിടെ എത്തിയപ്പോൾ അതൊന്നുമില്ല.

*അജിത: വ്യത്യസ്ത മതങ്ങളിലുള്ളവരോ?*

ആമിന : അതെ. വ്യത്യസ്ത മതങ്ങളിൽപെട്ടവർ തമ്മിലുള്ള വിനിമയം. അതുകാണാനായില്ല. മുസ്ലീങ്ങൾ അമ്പലത്തിൽ പോകുന്നില്ല. പള്ളികളിലേക്ക് ഹിന്ദുക്കളും.

*ഷംഷാദ് : ഇടകലർന്നു ജീവിക്കുന്നുണ്ടല്ലോ...*

ആമിന : ശരിയാണ്, അവർ ഒരുമിച്ചു ജീവിക്കുന്നുണ്ട്. പരസ്പരം വിനിമയം ചെയ്യുന്നുണ്ട്. ഹിന്ദുക്കളും ക്രിസ്ത്യാനികളും ബുദ്ധമതക്കാരുമെല്ലാം. എന്നാൽ മതപഠനത്തിൽ പ്രൊഫസർ (religious prof) എന്നനിലക്ക് എനിക്കു താല്പര്യം എങ്ങനെയാണവർ മതപരമായ പ്രവൃത്തികളിലും പ്രയോഗങ്ങളിലും ഏർപ്പെട്ടിരിക്കുന്നത് എന്നതിലാണ്. ആചാരങ്ങളേക്കാൾ മതപരമായ സ്വത്വത്തെ എങ്ങനെ കാണുന്നു എന്നതിലാണ്. കോഴിക്കോട് നഗരത്തിൽ തന്നെ അതുകാണാം. നിത്യജീവിതത്തിൽ അവർ ബഹുമാനത്തോടെ കഴിയുന്നു. എന്നാൽ വിശുദ്ധസ്ഥലങ്ങളിൽ ഈ ഇടകലരൽ എനിക്ക് കാണാൻ പറ്റിയില്ല. അതു

**ഞാൻ ജന്മനാ മുസ്ലീമല്ലെന്ന് അറിയാമോ? നാല്പതുവർഷമായി മുസ്ലീമായിട്ട്. അതിനുശേഷം ഓരോ രാജ്യങ്ങളിലായി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. മുസ്ലീം ഭൂരിപക്ഷമായ രാജ്യങ്ങളാണധികവും. ഇന്ത്യയിലേക്ക് ഞാൻ വന്നത് വ്യത്യസ്തമതക്കാർ തമ്മിലുള്ള കുറേക്കൂടി ചലനാത്മകമായ ബന്ധങ്ങൾ കാണാനാണ്. എന്നാൽ ഇവിടെ എത്തിയപ്പോൾ അതൊന്നുമില്ല.**

കൊണ്ടാണ് ഞാൻ അമൃതാനന്ദമയിയെ കാണാൻ ആഗ്രഹിച്ചത്. കെട്ടിപ്പിടിക്കുന്ന അമ്മയില്ലേ അവരെ. അവരെ കണ്ടുതിരിച്ചുവരുമ്പോൾ സ്റ്റേഷനിൽ വെച്ച് ഒരാൾ എന്നെ പരിചയപ്പെട്ടു. പേരു ചോദിച്ചപ്പോൾ മുസ്ലീംപേരാണ്. അമ്മയെ കാണാൻ പോയതാണെന്നു പറഞ്ഞപ്പോൾ അവർ ചോദിച്ചു ''അമ്മ മുസ്ലീമാണോ"എന്ന്. അവർ ഹിന്ദുവാണെന്ന് ഞാൻ പറഞ്ഞപ്പോൾ അയാൾ പറഞ്ഞു, "എനിക്ക് സ്വന്തമായൊരു മതമുണ്ട് മറ്റുമതങ്ങളിലേക്ക് പോകേണ്ട ആവശ്യം എനിക്കില്ല" എന്ന്. ഒരു ആത്മീയവ്യക്തി (spiritual person) ആണെങ്കിൽ പോലും അവരെ കാണാൻ പോവില്ലെന്നു പറയുന്നത് വിചിത്രം തന്നെ. ഡൽഹിയിൽ പോയാൽ ഈ ചിത്രം മാറുമോ എന്നറിയില്ല.

*അജിത : അവിടെ സ്ഥിതി കുറേക്കൂടി വഷളാണ് തെക്കേയിന്ത്യയുമായി താരതമ്യപ്പെടുത്തുമ്പോൾ.*

ആമിന : നിങ്ങളങ്ങിനെ കരുതുന്നുണ്ടോ?

*അജിത : തീർച്ചയായും. കേരളത്തിലെ എന്റെ അനുഭവത്തിൽ പ്രധാനമായും മലബാർ പ്രദേശത്ത് ഹിന്ദുക്കളും മുസ്ലീങ്ങളും നന്നായി ഇടകലർന്നാണ് ജീവിക്കുന്നത്. മതപരമായ ആചാരങ്ങളിൽ അത് ഇല്ലെന്നേയുള്ളൂ. മറ്റെല്ലാകാര്യങ്ങളിലും അവർ ഒന്നിച്ചിടപഴകുന്നുണ്ട്.*

ആമിന : അത് ശരിയാണ്, അത് മനോഹരവുമാണ്.

*അജിത : മറ്റിടങ്ങളിൽ പോയാൽ ഭാഷ പോലും വ്യത്യസ്തമാണ്. മുസ്ലീങ്ങൾ ഉറുദുവും ഹിന്ദുക്കൾ ഹിന്ദിയുമാണ് ഉപയോഗിക്കുക. ഇവിടെ വാമൊഴി വ്യത്യാസങ്ങൾ മാത്രമേയുള്ളൂ.*

ആമിന : അങ്ങിനെയാണല്ലേ... ശരിയാണ്, അതു മാത്രമല്ല കേരളത്തിലെ ജനങ്ങൾ തിരക്കുപിടിച്ചവരല്ല. വളരെ ഉദാരമതികളുമാണ്. എന്നോട് വളരെ കനിവുള്ളവരാണ്. വ്യക്തിപരമായി ഇതിൽ പ്രശ്നമൊന്നു

*1) ബഹാസ – ഇന്തോനേഷ്യ, മലേഷ്യ മറ്റുചില ദക്ഷിണപൂർവ്വേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ ഭാഷയെ കുറിക്കാനുപയോഗിക്കുന്ന സാമാന്യപദം. ഭാഷ എന്ന സംസ്കൃതവാക്കിൽ നിന്നുതന്നെയാണ് ഉത്ഭവം.*

**ഞാൻ ഇസ്ലാമിലെ പുരുഷാധിപത്യത്തെ കണ്ടെടുക്കുകയാണ്. ഞങ്ങൾ മതഗ്രന്ഥത്തെ വ്യഖ്യാനിക്കുന്നു. ഇസ്ലാമികനിയമങ്ങളെ പരിഷ്കരിക്കുന്നു. സ്ത്രീകളുടേയും പുരുഷന്മാരുടേയും ബോധ നിലവാരത്തെ ഉയർത്തുന്നു. മുസ്ലീമെന്ന നിലക്ക് ഞാനത് ചെയ്യാനാഗ്രഹിക്കുന്നു. ഞാൻ വെറുതെ പുരുഷാധിപത്യത്തിനെതിരെ, മുസ്ലിം പുരുഷാധിപത്യത്തിനെതിരെ പോരാടുകയല്ല. കേവലമായി ഞാനതിനെ എവിടെയും കണ്ടില്ല.**

മില്ല. എന്നാൽ മതപഠനത്തിന്റെ പ്രൊഫസർ എന്ന നിലക്ക് ഞാൻ അന്വേഷിക്കുന്നത് മതപരമായ പ്രയോഗങ്ങളെയാണ്. അവർ എങ്ങനെ കോഴി പാകംചെയ്യുന്നു എന്നല്ല. കോഴി എനിക്കും ഇഷ്ടമാണ്. പക്ഷേ ഞാനതല്ല നോക്കുന്നത്. അമ്പലത്തിൽ ആരൊക്കെയാണ് പോകുന്നത്. സ്ത്രീകൾക്ക് ചിലപ്പോൾ പോകാൻ പറ്റില്ല. ചിലപ്പോൾ പറ്റും. രാവിലെ ഞാൻ അറബിക്കടലിന്റെ തീരത്തുകൂടി നടക്കാറുണ്ട്. അവിടെ കുറേയാൾക്കാർ പൂജചെയ്യുന്നതുകണ്ടു. ധാരാളം സ്ത്രീകളുമുണ്ട്. അവർ പൂജ കടലിലർപ്പിക്കുന്നു. കടൽ അവർക്ക് ആവശ്യമുള്ളത് നൽകുന്നു. ഒരു മുസ്ലീമായിരുന്നുകൊണ്ട് എനിക്കീ അനുഷ്ഠാനം ചെയ്യാനാകുമോ എന്ന് ഞാൻ അന്വേഷിച്ചു. ചില ഹിന്ദുക്കൾ പറഞ്ഞു. നിങ്ങൾക്കതുപറ്റില്ല. ചില മുസ്ലീങ്ങളും അതുതന്നെ പറഞ്ഞു. കേരളത്തിലെ ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിലുള്ള ബന്ധം എനിക്ക് മനസ്സിലാകും. അക്രമമില്ലാത്ത... പക്ഷേ അപ്പോഴും ആരാധനാരീതികളിൽ അവർ വേർപിരിഞ്ഞു നിൽക്കുന്നു.

*ഷംഷാദ് : അമ്പലങ്ങളും കാവുകളും തമ്മിൽ അടിസ്ഥാനപരമായി വ്യത്യാസം ഉണ്ട്. കാവുകൾ പഴയ രൂപങ്ങളാണ്. അതിന്റെ പരിസരങ്ങളിൽ എല്ലാവർക്കും പോകാം. അമ്പലങ്ങൾ സ്ഥാപനങ്ങളാണ്. അവർക്ക് ഭരണക്രമവും സമിതികളുമുണ്ട്. അവരാണ് അനുഷ്ഠാനങ്ങളും ഉത്സവങ്ങളും നടത്തുന്നത്. കാവ് എല്ലാ ഗ്രാമവാസികൾക്കും അവകാശപ്പെട്ടതാണ്.*

ആമിന : ഇത്തരം കാര്യങ്ങളിലാണ് എനിക്ക് താൽപര്യമുള്ളത്. പണ്ടുകാലത്ത് അമ്പലങ്ങളിൽ താഴ്ന്നജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നില്ല. ഇപ്പോൾ ചില സവിശേഷ അനുഷ്ഠാനങ്ങളിൽ അവർക്കാണ് പ്രാധാന്യം.

*അജിത : താഴ്ന്നജാതിക്കാർക്ക് അമ്പലത്തിൽ പോകാം. പൂജാരിയാകാനാവില്ല. അതിന് ഉയർന്ന ജാതിക്കാർക്ക് മാത്രമേ അവകാശമുള്ളൂ.*

ആമിന : അങ്ങനെയാണോ? അപ്പോൾ സ്ത്രീകളുടെ കാര്യമോ? അവർക്ക് പൂജാരിയാകാമോ?

*അജിത : ഇല്ല, ഒരിക്കലുമില്ല.*

ആമിന : ഇവിടെയാണ് അമ്മയുടെ കാര്യം പ്രധാനമാണെന്ന് തോന്നുന്നത്. ജനങ്ങളെല്ലാം അവരുടെ അടുത്തേക്കു വരുമ്പോഴും ഒരു സ്ത്രീയെന്ന നിലക്കോ അമ്മയായോ തന്നെ അവരോട് സംസാരിക്കുന്നു. ഒരു പെൺകുട്ടിയോടവർ പറഞ്ഞത്, “നീ വലുതായി, ഇനി നീ കല്യാണം കഴിക്കണം” എന്നെല്ലാമാണ്. അവിടെ ചില ആഘോഷങ്ങളിൽ പങ്കെടുക്കാൻ എനിക്കിഷ്ടമാണ്. ഞാൻ സ്ത്രീയാണെങ്കിലും മുസ്ലീമാണെങ്കിലും വിദേശിയാണെങ്കിലും എനിക്കവിടെ പ്രവേശനമുണ്ട്. ഞാനതിനെ ബഹുമാനിക്കുന്നു. ഇതാണ് എനിക്ക് താല്പര്യമുള്ളത്. ഇത് കാണാനാണ് ഞാൻ ഇന്ത്യയിൽ വന്നത്. എന്റെ ജോലിയും പൂർത്തിയാക്കണം.

*അജിത : എന്തിലാണ് നിങ്ങൾക്ക് സ്കോളർഷിപ്പ്?*

ആമിന : ഇസ്ലാമും & ജെൻഡറും എന്ന വിഷയം പഠിക്കാനാണ്. എന്നാൽ ഞാൻ അതിനുമാത്രമല്ല വന്നത്. മതത്തിന്റെ പ്രയോഗരീതികളെക്കുറിച്ചറിയാൻ കൂടിയാണ് ഞാൻ വന്നത്.

*അജിത : എങ്ങനെയാണ് ഇസ്ലാമിലേക്കുള്ള മതമാറ്റമുണ്ടായത്?*

ആമിന : ആദ്യം ഞാൻ ബുദ്ധമതക്കാരിയായിരുന്നു. ഞാൻ സസ്യഭുക്കായി. ബുദ്ധമതകേന്ദ്രങ്ങളിൽ പോയി

*അജിത : അമേരിക്കയിലോ?*

ആമിന : അതെ. അവിടെ എങ്ങനെയെല്ലാമാണ് ജനങ്ങൾ ആരാധന നടത്തുന്നത് എന്നറിയാൻ എനിക്ക് താൽപര്യമുണ്ടായിരുന്നു. ഞാൻ ബുദ്ധിസത്തെക്കുറിച്ചു പഠിച്ചു. അതുപോലെ ആരാധന നടത്താൻ ആഗ്രഹിച്ചു. അങ്ങനെ ചെയ്തു. അവിടെ വെച്ച് ഞാൻ ധാരാളം വായിക്കുകയും ഇസ്ലാമിനെക്കുറിച്ചു പഠിക്കുകയും ചെയ്തു. അതിനു ശേഷം ചില കാര്യങ്ങൾ ചോദിച്ചറിയാനായി പള്ളിയിൽ പോയി. അവർ പറഞ്ഞു നിങ്ങൾ മുസ്ലീമാകൂ. പിന്നെ ഞാൻ ഇസ്ലാമായി ജീവിക്കാനാരംഭിച്ചു. പ്രാർത്ഥനകളെല്ലാം തുടങ്ങി. അതിനുശേഷം ഞാൻ ഖുറാൻ വായിച്ചു. ഇപ്പോൾ ഞാൻ മുസ്ലീമാണ്. അതിനുകാരണം ഖുറാനാണ്.

*അജിത : വിവിധരാജ്യങ്ങളിലെ മുസ്ലീം മതപ്രയോഗത്തെക്കുറിച്ചെന്താണഭിപ്രായം? സ്ത്രീകളെ അടിച്ചമർത്തുന്ന രീതി... അതു മുസ്ലീങ്ങൾക്കിടയിൽ മാത്രമല്ല എല്ലാ മതങ്ങളിലും സ്ത്രീകൾ അടിച്ചമർത്തപ്പെട്ടവർത്തന്നെ.*

ആമിന : തീർച്ചയായും. പുരുഷാധിപത്യത്തിനെതിരെയുള്ള പോരാട്ടങ്ങളെക്കുറിച്ചറിയാൻ എനിക്ക് താൽപര്യമുണ്ട്. നമ്മുടെ വിശ്വാസത്തിൽ നിന്നുകൊണ്ട് നമ്മളെന്തൊക്കെയാണ് അതിനുവേണ്ടി ചെയ്യുന്നത്? എന്റെ ലക്ഷ്യം ഇസ്ലാമാണ്. അതുകൊണ്ട് ഞാൻ ഇസ്ലാമിലെ പുരുഷാധിപത്യത്തെ കണ്ടെടുക്കുകയാണ്. ഞങ്ങൾ മതഗ്രന്ഥത്തെ വ്യഖ്യാനിക്കുന്നു. ഇസ്ലാമികനിയമങ്ങളെ പരിഷ്കരിക്കുന്നു. സ്ത്രീകളുടേയും പുരുഷ

**ഞാൻ അറബി പഠിച്ചു, ഇസ്ലാമിനേയും പഠിച്ചു. ലഭ്യമായ സ്രോതസ്സുകൾ വായിച്ചു കൊണ്ടിരുന്നപ്പോൾ അവയിലൊന്നിലും എന്റെ ശബ്ദം ഞാൻ കേട്ടതേയില്ല. അപ്പോൾ ഇതാണോ ഇസ്ലാം എന്നു ഞാൻ ചിന്തിച്ചു. അതോ ഇത്തരത്തിലാണോ പുരുഷന്മാർ മേൽക്കൈ നേടുന്നതും ആധികാരികത നേടുന്നതെന്നും ഞാൻ സന്ദേഹിച്ചു.**

ന്മാരുടേയും ബോധനിലവാരത്തെ ഉയർത്തുന്നു. മുസ്ലീമെന്ന നിലക്ക് ഞാനത് ചെയ്യാനാഗ്രഹിക്കുന്നു. ഞാൻ വെറുതെ പുരുഷാധിപത്യത്തിനെതിരെ, മുസ്ലിം പുരുഷാധിപത്യത്തിനെതിരെ പോരാടുകയല്ല. കേവലമായി ഞാനതിനെ എവിടെയും കണ്ടില്ല. വംശവിവേചനം, ജാതിവിവേചനം, വർഗ്ഗവിവേചനം, ലിംഗവിവേചനം, സ്വവർഗഭീതി ഇവയ്ക്കെതിരെയെല്ലാം ഞാൻ സമരം ചെയ്യുന്നുണ്ട്. ഇവയെല്ലാം വിശുദ്ധനിയമമാണെന്ന് ഞാൻ കരുതുന്നില്ല.

*ഷംഷാദ്/അജിത : നിങ്ങൾ നമസ്ക്കാരത്തിന് നേതൃത്വം നൽകി അല്ലേ?*

ആമിന : അതെ, ഞാനതു ചെയ്തു.

*അജിത : ഏതു രാജ്യത്തായിരുന്നു?*

ആമിന : ആദ്യം സൗത്താഫ്രിക്കയിലും പിന്നീട് യുനൈറ്റഡ് സ്റ്റേറ്റ്സിലും.

*അജിത : സ്ത്രീകളെ ഇതിനായി സംഘടിപ്പിക്കുകയായിരുന്നോ?*

ആമിന : ഞാൻ സംഘടിപ്പിക്കുകയല്ല ചെയ്തത്. എന്നെ ഇമാമായി ക്ഷണിക്കുകയായിരുന്നു. സൗത്താഫ്രിക്കയിൽ പുരുഷന്മാരാണ് ക്ഷണിച്ചത്. യു.എസ്സിൽ സ്ത്രീകളും. അവിടെ പുരുഷന്മാരും ഉണ്ടായിരുന്നു.

*ഷംഷാദ് : നിങ്ങളുടെ പുസ്തകത്തിൽ നിങ്ങൾ എല്ലാ വാദങ്ങൾക്കും അടിസ്ഥാനമാക്കിയിരിക്കുന്നത് ഖുർആനെയാണ്. ആത്യന്തികമായി ഖുർആൻ ഒരു പാഠ(text)മല്ലേ? നിങ്ങൾ പറയുന്നതുപോലെ അതിന് സംസ്ക്കാരങ്ങൾക്കതീതമായി നിൽക്കാനാവുമോ?*

ആമിന : എനിക്ക് രണ്ടാമതൊരു പുസ്തകം കൂടിയുണ്ട്. രണ്ടാമത്തെ പുസ്തകത്തിൽ രീതിശാസ്ത്രം കുറേക്കൂടി കൃത്യമാണ്. ആദ്യപുസ്തകമെഴുതിയിട്ട് 20 വർഷങ്ങൾ കഴിഞ്ഞു. ആദ്യപഠനം ഒരു തുടർച്ചയായിരുന്നു. നമ്മുടെ ക്ലാസ്സിക്കൽ സ്രോതസ്സുകളെ പഠിക്കുമ്പോൾ എനിക്ക് കണ്ടെടുക്കാനാവാതിരുന്ന തുടർച്ച. ഖുർആൻ സ്ത്രീകൾ വായിക്കുമ്പോൾ വ്യത്യാസമുണ്ടാകുന്നുണ്ടോ? ഇതാണ് പ്രാഥമിക ചോദ്യം. ഉണ്ടാകുന്നുണ്ടെങ്കിൽ അതെങ്ങനെയാവണം? ഒരു പുസ്തകം പ്രസിദ്ധീകരിച്ചു കഴിഞ്ഞാൽ ജനങ്ങൾക്കെല്ലാം അത് എന്തുവ്യത്യാസമാണുണ്ടാക്കുന്നതെന്നറിയാൻ തീർച്ചയായും താൽപര്യമുണ്ടാകും. പ്രായോഗികമായ വ്യത്യാസം. നിയമപരമായും സാംസ്കാരികമായും അത് എന്തുവ്യത്യാസമാണുണ്ടാക്കുന്നതെന്നറിയാൻ അവർ താൽപര്യപ്പെട്ടു. അതിനാൽ അതിന്റെ സന്ദർഭ(context)ത്തെക്കുറിച്ച് വീണ്ടും ആലോചിക്കേണ്ടതുണ്ടായിരുന്നു. അതായത് ഖുർആനെക്കുറിച്ചും വെളിപാടുകളെക്കുറിച്ചും അവ എങ്ങനെ കണ്ടുമുട്ടി എന്നും നമ്മളവയെ എങ്ങനെ പുനർവിന്യസിപ്പിച്ചു എന്നും ആലോചിക്കണമായിരുന്നു. അതിനാൽ ഞാനവ തീർച്ചയായും പുനർവിന്യസിപ്പിച്ചു. കാരണം ഒരു മുസ്ലീമായതിനാൽ അതെനിക്ക് പ്രധാനമായിരുന്നു. ഞാൻ ബിരുദാനന്തര പഠനത്തിന് പോയത് ഞങ്ങളുടെ ബൗദ്ധികപാരമ്പര്യത്തിൽ ഉന്നതങ്ങളിലെത്താൻ ആഗ്രഹിച്ചതുകൊണ്ടാണ്. ഞാൻ അറബി പഠിച്ചു, ഇസ്ലാമിനേയും പഠിച്ചു. ലഭ്യമായ സ്രോതസ്സുകൾ വായിച്ചുകൊണ്ടിരുന്നപ്പോൾ അവയിലൊന്നിലും എന്റെ ശബ്ദം ഞാൻ കേട്ടതേയില്ല. അപ്പോൾ ഇതാണോ ഇസ്ലാം എന്നു ഞാൻ ചിന്തിച്ചു. അതോ ഇത്തരത്തിലാണോ പുരുഷന്മാർ മേൽക്കൈ നേടുന്നതും ആധികാരികത നേടുന്നും ഞാൻ സന്ദേഹിച്ചു. എന്റെ സന്ദേഹങ്ങളാണ് ഞാൻ ചെയ്യുന്ന ഗവേഷണത്തിലേക്ക് എന്നെ നയിച്ചത്. ഞാൻ മലേഷ്യയിലേക്ക് പോയി. അപ്പോഴവിടെ 'ഇസ്ലാമിലെ സഹോദരികൾ' (sisters of islam) എന്ന സംഘടന രൂപീകരിച്ചതേ ഉണ്ടായിരുന്നുള്ളൂ. അതേക്കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ? മലേഷ്യയിലെ സ്ത്രീകളുടെ സ്വാഭിമാന സംഘടനയാണത്.

ദൈനംദിന പ്രയോഗങ്ങളിലൂടെ ജ്ഞാനം എങ്ങനെ രൂപാന്തരപ്പെടുന്നു എന്നതാണ് ചോദ്യം. അതിനാൽ ഞങ്ങൾ നിയമത്തിനുമേൽ പണിയെടുത്തു. 20 വർഷങ്ങൾക്കുമുമ്പ്. മുസ്ലീംകുടുംബനിയമമായ 'പരിഷ്കരണപ്രസ്ഥാനമായ മുസാവ (Musawah) ആഗോളതലത്തിൽ അംഗീകൃതമായിരുന്നു. ഞാൻ തന്നെ പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും ശ്രീലങ്കയിലും നൈജീരിയയിലും സൗത്ത് ആഫ്രിക്കയിലും പണിയെടുത്തിട്ടുണ്ട്. ഇന്ത്യയിൽ തമിഴ്നാട്ടിലെ സ്ത്രീകളുടെ ജമാഅത്തിനെക്കുറിച്ചുള്ള ഒരു ഡോക്യുമെന്ററി കണ്ടു.

*ഷംഷാദ് : ശരീഫാഖാനം ആണോ? അവർ സ്ത്രീകൾക്കായി ഒരു പള്ളി തന്നെ ഉണ്ടാക്കിയിട്ടുണ്ട്.*

ആമിന : പള്ളിയെക്കുറിച്ചെനിക്കറിയില്ല. എന്റെ കൈവശമുള്ള ഡോക്യുമെന്ററിയിൽ ജമാഅത്തിനെക്കുറിച്ചാണുള്ളത്. മതകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന ഒരു വിഭാഗത്തെക്കുറിച്ച്. ഇത്തരം മാറ്റങ്ങൾ എല്ലായിടത്തും ഉണ്ടാകുന്നുണ്ട്. മുസ്ലീം ന്യൂനപക്ഷരാജ്യങ്ങളിലും ഭൂരിപക്ഷരാജ്യങ്ങളിലുമെല്ലാം.

*അജിത : കേരളത്തിന്റെ കാര്യത്തിൽ ഇതു വലിയ പ്രയാസമാണ്. മുസ്ലിം ആക്ടിവിസ്റ്റുകൾ കേരളത്തിലുണ്ടായാൽ എല്ലാ ഭാഗത്തുനിന്നും അവർക്ക് എതിർപ്പുകളുണ്ടാവും.*

ആമിന : ചിലപ്പോൾ സ്ത്രീകളും പുരുഷന്മാരെപ്പോലെ പുരുഷാധിപത്യത്തിന്റെ വക്താക്കളാകാറുണ്ട്. ഞാനിവിടെ ജുമാനമസ്ക്കാരത്തിൽ ഒരിക്കൽ പങ്കെടുത്തിരുന്നു. കഴിഞ്ഞയാഴ്ച. അപ്പോൾ ഞാനെന്റെ കാൽപാദങ്ങൾ സോക്സിട്ടു മറച്ചിരുന്നില്ല. നമസ്കാരം കഴിഞ്ഞപ്പോൾ ചില സ്ത്രീകൾ എന്റെ അരികത്തു വന്നു. അവർ പറഞ്ഞു നിങ്ങൾ സോക്സ്

ഉപയോഗിച്ച് കാൽപാദങ്ങൾ മറയ്ക്കണം.

*ഷംഷാദ് : നിങ്ങളതിന് എന്ത് മറുപടി പറഞ്ഞു?*

ആമിന : അവർ ആക്ടീവാണെന്ന് ഞാൻ പറയും. പക്ഷേ ഇത്തരത്തിൽ ആക്ടീവായതുകൊണ്ട് അവർക്ക് ഒന്നും മാറ്റാനാവില്ല. ഞാനവരോടു പറഞ്ഞു അത് കൃത്യമായും വ്യത്യസ്തമായൊരു മാർഗ്ഗമാണ് ഞാനാമാർഗ്ഗത്തിൽപ്പെട്ടയാളല്ല എന്ന്. അവർ ഹജ്ജിനു പോയിട്ടുണ്ടെങ്കിൽ അറിയാം. എല്ലാസ്ത്രീകളും സോക്സിട്ടാണോ അവിടെ വരുന്നത്? സ്ത്രീകൾ സജീവമാകണമെന്ന് നാം പറയുമ്പോൾ ഖുർആൻ വായനയിലും പ്രാർത്ഥനയിലും മാത്രം സജീവമായതുകൊണ്ട് കാര്യമില്ല. സ്ത്രീകൾ മറ്റുകാര്യങ്ങളിലും സജീവമാകേണ്ടതുണ്ട്. ഗാർഹികപീഡനം. അഗമ്യഗമനം (incest) ശൈശവ വിവാഹം ഇവയിലൊക്കെ.

*അജിത : അതിവിടെ സാധാരണമാണ്.*

ആമിന : അതെ എനിക്കറിയാം. ഇവക്കെതിരെയെല്ലാമുള്ള പ്രവർത്തനങ്ങളാണ് നമുക്കാവശ്യം. അല്ലാതെ പുരുഷൻ ചെയ്യുന്ന അതേകാര്യങ്ങൾ ചെയ്യുകയല്ല. ചിലപ്പോൾ ആക്ടീവായ സ്ത്രീകൾ ചെയ്തുകൊണ്ടിരിക്കുന്നത് പുരുഷൻ ചെയ്യുന്ന അതേകാര്യങ്ങളായിരിക്കും. ഭിന്നമായ മറ്റു ചിലകാര്യങ്ങളാണ് അവർ ചെയ്യേണ്ടത്. പ്രയോഗത്തിൽ അതൊന്നുമില്ല. വിചിത്രമായിരിക്കുന്നു ഇത്. ഇന്ത്യയിൽ ഞാനിതു പ്രതീക്ഷിച്ചില്ല.

*അജിത : കേരളത്തിൽ നിന്ന് നമുക്കൊരു ശരീഫാഖാനത്തെ പ്രതീക്ഷിക്കാനാവില്ല.*

ആമിന : അങ്ങനെ പറയരുത്. നമ്മളെപ്പോഴും പ്രതീക്ഷയുള്ളവരായിരിക്കണം.

*അജിത : ഞാൻ പ്രതീക്ഷയുള്ളവൾ തന്നെയാണ്. നിലവിലുള്ള മൂല്യങ്ങൾക്കെതിരെ നിരന്തരം പോരാടുന്നവളുമാണ്. പക്ഷേ മുസ്ലീംസ്ത്രീകളിൽ ഇത്തരത്തിൽ പ്രവർത്തനങ്ങളുണ്ടാകുമ്പോൾ അവർക്കതിന് എല്ലാ ഭാഗത്തുനിന്നും എതിർപ്പുകളുണ്ടാവുന്നു.*

ആമിന : അങ്ങനെ ചിലപ്പോൾ സംഭവിക്കാറുണ്ട്. മുസ്ലീങ്ങളല്ലാത്ത ഒരു ഭൂരിപക്ഷ സമൂഹമാണിവിടെയുള്ളത്. മുസ്ലീം ന്യൂനപക്ഷവുമാണ്. സമുദായത്തിനകത്ത് ചില പ്രശ്നങ്ങളുണ്ടാകും. നമ്മുടെ സമുദായത്തിന് ഭൂരിപക്ഷസമുദായവുമായി ബന്ധപ്പെട്ടും പ്രശ്നമുണ്ടാവാറുണ്ട്. ന്യൂനപക്ഷമെന്ന നിലക്ക് ചിലപ്പോൾ നമ്മുടെ സമുദായത്തെ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിച്ചാൽ ഭൂരിപക്ഷസമുദായത്തിലെ ആൾക്കാർക്ക് അതിലെന്തോ അരുതായ്മ തോന്നാം.

*അജിത : ഇവിടെ അങ്ങനെയൊരു സാഹചര്യം ഉണ്ടെന്നു തോന്നുന്നില്ല. ഗുജറാത്തിലെ പോലെ, ഇവിടെ മുസ്ലീങ്ങൾ വളരെ ചെറിയ ന്യൂനപക്ഷവുമല്ല. ഒരു പക്ഷേ അവർക്കാശ്രയിക്കാവുന്ന മറ്റു ഗ്രൂപ്പുകൾ ഉള്ളതുകൊണ്ടാവാം.*

ആമിന : ഞാനൊരു കാര്യം ചോദിക്കട്ടെ, ഈ ഭാഗത്തുള്ള ചില കുടുംബങ്ങൾ ഗൾഫ് കുടിയേറ്റത്തിന്റെ പ്രത്യേകിച്ചും പുരുഷന്മാരുടെ കുടിയേറ്റത്തിന്റെ ഫലമായി മാറിയിട്ടുണ്ടോ. ഞാനെന്റെ ചോദ്യം ഒന്നുകൂടി വ്യക്തമാക്കാം. സ്ത്രീകൾ കറുപ്പുവസ്ത്രം കൊണ്ട് മൂടാൻ തുടങ്ങിയിട്ട് അധികകാലമായോ അതോ മുൻപേ ഉള്ളതാണോ. ഒരു പത്തിരുപത് വർഷമൊക്കെ ആയിട്ടുണ്ടാകുമോ? ഈ ഗൾഫിലെ കറുപ്പുവസ്ത്രത്തിന്റെ കാര്യമാണു ചോദിക്കുന്നത്.

*അജിത : അത് പുതിയ കാര്യമാണ്. എന്റെ ചെറുപ്പത്തിൽ അവർ കാച്ചിയും കുപ്പായവും തട്ടവുമാണ് ഉപയോഗിച്ചിരുന്നത്. പർദ്ദ ഉപയോഗിക്കുന്നത് ഞാൻ കണ്ടിട്ടേയില്ല.*

ആമിന : കറുത്തവസ്ത്രം അല്ലേ?

*അജിത : അതേ വിദ്യാഭ്യാസവും ആധുനികതയുമെല്ലാം അവരെ പർദ്ദയിലേക്കാണ് കൊണ്ടുപോയത്. ഇപ്പോഴത് നിർബന്ധവുമായിരിക്കുന്നു.*

*ഷംഷാദ് : ഏകദേശം 30 വർഷങ്ങൾക്കുമുമ്പ് ഇത് ഉന്നതജാതരായ മുസ്ലീങ്ങളുടെ മാത്രം വേഷമായിരുന്നു. സാമ്പത്തിക ഉയർച്ചയല്ല ഞാനുദ്ദേശിച്ചത്. പ്രവാചക പരമ്പരയിൽപെട്ടവരെന്നു വിശ്വസിക്കുന്ന സയ്യിദ് കുടുംബങ്ങളിലെ സ്ത്രീകളാണിതുപയോഗിച്ചിരുന്നത്.*

*ആമിന : വെള്ള വസ്ത്രങ്ങൾ ധരിച്ച പുരുഷന്മാരില്ലേ അവരുടെ സ്ത്രീകൾ എന്തുവേഷമാണു ധരിക്കുന്നത്.*

*ഷംഷാദ് : സാമാന്യമായി ഇപ്പോൾ പർദ്ദയാണ്.*

*അജിത : സുന്നികൾ പർദ്ദ ധരിക്കുന്നത് കുറവല്ലേ?*

*ഷംഷാദ് : അതിലെ മറ്റൊരുകാര്യം മുസ്ലീങ്ങളുടെ സാമ്പ്രദായികവേഷം മുണ്ടും കുപ്പായവും തട്ടവുമായിരുന്നു. ആധുനികതയുടെ കാഴ്ചപ്പാടിൽ അത് പ്രാകൃതവേഷമായി. സാരിയാണ് ആധുനികവേഷം. സാരി അത്ര സൗകര്യമുള്ള വേഷമായിരുന്നില്ല. അവർ സാരി ഇഷ്ടപ്പെട്ടില്ല. അതും പർദ്ദക്ക് കൂടുതൽ സ്വീകാര്യത കിട്ടാൻ കാരണമായിട്ടുണ്ട്. ഞാൻ ഭർത്തൃവീട്ടിലെത്തുമ്പോൾ എന്റെ അമ്മായിയമ്മ ധരിച്ചിരുന്നത് പരമ്പരാഗതവേഷമായ മുണ്ടും കുപ്പായവുമാണ്. ഞങ്ങളുടെ കല്യാണത്തിന് അവർക്ക് സാരി ഉടുക്കേണ്ടി വന്നു. അവർക്കത് അത്ര സൗകര്യമുള്ള വേഷമായിരുന്നില്ല. അതുകൊണ്ടുതന്നെ പർദ്ദ വന്നപ്പോൾ എളുപ്പത്തിൽ അവർ പർദ്ദ സ്വീകരിച്ചു.*

*അജിത : യു.എസിൽ കുറെ മുസ്ലീങ്ങൾ ആക്രമിക്കപ്പെടുന്നുണ്ടല്ലോ. മുസ്ലീങ്ങൾക്കെതിരായ കാമ്പയിനും നടക്കുന്നു. ഒബാമ നയിക്കുന്ന ഗവൺമെന്റിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്?*

ആമിന : അദ്ദേഹം യു.എസിന്റെ പ്രസിഡന്റാണ്. യു.എസിനുവേണ്ടി...

*അജിത : ഒടുവിലുണ്ടായ ഹാമാസ് ആക്രമണത്തിൽ അദ്ദേഹം ഇസ്രേയലിനെ പിന്തുണച്ചല്ലോ?*

ആമിന : എങ്കിലും ഒരു ആഫ്രിക്കൻ അമേരിക്കക്കാരിയെന്ന നിലക്ക് എനിക്ക് സന്തോഷമാണ് അദ്ദേഹം പ്രസിഡന്റായതിൽ. പക്ഷെ വിദേശനയത്തിന്റെ കാര്യത്തിൽ അദ്ദേഹം മറ്റുള്ളവരെപ്പോലെത്തന്നെ. രണ്ടാംപ്രാവശ്യം വന്നതിലും പ്രത്യേകിച്ചെന്തെങ്കിലും മാറ്റമുണ്ടാകുമെന്നു ഞാൻ കരുതുന്നില്ല. ആഭ്യന്തരനയങ്ങളിൽ ചിലപ്പോൾ വ്യത്യാസങ്ങളുണ്ടായേക്കാം. മിക്ക അമേരിക്കക്കാരുടേയും ഭരണകൂടത്തിന്റേയും പ്രശ്നം വിദേശനയമാണ്. ഞങ്ങളവിടെ ഭൂരിപക്ഷമല്ല. ആവുകയുമില്ല. പ്രസിഡന്റിന് ഭൂരിപക്ഷത്തോടൊപ്പം നിന്നേപറ്റൂ.

(തുടരും)



# പുറത്തേക്കു തുറക്കുന്ന വാതിലുകൾ



ഷീനജോസ്. എ.


**പുറംലോകത്തേക്കുള്ള** വാതിലുകൾ തുറന്നു തന്നത് എന്റെ മാതാപിതാക്കൾ തന്നെയായിരുന്നു. സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള എന്റെ സങ്കലപ്ങ്ങൾക്ക് ചിറകുമുളച്ചതും വീട്ടിൽ നിന്നുതന്നെ. 12 വയസ്സിനുശേഷം മിക്കവാറും ഓണവും ക്രിസ്തുമസ്സും പെരുന്നാളും ഞാൻ ഗൈഡ്സ്/എൻ.എസ്.എസ്/ഐക്കഫ് ക്യാമ്പുകളിലാണ് ആഘോഷിച്ചത്. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചൊന്നും ആ വേദികളിൽ കേട്ടതായി ഞാനോർക്കുന്നില്ല. അയൽപക്കത്തെ ആൺകുട്ടികളുമൊത്ത് തുണിപ്പന്തുകളിക്കാനും സൈക്കിൾ ചവിട്ടാനും ഒക്കെ ഞാനും പോയിരുന്നു. പക്ഷെ എന്തോ കുറച്ചകലെയുള്ള കുളത്തിൽ നീന്താനോ മീൻപിടിക്കാനോ പോകാൻ വീട്ടിൽ നിന്ന് അനുവാദം ഉണ്ടായിരുന്നില്ല. പക്ഷെ അനിയന്മാർ വീട്ടിലറിയാതെ നീന്തൽ പഠിച്ചു. ഞാനും അനിയത്തിയുമാകട്ടെ സ്കൂളിൽ സമരമുള്ള ദിവസങ്ങളിൽ കൂട്ടുകാരോടൊത്ത് വഴിമാറി തോട്ടിൻകരയിലൂടെ നടന്ന് നിവർത്തിയ കുടകൊണ്ടും ബാഗിൽ സൂത്രത്തിൽ മടക്കിവെച്ച തോർത്തുകൊണ്ടും മീൻപിടിച്ചും ശരീരം പകുതിനനച്ചും ഉച്ചയ്ക്ക് അപ്പനും അമ്മയും ഇല്ലാത്ത നേരത്ത് വീട്ടിൽ വന്നു കയറി. അവർ വരുമ്പോഴേക്കും ഉടുപ്പുകൾ ഉണക്കിയെടുത്ത് ഒന്നും സംഭവിക്കാത്ത മട്ടിലിരുന്നു. ചിലപ്പോഴൊക്കെ ചേമ്പിലക്കുമ്പിളിൽ പൊടിമീനെപ്പിടിച്ച് വീട്ടിലെ ഹോർല്കിസുകുപ്പിയിലിട്ട് അമ്മയുടെ കയ്യിൽ നിന്ന് അടിമേടിച്ചു. ആൺകുട്ടികൾ രഹസ്യമായി നീന്താൻ പഠിക്കുകയും മീൻപിടിക്കുകയും ചെയ്തിരുന്നു. പക്ഷെ നുണപറയുന്നതും ഒളിപ്പിക്കുന്നതും പാപമായിരുന്നതുകൊണ്ട് നുണ പറയേണ്ടവയും ഒളിപ്പിക്കേണ്ടവയും സ്വാതന്ത്ര്യമായി ഞാൻ കരുതിയില്ല.

ആൺകുട്ടികൾ തുണിപ്പന്തുകളിക്കുമ്പോൾ പെൺകുട്ടികളാരും കളിക്കാൻ കൂടിയിരുന്നില്ല. അനുവാദമില്ലായ്മയും ആരോഗ്യമില്ലായ്മയും ഒക്കെയായിരുന്നു കാരണങ്ങൾ അതുകൊണ്ട് പന്തുകളിക്കാൻ ഞാനൊറ്റ പെൺകുട്ടിയേ ഉണ്ടായിരുന്നു. ആൺകുട്ടികളാകട്ടെ എന്നെ എപ്പോഴും ഗോളി നിർത്തി. ചെക്കന്മാരുടെ ചീത്തവിളിയും ഉപദേശങ്ങളും പേടിച്ച് ഞാനെന്നും ആധിയോടെ ഗോൾവലയം കാത്തുകൊണ്ടിരുന്നു. കളിക്കിടയിൽ എന്റെ ശരീരത്തിൽ തൊടാതിരിക്കാൻ അവർ തന്നെ എടുത്ത മുൻകരുതലായിരുന്നു ഈ സ്ഥിരം ഗോളി പൊസിഷൻ. ആൺകുട്ടികൾ അങ്ങനെ എന്റെ ശരീരത്തിന്റെ സംരക്ഷകരായി. തങ്ങളൊരു ഫുട്ബോൾക്ലബ്ബുണ്ടാക്കുമെന്നും അതിലൊരു പെണ്ണുണ്ടാകുമെന്നും അവർ അഭിമാനത്തോടെ പറഞ്ഞപ്പോൾ ആ ക്ലബ്ബിലും ഞാൻ ഗോളിതന്നെയായിരിക്കുമെന്ന് എനിക്കുറപ്പായിരുന്നു. ഇറങ്ങിക്കളിക്കാൻ അവരെന്നെ ഒരിക്കലും അനുവദിച്ചില്ല.

എസ്.എസ്.എൽ.സിക്കുശേഷം അഞ്ചുവർഷത്തെ പെൺകോളേജ് ജീവിതം ശരീരത്തിന്റെ ഉൾവലിവ് (ഇൻഹിബിഷൻ) വർധിപ്പിക്കാനേ സഹായിച്ചുള്ളൂ. എങ്കിലും ബാല്യത്തിന്റെ ഓർമ്മകൾ മനസ്സിനെ ത്രസിപ്പിച്ചുകൊണ്ടുമിരുന്നു.

പത്തുവർഷത്തെ പെണ്ണിടങ്ങളിലെ വിദ്യാർത്ഥി ജീവിതത്തിനു ശേഷം 1985ൽ ഒരു മിക്സഡ് കോളേജിൽ ഞാൻ എം.എയ്ക്കു ചേർന്നു. അയൽപക്കത്തെ ആൺകുട്ടികളിൽ നിന്ന് ഏറെയൊന്നും വ്യത്യസ്തരല്ലാത്ത ആൺകുട്ടികളായിരുന്നു അവിടേയും. അക്കാലത്താണ് തിരുവനന്തപുരത്ത് 'പ്രചോദന'യും പട്ടാമ്പിയിൽ 'മാനുഷി'യും ഉണ്ടായത്. അതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഞങ്ങൾ കുറച്ചുപേർ തൃശൂരിൽ 'ചേതന' എന്ന പേരിൽ ഒരു ഫെമിനിസ്റ്റ് ഗ്രൂപ്പ് ഉണ്ടാക്കി. ബാലാരിഷ്ടതയൊക്കെ തീർന്നപ്പോൾ അതിൽ അംഗങ്ങളായി ബാക്കി വന്നത് നാലോ അഞ്ചോ പേർ. എണ്ണത്തിൽ വളരെ കുറവാണെങ്കിലും ഷാബാനുകേസിന്റെ

***പത്തുവർഷത്തെ പെണ്ണിടങ്ങളിലെ വിദ്യാർത്ഥി ജീവിതത്തിനു ശേഷം 1985ൽ ഒരു മിക്സഡ് കോളേജിൽ ഞാൻ എം.എയ്ക്കു ചേർന്നു. അയൽപക്കത്തെ ആൺകുട്ടികളിൽ നിന്ന് ഏറെയൊന്നും വ്യത്യസ്തരല്ലാത്ത ആൺകുട്ടികളായിരുന്നു അവിടേയും. അക്കാലത്താണ് തിരുവനന്തപുരത്ത് 'പ്രചോദന'യും പട്ടാമ്പിയിൽ 'മാനുഷി'യും ഉണ്ടായത്.***




വിധിക്കെതിരായും തങ്കമണിയിലെ പോലീസ് അതിക്രമത്തിനെതിരെയും വ്യത്യസ്തമായ ചില രീതികളിൽ ഞങ്ങൾ പ്രതികരിച്ചു. തൃശൂരിലെ പ്രതികരണ സംഘത്തിന്റേയും പാഠഭേദം ടീമിന്റേയും പിന്തുണ ഞങ്ങൾക്കുണ്ടായിരുന്നു. ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾ അന്ന് അത്രക്ക് സർവസാധാരണമായിരുന്നില്ല. നടന്നവയിൽ തന്നെ പങ്കെടുക്കാനെനിക്ക് സാധിച്ചിട്ടുമില്ല.

ചെക്കന്മാരുടെ കൂടെ നടക്കുന്നതിന് അപ്പൻ ചീത്തപറയാൻ തുടങ്ങിയതും അക്കാലത്തായിരുന്നു. ഇതൊക്കെ വളർത്തുദോഷമാണെന്ന് മദ്യപിച്ച ദിവസങ്ങളിൽ അപ്പൻ അമ്മയെ കുറ്റപ്പെടുത്തുമായിരുന്നു. 'നിങ്ങൾ പട്ടാളത്തിലൊന്നുമല്ലല്ലോ വീട്ടിൽ ഉണ്ടായിരുന്നില്ലേ നന്നായി വളർത്താമായിരുന്നു' എന്ന് അമ്മ മറുപടിയും പറയുമായിരുന്നു. പി.ജി.യും ബി.എഡ്ഡും കഴിഞ്ഞ് കോട്ടയത്ത് മേരി റോയി നടത്തുന്ന 'കോർപ്പസ് ക്രിസ്റ്റി' (ഇന്നത്തെ പള്ളിക്കൂടം) എന്ന സ്കൂളിൽ പഠിപ്പിക്കുമ്പോഴാണ് കോഴിക്കോട് 1990ൽ ഓട്ടോണമസ് വിമൻസ് ഗ്രൂപ്പുകളുടെ നാലാം ദേശീയസമ്മേളനത്തിനൊരുക്കം തുടങ്ങിത്. ആ സമയത്ത് കേരളത്തിൽ പലയിടത്തും സ്ത്രീചിത്രകാരികളുടെ ചിത്രങ്ങളുടെ പ്രദർശനം ഞങ്ങളേറ്റെടുത്തി നടത്തി.

'സഹജ' എന്ന ഫെമിനിസ്റ്റുഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തും ഈ ചിത്രപ്രദർശനം നടന്നിരുന്നു.

സമ്മേളനത്തിൽ പ്രത്യുൽപ്പാദനവുമായി ബന്ധപ്പെട്ട് സ്ത്രീശരീരത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നിരുന്നു. സംഘാടനത്തിന്റെ ചുമതലയിൽ പെട്ടുപോയ ഞങ്ങളിൽ പലർക്കും ആ സെഷനുകളിൽ സംബന്ധിക്കാൻ സാധിച്ചില്ല. ഒറ്റക്ക് കോണി സൈക്കിളിൽ വെച്ചുകെട്ടി ദേവഗിരി കോളേജിനു ചുറ്റുമുള്ള ഉയർന്ന മരങ്ങളിൽ സമ്മേളനബാനറുകൾ കെട്ടിയത് ഞാനോർക്കുന്നു.

സമ്മേളനത്തിനു ശേഷമുള്ള ആഹ്ലാദതിമിർപ്പിന്റെ ഭാഗമായി ഉണ്ടായ ചില സംഭവങ്ങൾക്കെതി



***എന്തുകൊണ്ട് സ്ത്രീക്കും പുരുഷനും വെവ്വേറെ സദാചാരം എന്ന ചോദ്യത്തിൽ നിന്നാരംഭിച്ച കേരളത്തിലെ ഫെമിനിസ്റ്റുകൾ ഇന്നെത്തിനിൽക്കുന്നത് ലൈംഗികത്തൊഴിലാളികൾ പുരുഷമേധാവിത്വത്തിന്റെ ഇരകളും വിവാഹബന്ധത്തിലെ ലൈംഗികത താരതമ്യേന ചൂഷണരഹിതവുമാണ് എന്ന നിലപാടിലാണ്.***

രെയുള്ള ആരോപണങ്ങളുടെ രൂപത്തിലായിരുന്നു ലൈംഗികത സമ്മേളനാനന്തരം ഗ്രൂപ്പുകൾക്കിടയിൽ ചർച്ച ചെയ്യപ്പെട്ടത്. വിവാഹബാഹ്യരതി, ലൈംഗികതൊഴിൽ എന്നിവയെക്കുറിച്ചുള്ള ചർച്ചകളിൽ കേരളത്തിലെ ഫെമിനിസ്റ്റുകൾ വ്യത്യസ്ത നിലപാടുകളിലായിരുന്നു. അതുകൊണ്ടു തന്നെ പിന്നീടുണ്ടായ കേരളസ്ത്രീവേദിയുമായി പൂർണ്ണമായി സഹകരിക്കാൻ എനിക്കു കഴിഞ്ഞില്ല. തൃശൂരിലെ സ്ത്രീവേദിയുമായി പൂർണമായി സഹകരിക്കാൻ എനിക്കു കഴിഞ്ഞില്ല. തൃശൂരിലെ സ്ത്രീവേദി രൂപീകരണയോഗത്തിൽ ലൈംഗികത്തൊഴിലിനെ സംബന്ധിച്ച സദാചാരനിലപാടിനു വിരുദ്ധമായി സംസാരിച്ചതിനാൽ സ്ത്രീവേദി അംഗത്വത്തിനു ഞാൻ അർഹയല്ലെന്നുവരെ വാദമുണ്ടായി. സ്ത്രീവേദി സദാചാരനിലപാടുകാരുടെ തറവാട്ടുവകസ്വത്താണോ എന്ന എന്റെ ചോദ്യത്തെ അൺപാർലമെന്ററിയായി മുദ്രകുത്തി കേരളസ്ത്രീവേദി സ്റ്റേറ്റ് കമ്മിറ്റിയിലെ മൂന്നു പേർ അംഗങ്ങളായുള്ള അന്വേഷണക്കമ്മീഷനു മുന്നിൽ എനിക്ക് മൊഴി കൊടുക്കേണ്ടിയും വന്നു.

എന്തുകൊണ്ട് സ്ത്രീക്കും പുരുഷനും വെവ്വേറെ സദാചാരം എന്ന ചോദ്യത്തിൽ നിന്നാരംഭിച്ച കേരളത്തിലെ ഫെമിനിസ്റ്റുകൾ ഇന്നെത്തിനിൽക്കുന്നത് ലൈംഗികത്തൊഴിലാളികൾ പുരുഷമേധാവിത്വത്തിന്റെ ഇരകളും വിവാഹബന്ധത്തിലെ ലൈംഗികത താരതമ്യേന ചൂഷണരഹിതവുമാണ് എന്ന നിലപാടിലാണ്. പ്രായോഗികതലത്തിൽ ലൈംഗികതയെ സംബന്ധിച്ച പ്രശ്നങ്ങൾ പൊട്ടിത്തെറിച്ചുകൊണ്ടിരിക്കെ തങ്ങളുടെ പഴയ സദാചാരനിലപാടിൽ ഉറച്ചു നിൽക്കുകയാണ് അവരിൽ ചിലരിപ്പോഴും.

പുതിയ പെൺകുട്ടികൾ - പുതിയ ഫെമിനിസ്റ്റുകൾ സ്വന്തം ജീവിതം കൊണ്ടും എഴുത്തുകൊണ്ടും പ്രവർത്തനം കൊണ്ടും പഴയകാലത്തിന്റെ ലൈംഗികതയെ തിരിച്ചറിയുകയും പ്രതികരിക്കുകയും ചൂഷണത്തെ തകർക്കുകയും ചെയ്യുന്നു എന്നുള്ളത് പ്രതീക്ഷയുളവാക്കുന്നു.

*(ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യുക്കേഷനിൽ അദ്ധ്യാപികയാണ് ഷീന ജോസ്)*

●

## അടുത്തലക്കത്തിൽ....



*അമ്മ, ഫെമിനിസം : സ്ത്രീ, ചരിത്രം - ബിന്ദു കെ.സി*
*പ്രചോദനമായ 'പ്രചോദന' - ഏ.കെ.രാജശ്രീ*
*പ്രതിരോധത്തിന്റെ അനിവാര്യത - കെ.ദേവി*
*സ്ത്രീവാദവും സംസ്ക്കാരവും-മിനി സുകുമാരൻ*
*അസംഘടിതർ സംഘടിതരാവുമ്പോൾ-പി.വിജി*
*സ്ത്രീവാദം എനിക്ക് വഴിവിളക്ക് - മേഴ്സി അലക്സാണ്ടർ/പാർവ്വതി ദേവി*
*സഹജ സ്ത്രീ സമൂഹമദ്ധ്യേ- അനിലാ ജോർജ്ജ്*
*ദ്വന്ദങ്ങളിൽ ഒതുങ്ങാത്ത ലിംഗപദവി സങ്കീർണ്ണതകളെക്കുറിച്ച് - രേഷ്മ രാധാകൃഷ്ണൻ*
*അഗ്നി -സിതാര*
*കഥയിലെ അഗ്നിസ്ഫുലിംഗം-ജി.എസ്.ശുഭ*
*മാനുഷി -ശ്രീജ കെ.വി*
*സൂര്യനെല്ലി - അനില & എലിസബത്ത്*
*സേവ - സോണിയ ജോർജ്*
*അന്വേഷി - കെ.കെ.സാവിത്രി, ജാൻസി*



**ആതിര പി.എം &**
**ആരതി പി.എം**

# കോടതിയെന്ന പുരുഷയിടം



***ഐക്യരാഷ്ട്രസഭയുടെ വിവിധ സംഘടനാരൂപങ്ങൾ തൊട്ട് ഗ്രാമപഞ്ചായത്ത് തലം വരെയുള്ള സ്ത്രീകളെ സംബന്ധിക്കുന്ന ഗൗരവമേറിയ എല്ലാ ആലോചനകളുടേയും ഭാഗമാണ് നിയമം. ഈ ചർച്ചകൾ ഉയർത്തുന്ന അടിസ്ഥാനപരമായ ചോദ്യം സ്ത്രീകളുടെ ജീവിതത്തിൽ കാതലായ മാറ്റം വരുത്താൻ നിയമങ്ങൾക്ക് എത്രമാത്രം സാധിക്കും എന്നതാണ്.***

**ഓരോരുത്തരും** മുന്നോട്ട് വെക്കുന്ന ആശയവും രാഷ്ട്രീയവും അവരുടെ ജീവിതവും തമ്മിലുള്ള വൈരുദ്ധ്യങ്ങളും അതു സൃഷ്ടിക്കുന്ന സംഘർഷവുമാണ് പൊതുജീവിതം നയിക്കുന്ന ഏതൊരാളുടേയും വെല്ലുവിളി.

വർഗരാഷ്ട്രീയത്തോടൊപ്പം തന്നെ സ്ത്രീപക്ഷരാഷ്ട്രീയവും ഉയർത്തിപ്പിടിക്കുന്ന ആളുകളെ സംബന്ധിച്ച് ഈ വൈരുദ്ധ്യവും സംഘർഷവും കൂടുതൽ മൂർത്തവും നിരന്തരം അലട്ടിക്കൊണ്ടിരിക്കുന്നതുമായ ഒന്നാണ്. വർഗ്ഗശത്രു നമുക്ക് അപരിചിതനും അകലെയുള്ള ഒരാളുമാണെങ്കിൽ പുരുഷാധിപത്യ രാഷ്ട്രീയവും അതിന്റെ ചോദ്യം ചെയ്യലുകളും സമരസപ്പെടലുകളും സംഭവിക്കുന്നത് തീർത്തും സ്വകാര്യമായ ഇടങ്ങളിൽ കൂടിയാണ്. പൊതു ജീവിതം/സ്വകാര്യ ജീവിതം എന്ന് കൃത്യമായി വേർതിരിക്കാനാകുന്ന ഇരട്ടജീവിതം ഏറ്റവും അലോസരപ്പെടുത്തുന്ന ഒരിടമായി സ്ത്രീപക്ഷരാഷ്ട്രീയം മാറുന്നതും അതുകൊണ്ടാണ്. കുടുംബജീവിതം, തൊഴിലിടങ്ങളിലെ ജീവിതം, സാമൂഹിക ജീവിതം എന്നീ നിലകളിൽ ദൈനംദിന ജീവിതത്തെ പകുക്കേണ്ടി വരുന്ന ഒരാൾ നിരന്തരം നടത്തുന്ന ചോദ്യം ചെയ്യലുകൾ കൂടിയാണ് നാം ജീവിക്കുന്ന കാലത്തിന്റെ പുരോഗമനപരതയെ അടയാളപ്പെടുത്തുന്നത്. കോടതി മുറികൾ തൊഴിലിടമായി മാറുമ്പോൾ ഈ വൈരുദ്ധ്യവും അമർഷവും സ്ത്രീകളിൽ ഏതളവിലാണ് അനുഭവവേദ്യമാകുന്നത് എന്നതാണ് ഈ എഴുത്തിലൂടെ പറയാൻ ശ്രമിക്കുന്നത്. വ്യക്തിപരമായ കോടതിമുറി അനുഭവത്തിലൂടെ നിയമം എന്ന വിഷയം തന്നെ സ്ത്രീപക്ഷരാഷ്ട്രീയത്തെ സ്വാധീനിക്കുകയും അടയാളപ്പെടുത്തുകയും ചെയ്യുന്നതെങ്ങിനെ എന്നു പരിശോധിക്കാനുള്ള ശ്രമം ആണിവിടെ നടത്തുന്നത്.

സ്ത്രീകളും നിയമവും എന്ന വിഷയം ഇന്ന് നമ്മുടെ ഔദ്യോഗികവും അല്ലാത്തതുമായ എല്ലാ ചർച്ചാ വേദികളിലും ഒഴിച്ചു കൂടാനാവാത്ത ദ്വന്ദ്വമായിക്കഴിഞ്ഞു. ഐക്യരാഷ്ട്രസഭയുടെ വിവിധ സംഘടനാരൂപങ്ങൾ തൊട്ട് ഗ്രാമപഞ്ചായത്ത് തലം വരെയുള്ള സ്ത്രീകളെ സംബന്ധിക്കുന്ന ഗൗരവമേറിയ എല്ലാ ആലോചനകളുടേയും ഭാഗമാണ് നിയമം. ഈ ചർച്ചകൾ ഉയർത്തുന്ന അടിസ്ഥാനപരമായ ചോദ്യം സ്ത്രീകളുടെ ജീവിത

***സ്ത്രീ വിമോചന മുന്നേറ്റങ്ങളിൽ ഏറിയ പങ്കും പുതിയ നിയമങ്ങളുടെ ആവശ്യത്തിലും ആവിർഭാവത്തിലും ഒതുങ്ങുന്നുവോ എന്ന വിമർശനം ഇന്ത്യയിലെ ഫെമിനിസ്റ്റ് - നിയമ ചിന്താധാര തന്നെ മുൻപോട്ട് വെക്കുന്ന കാലത്താണ് വക്കീൽകോട്ട് അണിയേണ്ടി വരുന്നത്.***



ത്തിൽ കാതലായ മാറ്റം വരുത്താൻ നിയമങ്ങൾക്ക് എത്രമാത്രം സാധിക്കും എന്നതാണ്. നിലവിലുള്ള പുരുഷ കേന്ദ്രീകൃത വ്യവസ്ഥയിലെ അധികാര ബന്ധങ്ങളെ അതേപടി നിലനിർത്താനുള്ള പല ഉപാധികളിൽ ഒന്നുമാത്രമാണോ നിയമം? സാമൂഹിക മാറ്റപ്രക്രിയയെ ത്വരിതപ്പെടുത്തുന്നതിനുള്ള ആയുധമാക്കി നിയമത്തെ ഉപയോഗിക്കാൻ കഴിയുമോ? 'സ്ത്രീപക്ഷം' എന്ന് പ്രത്യക്ഷത്തിൽ ഭാവിക്കുന്ന നിലവിലുള്ള നിയമങ്ങൾ തന്നെ ദൈനംദിന പ്രായോഗിക തലത്തിൽ സ്ത്രീവിരുദ്ധമായി മാറുന്നുവോ? നമ്മുടെ കോടതിമുറികളും നീതിനിർവ്വഹണരീതികളും എത്രമാത്രം സ്ത്രീപക്ഷമാണ്? സ്ത്രീനിയമം എന്ന ദ്വന്ദങ്ങളുടെ ഏകീകരണം ഉയർത്തുന്ന ഈ സങ്കീർണ്ണ ചോദ്യങ്ങളെ തൊഴിൽ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയാണിവിടെ.

സ്ത്രീ വിമോചന മുന്നേറ്റങ്ങളിൽ ഏറിയ പങ്കും പുതിയ നിയമങ്ങളുടെ ആവശ്യത്തിലും ആവിർഭാവത്തിലും ഒതുങ്ങുന്നുവോ എന്ന വിമർശനം ഇന്ത്യയിലെ ഫെമിനിസ്റ്റ് – നിയമ ചിന്താധാര തന്നെ മുൻപോട്ട് വെക്കുന്ന കാലത്താണ് വക്കീൽകോട്ട് അണിയേണ്ടി വരുന്നത്. ഇന്ത്യയിലെ പുരോഗമന സ്ത്രീപ്രസ്ഥാനങ്ങളിൽ ഏറിയ പങ്കും നിലനിൽക്കുന്ന അധികാരഘടനയോട് കലഹിക്കുന്നതിനോടൊപ്പം തന്നെ സ്ത്രീകളുടെ ദൈനംദിനജീവിതത്തെ മെച്ചപ്പെടുത്തുന്ന, തുല്യതയിലൂന്നിയ, വിവേചനത്തെ നേരിടാൻ പ്രാപ്തമായ നിയമങ്ങൾക്കു വേണ്ടി പോരാടിയവരാണ്. സ്ത്രീധനത്തിനെതിരേ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾക്കെതിരേ, ലൈംഗിക വിവേചനങ്ങൾക്കെതിരേ, തുല്യപ്രാതിനിധ്യത്തിനായി, തൊഴിലിടങ്ങളിലെ പ്രത്യേക പരിഗണനക്കായി, നിരവധി നിയമനിർമ്മിതികൾക്കു വേണ്ടി അഭിപ്രായ വ്യത്യാസങ്ങൾ മാറ്റി നിർത്തി, പുരോഗമന സ്ത്രീപ്രസ്ഥാനങ്ങൾ ഒന്നാവുന്ന കാഴ്ച കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലേറെയായി നാം കാണുന്നു. ഈ കാലത്താണ് 'പുരോഗമനരാഷ്ട്രീയം' എന്ന അടയാളപ്പെടുത്തലിൽ കേരളത്തിലെ മുഖ്യധാര ഇടതുപക്ഷ രാഷ്ട്രീയത്തിലും സ്ത്രീപക്ഷരാഷ്ട്രീയം കൂടി കടന്നുവരുന്നത്.

## കോടതി മുറി എന്ന തൊഴിലിടം

സ്ത്രീപക്ഷ രാഷ്ട്രീയത്തിൽ വിശ്വസിക്കുകയും അതിനായി പ്രവർത്തിക്കുയും ചെയ്യുന്നവരെ മാത്രമല്ല, ഏതെങ്കിലും തലത്തിലുള്ള മനുഷ്യപക്ഷ സമീപനമുള്ളവരെ പലവിധത്തിലും അസ്വസ്ഥമാക്കുകയും ശ്വാസം മുട്ടിക്കുകയും ചെയ്യുന്ന ഒരിടമാണ് കോടതി. നമ്മുടെ ഭൂരിപക്ഷം കീഴ്കോടതികളുടെ ഭൗതികസാഹചര്യം തന്നെ സ്ത്രീവിരുദ്ധമാണ്. ഇരിക്കാനോ വിശ്രമിക്കാനോ ഉള്ള സൗകര്യമില്ല, കുടിവെള്ളമില്ല, മൂത്രപ്പുരകളില്ല, കൈകുഞ്ഞുങ്ങളുമായി വരുന്ന സ്ത്രീകൾക്ക് മുലയൂട്ടാനുള്ള സ്വകാര്യതയില്ല. ഭൗതികസാഹചര്യങ്ങളുടെ എണ്ണമറ്റ, ബോധപൂർവ്വമായ അഭാവത്താൽ കോടതികൾ സ്ത്രീകൾക്ക് ദുഷ്കരമായ മറ്റൊരു പൊതു ഇടമായി തുടരുന്നു. ഇവിടെ നമ്മെ അസ്വസ്ഥരാക്കുന്ന കാര്യം ഈ അസൗകര്യങ്ങളും അതിനാൽ വലയേണ്ടി വരുന്ന സ്ത്രീകളുടെ അവസ്ഥയും കോടതിയിലെ അഭിഭാഷകരേയോ ന്യായാധിപരേയോ ഒരു തരത്തിലും അലട്ടുന്നതേയില്ല എന്നതാണ്. ഒരു ബസിനകത്ത് കൈകുഞ്ഞുമായി കയറുന്ന സ്ത്രീക്ക് പരിഗണന നൽകുന്ന പൊതുമനസ് അതേ സാഹചര്യത്തിൽ ഒരു പക്ഷേ അതിലും വൈകാരികമായി, പരിക്ഷീണയായി പകലന്തിയോളം കോടതിവരാന്തയിൽ നിൽക്കുന്ന സ്ത്രീകളോട് യാതൊരു പരിഗണനയും കാണിക്കുന്നതേയില്ല എന്നതാണ് യാഥാർത്ഥ്യം. കെ.എസ്.ആർ.റ്റി.സി ബസ്സുകളിലെ കണ്ടക്ടർമാർക്ക് പല ബാച്ചുകളിലായി ബസ്സിൽ പാലിക്കേണ്ടുന്ന സ്ത്രീപക്ഷ സമീപനങ്ങളെക്കുറിച്ച് ക്ലാസെടുത്ത ശേഷം സ്വന്തം ജോലി സ്ഥലത്തെത്തുമ്പോൾ അനുഭവിക്കേണ്ടി വരുന്ന വൈരുദ്ധ്യം തീർത്തും അലോസരപ്പെടുത്തുന്നതാണ്. അഭിഭാഷകർക്കിടയിലും ന്യായാധിപർക്കിടയിലും അവർ തമ്മിൽ തമ്മിലും നടക്കുന്ന വിനിമയങ്ങളിൽ ഭൂരിപക്ഷവും തികച്ചും പുരുഷകേന്ദ്രീകൃതമാണ്. മിക്കവാറും അങ്ങേയറ്റം സ്ത്രീവിരുദ്ധവും. കോടതികളിലെ അഭിഭാഷകരുടെ വിശ്രമസ്ഥലങ്ങളിൽ സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ഇരിപ്പിടങ്ങളാണുള്ളത്. അതിൽ ദിനപത്രങ്ങൾ ലഭ്യമാകുന്നത് പുരുഷന്മാർ

ഇരിക്കുന്നിടത്തും. എല്ലാ പുരുഷനോട്ടങ്ങളേയും അവഗണിച്ച് അവിടെയെത്തി പത്രംവായിക്കുന്ന വനിതാഅഭിഭാഷകരുടെ എണ്ണം കുറവാണ്. അവരെ സഹപ്രവർത്തകർ നോക്കുന്നത് തന്നെ ചുളിഞ്ഞ നെറ്റിയോടെയും.

ഈ തൊഴിൽമേഖലയിൽ അനുഭവത്തിന്റേയും പാടവത്തിന്റേയും അടിസ്ഥാനത്തിലാണ് കേസുകൾ അഭിഭാഷകരെ തേടിയെത്തുന്നത്. വനിതാഅഭിഭാഷകരുടെ കഴിവുകളെ സംബന്ധിച്ച് സമൂഹത്തിന് ചില മുൻധാരണകളുണ്ട്. ക്രിമിനൽ കേസുകൾ നടത്താൻ ആണുങ്ങളാണ് നല്ലത്. ക്രിമിനലുകളെ കൈകാര്യം ചെയ്യാനും വിസ്തരിക്കാനും കൊലപാതകക്കേസുകൾ നടത്താനും സ്ത്രീകൾ പ്രാപ്തരല്ല. സിവിൽ, കുടുംബ കോടതി കേസുകളാണ് സ്ത്രീകൾക്കിണങ്ങിയത്. ഈ സാമൂഹിക മുൻധാരണകളെ മറികടന്ന് സ്ത്രീകളായ അഭിഭാഷകരെ തേടിയെത്തുന്ന കേസുകളുടെ എണ്ണവും സ്വഭാവവും പരിമിതമാണ്. നിയമപഠന രംഗത്ത് വിദ്യാർത്ഥിനികളുടെ എണ്ണം തുല്യമോ കൂടുതലോ ആകുമ്പോൾ അതിൽ അഭിഭാഷകവൃത്തി തിരഞ്ഞെടുക്കുന്ന സ്ത്രീകളുടെ എണ്ണം കുറവാകുന്നതിനെ ഇതിന്റെ അടിസ്ഥാനത്തിൽ വേണം വിലയിരുത്താൻ.

ഒരേ സമയത്ത് സന്നതെടുത്ത് പ്രാക്ടീസ് ആരംഭിക്കുന്ന സഹപാഠികളായ സ്ത്രീക്കും പുരുഷനും ഈ പ്രൊഫഷണിൽ നേരിടേണ്ടി വരുന്നത് വളരെ വ്യത്യസ്തങ്ങളായ അനുഭവങ്ങളും പരിഗണനകളുമാണ്. ക്ലാസ്മുറികളിൽ മികച്ച പഠന നിലവാരം പുലർത്തിയ പെൺകുട്ടികളിൽ പലരും പ്രൊഫഷണിൽ പിന്നിട്ടു പോകുന്നു. പുരുഷകേന്ദ്രീകൃത സമൂഹത്തിൽ കുറഞ്ഞ സാമൂഹിക ബന്ധങ്ങളിൽ ജീവിക്കേണ്ടി വരുന്ന പെൺകുട്ടികളെ തേടിവരുന്ന കേസുകളുടെ കുറവ്, ഓഫീസിനകത്ത് അനുഭവിക്കേണ്ടിവരുന്ന വിവേചനവും വ്യത്യസ്ത പരിഗണനകളും ഏൽപ്പിക്കുന്ന കേസുകളുടെ സ്വഭാവം തുടങ്ങിയവയാണ് ഇതിന് കാരണം. കൂടെ പഠിച്ച ആൺഅഭിഭാഷകർ സ്വതന്ത്ര പ്രാക്ടീസ് ആരംഭിച്ച് എത്രയോ വർഷങ്ങൾക്ക് ശേഷമായിരിക്കും മിക്ക വനിതാഅഭിഭാഷകരും സ്വന്തമായി ഓഫീസ് തുടങ്ങുന്നത്. ജീവിതകാലം മുഴുവനും മറ്റ് ഓഫീസുകളിൽ 'ജൂനിയർ ജീവിതം' തുടരേണ്ടി വരുന്ന നിരവധി പേരുണ്ട് ഈ മേഖലയിൽ. ഓഫീസ് നടത്തിപ്പ്, രാത്രി വൈകും വരെ ഓഫീസിലിരിക്കൽ തുടങ്ങി കുടുംബസമയത്തിൽ നിന്ന് കടമെടുത്ത് ഒരു സ്ത്രീക്ക് നൽകേണ്ടി വരുന്ന 'സമയത്തിന്റെ മിച്ചമൂല്യം' സമൂഹത്തിന്റേയും കുടുംബത്തിന്റേയും ഔദാര്യത്തിലൂടെ സാധ്യമാകുന്നതാണ്. കോടതിക്ക് നേരിട്ട് അന്വേഷിക്കേണ്ടി വരുന്ന തർക്കവിഷയങ്ങളിൽ കോടതി നിയമിക്കുന്ന അഡ്വക്കേറ്റ് കമ്മീഷനുകളിൽ ദുഷ്കരമായ കേസുകളിൽ പുരുഷകമ്മീഷനെ വേണമെന്ന് അപേക്ഷയിൽ തന്നെ സൂചിപ്പിക്കുന്ന രീതിയുണ്ട് കോടതികളിൽ. നിയമനങ്ങളിൽ കൃത്യമായി ഇത് പാലിക്കുന്നുമുണ്ട് കോടതികൾ.

***പ്രസവം, കുട്ടികളെ വളർത്തൽ തുടങ്ങി ജൈവശാസ്ത്രപരമായും സാമൂഹികമായും സ്ത്രീകളിൽ 'നിക്ഷിപ്തമായ കടമകൾ' വനിത അഭിഭാഷകരെ പ്രൊഫഷണലിസത്തിൽ നിന്ന് മാറ്റി നിർത്തുന്നുണ്ട്. നിരന്തര സാന്നിധ്യം അറിയിക്കേണ്ടുന്ന കോടതിയിൽ നിന്നുള്ള മാറിനിൽക്കൽ 'പ്രൊഫഷണൽ' എന്ന നിലയിലുള്ള നിലനിൽപ്പിനെ സാരമായി തന്നെ ബാധിക്കുന്നു.***

നിരന്തര തുടർപഠനം ആവശ്യപ്പെടുന്ന ഈ മേഖലയിൽ കുടുംബം-ഓഫീസ്-കോടതി എന്നിവ സന്തുലിതാവസ്ഥയിൽ മുന്നോട്ടു കൊണ്ടുപോകുക ഒരു ശ്രമകരമായ ദൗത്യമാണ്. പ്രസവം, കുട്ടികളെ വളർത്തൽ തുടങ്ങി ജൈവശാസ്ത്രപരമായും സാമൂഹികമായും സ്ത്രീകളിൽ 'നിക്ഷിപ്തമായ കടമകൾ' വനിത അഭിഭാഷകരെ പ്രൊഫഷണലിസത്തിൽ നിന്ന് മാറ്റി നിർത്തുന്നുണ്ട്. നിരന്തര സാന്നിധ്യം അറിയിക്കേണ്ടുന്ന കോടതിയിൽ നിന്നുള്ള മാറിനിൽക്കൽ 'പ്രൊഫഷണൽ' എന്ന നിലയിലുള്ള നിലനിൽപ്പിനെ സാരമായി തന്നെ ബാധിക്കുന്നു. എം.എ.സി.റ്റി ട്രിബ്യൂണലുകൾ. സിവിൽ കേസുകൾ തുടങ്ങിയ പരിമിതികളിലേക്ക് സ്ത്രീകൾക്ക് സ്വയം ചുരുങ്ങേണ്ട സാഹചര്യവും ഇത് സൃഷ്ടിക്കുന്നു. വൈകി ഓഫീസിലിരിക്കുക, കേസുകൾ പഠിക്കുക, മറ്റ് പണികൾക്ക് ശേഷം അഭിഭാഷകരെ കാണാൻ എത്തുന്ന കക്ഷികളെ കാണുക തുടങ്ങിയ കാര്യങ്ങൾ അപ്രാപ്യമായി മാറുന്നു. സൂര്യനസ്തമിച്ചാൽ അവസാനിക്കുന്ന സ്ത്രീയുടെ സാമൂഹിക ജീവിതം (ഒരു പക്ഷേ സുപ്രീംകോടതിയിലും മെട്രോ നഗരങ്ങളിലുള്ള ഹൈക്കോടതികളിലും വ്യത്യസ്തമാകാം സാഹചര്യം) ഒരു അഭിഭാഷക എന്ന നിലയിലുള്ള തൊഴിൽജീവിതത്തെ ആഴത്തിൽ ബാധിക്കുന്നു.

## ആരുടെ കോടതി


കൈകാര്യം ചെയ്യുന്ന നിയമങ്ങൾ, കേൾക്കുന്ന വിധികൾ, അവ നടപ്പാക്കുന്ന രീതികൾ. ഇവ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ അനുദിനമെന്നോണം അനുഭവിക്കുകയും സ്ത്രീ/തൊഴിലാളി വിരുദ്ധമായ സമീപനങ്ങൾ നിരന്തരം കാണുകയും ചെയ്യുന്ന ഓരോരുത്തരും ആരുടെ കോടതിയാണിതെന്നും ഇതാർക്കുവേണ്ടിയാണ് നിലനിൽക്കുന്നതെന്നും ചോദിച്ചു പോകും. ഗാർഹികപീഡന കേസുകൾ നടത്തുമ്പോൾ കോടതികളിൽ നിന്ന് അ

നുഭവിക്കേണ്ടി വരുന്ന പീഡനങ്ങൾ തൊഴിലിടത്തിൽ അനുഭവിക്കേണ്ടി വരുന്ന പീഡനത്തിന്റെ പരിധിയിൽ വരുന്നില്ല. അത്തരത്തിലുള്ള ഒരനുഭവം ഇവിടെ വിവരിക്കാം. ഭർത്താവിൽ നിന്ന് പല തരത്തിലുള്ള പീഡനങ്ങൾ ഏറ്റുവാങ്ങി. സ്വന്തം രക്ഷിതാക്കളുടെ അടുത്ത് അഭയം തേടിയയാളാണ് പരാതിക്കാരി. ഐ.എച്ച്.ആർ.ഡിയിൽ ലക്ചർ ആയ ഇവർക്ക് തുടർന്നും പീഡനങ്ങളായിരുന്നു. രണ്ടു വയസ്സുള്ള കുട്ടിയെ ബലമായിട്ട് പിടിച്ചു കൊണ്ടു പോവുക. കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുക. നിർബന്ധിച്ച് പണം പറ്റുക, ഫേസ്ബുക്ക് വഴി വ്യക്തിഹത്യ നടത്തുക തുടങ്ങിയ ക്രൂരതകൾ സഹിച്ചതിന് ശേഷമാണ് പരാതിക്കാരി വക്കീലിനെ സമീപിക്കുന്നത്. ഇടക്കാല ഓർഡറിന് വേണ്ടിയുള്ള അപേക്ഷയിൽ പറയുന്നത് ഇവയാണ്: ഗാർഹികപീഡനം അവസാനിപ്പിക്കുക, പരാതിക്കാരിയുടെ വീട്ടിൽ ഭർത്താവ് പ്രവേശിപ്പിക്കുന്നത് തടയുക. തൊഴിൽ സമയത്ത് ശല്യപ്പെടുത്താതിരിക്കുക. സോഷ്യൽ നെറ്റ്‌വർക്കുകളിൽ പരാതിക്കാരിയെ തേജോവധം ചെയ്യുന്നത് തടയുക. കേസ് കേട്ട് അഭിഭാഷകയോട് ജുഡീഷ്യൽ ഓഫീസർ പ്രതികരിച്ചത് ഈ വിധമാണ്– നിങ്ങൾക്ക് പരാതിക്കാരിയുടെ ഭർത്താവിനെ ഇന്ത്യയിൽ നിന്ന് പുറത്താക്കണോ? ഒന്നുമല്ലെങ്കിലും പരാതിക്കാരിയുടെ ഭർത്താവല്ലേ അയാൾ? ഫേസ്ബുക്ക് പേജിന്റെ പ്രിന്റ് ഔട്ട് ഉൾപ്പെടെയുള്ള പത്രണ്ട് തെളിവുകളിൽ ഒന്നുപോലും തുറന്നു നോക്കാതെയായിരുന്നു ഈ പ്രതികരണം. കോടതി മുറിയിൽ നിന്ന് പുറത്തിറങ്ങുമ്പോൾ പരാതിക്കാരി ചോദിക്കുന്നത് ഈ കോടതിയിൽ നിന്ന് കേസ് മാറ്റാനാകുമോ എന്നാണ്. ദുരിതവും പീഡനവും നിറഞ്ഞ ജീവിതത്തേയും അനുഭവങ്ങളേയും വേദനയേയും ഇത്ര നിസാരമായി വിലയിരുത്തുകയും നിസ്സഹായയായ ഒരു സ്ത്രീയെ വേദനിപ്പിക്കുകയും ചെയ്യുന്ന ഒരിടത്ത് എങ്ങനെയാണ് പരാതിയുമായി ചെല്ലുവാനാവുക.

മറ്റൊരു അവസരത്തിൽ പരാതിക്കാരിയുടെ പിതാവിന്റെ മരണത്തിന് കാരണക്കാരനായ ഭർത്താവിനെ വീട്ടിൽ നിന്നും ഒഴിവാക്കണം എന്നാവശ്യപ്പെട്ട് ഫയൽ ചെയ്ത പരാതിയിൽ കോടതി ചോദിക്കുന്നത് 'അയാളുടെ ജീവിതവും ജീവിതമല്ലേ' എന്നാണ്. അപ്പോൾ പരാതിക്കാരിയുടെ ജീവിതമോ എന്ന ചോദ്യത്തിന് 'അതൊക്കെ ശരിയായിക്കൊള്ളും, അവർ ഭാര്യാഭർത്താക്കന്മാരല്ലേ, ഒന്നിച്ചു കഴിഞ്ഞോളും' എന്നാണ്.

> ***തെളിവുനിയമം, ക്രിമിനൽ നടപടിക്രമം തുടങ്ങിയ നിയമങ്ങൾ സ്ത്രീകൾക്ക് നൽകുന്നത് 'തുല്യപരിഗണനയാണ്". നിയമത്തിന്റെ 'നിഷ്പക്ഷ സമീപനം', സാക്ഷിക്കൂട്ടിൽ നിൽക്കുന്ന സാക്ഷിയോ പരാതിക്കാരിയോ ആയ സ്ത്രീയോട് വിചാരണ വേളയിൽ കാണിക്കുന്ന തീർത്തും അനുതാപരഹിതമായ ഇടപെടൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം കോടതിമുറിയിൽ അവരനുഭവിക്കുന്ന അരക്ഷിതാവസ്ഥയെ കൂട്ടുന്നതേയുള്ളൂ.***

മറ്റൊരു കേസിലെ സൈക്യാട്രിക് കൗൺസിൽ റിപ്പോർട്ട് ഇങ്ങനെ പറയുന്നു. "പരാതിക്കാരിയുടെ ഭർത്താവ് അക്രമസ്വഭാവമുള്ള ഒരാളാണ്. ഡി അഡിക്ഷൻ ചികിത്സക്ക് ശേഷം മാത്രമേ ഒന്നിച്ചു ജീവിക്കാൻ അനുവദിക്കാൻ പാടുള്ളൂ" എന്ന്. എന്നാൽ ചികിത്സക്ക് പോകാൻ തയ്യാറല്ലെന്ന് ഭർത്താവ് കോടതിയിൽ വ്യക്തമാക്കിയിട്ടും അയാൾക്കൊപ്പം ഭാര്യ പോകണമെന്നാണ് കോടതി വിധിച്ചത്. അഞ്ചു ദിവസത്തിനകം തലക്ക് സാരമായി പരിക്കേറ്റ ഭാര്യയെ കോഴിക്കോട് ബീച്ച് ആസ്പത്രിയിൽ പ്രവേശിപ്പിച്ചു. കോടതി ഇത്തരം പ്രശ്നങ്ങളെ നിസ്സാരവത്ക്കരിച്ച് കാണുന്നത് പതിവാണ്. ഗാർഹികപീഡനം തടയാനുള്ള നിയമം പലതരത്തിലുള്ള പീഡനങ്ങളെ കുറിച്ച് പറയുന്നുണ്ട്. അതിൽ വെർബൽ, ഇമോഷണൽ (വാക്കുകൊണ്ടും വികാരം കൊണ്ടുമുള്ള) പീഡനവും ഉൾപ്പെടും. അത്തരത്തിലുള്ള ഒരു കേസ് കോടതിയിൽ എത്തിയപ്പോൾ ഇത്തരം നിസ്സാരമായ കേസുകൾ പറഞ്ഞു തീർത്തൂടെ, എന്തിനാണ് കോടതിയുടെ വിലയേറിയ സമയം പാഴാക്കുന്നത്? എന്നതായിരുന്നു ചോദ്യം. ഇന്ത്യൻ പീനൽകോഡിന്റെ 498 എ വകുപ്പ് (സ്ത്രീകൾക്ക് നേരെയുള്ള ക്രൂരത) പ്രകാരം പരാതി ഫയലിൽ സ്വീകരിക്കാൻ കോടതി കാണിക്കുന്ന വൈമുഖ്യം. പരാതിക്കാരിയുടെ വിശ്വാസ്യതയെ ചോദ്യം ചെയ്യുന്ന സമീപനം ഒക്കെയും സൂചിപ്പിക്കുന്നത് ഇവിടുത്തെ കോടതികൾ എത്രമാത്രം സ്ത്രീവിരുദ്ധമാണെന്നാണ്. ഇന്ത്യയിലെ ഉന്നതകോടതികൾ കൈകാര്യം ചെയ്ത, വിവാഹത്തിനകത്തെ പീഡനക്കേസുകളിൽ നാഴികക്കല്ലായ പത്തുകേസുകൾ പഠനത്തിന്റെ ഭാഗമായി തിരഞ്ഞെടുത്ത് നടത്തിയ വിശകലനത്തിൽ കണ്ടെത്താനായത് ഉന്നത നീതിവ്യവസ്ഥ ഇത്തരം കേസുകളിലെ പരാതികളുടെ/പരാതിക്കാരിയുടെ വിശ്വാസ്യതയെ സംശയിക്കുന്നതും ഈ നിയമം ദുർവിനിയോഗം ചെയ്യാനുള്ളതിന്റെ സാധ്യതയെ കുറിച്ച് വേവലാതിപ്പെടുന്നതുമാണ്. തൊഴിലിടങ്ങളിലെ ലൈംഗികപീഡനം തടയുന്നത് സംബന്ധിച്ച നിയമത്തിലാണ് ഇന്ത്യയിൽ ആദ്യമായി ഒരു നിയമം ദുരുപയോഗം ചെയ്താലുള്ള ശിക്ഷകൂടി പ്രതിപാദിക്കുന്നത്. തൊഴിലെടുക്കുന്ന സ്ത്രീകൾ 'മിടുക്കി'കളാണല്ലോ, അവർ നിയമം ദുരുപയോഗം ചെയ്യാതിരിക്കില്ലല്ലോ എന്നതാണ് നിയമനിർമ്മാതാക്കൾ കരുതുന്നത്. പലതരം സമ്മർദ്ദങ്ങൾക്കൊടുവിൽ പലതരം മധ്യസ്ഥതകളിലൂടെ കടന്നു



***നിയമം സാമൂഹ്യമാറ്റത്തിനുള്ള ഉപാധിയാണോ അതോ മർദ്ദന ഉപകരണം മാത്രമാണോ എന്ന ഫെമിനിസ്റ്റ് ചിന്താധാര ഉയർത്തുന്ന അടിസ്ഥാനപരമായ അന്വേഷണം അതീവ സങ്കീർണ്ണമാണെന്നുള്ളതാണ് ഈ കീഴ്ക്കോടതി അനുഭവങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ നിരവധി പ്രശ്നങ്ങളനുഭവിച്ച് ജീവിക്കുന്ന സ്ത്രീ അതിന്റെ പരിഹാര അന്വേഷണത്തിന്റെ ഭാഗമായി ഭരണകൂടത്തിന്റെ ഉപകരണങ്ങളുടെ നിർമ്മമവും നീതിരഹിതവുമായ ഇടപെടലുകളിലൂടെ പാകപ്പെടുന്നുണ്ട്.***

പോയി ഒരു പരാതി കോടതിയിൽ എത്തുന്നതിന്റെ സാഹസം ഒരു കോടതിയും ഇന്നുവരെ പരാമർശിച്ചു കണ്ടിട്ടില്ല. തെളിവുനിയമം, ക്രിമിനൽ നടപടിക്രമം തുടങ്ങിയ നിയമങ്ങൾ സ്ത്രീകൾക്ക് നൽകുന്നത് 'തുല്യപരിഗണനയാണ്'. നിയമത്തിന്റെ 'നിഷ്പക്ഷ സമീപനം', സാക്ഷിക്കൂട്ടിൽ നിൽക്കുന്ന സാക്ഷിയോ പരാതിക്കാരിയോ ആയ സ്ത്രീയോട് വിചാരണവേളയിൽ കാണിക്കുന്ന തീർത്തും അനുതാപരഹിതമായ ഇടപെടൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം കോടതിമുറിയിൽ അവരനുഭവിക്കുന്ന അരക്ഷിതാവസ്ഥയെ കൂട്ടുന്നതേയുള്ളൂ. വ്യത്യസ്തമായ ജീവിതാനുഭവത്തിൽ നിന്നും വരുന്ന സ്ത്രീകൾ പ്രത്യേക പരിഗണന അർഹിക്കുന്നു. വിചാരണവേളയിൽ സ്വകാര്യത ഉറപ്പുവരുത്താനുള്ള ഇൻ കാമറ പ്രൊസീഡിങ്സിൽ ഒരിക്കലും ഒരു സ്ത്രീക്കും മനസ്സുതുറക്കാനുള്ള സാഹചര്യം കോടതി ഒരുക്കുന്നുമില്ല. ബലാത്സംഗ കേസുകൾ വർഷങ്ങൾക്ക് ശേഷം കോടതിയിലെത്തുമ്പോൾ സാക്ഷിയായ സ്ത്രീ (ബലാത്സംഗത്തിനിരയായവൾ) കൂറുമാറുന്നത് 'സ്ത്രീകളുടെ കഴിവുകേട്' എന്ന നിലയിലാണ് വിലയിരുത്താറ്. കേസിനാസ്പദമായ സംഭവം നടന്ന് എത്രയോ വർഷങ്ങൾക്ക് ശേഷമാണ് വിചാരണ നടക്കാറുള്ളത്. സമീപകാലത്തുണ്ടായ ഒരനുഭവത്തിൽ കേസിലെ പ്രതികൾ സാക്ഷിയായ പെൺകുട്ടിക്ക് വലിയ തുക നൽകി കേസൊതുക്കാൻ തയ്യാറായപ്പോൾ പെൺകുട്ടിയുടെ അച്ഛൻ പറഞ്ഞത് "ഞങ്ങൾക്കൊരു പൈസയും വേണ്ട, അവളിപ്പോൾ വിവാഹിതയായി നല്ലൊരു കുടുംബജീവിതം നയിക്കുന്നു. എങ്ങനെയെങ്കിലും ഈ കേസൊന്നു തീർന്നാൽ മതി' എന്നാണ്. ഇത്തരം കേസുകളിലെ സാമൂഹിക ഉത്തരവാദിത്തം എന്താണ് എന്ന് ഒരു കോടതിയും ചർച്ച ചെയ്ത് കാണാറില്ല.

മറ്റ് മേഖലകളിൽ കഴിവ് തെളിയിക്കുന്ന അഭിഭാഷകർക്ക് കോടതി മുറിയിൽ കിട്ടുന്ന അഭിനന്ദനങ്ങളും അംഗീകാരങ്ങളും ഒരിക്കലും ഗാർഹികപീഡനക്കേസുകളിൽ കഴിവ് തെളിയിക്കുന്ന അഭിഭാഷകർക്ക് ലഭിക്കാറില്ല. ശല്യക്കാരികളായ വ്യവഹാരികളെ കോടതി കൈകാര്യം ചെയ്യുന്ന രീതിയിലോ അതിലും മോശമായ രീതിയിലോ ആണ് ശല്യക്കാരിയായ അഭിഭാഷകയെ കോടതി കൈകാര്യം ചെയ്യുക. മറ്റ് കേസുകളുമായി കോടതിയെ സമീപിക്കേണ്ടിവരുമ്പോൾ കോടതിയുടെ 'സ്ത്രീവിരുദ്ധ കമന്റുകൾ' തികട്ടി വരും. അത് നിയമവ്യവസ്ഥക്കകത്തു നിന്നുകൊണ്ട് പോരാടാനുള്ള ഊർജ്ജത്തെ ദുർബലപ്പെടുത്തും. ഈ വ്യവസ്ഥയിൽ വറ്റാത്ത നീതിയുടെ ഒരു ഉറവയുണ്ട് എന്നു കരുതി വരുന്ന പരാതിക്കാരിയുടെ/ പരാതിക്കാരുടെ വികാരങ്ങളെ വിവർത്തനം ചെയ്യാൻ കഴിയാതെ പോകുന്നതിന്റെ സംഘർഷമാണ് ഓരോ തൊഴിൽദിനത്തിന്റേയും ബാക്കിപത്രം.

നിയമം സാമൂഹ്യമാറ്റത്തിനുള്ള ഉപാധിയാണോ അതോ മർദ്ദന ഉപകരണം മാത്രമാണോ എന്ന ഫെമിനിസ്റ്റ് ചിന്താധാര ഉയർത്തുന്ന അടിസ്ഥാനപരമായ അന്വേഷണം അതീവ സങ്കീർണ്ണമാണെന്നുള്ളതാണ് ഈ കീഴ്ക്കോടതി അനുഭവങ്ങൾ സൂചിപ്പിക്കുന്നത്. എന്നാൽ നിരവധി പ്രശ്നങ്ങളനുഭവിച്ച് ജീവിക്കുന്ന സ്ത്രീ അതിന്റെ പരിഹാര അന്വേഷണത്തിന്റെ ഭാഗമായി ഭരണകൂടത്തിന്റെ ഉപകരണങ്ങളുടെ നിർമമവും നീതിരഹിതവുമായ ഇടപെടലുകളിലൂടെ പാകപ്പെടുന്നുണ്ട്. ഇതുവരെ പുരുഷന്റെ സ്ഥലമായ കോടതി മുറിയെ അവളുടെ കൂടി സ്ഥലമാക്കി മാറ്റുന്നുണ്ട്, വളരെ പതുക്കെയാണെങ്കിലും. ഇത്തരത്തിലുള്ള നീതിവ്യവസ്ഥയുടെ കയ്പും പരിമിതികളും തിരിച്ചറിയുന്ന സ്ത്രീ, അതിനുമപ്പുറം ഈ വ്യവസ്ഥയെ മാറ്റുന്ന മറ്റ് മാർഗ്ഗങ്ങളെക്കുറിച്ച് ഗൗരമായി തന്നെ ആലോചിക്കാനും ഇടപെടാനും നിർബന്ധിതയാകുന്നുണ്ട്. കോടതി മുറിയിലെത്തുന്ന സ്ത്രീ അടിച്ചമർത്തപ്പെട്ടവളാണ്. അതേസമയം പ്രതിരോധത്തിന്റെ സാധ്യതകൾ അറിയുന്നവളും ജീവിതത്തിന്റെ അർത്ഥം തിരയേണ്ടത് ജീവിതത്തിൽ തന്നെയാണെന്ന് ലെനിൻ പറയുന്നു. പ്രതിലോമകരമായ ഓരോ തൊഴിലിടത്തിലും പ്രതിരോധത്തിന്റെ സാധ്യത കണ്ടെത്താനാവുന്നതും അതുകൊണ്ട് തന്നെ.

(ആതിര കോഴിക്കോട് കോടതിയിലെ അഭിഭാഷകയും ആരതി ഡൽഹിയിലെ 'കൗൺസിൽ ഫോർ സോഷ്യൽ ഡവലപ്മെന്റ്' എന്ന സ്ഥാപനത്തിൽ ഗവേഷകയുമാണ്)

*സ്ത്രീസംഘടനകളിലെ ആശയങ്ങളെയും നീതിബോധത്തേയും നിയന്ത്രിച്ചിരുന്നത് പുരുഷാധിപത്യത്തിലധിഷ്ഠിതമായതും വിഭിന്ന സദാചാരത്തിലധിഷ്ഠിതമായതുമായ സങ്കല്പങ്ങൾ തന്നെയായിരുന്നു. സാംസ്കാരികമൂല്യത്തെ തകർക്കുന്ന, തളർത്തുന്ന ഒരു എതിർസംസ്കാരമായാണ് ഇന്നും സ്വവർഗ്ഗലൈംഗികതയെ സദാചാരവാദികൾ കാണുന്നത്.*



ബീന



# ലിംഗപദവിയും ലൈംഗികതയും തകരുന്ന വാർപ്പുമാതൃകകൾ

**കേരളത്തിൽ** 'വിമത'ലൈംഗികതയുള്ള സ്ത്രീകൾക്കായി ഒരു ശബ്ദമോ സംഘടനാരൂപമോ ഉണ്ടാക്കുന്നതിനു മുൻപ് സ്വവർഗ്ഗപ്രണയിനികളുടെ ജീവിതം കടുത്ത മനുഷ്യാവകാശലംഘനങ്ങളുടേയും ജീവിതപോരാട്ടങ്ങളുടേയും തുടർച്ചയായിരുന്നു. എന്നാൽ, ഇത്തരം കേസുകൾ ഏറിയാൽ ലോക്കൽ പോലീസ് സ്റ്റേഷന്റെ പരിധിയിലോ അവിടെനിന്ന് ഏതെങ്കിലും മാനസികരോഗാശുപത്രിയിലോ കൗൺസിലിംഗ്സെന്ററുകളിലോ ആണ് ചെന്നെത്തുക. അപ്പോഴൊക്കെ തന്നെ രാഷ്ട്രീയപാർട്ടികളുടെ മഹിളാസംഘടനകളും ഗവൺമെന്റേതര സ്ത്രീസംഘടനകളും സ്ത്രീവിമോചനപ്രസ്ഥാനങ്ങളും പ്രവർത്തനസജീവമായിരുന്നെങ്കിൽ കൂടി ഇവയെപ്പറ്റി അറിവുള്ള സ്ത്രീകൾക്കുപോലും സഹായത്തിനായി ഇത്തരം സംഘടനകളെ സമീപിക്കുവാൻ ധൈര്യമില്ലായിരുന്നു. അന്നത്തെ സ്ത്രീസംഘടനകളിൽ നിഴലിച്ച് നിന്നിരുന്ന രാഷ്ട്രീയ ആദർശങ്ങളേയും

സാംസ്കാരിക/സദാചാരവാദങ്ങളെയും ഭയന്നിട്ട് ആയിരുന്നു അത്. സ്ത്രീസംഘടനകളിലെ ആശയങ്ങളെയും നീതിബോധത്തേയും നിയന്ത്രിച്ചിരുന്നത് പുരുഷാധിപത്യത്തിലധിഷ്ഠിതമായതും വിഭിന്ന സദാചാരത്തിലധിഷ്ഠിതമായതുമായ സങ്കല്പങ്ങൾ തന്നെയായിരുന്നു. സാംസ്കാരികമൂല്യത്തെ തകർക്കുന്ന, തളർത്തുന്ന ഒരു എതിർസംസ്കാരമായാണ് ഇന്നും സ്വവർഗ്ഗ ലൈംഗികതയെ സദാചാരവാദികൾ കാണുന്നത്.

കേരളത്തിലെ വിമതസ്ത്രീകൂട്ടായ്മ ഇന്ന് ആരംഭത്തിലെ പോലെ അല്ല എന്നു പറയാൻ കഴിയുന്നത് ഒരുപാട് സ്ത്രീവിമോചന പ്രവർത്തകർ അവരുടെ വ്യക്തിപരമായ എല്ലാ പിന്തുണകളും നൽകുന്നതുകൊണ്ടും ഇടങ്ങൾ ലഭിക്കുന്നതുകൊണ്ടും കൂടിയാണ്. എന്നിരുന്നാലും കേരളത്തിലെ സ്ത്രീവിമോചനപ്രസ്ഥാനങ്ങളുടെ ആശയങ്ങളിലും കാഴ്ചപ്പാടുകളിലും സ്വവർഗ്ഗലൈംഗികതയെ സംബന്ധിച്ച് ആരോഗ്യപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

ലൈംഗികത, വിമതലൈംഗികത, എന്നീ പ്രയോഗങ്ങൾക്കിടയിലെ ഇരട്ടത്താപ്പ് ലൈംഗികരാഷ്ട്രീയം എന്ന വാക്കിനെ മുഖ്യധാരാക്കൂട്ടായ്മകളിൽ നിന്ന് തന്നെ അകറ്റിനിർത്തുന്നു.

കേരളത്തിൽ നടന്ന ലെസ്ബിയൻ ആത്മഹത്യകളുടെ fact finding എന്ന ഉദ്ദേശത്തോടെ നിലവിൽ വന്ന project ആയാണ് സഹയാത്രിക ആരംഭിച്ചതെങ്കിലും അത്തരം അന്വേഷണം വെളിച്ചത്തു കൊണ്ടുവന്നത് ജീവിക്കാൻ അതും ഇഷ്ടമുള്ളതുപോലെ ജീവിക്കാൻ പോരാടുന്നതുകൊണ്ടുമാത്രം പൊതുജീവിതത്തിൽ നിന്നും, പൊതു ഇടങ്ങളിൽ നിന്നും (വിദ്യാഭ്യാസം, ആരോഗ്യം, തൊഴിലിടങ്ങൾ) പാർശ്വവല്ക്കരിക്കപ്പെട്ട, പൗരാവകാശ ലംഘനം അനുഭവിക്കുന്ന ഒരു സ്ത്രീസമൂഹത്തെയാണ്...

ശരീരം, വസ്ത്രധാരണം, ലൈംഗികത, ലിംഗപദവി, സ്വാതന്ത്ര്യം, സദാചാരലംഘനം – എന്നിങ്ങനെയുള്ള പല വ്യവഹാരങ്ങളിലെയും ബദൽ കാഴ്ചപ്പാടുകളും ബദൽ ജീവിത രീതികളുമാണ് ഈ കമ്മ്യൂണിറ്റിക്ക് അടിസ്ഥാനപരമായ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടാനിടയാക്കിയത്. സത്യത്തിൽ അവകാശങ്ങൾ നേടുന്നതിനുള്ള അവകാശങ്ങൾ തന്നെ തടയപ്പെട്ടു.

***ശരീരം - തന്റെ തന്നെ അധികാരത്തിന്റേയും ആനന്ദത്തിന്റേയും സ്വാതന്ത്ര്യത്തിന്റെ കേന്ദ്രബിന്ദു ആണെങ്കിലും സ്വശരീരത്തിന്റെ രൂപമാതൃകകൾ പോലും സമൂഹം നിയന്ത്രിക്കുന്നു. അതിനിടയിലാണ് വിമതർ ഒരു പക്ഷേ ശരീരത്തിന്റേയോ അവയവത്തിന്റേയോ രൂപമാറ്റങ്ങൾക്കും കൂട്ടിച്ചേർക്കലും വഴി പുതിയ ലിംഗപദവി സ്വീകരിക്കുന്നതും സ്ത്രീ ശരീരം, ആൺ ശരീരം അടയാളങ്ങളെ സ്വീകരിക്കുന്നതും...***

ശരീരം തന്റെ തന്നെ അധികാരത്തിന്റേയും ആനന്ദത്തിന്റേയും സ്വാതന്ത്ര്യത്തിന്റെ കേന്ദ്രബിന്ദു ആണെങ്കിലും സ്വശരീരത്തിന്റെ രൂപമാതൃകകൾ പോലും സമൂഹം നിയന്ത്രിക്കുന്നു. അതിനിടയിലാണ് വിമതർ ഒരു പക്ഷേ ശരീരത്തിന്റേയോ അവയവത്തിന്റേയോ രൂപമാറ്റങ്ങളും കൂട്ടിച്ചേർക്കലും വഴി പുതിയ ലിംഗപദവി സ്വീകരിക്കുന്നതും സ്ത്രീ ശരീരം, ആൺശരീര അടയാളങ്ങളെ സ്വീകരിക്കുന്നതും...

സ്ത്രീകൾ മുടിമുറിച്ചാലും ആൺകുട്ടികൾ പൊട്ടുതൊട്ടാലും ശരീരത്തിന്റെ അലങ്കാരമാതൃകകളിൽ നിന്നാണ് വൈവിദ്ധ്യം വെളിപ്പെടുന്നത്. വൈവിധ്യങ്ങളെ നമ്മുടെ സമൂഹം നല്ല വീക്ഷണത്തിലൂടെ കാണാൻ ശ്രമിക്കാറില്ലല്ലോ.

ശരീരം ഒരു വ്യക്തിയുടെ സാമൂഹിക ചിഹ്നമോ, സ്ഥാനമോ മാത്രമാണോ? ലൈംഗികതയും രതിയും പ്രണയവും സമന്വയിക്കുന്ന ശരീരം, ലൈംഗികതയുടെ ആവാഹകബിംബമാണ്. ശരീരഭാഷ, ചേഷ്ട, മുദ്ര ഇവയെല്ലാം പ്രണയത്തിന്റേയോ ലൈംഗികതയുടേയോ വഴികളെ സുതാര്യമാക്കുന്നു. ഭിന്നലൈംഗികതയിലെ പ്രണയത്തിനു ലഭിക്കുന്ന അംഗീകാരം സ്വവർഗ്ഗാഭിമുഖ്യത്തിലെ പ്രണയത്തിന് ലഭിക്കുന്നില്ല.

അകറ്റിനിർത്തപ്പെടേണ്ടതോ ഭയപ്പെടേണ്ടതോ ആയ ഒരു സംഗതിയായാണ് ആദ്യം സ്വർവഗ്ഗാഭിമുഖ്യത്തെ കാണുന്നത്. അതിലേർപ്പെട്ട വ്യക്തികൾ പിന്നീട് സമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റപ്പെടുന്നു.

വിദ്യാലയങ്ങളിൽ നിന്ന്... സുഹൃദ്വലയങ്ങളിൽ നിന്ന്.. തൊഴിലിടങ്ങളിൽ നിന്ന്.... ആശുപത്രികളിൽ നിന്ന്... ഗവൺമെന്റ് സംരംഭങ്ങളിൽ നിന്ന്... അവകാശമുള്ള ആനുകൂല്യങ്ങളിൽ നിന്ന്. ഇതൊക്കെയാണെങ്കിലും ഇത്തരം ജീവിതങ്ങൾ ദൈനംദിന ജീവിതത്തിലൂടെ അടയാളപ്പെടുത്തിയിട്ടുള്ളത് സ്ത്രീ എന്ന വാർപ്പുമാതൃകയിൽ നിന്നും കുതറിമാറി സ്വന്തം സ്വത്വത്തെ, ഇഷ്ടങ്ങളെ, സ്വാതന്ത്ര്യത്തെ, ആവേശം, പ്രണയം തുടങ്ങിയവയെ കണ്ടെത്താനും ആഘോഷിക്കാനുമുള്ള പുതിയ ഇടങ്ങളുടെ സാധ്യതയാണ്.

സ്ത്രീവിമോചനപ്രസ്ഥാനങ്ങളിലേയും മറ്റു രാഷ്ട്രീയപ്രസ്ഥാനങ്ങളിലേയും സ്ത്രീകൾ അവകാശങ്ങളും മറ്റും തിരിച്ചറിഞ്ഞുകൊണ്ട് ഇതിന്റെയൊക്കെ ഭാഗമാകുമ്പോൾ ലൈംഗികന്യൂനപക്ഷങ്ങളായ സ്ത്രീകൾ സ്വാതന്ത്ര്യത്തിന്റെ ആവിഷ്ക്കാരങ്ങളെ സ്വന്തം ജീവിതരീതികൊണ്ട് പ്രാവർത്തികമാക്കുന്ന തരത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത്. നിലനിൽക്കാൻ വേണ്ടിയുള്ള പോരാട്ടങ്ങളിലൂടെയും പ്രതികരണങ്ങളിലൂടെയും ധൈര്യവും കരുത്തും ആർജ്ജിച്ചവരാണ് അവർ. സ്വന്തം ജീവിതം തന്നെ പൊളിച്ചടുക്കുന്നതിലൂടെ സദാചാ

രത്തിന്റേയും അസ്വാതന്ത്ര്യത്തിന്റേയും നിലവിലുള്ള ചരിത്രംകൂടിയാണ് അവർ പുനർനിർമ്മിക്കുന്നത്.

ഒരു 'മോശം' സ്ത്രീ എപ്പോഴും ആവശ്യമാണ് ഒരു 'നല്ല സ്ത്രീ'യെ ചിത്രീകരിക്കണമെങ്കിൽ. അതുപോലെ 'മോശം' സ്ത്രീക്ക് ഏതുതരം സ്വാതന്ത്ര്യവും അനുവദനീയവും. രാത്രികാലങ്ങളിൽ സഞ്ചരിക്കുവാനും (പുരുഷനോടൊപ്പമോ അല്ലാതെയോ) മറ്റും... ചുരുക്കത്തിൽ മോശമായവൾക്ക് മാത്രം അനുവദനീയമാണ് സ്വാതന്ത്ര്യവും തീരുമാനങ്ങളും തിരഞ്ഞെടുപ്പും.

പത്തുവർഷത്തോളമായി സഹയാത്രികയുടെ പ്രവർത്തനങ്ങളിൽ പ്രധാനമായും നടത്തിവരുന്ന crisis interntionന്റെ വസ്തുതകൾ മാത്രം മതി ഒരു ലെസ്ബിയൻ പെൺകുട്ടി, transgender - എത്രമാത്രം ഇകഴ്ത്തപ്പെട്ടാണ് ജീവിച്ചുകൊണ്ടിരിക്കുന്നത് എന്നറിയാൻ.

ലൈംഗികതയോ ജെൻഡർ ഐഡന്റിറ്റിയോ തിരിച്ചറിയപ്പെടുമ്പോൾ നേരിടേണ്ടിവരുന്ന രൂക്ഷമായ സാമൂഹിക തിരസ്കരണങ്ങളും ഭീഷണിയും കൊണ്ടാണ് ഒന്നുകിൽ ആത്മഹത്യ അല്ലെങ്കിൽ നാടുവിടൽ എന്ന അവസ്ഥയുണ്ടാവുന്നത്. നാട്, വീട്.. എന്ന് പറയുന്നത് കേവലം ആവാസവ്യവസ്ഥ മാത്രമല്ലല്ലോ. വൈകാരികസുരക്ഷിതത്വം, വിദ്യാഭ്യാസം, ഭാവി അങ്ങനെ തുടർ ജീവിതത്തിലേക്കുള്ള എല്ലാ പ്രതീക്ഷകളെയും കെടുത്തുകൊണ്ടാണ് സ്വയം നാടുകടത്തൽ... അന്യദേശത്ത്...

വ്യത്യസ്തമായ ഭാഷയോടും സംസ്ക്കാരത്തോടും മറ്റും തുടർന്നും പോരാടിക്കൊണ്ടാണ് കേരളം വിട്ടുപോകുന്ന മിക്കവാറും community പിടിച്ചു നിൽക്കാൻ ശ്രമിക്കുന്നത്. എൻ.ജി.ഒ നൽകുന്ന താല്ക്കാലിക അഭയവും താല്ക്കാലിക പ്രതിസന്ധികളിലെ ഇടപെടലും കൊണ്ട് മാത്രമാണ് കുറച്ചെങ്കിലും അത് സാധ്യമാകുന്നത്.

മറിച്ച് എൻ.ജി.ഒ അടിത്തറയില്ലാത്ത നാടുവിടലും ജീവിതവും സാധ്യമാകുന്നത് ഉപരിപഠനം, തൊഴിൽ ഇവ വഴി പുറത്തു ജീവിക്കാൻ പറ്റിയ ആളുകൾക്കാണ്. അ



Photo : Ramlath Kavil

***പെണ്ണിൽ നിന്നും ആണിലേക്കുള്ള മാനസിക/ശാരീരിക പരിവർത്തനത്തിൽ, ശരീരം, വസ്ത്രധാരണം, ഭാവം, ചേഷ്ട എന്നിവയെല്ലാം അടയാളങ്ങളാണ്. സ്ത്രീകൾ മുടിമുറിക്കുന്നുണ്ടല്ലോ, പാന്റും ഷർട്ടും ഇടുന്നുണ്ടല്ലോ എന്ന് ചോദിച്ച് നിസാരവത്കരിക്കാനാവില്ല ലിംഗപരമായ സത്വ (gender identity)ത്തിലേക്കുള്ള പരിവർത്തനം.***

തിലും "ലൈംഗികത" (sexuality) തിരിച്ചറിയുന്നതു പോലെയല്ല (തിരിച്ചറിയാതെയും ഇരിക്കാമല്ലോ?). ലിംഗപദവി (gender) തിരിച്ചറിയുന്നത് ലൈംഗികന്യൂനപക്ഷത്തിൽ തന്നെ ന്യൂനപക്ഷമാണ് ട്രാൻസ് ജെൻഡർ (അപരലിംഗത്വം). കാരണം ലൈംഗികത പോലെ രഹസ്യമോ പരസ്യമോ ആക്കിവയ്ക്കാവുന്നതല്ല അപരലിംഗത്വം.

പെണ്ണിൽ നിന്നും ആണിലേക്കുള്ള മാനസിക/ശാരീരിക പരിവർത്തനത്തിൽ, ശരീരം, വസ്ത്രധാരണം, ഭാവം, ചേഷ്ട എന്നിവയെല്ലാം അടയാളങ്ങളാണ്. സ്ത്രീകൾ മുടിമുറിക്കുന്നുണ്ടല്ലോ, പാന്റും ഷർട്ടും ഇടുന്നുണ്ടല്ലോ എന്ന് ചോദിച്ച് നിസാരവത്കരിക്കാനാവില്ല ലിംഗപരമായ സത്വ(gender identity)ത്തിലേക്കുള്ള പരിവർത്തനം.

ലിംഗപദവിയും ലിംഗപദവിസ്വത്വവും എടുത്താൽ (Gender - Gender Identity- ഇതിൽ Gender Identity സത്യത്തിൽ ഒരു പോരാട്ടമാണ്. മാനസികമായും ശാരീരികമായും ഒരാൾക്ക് തന്റെ Genderൽ നിന്നും എതിർലിംഗത്തിൽപ്പെട്ടവരുടെ ജെന്ററിലേക്ക് പരിവർത്തനം ചെയ്യപ്പെടേണ്ടിയിരിക്കുന്നു.

Female to male transgender എന്നുപോലും പറയാൻ ആഗ്രഹിക്കാത്ത ആളുകളും ഉണ്ട്. സ്വന്തം ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉദ്യോഗം, വിദ്യാഭ്യാസം, സാമ്പത്തിക-സാമൂഹിക സുരക്ഷിതത്വം തുടങ്ങിയ ഭാവി ഭദ്രതയുള്ള കാര്യങ്ങളും ആരോഗ്യം പോലെ അത്യന്താപേക്ഷിതമായ കാര്യങ്ങളും ലൈംഗികബന്ധം പോലു



ള്ള സ്വകാര്യങ്ങളായ ആഹ്ലാദപ്രകടനങ്ങൾ വരെ– തന്റെ Gender identityയുടെ മേൽമാത്രം കാണുകയും ബാക്കിയുള്ളവയെ തള്ളിക്കളയുകയും ചെയ്യുന്ന ആളുകളുമുണ്ട്.

'ജെന്ററി'ന്റെ ചർച്ചകൾ കുറച്ചു കൂടി വളർന്നിട്ടുണ്ടെങ്കിലും gender identity, അതിനോടുള്ള ആദരവ് എന്നിവ അത്രകണ്ട് ചർച്ചകളിൽ സ്ഥാനം പിടിച്ചിട്ടില്ല.

വിമത ലൈംഗികത മറ്റൊരു രാഷ്ട്രീയതലത്തിലാണ് ചർച്ചചെയ്യപ്പെടുന്നത്. പൊതുവെ ലൈംഗികരാഷ്ട്രീയം എന്നത് രാഷ്ട്രീയമാണോ എന്ന സന്ദേഹവും നിലവിലുണ്ട്.

ലൈംഗികന്യൂനപക്ഷക്കൂട്ടായ്മകൾ കേരളത്തിൽ സാധ്യമാക്കിയത് HIV Project ന്റെ ഭാഗമായാണ്. ഒരു ആരോഗ്യപ്രശ്നം എന്ന നിലയിൽ ഇത്തരം പ്രോജക്ടുകൾക്ക് കിട്ടിയ ചെറുതായെങ്കിലുമുള്ള സ്വീകാര്യത സ്വവർഗ്ഗപ്രണയിനികളുടെ/F to M കളുടെ ഒരു കൂട്ടായ്മക്ക് കൂടി വേദിയായി. എങ്കിലും കേരളത്തിലെ പല രാഷ്ട്രീയ പ്രസ്ഥാനങ്ങളോടും ന്യൂനപക്ഷ പ്രസ്ഥാനങ്ങളോടും പൊതുപ്രവർത്തകരോടും ചേർന്ന് ഒരു 'രാഷ്ട്രീയമാനം' ഉണ്ടാക്കിയെടുക്കാനും ഏതൊരു രാഷ്ട്രീയ വ്യവഹാരം പോലെ തന്നെ 'ലൈംഗികത'യും പതുക്കെയെങ്കിലും പരിഗണിക്കപ്പെട്ടുവരാനുമുള്ള ശ്രമങ്ങൾ നടന്നുവരുന്നതേയുള്ളൂ.

ലൈംഗികതയെ വാർപ്പുമാതൃകയിലെ ആദർശക്കണ്ണുകൾ കൊണ്ട് സൂക്ഷ്മമായിട്ടാണോ സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ കണ്ടിരുന്നത്

***ലൈംഗികതയെ വാർപ്പുമാതൃകയിലെ ആദർശക്കണ്ണുകൾ കൊണ്ട് സൂക്ഷ്മമായിട്ടാണോ സ്ത്രീവിമോചന പ്രസ്ഥാനങ്ങൾ കണ്ടിരുന്നത് എന്ന് സംശയം തോന്നുന്നു. കേരളത്തിൽ ഒരു കാലത്ത് വർദ്ധിച്ച ലെസ്ബിയൻ ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ ഒരു സ്ത്രീപ്രശ്നം എന്ന നിലയിൽ അതിനെ കാണാൻ സ്ത്രീവിമോചന പ്രസ്ഥാനത്തിന് അന്ന് കഴിഞ്ഞില്ല.***

എന്ന് സംശയം തോന്നുന്നു. കേരളത്തിൽ ഒരു കാലത്ത് വർദ്ധിച്ച ലെസ്ബിയൻ ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെട്ടപ്പോൾ ഒരു സ്ത്രീപ്രശ്നം എന്ന നിലയിൽ അതിനെ കാണാൻ സ്ത്രീവിമോചന പ്രസ്ഥാനത്തിന് അന്ന് കഴിഞ്ഞില്ല.

ഒരു പക്ഷേ സ്ത്രീകളുടെ ഒരു കൂട്ടായ്മ അന്ന് ആണാധികാരസമൂഹത്തിൽ അഴിച്ചുവിട്ട തെറ്റിദ്ധാരണകളുടെ ഫലമായിരിക്കാം അത്. സ്ത്രീകൾ ഒരുമിക്കുന്നതും സ്വാതന്ത്ര്യത്തിനും സ്വത്വത്തിനും വേണ്ടിയുള്ള അവരുടെ സമരങ്ങളും പുരുഷാധിപത്യ ആശയങ്ങളാൽ സ്വാധീനിക്കപ്പെട്ട സമൂഹം 'ലൈംഗിക സ്വാതന്ത്ര്യം' എന്ന് മാത്രമായിരിക്കാം പരോക്ഷമായെങ്കിലും കരുതിയിട്ടുണ്ടാവുക.

തികച്ചും വൈകാരികവും/മാനസികവും ആയ വ്യക്തിപൂർണ്ണതയുടേയും ആഹ്ലാദത്തിന്റേയുമെല്ലാം കേന്ദ്രമായ ഈ ജൈവപ്രക്രിയയെ മറച്ചുസൂക്ഷിച്ചുകൊണ്ട് ഗാർഹിക പീഡനം, വിദ്യാഭ്യാസം, ദാരിദ്ര്യം, തൊഴിൽപ്രതിസന്ധികൾ തുടങ്ങിയ പ്രശ്നങ്ങൾക്കു നേരെ മാത്രമായുള്ള ഇടപെടലുകൾ വിമതലൈംഗികത നിലനിൽക്കുന്നില്ലെന്ന് സ്ഥാപിക്കുവാനുള്ള ശ്രമങ്ങളാണ്.

ലൈംഗികപീഡനങ്ങളും ലൈംഗികപീഡനകൊലപാതകങ്ങളും ലൈംഗികചർച്ചകളെ വളരെയേറെ സുതാര്യമാക്കിയിട്ടുണ്ട്. എങ്കിലും അവിടെ ഭിന്നലൈംഗികതക്ക് മാത്രമാണ് സ്ഥാനം കിട്ടുന്നത്.

ആശയപരമായും രാഷ്ട്രീയപരമായും പുരോഗമനപ്രസ്ഥാനങ്ങൾ സ്ത്രീപക്ഷപ്രസ്ഥാനങ്ങളോട് ചേർന്നു നിൽക്കുന്നു എങ്കിലും ഇത്തരം പ്രസ്ഥാനങ്ങളിലെ തന്നെ താഴേക്കിടയിലെ സ്വത്വ(identity)ങ്ങളെയാണ് വിമതസ്ത്രീ പ്രതിനിധാനം ചെയ്യുന്നത്.

*('സഹയാത്രിക'യിലെ സജീവപ്രവർത്തകയാണ് ബീന. കേരളത്തിലെ വിമതസ്ത്രീകൾ (Transgender F 2 M) ജീവിതവും രാഷ്ട്രീയവും എന്ന വിഷയത്തിൽ ആ കമ്മ്യൂണിറ്റിയുടെ തന്നെ അനുഭവങ്ങളുടേയും കാഴ്ചപ്പാടുകളുടേയും ഒരു പുസ്തകം പുറത്തിറക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു.)*



Painting :Frida-Kahlo

# ആകാശത്തിന്റെ പകുതിയോ അതോ?



എം എസ് ശ്രീരേഖ

**ഫെമിനിസത്തെ** കുറിച്ച് എന്തു പറയാൻ ? സ്വകാര്യം രാഷ്ട്രീയമാണ് എന്ന ഫെമിനിസ്റ്റ് ചിന്ത ഒരുപാട് മുന്നേറ്റങ്ങൾക്കു കാരണമായെങ്കിലും സങ്കീർണതയുടെ കാർമേഘങ്ങൾ സമകാലിക സാഹചര്യത്തിൽ തിങ്ങി നിൽക്കുകയാണ്. പകുതി ആകാശമോ മുഴുവൻ ആകാശമോ ഇല്ലെങ്കിലും പ്രതീക്ഷയുടെ കുറച്ച് നക്ഷത്രങ്ങളെങ്കിലും ഉണ്ടാകാൻ എന്താണ് ചെയ്യേണ്ടത്? കാലം മോശമാവുന്നു എന്ന വിധിവിശ്വാസപരമായ കാഴ്ച്ചപ്പാട് ഗുണം ചെയ്യില്ല. മാധ്യമങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും അതിപ്രസരം ആവശ്യമില്ലാത്തതിനെയെല്ലാം ഉയർത്തിക്കൊണ്ടു വരുന്നു എന്നു പറയുന്നതും ഗുണം ചെയ്യില്ല. സ്വാതന്ത്ര്യവും മനുഷ്യത്വവും തിരഞ്ഞെടുക്കാനുള്ള അവകാശവും തമ്മിൽ തീവ്ര വൈരുധ്യം രൂപപ്പെട്ട ഒരു കാലത്ത് ജീവിക്കേണ്ടി വരുന്നു എന്നു മാത്രം പറയാം. ഫെമിനിസത്തിന്റെ ആദ്യപാഠങ്ങൾ സ്ത്രീകൾ സ്വയം പഠിക്കുന്നതാണ്. വീടിനോടും വീട്ടുകാരോടുമുള്ള സമരങ്ങളിൽ നിന്ന്, സൗഹൃദങ്ങളിൽ നിന്ന്, രാഷ്ട്രീയത്തിൽ നിന്ന്, ഫെമിനിസ്റ്റ് സുഹൃത്തുക്കളുടെ വിജയങ്ങളിൽ നിന്ന്, അവരുടെ തന്നെ പരാജയങ്ങളിൽ നിന്ന്. ആൺകുട്ടിയെ ആഗ്രഹിച്ച മാതാപിതാക്കളോട് അവരുടെ പ്രതീക്ഷക്കു കോട്ടം തട്ടാത്ത രീതിയിൽ ഒരാണിനെ പോലെ ജീവിക്കാമെന്ന് ഞാൻ വാക്കു കൊടുത്തിരുന്നു. എന്നിരിക്കെ തന്നെയും 'മീശ മുളക്കാത്ത' പ്രീഡിഗ്രി കാലത്താണ് 'ഫെമിനിസ്റ്റ്' എന്നു വിളിക്കപ്പെടുന്ന 'യക്ഷി'യെ കണ്ടുമുട്ടിയത്. ആദ്യനോട്ടത്തിൽ തന്നെ ഞങ്ങൾ സ്വയം തിരിച്ചറിഞ്ഞു. ആ ബന്ധം പിന്നീട് വേർപിരിയാൻ സാധ്യമല്ലാത്ത സമരമായി പരിണമിച്ചു. ഒരേസമയം മുടി നീട്ടി വളർത്താനും വെട്ടിയൊതുക്കാനും ഉള്ള ആഗ്രഹം! കടുത്ത വൈരുദ്ധ്യങ്ങളിലൂടെ ആ ബന്ധം മുന്നോട്ടു പോയി. തുടർന്നു കൊണ്ടിരിക്കുന്ന ഈ യാത്രയിൽ ലിംഗത്വം, ശരീരം, ലൈംഗികത, രാഷ്ട്രീയം ഇവയെല്ലാം പ്രധാന വിഷയങ്ങളാണ്. ഇവ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളിലെ എന്റെ ജീവിതത്തിലെ 'സ്വകാര്യ' രാഷ്ട്രീയത്തിന്റേയും അതിനുമപ്പുറം സ്വകാര്യമല്ലാത്ത പൊതു രാഷ്ട്രീയത്തിന്റേയും ഭാഗമായി കിടക്കുന്നു.

***ഫെമിനിസത്തിന്റെ ആദ്യപാഠങ്ങൾ സ്ത്രീകൾ സ്വയം പഠിക്കുന്നതാണ്. വീടിനോടും വീട്ടുകാരോടുമുള്ള സമരങ്ങളിൽ നിന്ന്, സൗഹൃദങ്ങളിൽ നിന്ന്, രാഷ്ട്രീയത്തിൽ നിന്ന്, ഫെമിനിസ്റ്റ് സുഹൃത്തുക്കളുടെ വിജയങ്ങളിൽ നിന്ന്, അവരുടെ തന്നെ പരാജയങ്ങളിൽ നിന്ന്. ആൺകുട്ടിയെ ആഗ്രഹിച്ച മാതാപിതാക്കളോട് അവരുടെ പ്രതീക്ഷക്കു കോട്ടം തട്ടാത്ത രീതിയിൽ ഒരാണിനെ പോലെ ജീവിക്കാമെന്ന് ഞാൻ വാക്കു കൊടുത്തിരുന്നു.***

അവസാനമില്ലാത്ത സമരമാണ് ഫെമിനിസം. ചിലർക്കെങ്കിലും അത് നിലനിൽപ്പിന് വേണ്ടിയുള്ള സമരമാണ്. എങ്കിലും എതിർപ്പ്, പരിഹാസം, ഒറ്റപ്പെടൽ എന്നിവയുടെയെല്ലാം ഇടയിൽ സ്വകാര്യതയുടെ ഈ രാഷ്ട്രീയം ഏതു ഫെമിനിസ്റ്റിനും സൗകര്യമനുസരിച്ച് ഊരിവെക്കാവുന്ന കുപ്പായവുമാക്കി മാറ്റാം. ഫെമിനിസത്തിന്റെയും ഫെമിനിസ്റ്റുകളുടെയും ചരിത്രം ഈ സ്വകാര്യതയുടെ രാഷ്ട്രീയത്തിന്റേയും യഥാർഥ രാഷ്ട്രീയത്തിന്റേയും ഇടയിലുള്ള നൂൽപ്പാലമാണ്. ഇതിനിടയിൽ സാധാരണക്കാർ, ഉത്തരവാദിത്തബോധത്തോടെ കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നവർ, ലേബലുകളൊന്നും ഏറ്റെടുക്കാതെ ജീവിതത്തിൽ ഓരോ സ്വകാര്യതയുടെ രാഷ്ട്രീയത്തിനെയും ശക്തമായി നേരിടുന്നവർ, പിന്നെ ഫെമിനിസ്റ്റുകൾ എന്ന് സ്വയം അവകാശപ്പെടുന്നവർ തുടങ്ങി പലരുമുണ്ട്. ചരിത്രം പറയുമ്പോൾ നൂറ്റാണ്ടുകൾക്കും തലമുറകൾക്കുമിടയിൽ പെട്ട് മുമ്പോട്ടും പിറകോട്ടും നോക്കി ശ്വാസം മുട്ടുന്നവരാണ് ഫെമിനിസ്റ്റുകൾ.

സ്വാതന്ത്ര്യത്തിന്റെ കൊടുങ്കാറ്റായിരിക്കണം ഫെമിനിസം. സ്ത്രീകളുടേത് മാത്രമല്ല പൊതുവേ വിഭിന്ന ജീവിത രാഷ്ട്രീയ സാഹചര്യങ്ങളിലുള്ള ആരുടേയും സ്വാതന്ത്ര്യത്തിന്റെ സങ്കീർണത മനസിലാക്കണമെങ്കിൽ ഇങ്ങനെയൊരു കൊടുങ്കാറ്റു വീശി നമ്മുടെയൊക്കെ സ്വത്വം തകർന്നു വീഴണം. സ്വാതന്ത്ര്യവും രാഷ്ട്രീയവും തമ്മിൽ വേർപിരിക്കാനാവാത്ത ഒരു ബന്ധമുണ്ടെന്ന അടിസ്ഥാനതത്വത്തിലേക്ക് മടങ്ങി പോയാലേ വിവിധ സാഹചര്യങ്ങളിൽ നമുക്ക് സ്വയം തിരിച്ചറിയാനാവൂ. പ്രണയത്തിനും സ്വാതന്ത്ര്യത്തിനുമിടയിൽ പ്രണയത്തേക്കാളേറെ സ്വാതന്ത്ര്യത്തിന് വിലകൽപ്പിക്കും പോലെ സ്വാതന്ത്ര്യത്തിനും രാഷ്ട്രീയത്തിനുമിടയിൽ സ്വാതന്ത്ര്യം എന്തെന്നറിയാൻ തന്നെ അതിന്റെ രാഷ്ട്രീയത്തെ തിരിച്ചറിയണം. എന്നാൽ, സ്വാതന്ത്ര്യത്തിന്റെ കൊടുങ്കാറ്റ് പോയിട്ട് ഒരു ഇളങ്കാറ്റിൽ പോലും അടിതെറ്റി വീണ് തകർന്നു പോവുന്നതാണ് പലരുടേയും ജീവിതം. കൂടാതെ അതിലേറെ സങ്കീർണമായ ചോദ്യങ്ങളും ചുറ്റുമുണ്ട്. പുരുഷമേധാവിത്വം, മുതലാളിത്തം, മതം, ഏതിൽ നിന്നൊക്കെയാണ് സ്ത്രീകൾ സ്വാതന്ത്ര്യം നേടേണ്ടത് ? ദളിതർക്കും ബ്രാഹ്മണർക്കും ദരിദ്രർക്കും സമ്പന്നർക്കും വിമത ലൈംഗികവാദികൾക്കും വികലാംഗർക്കും ഇടയിൽ ആർക്കാണ് മുൻതൂക്കം? സ്ത്രീധനവും ബലാൽസംഗവും പഴയതലമുറയുടേതു പോലെ തന്നെ പുതുതലമുറയുടേയും പ്രശ്നങ്ങളായി നിലനിൽക്കുന്നു. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങളുടെ സമകാലീന സാഹചര്യം മനസിലാക്കാൻ പഴയതെന്നോ പുതിയതെന്നോ വിഷയങ്ങളെ വേർതിരിക്കാനാവില്ല. 'പഴയ' പ്രശ്നങ്ങളൊന്നും പരിഹരിക്കപ്പെട്ടിട്ടില്ല, ഇന്നത്തെ സാഹചര്യത്തിൽ പരിഹരിക്കപ്പെടുകയുമില്ല. പുതിയ സാഹചര്യങ്ങളിൽ പ്രശ്നങ്ങൾ തീർച്ചയായും കൂടുതൽ സങ്കീർണമായിട്ടുണ്ട്. താൽക്കാലിക സുരക്ഷാ നടപടികൾക്കും നിയമങ്ങൾക്കുമപ്പുറം സ്വാതന്ത്ര്യവും രാഷ്ട്രീയവും തമ്മിലുള്ള അടിസ്ഥാനപരമായ ബന്ധങ്ങളിലേക്കും അവ ഉയർത്തുന്ന ചോദ്യങ്ങളിലേക്കും നമുക്ക് തിരിച്ചു പോയേ മതിയാവൂ. ഫെമിനിസത്തിന്റെ

***പ്രണയത്തിനും സ്വാതന്ത്ര്യത്തിനുമിടയിൽ പ്രണയത്തേക്കാളേറെ സ്വാതന്ത്ര്യത്തിന് വിലകൽപ്പിക്കും പോലെ സ്വാതന്ത്ര്യത്തിനും രാഷ്ട്രീയത്തിനുമിടയിൽ സ്വാതന്ത്ര്യം എന്തെന്നറിയാൻ തന്നെ അതിന്റെ രാഷ്ട്രീയത്തെ തിരിച്ചറിയണം. എന്നാൽ, സ്വാതന്ത്ര്യത്തിന്റെ കൊടുങ്കാറ്റ് പോയിട്ട് ഒരു ഇളങ്കാറ്റിൽ പോലും അടിതെറ്റി വീണ് തകർന്നു പോവുന്നതാണ് പലരുടെയും ജീവിതം.***

ആദ്യകാല അടിസ്ഥാനപ്രശ്നങ്ങൾ തന്നെയാണ് ഇവ.

വീട്ടുപണി, വിവാഹം, ബന്ധങ്ങൾ, സ്വകാര്യ സ്വത്ത്, കുട്ടികൾ ഇവയൊക്കെയാണ് സ്വകാര്യ ഫെമിനിസ്റ്റ് നേരിടുന്ന പ്രധാന വെല്ലുവിളികൾ.

നിരവധി ഗവേഷണങ്ങൾക്കും പ്രബന്ധങ്ങൾക്കും ശേഷമാണ് വീട്ടുപണി ചെയ്യുന്നവരുടെ ജീവിതരാഷ്ട്രീയം ഫെമിനിസ്റ്റുകളും മറ്റു ബുദ്ധിജീവികളും അംഗീകരിച്ചത്. വർഗവൽക്കരണത്തിനും ലിംഗപരമായ തൊഴിൽ വിഭജനത്തിനും മുന്നിൽ തൊഴിലവകാശങ്ങളും വീട്ടുടമസ്ഥരും പണിക്കാരും തമ്മിലുള്ള അധികാരബന്ധവും നമ്മുടെ മുന്നിൽ ഒരു പ്രധാന വെല്ലുവിളിയായി നിലനിൽക്കുന്നു. വിവാഹം ഒഴിവാക്കുന്നതിൽ പരാജയപ്പെട്ടവരാണ് നമ്മുടെ ഫെമിനിസ്റ്റുകളിൽ ഭൂരിപക്ഷവും. കുടുംബവും പൊതുസമൂഹവും വ്യവസ്ഥിതിയുമെല്ലാം വിവാഹത്തിന് നിർബന്ധിക്കുമ്പോൾ അതിന് വഴങ്ങിക്കൊടുക്കാനാണ് ഫെമിനിസ്റ്റുകൾ ഉൾപ്പെടെയുള്ളവർ പലപ്പോഴും നൽകുന്ന പ്രായോഗിക ഉപദേശം. തുടർന്ന് മതം, രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങളേക്കാൾ വിവാഹം ഒരു നിലനിൽപ്പിന്റെ വിഷയമായി മാറ്റപ്പെടുന്നു. കാലങ്ങളായി വീറോടെ ചോദ്യം ചെയ്തിരുന്ന പരമ്പരാഗത കുടുംബവ്യവസ്ഥയേയും ബന്ധങ്ങളേയും പോഷിപ്പിക്കാൻ ഫെമിനിസം വിവാഹത്തിന് മുന്നിൽ കീഴടങ്ങുന്നു. സ്വാതന്ത്ര്യസമരങ്ങളെല്ലാം മുപ്പതുകളിലെത്തുമ്പോൾ കുടുംബം തീറെഴുതി വാങ്ങുന്ന കാഴ്ച്ചയാണ് ചുറ്റും. പെൺമക്കളുടെ സ്വാതന്ത്ര്യസമരങ്ങൾക്ക് കുറച്ചൊക്കെ വഴങ്ങി വരുന്ന കുടുംബവ്യവസ്ഥിതി, പരാജയപ്പെട്ട് കാൽക്കൽ വീണവരെ ചൂണ്ടിക്കാട്ടി ഊർജം വീണ്ടെടുത്ത് സമൂഹത്തിന് മുന്നിൽ വിജയം ആഘോഷിക്കുന്നതും കാണാം.

വിവാഹിതരായവർക്ക് കുടുംബത്തിനും വിവാഹത്തിനും അപ്പുറമുള്ള ബന്ധങ്ങളെല്ലാം നിർവചിക്കപ്പെടാത്ത സൗഹൃദങ്ങളുടെ ഭാഗമായി മാറുമ്പോൾ, മറ്റു പ്രണയങ്ങളും ലൈംഗികബന്ധങ്ങളുമെല്ലാം വിവാഹത്തിനപ്പുറമുള്ള രണ്ടാംകിട ബന്ധങ്ങളാവും. മുതലാ



***മുതലാളിത്തവും പിതൃമേധാവിത്തവും വീണ്ടും വീണ്ടും പഠിക്കേണ്ടത് ഒരു ഫെമിനിസ്റ്റിന്റെ നിരന്തര സമരങ്ങളിൽ ഒന്നാണ്. എന്നിരിക്കലും സുഹൃത്തുക്കളുടെ ജാതി, വർഗം, ലൈംഗികാവകാശങ്ങൾ തുടങ്ങിയ സ്വത്വങ്ങളുമായുള്ള ഏറ്റുമുട്ടലുകൾക്കപ്പുറത്തേക്ക് പോവാൻ ഫെമിനിസ്റ്റുകൾക്ക് എവിടെയാണ് സാവകാശം. ഈ പരിമിതിയിൽ തന്നിലെ സ്വകാര്യഫെമിനിസ്റ്റിനെ വഴിയിലെവിടെയോ ഉപേക്ഷിച്ച് ഫെമിനിസ്റ്റുകൾ സ്വകാര്യഫെമിനിസവും രാഷ്ട്രീയഫെമിനിസവും തമ്മിൽ വഴി വേർതിരിക്കുന്നു.***

ളിത്ത പിതൃമേധാവിത്തവ്യവസ്ഥയുടെ തൽപ്പരകക്ഷികളായി ജീവിച്ച മാതാപിതാക്കളെ അതിന്റെ ഉള്ളിൽ തന്നെ തങ്ങളെ വളർത്തികൊണ്ടു വന്നതിന് ശിക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ അവരിൽ നിന്നുമുള്ള സ്വാതന്ത്ര്യത്തിനും പാരതന്ത്ര്യത്തിനുമുള്ള ഒരു ഞാണിൻ മേൽ കളിയാണ് ഫെമിനിസ്റ്റുകളുടെ കുടുംബബന്ധങ്ങൾ. മിടുക്കരായ ഫെമിനിസ്റ്റുകൾ കുടുംബത്തിന്റെ ഈ കളി നന്നായി കളിച്ച് മറ്റുള്ളവരെനോക്കി ഒരു വിഡ്ഢിച്ചിരി ചിരിക്കുന്നുണ്ടാവും. പിന്നെ കുട്ടികൾ, അവർ സ്വത്വരാഷ്ട്രീയപ്രശ്നങ്ങൾക്കു മുന്നിൽ സുഹൃത്തുക്കൾക്കോ സമൂഹത്തിനോ ബന്ധുക്കൾക്കോ വരെ വിട്ടുകൊടുക്കാവുന്ന ജീവികളാണ്. എന്നിരുന്നാലും സ്വകാര്യതയുടെ സൗകര്യങ്ങളും അവകാശങ്ങളും തണലും അവർക്കു നേടിയെടുത്തു കൊടുക്കുക എന്നതാണ് ഫെമിനിസ്റ്റു മാതാപിതാക്കൾ അവരുടെ ഒരേയൊരു കടമയായി വിലയിരുത്തുന്നത്.

മുതലാളിത്തവും പിതൃമേധാവിത്തവും വീണ്ടും വീണ്ടും പഠിക്കേണ്ടത് ഒരു ഫെമിനിസ്റ്റിന്റെ നിരന്തര സമരങ്ങളിൽ ഒന്നാണ്. എന്നിരിക്കലും സുഹൃത്തുക്കളുടെ ജാതി, വർഗം, ലൈംഗികാവകാശങ്ങൾ തുടങ്ങിയ സ്വത്വങ്ങളുമായുള്ള ഏറ്റുമുട്ടലുകൾക്കപ്പുറത്തേക്ക് പോവാൻ ഫെമിനിസ്റ്റുകൾക്ക് എവിടെയാണ് സാവകാശം. ഈ പരിമിതിയിൽ തന്നിലെ സ്വകാര്യഫെമിനിസ്റ്റിനെ വഴിയിലെവിടെയോ ഉപേക്ഷിച്ച് ഫെമിനിസ്റ്റുകൾ സ്വകാര്യഫെമിനിസവും രാഷ്ട്രീയഫെമിനിസവും തമ്മിൽ വഴി വേർതിരിക്കുന്നു. ഒരു രാഷ്ട്രീയഫെമിനിസത്തിന്റെ മാത്രം ജീവിതമാണ് പുരുഷൻമാർക്കും പുരുഷമേധാവിത്വരാഷ്ട്രീയത്തിനും അവർ പണ്ടു മുതലേ നമ്മേ പഠിപ്പിച്ച പോലെ സൗകര്യം. സ്വകാര്യരാഷ്ട്രീയത്തിന്റെ ഹൃദയം ഭേദിച്ച് കടന്നു വരുന്ന ഒരു ഫെമിനിസ്റ്റിന്റെ ചുരുക്കം രാഷ്ട്രീയസ്വത്വത്തിന്റേതായ നിമിഷങ്ങളിൽ പ്രായോഗികതയുടെ ഒരു മാലാഖ മുന്നിൽ പ്രത്യക്ഷപ്പെടുകയും അവർ ഫെമിനിസ്റ്റുകളുടെ ജീവിതത്തെ ഉന്മാദാവസ്ഥയിൽ നിന്ന് രക്ഷപ്പെടുത്തി സുരക്ഷിതത്വത്തിന്റെ സ്വന്തം മുറികളിൽ എത്തിക്കുകയും ചെയ്യുന്നു.

ഫെമിനിസ്റ്റ് യക്ഷിയുമായി ഏറെ കാലമായി തുടരുന്ന ബന്ധത്തിൽ നിന്ന് ഞാൻ മനസ്സിലാക്കിയത് ഇതാണ്. സ്വകാര്യം രാഷ്ട്രീയമാണ് എന്ന മുദ്രാവാക്യത്തിനു പല മുഖങ്ങളുണ്ട്. അതിൽ നിന്ന് സൗകര്യപൂർവ്വം വേണ്ട മുഖങ്ങൾ തിരഞ്ഞെടുക്കാം. ആത്യന്തികമായി എല്ലാ ദ്വന്ദങ്ങൾക്കുമപ്പുറം നിൽക്കണമെന്ന ഫെമിനിസ്റ്റ് ചിന്തയെ പരാജയപ്പെടുത്തി ഫെമിനിസ്റ്റുകൾ രണ്ടായി തിരിഞ്ഞു നിൽക്കുന്നു. ഈ അവസ്ഥയിൽ യഥാർഥ ഫെമിനിസത്തെ കുറിച്ച് എന്തു പറയാൻ. ചുറ്റും നടക്കുന്ന ലൈംഗിക അക്രമങ്ങൾ, കുടുംബ വഴക്കുകളുടെ ഒത്തു തീർപ്പാക്കൽ, പുതിയ നിയമനിർമാണം, പെൺകുട്ടികളെ ആയുധാഭ്യാസങ്ങൾ പഠിപ്പിക്കൽ, ആൺകുട്ടികളെ സ്ത്രീകളെ സുരക്ഷിതരാക്കാൻ പഠിപ്പിക്കൽ, മെഴുകുതിരി കത്തിക്കൽ ഇതിലൊക്കെ ഒതുക്കി നിർത്താവുന്ന ഒരു ഫെമിനിസം സ്വാതന്ത്ര്യബോധത്തിന്റെ പ്രായോഗികമുഖം ആണെന്നു ബോധ്യപ്പെട്ട് നിശ്ശബ്ദയാവേണ്ട അവസ്ഥയിലാണ് ജീവിതം. കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ. അതിലപ്പുറം ഇരിക്കുന്ന കൊമ്പ് ഒടിക്കുന്ന ചോദ്യങ്ങൾ ഒന്നും ചോദിക്കരുത്.

*(എം എസ് ശ്രീരേഖ - ഡൽഹിയിൽ ജാമിയാ മിലിയാ ഇസ്ലാമിയാ യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപികയാണ്.)*

●

# തിരിഞ്ഞുനോക്കുമ്പോൾ



**വി.പി.സുഹറ**

***മൂന്ന് തലാഖ് ചൊല്ലി കുടുംബജീവിതത്തിൽ നിന്നും പുറം തള്ളപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെ കണ്ണിൽ എന്നും കുറ്റവാളിയായി. പ്രതികരിക്കണമെന്നുണ്ടെങ്കിലും അന്നത്തെ നിസ്സഹായാവസ്ഥയിൽ എന്തുചെയ്യേണ്ടൂ എന്നറിയാതെ മരവിച്ച ഒരവസ്ഥയിലായിരുന്നു. അന്ന് സാമൂഹ്യപ്രസ്ഥാനവുമായി ഉള്ള എന്റെ ഏകബന്ധം ഇടതുപക്ഷ വനിതാസംഘടനാപ്രവർത്തകയായ ദേവിയേട്ടത്തിയുമായിട്ടായിരുന്നു.***



Photo: Ramlath Kavil

**പൊതുപ്രവർത്തനത്തി നുള്ള** സാധ്യതകൾ പരിമിതമായ ഒരു യാഥാസ്ഥിതിക കുടുംബത്തി ൽ ജനിച്ചതുകൊണ്ട് തന്നെ വിലക്കുകൾ അതികഠിനമായിരു ന്നു. അതിനിടയിലും സ്വന്തമായി ഒരു തൊഴിൽ കണ്ടെത്താനും മറ്റു പെൺകുട്ടികൾക്ക് തൊഴിൽ നൽ കാനുമയി ഒരു വസ്ത്രനിർമ്മാണ യൂനിറ്റിന് രൂപം നൽകി. വനിത കൾ സ്വയം തൊഴിൽ കണ്ടെത്താൻ വിമുഖത കാട്ടിയിരുന്ന കാലഘ ട്ടമായിരുന്നു അത്. പ്രത്യേകിച്ചും മുസ്ലിം സ്ത്രീകൾക്ക് കർശനമായ മതനിയമങ്ങൾ അനുസരിക്കേണ്ടി വരുന്നത് കൊണ്ട്. ആ അവസര ത്തിൽ തന്നെ ഒരു മഹിളാ സമാജ വും രൂപീകരിച്ചു. പിന്നീട് 1986 ൽ ഭർത്താവിന്റെ മരണ ശേഷം ബോധന എന്ന സ്ത്രീവിമോചനസംഘടനയിൽ സജീവമാവുകയായിരുന്നു. സംഘടനയുടെ പ്രവർത്തനം ജനാധിപത്യപരമായ രീതിയായിരുന്ന സ്വീകരിച്ചിരുന്നത്. എങ്കിലും പല രാഷ്ട്രീയ നിലപാടുകളും ഏകപക്ഷീയമായാണ് തീരുമാ നിക്കപ്പെട്ടിരുന്നത്. നേതൃത്യത്തിലുള്ളവർ മാത്രമാണ് അറിവു ള്ളവരെന്നും മറ്റുള്ളവർ മിണ്ടാതിരിക്കുക എന്നുമുള്ള നിലപാട് വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും പ്രകടിപ്പിക്കപ്പെട്ട ത് മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തി യിട്ടുണ്ട്. ആ ഘട്ടത്തിലാണ് ആവേശകരമായ ഫെമിനിസ്റ്റ് സമ്മേളനം കോഴിക്കോട് വെച്ചു നടന്നത്. എന്നെ പോലെ പലരും രാപ്പകലില്ലാതെ അദ്ധ്വാനിച്ചുവെങ്കിലും ബുദ്ധിപരമായ കാര്യങ്ങളി ൽ

ഇടപെടാനോ, പ്രവർത്തിക്കാനോ ഉള്ള അവസരം നിഷേധിക്കപ്പെടുകയായിരുന്നു എന്ന് പിന്നീട് ബോധ്യപ്പെട്ടു.

1985–86 കാലഘട്ടത്തിൽ ഷാബാനു കേസ് വിധി സംബന്ധിച്ച തർക്കങ്ങൾ നടക്കുമ്പോൾ ഞാൻ ജീവിതത്തിന്റെ വലിയ ഒരു പ്രതിസന്ധി നേരിടുകയായിരുന്നു. പുറംലോകവുമായി യാതൊരു ബന്ധവുമില്ലാതിരുന്ന അന്ന് ഷാബാനു കേസിന്റെ പേപ്പർകട്ടിങ്ങ് എടുത്തു സൂക്ഷിച്ചത് ഒരു പക്ഷെ തീവ്രമായ ജീവിതാനുഭവം കൊണ്ടായിരിക്കാം. അല്ലെങ്കിൽ, വീട്ടുജോലിക്ക്, അന്ന് വന്നുകൊണ്ടിരുന്ന അറബിക്കല്യാണങ്ങളുടെ ഇരകളായ പാവം പെൺകുട്ടികളുടെ ദുരവസ്ഥ നേരിൽ കാണേണ്ടി വന്നത് കൊണ്ടായിരിക്കാം. ഷാബാനു ചർച്ചകളിൽ ഉയർന്നു വന്ന കാര്യങ്ങൾ മുസ്ലിം സ്ത്രീകളെ അപമാനിക്കുന്നതും തെരുവിലെറിയപ്പെടുന്നതും സംബന്ധിച്ച ചില വിവാഹനിയമങ്ങളെ കുറിച്ചുള്ളതായിരുന്നു. മൂന്ന് തലാഖ് ചൊല്ലി കുടുംബജീവിതത്തിൽ നിന്നും പുറംതള്ളപ്പെടുന്ന സ്ത്രീ സമൂഹത്തിന്റെ കണ്ണിൽ എന്നും കുറ്റവാളിയായി. പ്രതികരിക്കണമെന്നുണ്ടെങ്കിലും അന്നത്തെ നിസ്സഹായാവസ്ഥയിൽ എന്തുചെയ്യേണ്ടൂ എന്നറിയാതെ മരവിച്ച ഒരവസ്ഥയിലായിരുന്നു. അന്ന് സാമൂഹ്യപ്രസ്ഥാനവുമായി ഉള്ള എന്റെ ഏകബന്ധം ഇടതുപക്ഷ വനിതാസംഘടനാപ്രവർത്തകയായ ദേവിയേട്ടത്തിയുമായിട്ടായിരുന്നു.

വളരെ ചരുക്കം അംഗങ്ങൾ മാത്രമെ 'ബോധന'യെന്ന സ്ത്രീവിമോചനപ്രസ്ഥാനത്തിലുണ്ടായിരുന്നുവെങ്കിലും സ്തീകളുടെ ഒരു പ്രസ്ഥാനം അവരിൽക്കൂടി വളർത്തിയെടുക്കാൻ കഴിയുമെന്ന് തന്നെ ഞാൻ ഉറച്ചു വിശ്വസിച്ചു അവരോടൊപ്പം സഹകരിക്കുകയാണുണ്ടായത്. പ്രസ്ഥാനത്തിന്റെ തുടക്കത്തിലുണ്ടായിരുന്ന ഐക്യവും സൗഹാർദ്ദവും പിന്നീടുണ്ടായില്ലെങ്കിലും സ്ത്രീകളുടെ കൂട്ടായ്മയുടെ ആവശ്യം സാധാരണക്കാരായ ആളുകൾക്കിടയിൽ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പൊതുവെ സ്തീകൾ ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ടെന്നും, അതിൽ നിന്നെല്ലാം വ്യത്യസ്തമായി മുസ്ലിം സ്ത്രീകൾ, മതത്തിന്റെ പേരിൽ ഇരട്ട വിവേചനം നേരിടുകയും സാമുദായിക നേതൃത്വങ്ങളുടെ അടിമകളെ പോലെ ജീവിക്കുകയും ചെയ്യുന്നുണ്ട് എന്നും തിരിച്ചറിയാൻ അവസരമുണ്ടായി. അങ്ങിനെ മുസ്ലിം സ്തീകളുടെ സാമൂഹികജീവിതം എത്ര കടുത്തതാണെന്ന ബോധത്തിൽ നിന്നും ഇസ്ലാമിലെ ഫെമിനിസത്തെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി.

***സ്ത്രീയുടെ നിലനിൽപ്പിന് തന്നെ അവിഭാജ്യഘടകമായ സ്വത്ത് കൈകാര്യം ചെയ്യുന്നതിനും അർഹമായ ധനം നൽകുന്നതിനും ആധുനിക ഇസ്ലാംവക്താക്കൾ പോലും എന്നും എതിർക്കുന്നതായി കാണാം.***

ഇസ്ലാമിലെ ഫെമിനിസത്തെ കുറിച്ചു പറയുമ്പോൾ മതഗ്രന്ഥങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രമെ ചിന്തിക്കാനാവൂ. മതഗ്രന്ഥങ്ങളും മതപ്രമാണങ്ങളും മാറ്റിനിർത്തിക്കൊണ്ടുള്ള ഇസ്ലാമിക ഫെമിനിസ്റ്റ് വാദം പ്രായോഗികമല്ല എന്ന തിരിച്ചറിവ് മതഗ്രന്ഥങ്ങളിലേക്കും ആഴത്തിൽ കടന്നുചെല്ലാൻ നിർബന്ധിതമാക്കി. സ്ത്രീയെ ഒതുക്കാനുള്ള ഒരു ഉപകരണമായി കാലാകാലങ്ങളായി മതഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങൾ പുരുഷന്മാരുടെ കുത്തകയായി അവർക്കനുയോജ്യമായ രീതിയിൽ കൈകാര്യം ചെയ്യുകയാണെന്നു കാണാൻ കഴിഞ്ഞു. ഇസ്ലാമിൽ ആധുനികപ്രസ്ഥാനങ്ങളുണ്ടെങ്കിലും അവർ പറയുന്നതാണ് ഇസ്ലാം എന്ന വാദത്തിന് കീഴടങ്ങാതെ യഥാർത്ഥ ഇസ്ലാമിനെ കണ്ടെത്തേണ്ടത് സ്ത്രീയുടെ ആവശ്യമാണ്.പുതിയൊരു ഇസ്ലാമിനെ കണ്ടെത്തുക എന്നത് അത്ര എളുപ്പമല്ല എന്നുള്ള യാഥാർത്ഥ്യം നിലനിൽക്കെ തന്നെ സ്ത്രീയുടെ പദവി ഉയർത്താൻ മറ്റൊരു വായന അനിവാര്യവുമാണ്. ഫാത്തിമാ മെർനിസ്സിയും, ആമിനവദൂദും മറ്റും ഉയർത്തിക്കൊണ്ടു വരുന്ന വായനയിലേക്ക് മുസ്ലിം പെൺകുട്ടികൾ കടന്നു വരേണ്ടതുണ്ട്. അപ്പോൾ യഥാർത്ഥഇസ്ലാം സ്ത്രീ വിരുദ്ധമല്ല എന്ന് കണ്ടെത്താൻ കഴിയും.

ഇസ്ലാമിന്റെ ആദ്യ ദശകങ്ങളിൽ മതഗ്രന്ഥങ്ങൾ വ്യാഖ്യാനിക്കുന്നതിൽ സ്ത്രീകൾ മുഖ്യപങ്ക് വഹിച്ചതായി ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും. സ്ത്രീയുടെ നിലനിൽപ്പിന് തന്നെ അവിഭാജ്യഘടകമായ സ്വത്ത് കൈകാര്യം ചെയ്യുന്നതിനും അർഹമായ ധനം നൽകുന്നതിനും ആധുനിക ഇസ്ലാംവക്താക്കൾ പോലും എന്നും എതിർക്കുന്നതായി കാണാം. പെൺകുട്ടികളെ ജീവനോടെ കുഴിച്ചു മൂടിയിരുന്ന പ്രാകൃതമായ ഒരു കാലഘട്ടത്തിൽ അവൾക്കും ഇവിടെ ജീവിക്കാൻ അവകാശമുണ്ടെന്നും, അന്നത്തെ കാലഘട്ടത്തിനനുസൃതമായി സ്വത്തിന്ന് അർഹതയുണ്ടെന്നും ഉറക്കെ പ്രഖ്യാപിച്ച പ്രവാചകൻ മുഹമ്മദ് നബി ആദ്യത്തെ ഫെമിനിസ്റ്റാണെന്ന് പലരും വ്യഖ്യാനിച്ചിട്ടുണ്ട്. അങ്ങിനെ ലോകത്ത് തന്നെ ആദ്യമായി സ്വത്തവകാശം സ്ത്രീക്ക് നൽകിയ ഇസ്ലാം ഇന്ന് പൗരോഹിത്യത്തിന്റെ കൈകളിൽ അകപ്പെട്ടപ്പോൾ, സ്ത്രീയുടെ ദുരിതങ്ങൾ ലോകാവസാനം വരെ തുടരണമെന്നാണ് കൽപ്പിക്കുന്നത്. ഇസ്ലാമിലെ മറ്റനേകം നിയമങ്ങൾ മാറ്റിയിട്ടും ആർക്കും ഒരു വേവലാതിയുമില്ല. മറിച്ച് സ്ത്രീകളുടെ വിഷയം ഉന്നയിക്കുമ്പോൾ ആധുനിക ഇസ്ലാംപക്ഷക്കാരും മതയാഥാസ്ഥിതികരും ഐക്യപ്പെടുന്നത് കാണാം. ഇവിടെയാണ് ഇസ്ലാമിലെ ഫെമിനിസത്തിന്റെ പ്രസക്തി.

ഫെമിനിസത്തെ ഇസ്ലാമിക രീതിയിൽ വ്യാഖ്യാനിക്കാൻ മതരാഷ്ട്രീയവാദചിന്തകൾ വിമർശനാത്മകമായി കാണേണ്ടിവരും. ജമാലുദ്ദീൻ അൽ അഫ്ഗാനി, മുഹമ്മദ് അബ്ദു തുടങ്ങിയ ഇസ്ലാമികചിന്തകർ ഇസ്ലാമിലെ സ്ത്രീ വിദ്യാഭ്യാസത്തെയും പുരോഗമന ആശയങ്ങളെയും കുറിച്ച് ധാരാളം എഴുതുകയും മറ്റും ചെയ്തതായും, കേരളത്തിൽ വക്കം മൗലവിയെപ്പോലെയുള്ളവർ അവ പ്രചരിപ്പിക്കാൻ ശ്ര

*ശേഷം പേജ് 53ൽ*

കഥ





**സന്ധ്യാമേരി**

# എനിക്ക് സർക്കാരിനോടുപറയാനുള്ളത്....

**“ഈ** ഓംലറ്റിൽ നിറയേ ഉപ്പാണല്ലോ. വായില് വക്കാൻ കൊള്ളില്ല” ആ പണ്ടാരക്കാലന്റെ തലമണ്ടയടിച്ചു പൊട്ടിക്കാനാണ് അതു കേട്ടപ്പോ എനിക്ക് തോന്നിയത്. പക്ഷേ “ദാ, ഇപ്പോ വേറേ ഓംലറ്റ് ഉണ്ടാക്കിക്കൊണ്ടുവരാം” എന്നു പറഞ്ഞ് ഞാൻ വേഗത്തിൽ അടുക്കളയിലേക്ക് നടന്നു.

പണ്ടാരക്കാലൻ എന്നു പറഞ്ഞത് എന്റെ ഭർത്താവിനെത്തന്നെയാ. ഓഫീസിലെ ജോലീം കഴിഞ്ഞുവന്ന് പിള്ളാരെക്കൊണ്ടു ഹോംവർക്കും ചെയ്യിപ്പിച്ച് അത്താഴോം തയ്യാറാക്കിക്കഴിയുമ്പോ ഇമ്മാതിരി ചൊറിയുന്ന വർത്തമാനം പറഞ്ഞാല് ഭർത്താവാണെന്നു പറഞ്ഞാലും പിള്ളേരുടെ അച്ഛനാണെന്നു പറഞ്ഞാലും ഈ വാക്കൊക്കെയേ വായില് വരൂ. അത് വേണംന്നു വച്ചിട്ടല്ല. അറിയാതെ വന്നു പോകുന്നതാ. പണ്ടാരടങ്ങുന്ന നടുവേദനയുമായി അടുക്കളപ്പണി ചെയ്യുമ്പോ ഓഫീസിലെ മീരയെപ്പോലെ ഒറ്റാംതടിയായി ജിവിച്ചാൽ മതിയായിരുന്നൂന്ന് ചിലപ്പോഴെങ്കിലും ഞാൻ ഓർക്കാറുണ്ട്. കിട്ടുന്ന ശമ്പളത്തിനു മുഴുവൻ സാരി വാങ്ങിക്കാം. നെറേ ബിരിയാണീം തിന്നാം. പക്ഷേ മീരയെപ്പോലെ ജീവിക്കാനൊന്നും എന്നേക്കൊണ്ടു പറ്റില്ല. കേരളത്തിലെ ഒട്ടുമിക്ക പെണ്ണുങ്ങളേയുംപോലെ കല്യാണം കഴിക്കാനും കൊച്ചുങ്ങളെ ഒണ്ടാക്കാനും വേണ്ടീട്ട് മാത്രാ ഞാനും ജനിച്ചിട്ടുള്ളത്. ഹരിയേട്ടന് മീരയെ കണ്ണെടുത്താ കണ്ടുകൂടാ. അസംതൃപ്തി കൂടി ഞാനെന്തെങ്കിലുമൊക്കെ മുറുമുറുക്കുമ്പോ ഹരിയേട്ടൻ പറയും. “ആ കെട്ടാച്ചരക്കിന്റെ കൂടെ നടന്നാ നീയിങ്ങനെ അഹങ്കാരിയായത്”. മീര കെട്ടാച്ചരക്കല്ലെന്നും വേണ്ടാന്നു വച്ചിട്ടാ കല്യാണം കഴിക്കാത്തതെന്നും എത്ര പറഞ്ഞാലും ഹരിയേട്ടൻ സമ്മതിക്കില്ല. പുള്ളിക്കാരന്റെ വിചാരമനുസരിച്ച് കല്യാണം കഴിക്കാനാഗ്രഹിക്കാത്ത ഒരു പെണ്ണും ഇന്നേവരെ ഭൂമിമലയാളത്തിൽ ജനിച്ചിട്ടില്ല. മാത്രോമല്ല, കല്യാണം കഴിക്കാത്ത സ്ത്രീകളൊക്കെ വിദ്വേഷവും കലിയും സർവ്വോപരി അസംതൃപ്തിയും ഉള്ളിലടക്കി ജീവിക്കുന്നവരായിരിക്കും. ‘‘സാധാരണ സ്ത്രീകളൊക്കെ ആർത്തവവിരാമത്തെപ്പറ്റിയോർത്ത് ആകുലപ്പെടാൻ തുടങ്ങുന്ന പ്രായത്തിലാണ് എന്നേക്കാൾ ഏഴു വയസ്സിനിളപ്പമുള്ള ഒരുവനുമായി ഞാൻ കടുത്ത പ്രണയത്തിലായിരിക്കുന്നത്”. എന്ന് കഴിഞ്ഞയാഴ്ച എന്നോട് പൂത്തുലഞ്ഞു നിൽക്കുന്നതുപോലെ പറഞ്ഞ മീരക്ക് എന്ത് വിദ്വേഷം? എന്തസംതൃപ്തി? അതു കേട്ടപ്പോൾ എനിക്കു വന്ന കൊതി! കായീസിലെ ബിരിയാണിയോടു മാത്രം എനിക്കു തോന്നുന്ന കൊതിയായിരുന്നു അത്.

ഞങ്ങൾ രണ്ടുപേരും നാല്പതിന്റെ തുടക്കത്തിലാണ്. അടുത്തടുത്ത കസേരകളിലിരുന്ന് ജോലി ചെയ്യുന്നു. മീര പക്ഷേ എപ്പോഴും പറക്കുകയാണ്. അവളുടെ പ്രണയനൈരാശ്യങ്ങളുടെ വേദനക്കുപോലും എന്തു ഭംഗിയാണ്. ഞാനാണെങ്കിൽ ആഗ്രഹം മൂത്ത് പറക്കാനായി ഒന്നായുമ്പോഴേക്കും കെട്ടിയിട്ടിരിക്കുന്ന ചരടിൽ പിടിച്ച് ഹരിയേട്ടൻ വലിക്കും. “അഹങ്കാരം കൂടിയാൽ പടിക്കു പുറത്ത്.” എന്നൊരോർമ്മപ്പെടുത്തലോടെ. പിന്നെ ഞാൻ ചിറകും പറക്കലുമൊക്കെ മറന്ന് നിലത്തുമാത്രം നോക്കി നടക്കാൻ തുടങ്ങും.

ഹരിയേട്ടൻ പറയുന്നതിലും കുറേയൊക്കെ സത്യമുണ്ട്. എന്നെ ഇത്രേയൊക്കെ ചിന്തിക്കാറാക്കിയത് സത്യത്തിൽ മീര തന്നെയാണ്. പക്ഷേ അവൾ പറയുന്നതുപോലെയൊക്കെ ചെയ്യുന്നതിനേപ്പറ്റി ഞാൻ സ്വപ്നത്തിൽപ്പോലും ചിന്തിച്ചിട്ടില്ല. ഓഫീസു കഴിഞ്ഞു വന്നാൽ ഹരിയേട്ടൻ ഇരിക്കുന്നതുപോലെ തന്നെ ടീവീം കണ്ട് ഇരിക്കണംന്നാ അവളു പറയുന്നത്. അവൾക്കു പറഞ്ഞാ മതീല്ലോ. ഹരിയേട്ടൻ എന്നെ എടുത്തിട്ടിടിക്കും. 40 വയസ്സില് അവള് പ്രണയത്തിൽ നിന്നും പ്രണയത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുമ്പോ എന്നെ സംബന്ധിച്ച് ഏതാണ്ട് ജീവിതമേ അവസാനിച്ചു. നാല്പതു വയസാകുന്നതിന്റെ ഒരേയൊരു പ്രയോ

ജനം പണ്ടൊക്കെ ഈ പ്രായം വരെ നമ്മൾ എങ്ങനെയൊക്കെ ജീവിക്കുമെന്നൊക്കെ സ്വപ്നം കണ്ടിരുന്നോ അങ്ങനെയൊന്നുമല്ല ജീവിച്ചത്, ജീവിക്കുന്നത് എന്നു മനസ്സിലാകും എന്നതു മാത്രമാണ്. പുതിയ സ്വപ്നങ്ങൾ കാണാനുള്ള സമയവുമില്ല. നാല്പതു കഴിഞ്ഞാൻ മീരയെപ്പോലെ അപൂർവ്വം ചിലർക്കൊഴിച്ച് എന്തു സ്വപ്നം?

ഓഫീസുപണിക്കും വീട്ടുപണിക്കും കൂടി സമയം തികയുന്നില്ലാന്നെങ്ങാൻ പറഞ്ഞാൽ അപ്പോ ഹരിയേട്ടൻ തുടങ്ങും “സീരിയലും കണ്ടിരുന്നാ എങ്ങനെ സമയം തെകയും?”

പിന്നേ, സീരിയൽ! ഇതു കുറേക്കാലമായി കേക്കുന്നതാ എന്നേപ്പോലുള്ള സാധാരണ പെണ്ണുങ്ങള് സീരിയല് കണ്ട് സമയം കളയുന്നൂന്ന്. സത്യം പറയാല്ലോ, ഹരിയേട്ടനെപ്പോലെ ഫുൾ ടൈം ന്യൂസ് ചാനലില് ഈ രാഷ്ട്രീയക്കാര് പറയുന്ന മണ്ടത്തരങ്ങള് കേട്ടിരുന്നാ ഞാൻ ബോറടിച്ചു മരിച്ചുപോകും.

മുല്ലപ്പെരിയാറ് ഇപ്പോപൊട്ടുംന്ന് രാഷ്ട്രീയക്കാരും ചാനലുകാരും പറയുന്നതുകേട്ട് ഒന്നര മാസാ ഹരിയേട്ടനിരുന്നത്. 50 അടിക്കുമുകളിലുള്ള പ്രദേശത്തു കേറി നിന്നാ രക്ഷപ്പെടാംന്ന് സീരിയസ്സായി ഒരാൾ പറയുന്നത് കേട്ടപ്പോ, “ചന്തീല് വെള്ളം മുട്ടുമ്പോടേപ്പന്വേഷിക്കാനെവിടാ നേരംന്ന് ഞാനൊരു ആത്മഗതം പറഞ്ഞു. അപ്പോ ഹരിയേട്ടൻ നോക്കിയ നോട്ടം! അവർക്കു ബോറടിച്ചപ്പോ ചാനലുകാരും രാഷ്ട്രീയക്കാരും മുല്ലപ്പെരിയാറു വിട്ടു. ഒപ്പം ഹരിയേട്ടനും വിട്ടു! അതു പോലെ ഇപ്പം ദാ സർക്കാരു നിങ്ങളോടു പറയും സ്വന്തം വീട്ടിലെ മാലിന്യം മറ്റുള്ളവരുടെ പറമ്പിലും പൊതുസ്ഥലങ്ങളിലും തള്ളരുതെന്ന്. ശരി, ആയിക്കോട്ടെ. പക്ഷേ എന്നിട്ടു സർക്കാരെന്താ ചെയ്യുന്നത്? കൊച്ചിക്കാരുടെ മൊത്തം മാലിന്യം കളക്ടു ചെയ്ത് ബ്രഹ്മപുരംകാരുടെ പറമ്പിൽ കൊണ്ടുപോയിതള്ളും. തിരുവനന്തപുരംകാരുടെ വേസ്റ്റ് വിളപ്പിൽ ശാലയിലും തള്ളും അതെന്നാ ഏർപ്പാടാ? അതുപോലെ നിങ്ങക്കീ നാട്ടില് പുകവലിക്കാം, കള്ളുകുടിക്കാം, കള്ളുകുടിച്ച് വഴീല് കെടക്കാം, കൂത്താടാം. ഒരുത്തനും ചോദിക്കുകേല. അതേ സമയം ഒരു സിനിമാപോസ്റ്ററിലെ ങ്ങാൻ ഒരു നടനോ നടിയോ ഒരു സിഗരറ്റ് വലിക്കുന്നതുപോലെ പോസ്സു ചെയ്താൽ അപ്പോ കേസായി, പുകിലായി. ശരിക്കും ചെയ്താല് കുഴപ്പമില്ല. പോസ്സുചെയ്താല് ശിക്ഷ! ഇമ്മാതിരി മണ്ടൻ നിയമങ്ങളൊക്കെ ഉണ്ടാക്കുന്ന രാഷ്ട്രീയക്കാരുടെ പ്രസംഗം കേട്ടിരിക്കാൻ എന്നെ കിട്ടില്ല. അതൊക്കെ ഹരിയേട്ടനെപ്പോലുള്ള മരമണ്ടൻമാർക്കേ പറ്റൂ. നാട്ടില് നടക്കുന്നതൊക്കെ അറിയാൻ അത്യാവശ്യം പത്രം വായിച്ചാ മതി, പിന്നെ ഇത്തിരികോമൺസെൻസും വേണം.

സത്യം പറഞ്ഞാല് മനപ്രയാസങ്ങള് മറക്കാനും ബോറടി മാറ്റാനുമാണ് ഞങ്ങളീ സീരിയലൊക്കെ കാണുന്നത്. അതുപോലെ ഭക്ഷണം കഴിക്കല്. ഞാനുൾപ്പെടെയുള്ള സ്ത്രീകള് ഇങ്ങനെ വീണ്ടുവിചാരമില്ലാതെ ഭക്ഷണം കഴിച്ചോണ്ടിരിക്കുന്നത് സത്യത്തില് ബോറടിച്ചിട്ടാ. പണ്ട് എന്റെ കൂടെ ഹോസ്റ്റലിലുണ്ടായിരുന്ന ദേവയാനി, കഷ്ടം, നിറയെ പുട്ടും കടലയും കഴിച്ചുകൊണ്ടിരിക്കുമ്പോഴും ദേവയാനിയുടെ കണ്ണുകൾ നിറഞ്ഞൊഴുകിക്കൊണ്ടിരിക്കും. ഹോസ്റ്റലിലെ വെപ്പുകാരിയാണെങ്കിൽ പുട്ടുകുറ്റിയിൽ നിന്നും വീണ്ടും വീണ്ടും പുട്ട് കുത്തി ദേവയാനിയുടെ പ്ലേറ്റിലേക്ക് ഇട്ടുകൊണ്ടിരിക്കും. ദേവയാനി കഴിച്ചുകൊണ്ടേയിരിക്കും ! ദേവയാനി കരഞ്ഞുകൊണ്ടേയിരിക്കും! പാവം വല്ലാത്ത മനപ്രയാസമുണ്ടായിരുന്നിരിക്കണം. അല്ലെങ്കിൽ ആ ഹോസ്റ്റലിലെ നശിച്ച പുട്ടും കടലേം ആരു കഴിക്കാനാ.

സ്ത്രീകളുടെ അടിമത്തത്തെപ്പെറ്റി പറയുമ്പോ മീര എപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്. “പുട്ടും കടലയും ഉണ്ടാക്കിത്തീർക്കാനുള്ളതല്ല സ്ത്രീകളുടെ ജീവിതം”. അവളങ്ങനെ പറഞ്ഞു പറഞ്ഞ് പുട്ടും കടലയും ഉണ്ടാക്കുന്നത് നിർത്തിയാൽ എനിക്കു സ്വാതന്ത്ര്യം കിട്ടും എന്നുവരെ എനിക്കു തോന്നിത്തുടങ്ങി.

അടുക്കളജോലിക്ക് സർക്കാർ കൂലിയേർപ്പെടുത്തണം എന്ന ആവശ്യം സാറാടീച്ചറുടെ നേതൃത്വത്തിൽ ഈയിടെ വീണ്ടും ശക്തമായി ഉന്നയിച്ചു തുടങ്ങിയിരിക്കുന്നു എന്നു മീര പറഞ്ഞു. സംഗതിയൊക്കെ കൊള്ളാം, പക്ഷേ കാര്യങ്ങള് കൃത്യമായി തിട്ടപ്പെടുത്താൻ ബുദ്ധിമുട്ടാവും. അതൊന്നും, സാറാടീച്ചർ അത്രക്കങ്ങ് ആലോചിച്ചില്ലാന്ന് തോന്നുന്നു. ഇപ്പോ എന്റെ ഓഫീസിലെ മൂന്നുപേരുടെ കാര്യമെടുക്കാം. ശ്രീകല നല്ല മിടുക്കിയായി അടുക്കള ജോലി ചെയ്യും. റെജീനയാണെങ്കില് ‘സാ’ മട്ടിലാ പണി. അവൾടെ വീട്ടില് ചെന്നാലറിയാം വീട്ടുകാരിക്ക് വീടുനോക്കാനറിയില്ലാന്ന്. ഞാനാണെങ്കില് രണ്ടു പേരുടേം ഇടക്കു നിക്കും. അപ്പോ ഞങ്ങക്ക് മൂന്നുപേർക്കും ഒരേ ശമ്പളം തന്നാലെങ്ങനെയാ? ശ്രീകലക്കും റെജീനക്കും ഒരേ ശമ്പളം കൊടുക്കുന്നത് ദൈവത്താണേ നെറികേടാ. അതുപോലെ സീനീടെ വീട്ടിലാണെങ്കില് വീട്ടുജോലി മുഴുവൻ ചെയ്യുന്നത് ഭർത്താവ് രത്നാകരനാ. അപ്പോ രത്നാകരനെക്കൊണ്ട് ജോലിയെടുപ്പിച്ചിട്ട് സീനിക്ക് ശമ്പളം കൊടുക്കുവോ സർക്കാര്? ഇട്ടുമൂടാൻ കാശൊള്ള സാവിത്രിക്കാണെങ്കില് ജോലിക്കാര് രണ്ടാ. എന്നാലും സാവിത്രിക്കും കിട്ടുവോ ശമ്പളം?

പിന്നെ, സ്ത്രീകള് പുറത്തുപോയി അടുക്കളപ്പണി ചെയ്യുന്നതിന് കൂലികിട്ടുന്നുണ്ടല്ലോ. അപ്പോ സ്വന്തം വീട്ടിലെ പണി ചെയ്യുന്നതിന് കൂലിവേണംന്നു പറുന്നതിലൊരു ശരികേടില്ലേ? ആരാന്റെ കൊച്ചിനു പാലുകാച്ചുന്നതുപോലെ ഞാനെന്റെ സ്വന്തം കൊച്ചിനു പാലുകാച്ചുന്നതിനു കൂലി ചോദിക്കുന്നത് തെണ്ടിത്തരല്ലേ? എനിക്ക് സർക്കാരിനോട് ഇത്രേ പറയാനുള്ളൂ. ദേ എന്റെ കൊച്ചുങ്ങക്ക് ഭക്ഷണം ഉണ്ടാക്കിക്കൊടുക്കുന്നതിന് സർക്കാര് എനിക്ക് ശമ്പളോന്നും തരണ്ട. സർക്കാരിന്റെയല്ലല്ലോ, എന്റെയല്ലേ പിള്ളേര്? പക്ഷേ സർക്കാരിന് ആവതുണ്ടെങ്കില്, മുൻവശത്തിരുന്ന് ഓംലറ്റിനെ കുറ്റം പറയുന്ന ആ മനുഷ്യനേക്കൊണ്ട് ആഴ്ചേല് മൂന്നു ദിവസമെങ്കിലും - നാലുദിവസോം ഞാനെടുത്തോളാം - ഈ വീട്ടിലെ പണിയൊന്നെടുപ്പിച്ചു തരണം.

‘‘ഓംലെറ്റ് ഇതുവരെ ആയില്ലേ?”

“ദാ, കൊണ്ടു വരുന്നൂ”

ഒരോംലറ്റ് ഉണ്ടാക്കുന്ന സമയം കൊണ്ട് ഞാനാലോചിച്ചുകൂട്ടുന്ന കാര്യങ്ങളേ! ●

# തുടരുന്ന ഫെമിനിസ്റ്റ് രാഷ്ട്രീയ പാഠങ്ങൾ




ബിന്ദു മേനോൻ

***ഒരു വിപ്ലവസംഘടനയുടെ പശ്ചാത്തലത്തിൽ വിപ്ലവബോധത്തോടെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ ഏർപ്പെടുന്നു എന്ന ധാരണ തന്നെയായിരുന്നു എല്ലാവരെയും ഭരിച്ചിരുന്ന പൊതുബോധം. എന്നാൽ ഈ ബോധം സ്ത്രീയെ കണ്ടിരുന്നത് ഒരു പഴഞ്ചൻ കണ്ണിലൂടെ ആയിരുന്നു.***

**ഒരു** വനിതാകോളേജിലെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ നിന്നാണ് എന്റെ തുടക്കം. പ്രിഡ്രിക്ക് പഠിക്കുമ്പോൾ സെന്റ് മേരീസ് കോളേജിൽ വെച്ച് ഞാൻ എസ്.എഫ്.ഐ അനുഭാവി ആയി മാറുകയും അക്കൊല്ലം തന്നെ യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ ആയി ജയിക്കുകയും ചെയ്തു. എന്റെ സുഹൃത്തുക്കളെല്ലാം ഇടതുപക്ഷക്കാരായിരുന്നു. കലാലയരാഷ്ട്രീയത്തിന്റെ ആഹ്ലാദങ്ങൾക്ക് അപ്പുറത്ത് അടിയുറച്ച ഇടതുപക്ഷ ബോധമാണ് ആ കാലത്തെ രാഷ്ട്രീയപ്രവർത്തനത്തിൽ നിന്ന് കിട്ടിയത്. എന്നും മനസ്സിൽ സൂക്ഷിക്കാൻ ചില ജാഗ്രതകളും അടിസ്ഥാനജനാധിപത്യ വിശ്വാസങ്ങളും അക്കാലത്തെ രാഷ്ട്രീയപ്രവർത്തനത്തിന്റെ നീക്കിയിരുപ്പാണ്. പിൽക്കാലത്ത് അധികാരത്തോടുള്ള എല്ലാ കലഹങ്ങളുടെ പിന്നിലും അന്ന് നേടിയ രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെ ഉറച്ച അടിത്തറ ഉണ്ടായിരുന്നു എന്ന് ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ തോന്നുന്നു. പ്രീഡ്രിഗ്രി കഴിഞ്ഞു ഞാൻ സെന്റ് മേരീസിൽ തുടർന്നില്ല. ആ ലോകം വിട്ടു. കുറെ കൂടി വിശാലമായ കേരളവർമ്മയുടെ കാമ്പസ്സിലേക്കാണ് എത്തിയത്.

അന്നത്തെ കലാലയ ജീവിതത്തിനു രാഷ്ട്രീയം പകർന്ന ഊർജ്ജം ചെറുതല്ല. എന്നാൽ ആ രാഷ്ട്രീയത്തിന് വലിയ യാഥാസ്ഥിതി



കസ്വഭാവം ഉണ്ടായിരുന്നു. ഞാനും എന്റെ സുഹൃത്തുക്കളും ആ തിരിച്ചറിവിലേക്ക് എത്തിയത് വളരെ പെട്ടെന്നായിരുന്നു. പ്രായോഗിക ദൈനംദിന പ്രവർത്തനത്തിൽ, രാഷ്ട്രീയമായ അർത്ഥത്തിൽ വലിയ വെല്ലുവിളികൾ ഞങ്ങൾ നേരിട്ടു കൊണ്ടിരുന്നു. എസ്.എഫ്.ഐ. ഒരു സ്വതന്ത്ര വിദ്യാർത്ഥിപ്രസ്ഥാനം ആണെന്നൊക്കെ പറയാമെങ്കിലും പ്രായോഗികമായി സി.പി.ഐ.എമ്മിന്റെ രാഷ്ട്രീയത്തെ മറികടന്നു കൊണ്ടുള്ള ഒന്നും അതിൽ സംഭവിക്കാറില്ല. ഒരു വിപ്ലവസംഘടനയുടെ പശ്ചാത്തലത്തിൽ വിപ്ലവബോധത്തോടെ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ ഏർപ്പെടുന്നു എന്ന ധാരണ തന്നെയായിരുന്നു എല്ലാവരെയും ഭരിച്ചിരുന്ന പൊതുബോധം. എന്നാൽ ഈ പൊതുബോധം സ്ത്രീയെ കണ്ടിരുന്നത് ഒരു പഴഞ്ചൻ കണ്ണിലൂടെ ആയിരുന്നു. പാട്രിയാർക്കി എന്നത് വല്ലാത്തൊരു പ്രതിഭാസമാണല്ലോ. അതിന്റെ കുരുക്കിൽ കിടക്കുന്ന ബോധങ്ങൾ അതിനുള്ളിലാണെന്നു തിരിച്ചറിയുക പോലുമില്ല ചിലപ്പോൾ.

ഞങ്ങൾ അറിയാതെ തന്നെ ചില സംഘർഷങ്ങൾ, കമ്മിറ്റികൾക്കുള്ളിലും മറ്റും ഉടലെടുക്കാൻ തുടങ്ങി. ദൈനംദിനസംഘടനാ പ്രവർത്തനത്തിൽ പുരുഷമേധാവിത്തപരമായ ചില ശാഠ്യങ്ങൾ ഞങ്ങളിൽ പലർക്കും ബുദ്ധിമുട്ടായി തോന്നി. പുരുഷസഖാക്കളെപ്പോലെ തുറന്നും സ്വതന്ത്രമായും പ്രവർത്തിക്കാനും അഭിപ്രായങ്ങൾ പറയാനും പരിപാടികൾ ആസൂത്രണം ചെയ്യാനും അവ നടപ്പിലാക്കാനുള്ള നേതൃത്വപരമായ കാര്യങ്ങൾക്ക് മുൻകൈ എടുക്കാനും ഞങ്ങൾക്ക് കഴിയുമായിരുന്നു. എന്നാൽ പെൺകുട്ടികളായതുകൊണ്ട് ഞങ്ങൾ സംരക്ഷിക്കപ്പെടണമെന്നും പറയുന്നത് അനുസരിക്കണമെന്നും ഉള്ള പുരുഷമേധാവിത്തം അസഹനീയമായിരുന്നു.

മീറ്റിംഗ് നടക്കുന്നതിനിടയിൽ, ഗൗരവകരമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനിടയിൽ, “ഇപ്പോൾ അഞ്ചുമണി ആയി. ഇനി വനിതാസഖാക്കൾ വീട്ടിൽ പോകണം” എന്ന് നിർദ്ദേശിക്കുന്നതിനെ എതിർക്കാതെ കഴിയില്ലായിരുന്നു. ‘നല്ല പെൺകുട്ടികൾ’ ഇതിനെ എതിർക്കാതെ സംരക്ഷണപൂർണ്ണമായ ഇത്തരം ‘അവകാശങ്ങൾ’ ഉപയോഗിക്കുന്നവരാണെന്നു വരുന്നത് അനുകൂലിക്കാൻ കഴിയുമായിരുന്നില്ല. കലാലയങ്ങളിൽ ഒരു ‘സ്ത്രീസ്ഥലം’ എപ്പോഴും ഉണ്ട്. അത് തിരിച്ചറിയപ്പെടാതെ പോവുക ആണ് പതിവ്. എന്നാൽ എനിക്കും സുഹൃത്തുക്കൾക്കും എസ്.എഫ്.ഐയിലെ പുരുഷമേധാവിത്തരീതികളോട് കലഹിക്കേണ്ടി വന്നത് കലാലയത്തിലെ ഈ സ്ത്രീസ്ഥലത്തെക്കുറിച്ച് അല്ലെങ്കിൽ പെൺ-ഇടത്തെക്കുറിച്ച് കൂടുതൽ ആലോചിക്കാനുള്ള അവസരം നൽകി. ഫെമിനിസത്തെ കുറിച്ചുള്ള ചർച്ചകൾ ശക്തമായി അന്ന് കേരളത്തിൽ കടന്നുവന്നിരുന്നു. അജിതയും സാറജോസഫും ഒക്കെ അതിന്റെ ധൈഷണിക-പ്രായോഗിക നേതൃത്വത്തിൽ വലിയ പങ്കുവഹിച്ചിരുന്ന കാലമായിരുന്നു എൺപതുകൾ. അതിന്റെ തുടർച്ചയായി നടക്കുന്ന സംവാദങ്ങളും പ്രവർത്തനങ്ങളും കലാലയത്തിലെ വായിക്കുകയും ചിന്തിക്കുകയും ചെയ്തിരുന്ന വിദ്യാർത്ഥിനികൾക്ക് അജ്ഞാതമായിരുന്നില്ല. എന്ന് മാത്രമല്ല, അതിന്റെ ചലനങ്ങൾ കലാലയങ്ങളിൽ ശക്തമായി തന്നെ അലയടിച്ചിരുന്നു.

അന്ന് കേരളവർമ്മയിൽ നടന്ന ചില സംഭവങ്ങൾ സംഘടനാപരിധികൾക്ക് പുറത്ത് ’സ്ത്രീപ്രശ്നങ്ങൾ’ ഉണ്ടാവാം എന്ന് ഞങ്ങളിൽ പലരേയും ബോധ്യപ്പെടുത്തി. പ്രിൻസിപ്പാളിന്റെ മുറിക്കു താഴെ നിന്ന് പാട്ട്പാടിയ ഒരു പെൺകുട്ടിയെ പിടികൂടി സസ്പെന്റ് ചെയ്തത് കലാലയത്തെ ഇളക്കി മറിച്ച സംഭവമായിരുന്നു. പെൺകുട്ടികൾ ഒന്നടങ്കം കക്ഷി വ്യത്യാസം മറന്നു ഒന്നിച്ചു ചേർന്ന് പ്രതിഷേധിച്ചു. അതുപോലെ അക്കാലത്തു ബസ്സുകളിൽ പെൺകുട്ടികളെ ലൈംഗികമായി ശല്യപ്പെടുത്തുന്നത് പതിവായിരുന്നു. ചിലപ്പോൾ യാത്രക്കാർ, ചിലപ്പോൾ ബസ് ജീവനക്കാർ തന്നെ. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ഞങ്ങൾ സുഹൃത്തുക്കൾ ഒന്നിച്ചുപോയി അതിനെ ചോദ്യം ചെയ്യാൻ തുടങ്ങി. കോളേജിൽ മാത്രമല്ല എസ്.എഫ്.ഐയുടെ ജില്ലാ കമ്മിറ്റിയുമായി ബന്ധപ്പെട്ടും പ്രവർത്തിക്കുന്ന സഖാവായിരുന്നു ഞാൻ. എങ്കിലും ഈ പ്രവർത്തനങ്ങളിലെ ഫെമിനിസ്റ്റ് ചായ്വ് ഞാൻ തന്നെ ശ്രദ്ധിക്കാൻ തുടങ്ങി. സംഘടനക്കുള്ളിൽ, കലാലയത്തിലെ നിത്യ ജീവിതത്തിൽ, വീട്ടിൽ, മറ്റു പൊതുസ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ പരമ്പരാഗത രാഷ്ട്രീയത്തിന് നേരായിട്ടൊന്നു മനസ്സിലാക്കാൻ പോലും കഴിയുന്നില്ലെന്ന തിരിച്ചറിവിലേക്കാണ് ഞാൻ വളരെ വേഗം എത്തിച്ചേർന്നത്.

രാഷ്ട്രീയത്തിനുള്ളിൽ കഴിയുന്തോറും എന്റെ ഉള്ളിലെ സ്ത്രീസ്വതന്ത്രവാദിക്ക് ശ്വാസംമുട്ടുക ആയിരുന്നു എന്ന് പറഞ്ഞാൽ അതിശയോക്തിയല്ല. അന്ന് പാഠഭേദവും മാനുഷിയും ജയകേരളവും മറ്റു സമാന്തരപ്രസിദ്ധീകരണങ്ങളും പ്രാന്തവത്കൃതരുടെ പ്രശ്നങ്ങൾ മുഖ്യരാഷ്ട്രീയ പ്രശ്നമായി അവതരിപ്പിക്കുകയായിരുന്നു. എന്റെ ധൈഷണികമായ ജീവിതവും രാഷ്ട്രീയവും തമ്മിൽ ഗൗരവകരമായി ഇടകലരുന്നത് അക്കാലത്താണ്. രാഷ്ട്രീയത്തോടൊപ്പം വായനയും ഉണ്ടായിരുന്നു. ആ വായനയും പ്രായോഗികപ്രവർത്തനങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നതും പൊരുത്തപ്പെടാത്തതും ഞാൻ അറിഞ്ഞു തുടങ്ങി. എന്റെ മനസ്സിൽ അത് ചലനങ്ങൾ ഉണ്ടാക്കി.

അങ്ങനെയാണ് കോഴിക്കോട്ടെ ആൾ ഇന്ത്യ വിമൻസ് മൂവ്മെന്റ് കോൺഫറൻസിന്റെ മാർച്ചിൽ പങ്കെടുക്കാൻ തീരുമാനിക്കുന്നത്. അന്ന് അത് വലിയൊരു പ്രശ്നമായിരുന്നു. കാരണം അതിൽ പങ്കെടുക്കുന്നതിനു സംഘടനാതലത്തിൽ വിലക്കുണ്ടായിരുന്നു. ദേശാഭിമാനിയും മറ്റും ആ സമ്മേളനത്തെ തകർക്കാൻ ലേഖനങ്ങൾ എഴുതിയിരുന്നു. അതിനുശേഷവും പത്രം അജിതയേയും മറ്റും നിശിതമായി വിമർശിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നതായി ഞാൻ ഓർക്കുന്നു. സമ്മേളനം കാണാനാണ് ഞാനും സുഹൃത്തുക്കളും പോയതെങ്കിലും അവിടുത്തെ ആഹ്ലാദഭരിതവും മുദ്രാവാക്യങ്ങളാലും പാട്ടുകളാലും മുഖരിതവുമായ സ്ത്രീശക്തിയുടെ മഹാധാര ഞങ്ങളെ വളരെ സന്തോഷിപ്പിച്ചു. അതിൽ അണിചേരാതിരിക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല. ഞങ്ങൾ വിലക്കുകൾ

***സംഘടനാപ്രവർത്തനവുമായി ബന്ധമില്ലാതിരുന്ന, എന്നാൽ സാംസ്കാരിക രാഷ്ട്രീയത്തെ കുറിച്ച് ചിന്തിച്ചിരുന്ന ചിലരും പാർട്ടിയിൽ തന്നെ തുടർന്നിരുന്ന ചിലരും എന്റെ സുഹൃദ്വലയത്തിൽ ഉണ്ടായിരുന്നു. വല്ലാത്തൊരു കാലമായിരുന്നു അത്. ആശയപരമായ വലിയ പരിവർത്തനങ്ങളുടെ കാലമായിരുന്നു.***

മറന്നു. അല്ലെങ്കിൽ അവയെ എന്നേക്കുമായി മറികടക്കാൻ മനസ്സ് കൊണ്ട് തീരുമാനിച്ചു. ആ സമ്മേളനവും ജാഥയും പുതിയൊരു അനുഭവമായിരുന്നു. രണ്ടുവരിയായി നിന്ന് അച്ചടക്കത്തോടെ പോകുന്ന പാർട്ടിജാഥകളുടെ അച്ചടക്കമേ എനിക്ക് പരിചയമുണ്ടായിരുന്നുള്ളു. ഒപ്പം ആ ജാഥകൾക്കൊടുവിൽ സൃഷ്ടിക്കുന്ന മെയിൽവയലന്റ്സിന്റെ മാത്രം അച്ചടക്കരാഹിത്യവും. ഇത് വേറിട്ട ഒരു അനുഭവമായിരുന്നു. അതിന്റെ ആനന്ദം ഞങ്ങളെ ആവേശഭരിതരാക്കി എന്ന് പറഞ്ഞാൽ കൂടുതലാവില്ല. തുടർന്ന് ഞാൻ സ്ത്രീപഠനകേന്ദ്രവുമായി ബന്ധപ്പെട്ടു അതിന്റെ പ്രവർത്തനങ്ങളെ അടുത്ത് നിന്ന് കാണുവാൻ തുടങ്ങി. നേരിട്ട് പങ്കെടുത്തത് പുത്രകാമേഷ്ടി യാഗത്തിനെതിരെ നടന്ന പ്രതിഷേധത്തിലായിരുന്നു. എന്നാൽ സംഘടനാപരമായ ബന്ധം അവസാനിപ്പിച്ചിരുന്നില്ല. അത് കൂടുതൽ പൊരുത്തക്കേടുകളിലേക്ക് നീങ്ങുകയായിരുന്നു. ഫെമിനിസ്റ്റ് പ്രസ്ഥാനത്തെ കുറിച്ചുള്ള ഒരു കാരിക്കേച്ചർ ആണ് സംഘടന വരച്ചുകാട്ടുന്നത് എന്നും, അതിനപ്പുറമുള്ള ഒന്നാണ് ഫെമിനിസമെന്നും അതിന്റെ സൈദ്ധാന്തിക-രാഷ്ട്രീയ മേഖലയെന്നും എനിക്ക് ബോധ്യപ്പെട്ടു കഴിഞ്ഞിരുന്നു.

1994 ആയപ്പോഴേക്കു ഞാൻ എസ്.എഫ്.ഐയിൽ നിന്ന് പുറത്തു വന്നു. ഒപ്പം യാഥാസ്ഥിതിക ഇടതുപക്ഷ രാഷ്ട്രീയവും അവസാനിപ്പിച്ചു. എന്നെപ്പോലെ അന്ന് മറ്റു പലരും പുറത്തുവന്നു. സംഘടനാപ്രവർത്തനവുമായി ബന്ധമില്ലാതിരുന്ന, എന്നാൽ സാംസ്കാരിക രാഷ്ട്രീയത്തെ കുറിച്ച് ചിന്തിച്ചിരുന്ന ചിലരും പാർട്ടിയിൽ തന്നെ തുടർന്നിരുന്ന ചിലരും എന്റെ സുഹൃദ്വലയത്തിൽ ഉണ്ടായിരുന്നു. ആശയപരമായ വലിയ പരിവർത്തനങ്ങളുടെ കാലമായിരുന്നു ഞങ്ങളിൽ പലർക്കും അത്. സങ്കല്പങ്ങൾ, ചിന്തകൾ, ധൈഷണിക വിചാരങ്ങൾ എല്ലാം മാറുകയായിരുന്നു. സ്നേഹം, ലൈംഗികത, ഫെമിനിസ്റ്റ് സിദ്ധാന്തം, ഫെമിനിസ്റ്റ് സാഹിത്യം, കല, സംഗീതം-ഞങ്ങൾ ഇതെല്ലാം പുതിയ ഉണർവ്വോടെ ഉന്മാദത്തോടെ, തീവ്രതയോടെ ചർച്ച ചെയ്തു. എല്ലാ ചർച്ചകളും ഒടുവിൽചെന്നെത്തിയിരുന്നത് ഒരു സ്വതന്ത്രസ്ത്രീസംഘടന രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കായിരുന്നു. ഈ വഴിക്ക് 'അഭിനേത്രി' എന്ന പുതിയ സ്ത്രീ നാടകസംഘത്തിന്റെ 'ഏതോ ചിറകടിയൊച്ചകൾ' എന്ന നാടകമായിരുന്നു ഞാൻ സഹകരിച്ച ആദ്യ സംരംഭം. സാഹിത്യഅക്കാദമിഹാളിൽ ആണ് അത് സംഘടിപ്പിച്ചത്. അതിന്റെ വിജയം വല്ലാത്തൊരു ആത്മവിശ്വാസവും പ്രചോദനവും പകർന്നു നൽകി.

സി.എസ്.ചന്ദ്രിക, സജിത രാജൻ, കെ.പി.എൻ.അമൃത തുടങ്ങിയ ഡി.വൈ.എഫ്.ഐ പ്രവർത്തകരും കോഴിക്കോട്ടെ സാംസ്കാരിക മേഖലയിൽ പ്രവർത്തിച്ചിരുന്ന പി.എം.സോനയും സജീവമായി ആദ്യ ഘട്ടങ്ങളിൽ പ്രവർത്തിച്ചു. പലപ്പോഴായി കേരളത്തിന്റെ പലയിടങ്ങളിൽ നിന്നും ഫെമിനിസ്റ്റ് സഹയാത്രികർ എത്തിച്ചേർന്നു. പല ഘട്ടങ്ങളിലും ട്രീസ, പ്രീതി, ബാലാമണി, ജ്യോതിസ്സ് തുടങ്ങിയവരും പല പരിപാടികളിലും സജീവമായി പങ്കെടുത്തു. കൂട്ടായ്മയുടെ അവസാന നാളുകളിൽ ഷാഹിന കെ.കെ സജീവപ്രവർത്തകയായി മാറി. വിഷയങ്ങളുടെ സ്വഭാവമനുസരിച്ച് പലപ്പോഴും തീവ്ര ഇടതുപക്ഷ രാഷ്ട്രീയമുള്ളവരും കേൾവിക്കാരും പ്രചാരകരുമായെത്തി. ബീന, അനിത തുടങ്ങി പലരും പല പരിപാടികളിലും സജീവമായി പങ്കെടുക്കുകയും ചർച്ചചെയ്യുകയും കലഹിക്കുകയും ചെയ്തു. ക്രിസ്ത്യൻ സ്ത്രീകളുടെ പിന്തുടർച്ചാവകാശനിയമം സംബന്ധിച്ച ചർച്ചകൾ ഒരു പ്രധാന പ്രശ്നമായപ്പോൾ തൃശൂരിൽ വിശദമായ ഒരു ചർച്ച തന്നെ സ്ത്രീവേദി സംഘടിപ്പിച്ചു. (കേരളസ്ത്രീവേദി രൂപീകരിക്കുന്നതിനും മുമ്പുള്ള സ്വതന്ത്ര-സ്ത്രീസംഘടനയായിരുന്നു തൃശൂരിലെ ഈ സ്ത്രീവേദി)

തുടർന്ന് സ്ത്രീവാദപ്രസ്ഥാനത്തിന്റെ സമകാലപ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിന് ഒരു ശിൽപ്പശാല സംഘടിപ്പിക്കുന്ന പ്രവർത്തനമായിരുന്നു. തൃശൂരിലെ പി.ജി.സെന്ററിൽ വെച്ചായിരുന്നു 1994ൽ അത് നടന്നത്. സാറാജോസഫ്, ശോഭ പി.വി, എലിസബത്ത് ഫിലിപ്പ്, എ.കെ.രാമകൃഷ്ണൻ, കെ.എൻ.വേണുഗോപാൽ തുടങ്ങി പലരും അതിൽ പങ്കെടുത്തു സംസാരിച്ചു. കാര്യങ്ങൾക്ക് വലിയ തീർച്ചകൾ ഉണ്ടായിരുന്നില്ല. ഞങ്ങൾ ഒരു വലിയ സൈദ്ധാന്തികസമരം തുടങ്ങുകയാണെന്ന് തോന്നി. എന്തിന്റെയൊക്കെയോ തുടർച്ചകൾ ഉണ്ടായിരുന്നു. ഒപ്പം മാറ്റങ്ങളും. സാംസ്കാരിക രാഷ്ട്രീയത്തിൽ ആണോ അതോ നിയമവ്യവസ്ഥയിൽ ആണോ ഇടപെടേണ്ടത്. അതോ ഫെമിനിസ്റ്റ് സംഘടനകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് സഹായം എത്തിക്കുകയാണോ വേണ്ടത് എന്നൊക്കെ ആലോചിക്കേണ്ടിയിരുന്നു. അതൊക്കെ ചർച്ചകളിൽ കടന്നുവന്നു.

എന്നാൽ ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെട്ടത് ഫെമിനിസ്റ്റ് സാഹിത്യമായിരുന്നു. പെണ്ണെഴുത്തിന്റെ - അന്ന് ആ വാക്ക് വലുതായി പ്രചരിച്ചിട്ടില്ല - തലത്തിലാണ് വലിയ സംവാദങ്ങൾ ഉണ്ടായത്. സ്ത്രീ എഴുത്തുകാരെയും ഫെമിനിസ്റ്റുകളെയും വിമർശകരെയും ഒരുമിച്ചു ചേർക്കുന്ന ഒരു വേദിയെക്കുറിച്ച് ആലോചനയുണ്ടായി. ശിൽപ്പശാല ഒരു വലിയ വിജയമായിരുന്നു. സ്ത്രീപക്ഷ വിമർശനം അന്ന് ശക്ത

മായി കഴിഞ്ഞിരുന്നെങ്കിലും മേതിൽ രാധാകൃഷ്ണന്റെ ഉടൽ 'ഒരു ചൂഴ്നിലാ' എന്ന കഥയുടെ രൂക്ഷവിമർശനത്തിലൂടെ അന്ന് സാറടീച്ചർ തന്നെയാണ് ഫെമിനിസ്റ്റ് വായനയുടെ തീക്ഷണമായ ചില പ്രശ്നങ്ങൾ ചർച്ചക്ക് വച്ചത്. അതിനു അനുകൂലമായും പ്രതികൂലമായും വാദ-പ്രതിവാദങ്ങൾ ഉണ്ടായി. ആ ചർച്ചയിൽ സാറടീച്ചർ, ഗ്രേസി, മാനസി, ഗീതഹിരണ്യൻ, ടി.എൻ.സുഷമ, പി.ഗീത, കവിത ബാലകൃഷ്ണൻ തുടങ്ങി പലരും ആവേശത്തോടെ പങ്കെടുത്തതായി ഞാൻ ഓർക്കുന്നു.

ആ ഭൂതകാലത്തിൽ നിന്ന് ഓർമ്മകളെ പുനർനിർമ്മിക്കുമ്പോൾ ചില സുപ്രധാന സന്ദേഹങ്ങൾ അവിടെ ഉയർത്തപ്പെട്ടത് എന്റെ മനസ്സിലേക്ക് കടന്നുവരുന്നു. അവയിൽ പലതും വലിയ ദീർഘവീക്ഷണത്തോടെ ഉള്ളവ ആയിരുന്നു. ഉദാഹരണത്തിന് മാനസി ചോദിച്ചു- "എങ്ങനെയാണ് പെണ്ണെഴുത്ത് അതിന്റെ അജണ്ടകൾ തീരുമാനിക്കുന്നത്" എന്ന്. അതെല്ലാം ഒരു സ്ത്രീ എഴുത്തുകാരിയുടെ സ്വാഭാവിക തെരഞ്ഞെടുപ്പുകളായി, ഒരു പൂവിരിയുന്ന ലാഘവത്തോടെ ഉയർന്നുവരുമോ? ഗീതഹിരണ്യൻ ചോദിച്ചത് ഫെമിനിസ്റ്റ് ഘെറ്റോകൾ രൂപപ്പെടാനുള്ള സാധ്യതയെ കുറിച്ചായിരുന്നു. അന്ന് ഹൈദരബാദിൽ ഗവേഷണവിദ്യാർത്ഥിനി ആയിരുന്ന ജയശ്രീകളത്തിൽ ലെസ്ബിയൻ രചനകളുടെ പ്രശ്നം ആണ് ചോദിച്ചത്. ജയശ്രീ heteronormative അല്ലാത്ത ഫെമിനിസ്റ്റ്സാഹിത്യത്തിന്റെ സാധ്യതകൾ എന്താണെന്ന് അന്വേഷിച്ചു. ജയശ്രീയുടെ ചോദ്യങ്ങൾ എന്റെ മനസ്സിനെ മഥിച്ചു എങ്കിലും ചിലർക്കെങ്കിലും അത് ഉൾക്കൊള്ളാൻ വിഷമം ഉണ്ടായിരുന്നു. മേതിൽ രാധാകൃഷ്ണൻ ഹാളിൽ ഉണ്ടായിരുന്നു. വിമർശനങ്ങളോട് അദ്ദേഹം പ്രതികരിച്ചില്ല. The author is dead എന്ന് മാത്രം പ്രതിവചിച്ചു അദ്ദേഹം.

ഇടതുപക്ഷ സംഘടനകളിൽ നിന്ന് വന്ന ഞങ്ങളിൽ പലർക്കും ശ്രേണിബദ്ധമായ സംഘടനാരൂപത്തോട് താൽപ്പര്യമുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഭാരവാഹികളില്ലാത്ത ഒരു കൂട്ടായ്മയായ് പ്രവർത്തിക്കാനായിരുന്നു ശ്രമിച്ചത്. തീവ്ര ഇടതുപക്ഷത്ത് നിന്ന് പലപ്പോഴും സഹകരിച്ചിരുന്ന സുഹൃത്തുക്കൾ ഈ നിലപാടിനെ സംശയത്തോടെ വീക്ഷിച്ചു. ജാതി, ലിംഗം, വർഗം തുടങ്ങിയവയെ കുറിച്ചൊക്കെ വളരെ സജീവമായ ചർച്ചകൾ ഞങ്ങൾക്കിടയിൽ ഉണ്ടായിരുന്നെങ്കിലും പൊതുപരിപാടികളിലും നിലപാടുകളിലും ഇവ പ്രതിഫലിച്ചില്ല. അതിനിടെ ഒരു പുസ്തകസംരംഭം തുടങ്ങിയെങ്കിലും പല പ്രശ്നങ്ങൾ മൂലം അത് പൂർത്തീകരിക്കാനായില്ല. ഹൈദരാബാദിൽ 1995-ൽ നടന്ന സൗത്ത് ഇന്ത്യൻ വിമൻസ് കോൺഫറൻസിൽ ഞാനും സി.എസ്.ചന്ദ്രികയും പങ്കെടുത്തു. ഇതെന്നെ ഇന്ത്യൻ ഫെമിനിസത്തിന്റെ മുഖ്യധാരയിൽ നടക്കുന്ന ചർച്ചകളെക്കുറിച്ചറിയാനും പുതിയ ഊർജ്ജം ലഭിക്കാനും സഹായിച്ചു.

സാംസ്കാരിക രാഷ്ട്രീയത്തിൽ ഒതുങ്ങുന്ന ഒരു രാഷ്ട്രീയമാണോ, അതോ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ പ്രാദേശികമായും നിയമപരമായും ഇടപെടുന്ന സംഘടനയായി, അല്ലെങ്കിൽ സ്ഥാപനമായി വികസിക്കേണ്ടതുണ്ടോ എന്നത് എന്നും ഞങ്ങൾക്കിടയിൽ ഒരു പ്രധാന ചർച്ചാവിഷയമായി നിലനിന്നു. പലരും ഉപരിപഠനത്തിനും ജോലിക്കുമായി തിരുവനന്തപുരം, ബാംഗ്ലൂർ, പത്തനംതിട്ട തുടങ്ങി വിവിധ സ്ഥലങ്ങളിലേക്ക് മാറി താമസിക്കാനിടയായത് സംഘടനയുടെ സ്വാഭാവികമായ മരണത്തിനിടയാക്കിയെങ്കിലും ഞങ്ങൾ പലപ്പോഴും സ്ത്രീവേദിപ്രവർത്തനങ്ങൾക്കായി ഓടിയെത്തിക്കൊണ്ടിരുന്നു. പക്ഷെ കൂട്ടായ്മയുടെ അയഞ്ഞ രൂപീകരണത്തിനകത്തും പലപ്പോഴും പലതരത്തിലുള്ള അധികാരബന്ധങ്ങളും രൂപപ്പെട്ടത് പലരെയും വിഷമിപ്പിച്ചിട്ടുണ്ട്. കൂട്ടായ്മയുടെ പല ഘട്ടത്തിലും സംഘാടകരിൽ ചിലർ വിറകുവെട്ടികളായി മാത്രം പരിഗണിക്കപ്പെട്ടതും പാടവമുള്ളവർ പെണ്ണെഴുത്ത് ചർച്ചകരായതും ചലപ്പോഴെങ്കിലും സംഘർഷങ്ങളുണ്ടാക്കി. ശില്പശാല സംഘടിപ്പിച്ചപ്പോൾ ഏതാണ്ട് 15000രൂപയോളമാണ് പിരിക്കേണ്ടി വന്നത് ഇത്തരം ചെറുസംഘടനകൾക്ക്. അനുയോജ്യമായ സാമ്പത്തിക അടിത്തറയില്ലെന്നുള്ളത് പേടിപ്പിക്കുന്ന യാഥാർത്ഥ്യമായിരുന്നു. സൂര്യനെല്ലി കേസിനോടനുബന്ധിച്ചാണ് തൃശൂരിനടുത്ത് വിയ്യൂരിൽ വെച്ചുനടന്ന ഒരു കൂട്ടബലാത്സംഗകേസ്സിൽ ഞങ്ങൾ ഇടപെട്ടത്. പതിനാറുവയസ്സുള്ള ലൈംഗികത്തൊഴിലാളിയായ പെൺകുട്ടി ഉൾപ്പെട്ട ആ കേസ് നൽകിയ അനുഭവപാഠങ്ങളും വേദനകളും നിരവധിയാണ്. പുനരധിവസിപ്പിക്കൽ എന്ന പ്രക്രിയയെക്കുറിച്ച് മാത്രമല്ല ലൈംഗികത്തൊഴിലിനെക്കുറിച്ചും ഒരു പക്ഷെ ആദ്യമായി വ്യത്യസ്ഥമായ രീതിയിൽ ചിന്തിച്ചു തുടങ്ങിയത് ആ കാലത്താണ്. ആ പെൺകുട്ടിയും കേസും ഇന്നും സംഭാഷണങ്ങൾക്കിടയിൽ കടന്നുവരുമ്പോൾ എന്റെ സുഹൃത്ത് അഡ്വക്കേറ്റ് സജിത രാജൻ ചെറുസംഘടനകൾ സാംസ്കാരിക രാഷ്ട്രീയ പരിപാടികൾ മാത്രം സംഘടിപ്പിക്കുന്നവയായി മാറുന്നത് ഇടപെടൽ രാഷ്ട്രീയം ആവശ്യപ്പെടുന്ന കഠിനാധ്വാനം, സ്ഥാപന നിർമ്മാണം തുടങ്ങിയവയിലുള്ള താത്പര്യക്കുറവാണോ എന്ന് സന്ദേഹപ്പെടാറുണ്ട്. വരാനിരിക്കുന്ന ലൈംഗികത്തൊഴിലാളി രാഷ്ട്രീയത്തിന്റെ സൂക്ഷ്മപാഠങ്ങൾ (proto text) ഈ കേസിലും മഞ്ചേരിയിലെ മൊട്ടയടി കേസിലും ഉൾപ്പെടെ പല കേസുകളിലുമുണ്ടായിരുന്നു.

1996 മെയ് മാസത്തിലാണ് ലൈംഗികതയെക്കുറിച്ചുള്ള ഒരു പക്ഷെ കേരളത്തിലെ ആദ്യത്തെ ക്യാമ്പ് തൃശൂർ പി.ജി.സെന്ററിൽ വെച്ച് നടത്തിയത്. ഡോ.ജയശ്രീയുമായുള്ള നിരന്തര സംഭാഷണങ്ങൾ അതിനുള്ള പ്രചോദനമായിരുന്നു. ജയശ്രീയുടെ മുൻകൈയിലാണ് ചർച്ച സംഘടിപ്പിക്കപ്പെട്ടത്. സാറാജോസഫ് യാദൃശ്ചികമായെത്തിയ സൂസിതാരു, മിനിസുകുമാർ, ഏലിയാമ്മ വിജയൻ, രമ, ആറങ്ങോട്ടുകര ശ്രീജ തുടങ്ങി അമ്പതോളം പേര് പങ്കെടുത്തു. സ്ത്രീശരീരത്തിന്റെ ആഹ്ലാദങ്ങളെക്കുറിച്ച് സംസാരിക്കാൻ പര്യാപ്തമായ ഭാഷയുടെ അഭാവത്തെക്കുറിച്ച് സാറടീച്ചർ കാല്പനികമായ ആതുരതയോടെ സംസാരിച്ചത് ഇന്നും ഓർക്കുന്നു.

ചരിത്രത്തിനകത്തുള്ള ശരീരത്തിന്റെ നിർമ്മിതിയെക്കുറിച്ചു സുസീതാരു വിശദമായി വിശകലനം ചെയ്തു. അന്ന് ഗവേഷണത്തിന്റെ



ആദ്യനാളുകളിൽ ആയിരുന്ന ഡോ.ജെ.ദേവികയുടെ കേരളത്തിലെ ആദ്യകാല സ്ത്രീവാദത്തിൽ ശരീരത്തെക്കുറിച്ചുള്ള അന്വേഷണങ്ങളേയും ചിന്താപദ്ധതിയേയും കുറിച്ച് ഉള്ള ഒരു പ്രബന്ധം ദേവികയുടെ അസാന്നിദ്ധ്യത്തിൽ മിനിസുകുമാർ അവതരിപ്പിച്ചതും പ്രധാനപ്പെട്ട ഒരു ഇടപെടലായിരുന്നു. സ്ത്രീശരീരത്തിന്റെ ആഹ്ലാദങ്ങളെക്കുറിച്ചു ഏറ്റവും സരസവും എന്നാൽ ഗഹനവുമായി സംസാരിച്ച പത്തനംതിട്ടയിൽ നിന്ന് വന്ന കന്യാസ്ത്രീയെ ഞാൻ ഇന്നും ഓർക്കുന്നു. പേര് മറന്നത് എന്റെ കുറ്റം. എന്നാൽ ഈ അന്വേഷണത്തോട് മുഖം തിരിച്ചു നിന്ന പല ഫെമിനിസ്റ്റ് സഹയാത്രികരും ഉണ്ടായിരുന്നു. സ്ത്രീകൾ ലൈംഗികമായി ചൂഷണം ചെയ്യപ്പെടുകയും അക്രമങ്ങൾ പെരുകുകയും മാത്രം ചെയ്യുന്നതിനിടെ ആഹ്ലാദങ്ങൾക്കനുയോജ്യമായ ഭാഷക്ക് വേണ്ടിയുള്ള അന്വേഷണം ഒരു ഫെമിനിസ്റ്റ് അന്വേഷണമായി കരുതാൻ പലർക്കും ബുദ്ധിമുട്ട് തോന്നി. കോഴിക്കോട്ട് നിന്ന് എത്തിയ കെ.എം.രമ ഓർമ്മപ്പെടുത്തിയത് അന്ന് സൂര്യനെല്ലികേസിൽ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്നതാണ്. കേരളസ്ത്രീവേദിയുടെ രൂപീകരണം ഇതിനിടയിൽ നടന്നു കഴിഞ്ഞിരുന്നു. ക്യാമ്പിൽ പങ്കെടുത്ത കേരള സ്ത്രീവേദി സംഘാടക ഏലിയാമ്മ വിജയൻ ആ ശ്രമം ഏറ്റെടുത്തു. ഒരാഴ്ചക്കകം കോട്ടയത്ത് വെച്ച് മീറ്റിംഗ് കൂടാൻ തീരുമാനിച്ചു.

കേരളസ്ത്രീവേദിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട ഞങ്ങളിൽ പലരുടേയും ആശങ്ക, അത് ചെറുതും പ്രാദേശികവുമായ സംഘടനകളെ അപ്രസക്തമാക്കുമോ എന്നതായിരുന്നു. അൽപകാലം കൂടി സ്ത്രീവേദിയിൽ നിൽക്കുകയും കണ്ണൂർ വെച്ച് നടന്ന അടുക്കളസമരം, സൂര്യനെല്ലി സെക്സ്റാക്കറ്റ് കേസ് തുടങ്ങിയ കാമ്പയിനുകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തു.

സ്ത്രീവേദിക്കുള്ളിൽ അവഗണിക്കാനാവാത്ത അഭിപ്രായ വ്യത്യാസങ്ങളും അധികാരചിന്തകളും തല ഉയർത്തി എന്ന കാര്യം മറച്ചുവെക്കുന്നതിൽ അർത്ഥമില്ല. വ്യക്തിപരമായ സംഘർഷങ്ങൾ, ഭിന്നതകൾ, താൽപ്പര്യങ്ങൾ ഇവയൊക്കെ പുറത്തുവന്നു. അത് കൂട്ടായ്മയുടെ കെട്ടുറപ്പിനെ പിടിച്ചുലച്ചു. പലതും ഒഴിവാക്കാവുന്നവയും സ്ത്രീവേദി പോലുള്ള ഒരു കൂട്ടായ്മക്ക് തീരെ യോജിക്കാത്തവയുമായിരുന്നു. ഇന്നു തിരിഞ്ഞുനോക്കുമ്പോൾ സ്ത്രീവേദി ഉണർത്തിയ ആവേശത്തോടൊപ്പം അതിനു അന്ന് ചെന്നത്താമായിരുന്ന ഉയരങ്ങൾ തൊടാൻ ആയില്ല എന്ന ഖേദവും അതുകൊണ്ട് തന്നെ മനസ്സിലേക്ക് ശക്തമായി കടന്നുവരുന്നുണ്ട്.

അതിനുശേഷമുള്ള ഗവേഷണ നാളുകളിൽ കേരളത്തിനകത്തും പുറത്തും എന്റെ ഫെമിനിസ്റ്റ് രാഷ്ട്രീയം പല വിധത്തിൽ രൂപപ്പെട്ടുകൊണ്ടിരുന്നു. സഹയാത്രികയുടെ ആദ്യകാലം മുതലുള്ള സഹയാത്രികയാണ് ഞാൻ. ദീപ, മായ, രേഷ്മ തുടങ്ങി പല സുഹൃത്തുക്കളോടും ചേർന്ന് നടത്തിയ ലെസ്ബിയൻ ആത്മഹത്യകളെക്കുറിച്ചുള്ള അന്വേഷണയാത്രകൾ ഭിന്നലൈംഗികതയെക്കുറിച്ച് മാത്രമല്ല, ലിംഗരാഷ്ട്രീയത്തിന്റെ പുതിയ പരിപ്രേക്ഷ്യങ്ങളെ അന്വേഷിക്കേണ്ടതിനെക്കുറിച്ചും നിരന്തരം ഓർമിപ്പിച്ചു. നളിനിജമീലയുടേയും സുഹൃത്തുക്കളുടേയും നേതൃത്വത്തിൽ നടന്ന ലൈംഗികത്തൊഴിലാളി പ്രസ്ഥാനം ചോദിച്ച ചോദ്യങ്ങളും ഇന്നത്തെ ലിംഗരാഷ്ട്രീയത്തിൽ ഏറ്റവും പ്രസക്തമാണ്. നളിനിയും സുഹൃത്തുക്കളുമായുള്ള സംവാദങ്ങളും ആശയവിനിമയവും എന്റെ രാഷ്ട്രീയത്തെ പുതുക്കുന്നതിൽ എന്നെ സഹായിച്ചിട്ടുണ്ട്. പുതിയ പ്രസ്ഥാനങ്ങളായ ദളിത് സ്ത്രീവാദരാഷ്ട്രീയവും Queer Politics ഉം ഞാൻ സ്ത്രീവാദപ്രവർത്തനങ്ങളിലേക്ക് കടന്നുവന്ന 1995കളിൽ നിന്ന് വിഭിന്നമാണ്. ഞാൻ പിന്നീട് പങ്കെടുത്ത പ്രസ്ഥാനങ്ങളും സംവാദങ്ങളും ഈ ചോദ്യങ്ങൾ അവയിൽ തീക്ഷ്ണമായിത്തന്നെ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്റെ ഫെമിനിസ്റ്റ്‌രാഷ്ട്രീയം പിന്നീട് മുഴുവൻ സമയ ആക്ടിവിസത്തിൽ നിന്ന് ഗവേഷണത്തിലേക്ക് തിരിഞ്ഞു.

അക്കാദമിക് ഫെമിനിസത്തിനു വിവിധ ഭാവങ്ങളുണ്ട്. പക്ഷെ അടിസ്ഥാനപരമായ സ്ത്രീപക്ഷ നിലപാടുകൾ പകർന്നു കൊടുക്കാൻ കഴിയുന്ന ഒരു അധ്യാപനരീതിയെ കുറിച്ചുള്ള വേവലാതികൾ ഇല്ലാതെ അദ്ധ്യയനത്തിന്റെ ഒരു ദിവസവും എന്നെ സംബന്ധിച്ചെടത്തോളം കടന്നുപോകുന്നില്ല. കാരണം അത്തരമൊരു ആഴമുള്ള പരിശീലനമായിരുന്നു സ്ത്രീവാദ പ്രവർത്തനങ്ങളിൽ നിന്ന് എനിക്ക് കിട്ടിയത്. ഗവേഷണത്തിലായാലും അധ്യാപനത്തിലായാലും സ്ത്രീപക്ഷ നിലപാടുകളോടെ മുന്നോട്ടു പോവണം എന്ന് ഞാൻ തീരുമാനിച്ചിട്ടുള്ളതിനു പിന്നിൽ ആ സ്ത്രീവാദ സംവാദങ്ങൾക്കും പ്രവർത്തനങ്ങൾക്കും ഉള്ള പങ്ക് വളരെ വലുതാണ്.

*(ഡൽഹിയിലെ ലേഡീശ്രീറാം കോളേജിൽ അധ്യാപികയാണ് ബിന്ദുമേനോൻ)*

●



**സാവിത്രി രാജീവൻ**

# അപര

അപര എന്നോട് ഇങ്ങനെ പറഞ്ഞു

"കുടുംബിനീ
നീ നിന്റെ കുട്ടികളെക്കുറിച്ച്
ഇങ്ങനെ അഹങ്കരിക്കരുത്
നിന്റെ കുട്ടികൾ
പൌരന്മാരായും
പ്രഭുക്കന്മാരായും
ചക്രവർത്തിമാരായും മാറുന്നത്
ദേശീയഗാനത്തിനൊപ്പം
ചുവടുറപ്പിക്കുന്നത്
എന്റെ
അദൃശ്യാനുഗ്രഹംകൊണ്ടാണ്
നിലവിളക്കിൽ
എണ്ണയെന്നപോലെ
പൂജാമുറിയിൽ
കലണ്ടർ ചിത്രമെന്നപോലെ
ഞാൻ
നിന്റെ പ്രാർത്ഥനകൾക്ക് കാവൽ



അപര പറഞ്ഞു
കുടുംബിനീ
നിന്റെ ഇളകാത്ത വീടിന്റെ
ഇളകാത്ത മൂലക്കല്ലിനെ ചൊല്ലി
നീ
ഇങ്ങനെ അഭിമാനം കൊള്ളരുത്
ഇളകാത്ത വീടിന്റെ
ഇളകാത്ത ജനലിന്റെ
ഇളകാത്ത വാതിലിൽ
മന്ദമായി വീശുന്നത്
മന്ദമായി ഇളകുന്നത്
എന്റെ
സംയോഗരാഗമാണ്

അപര വീണ്ടും പറഞ്ഞു
കുടുംബിനീ
നീ നിന്റെ പ്രാണപ്രിയന്റെ
ഗാഢസ്നേഹത്തെച്ചൊല്ലി
ഇങ്ങനെ അഹങ്കരിക്കരുത്
വിളക്കു കെടുത്തിയും
കൊളുത്തിയും
അവൻ നിന്റെ മേൽ പടരുന്ന പാട്ടിൽ
അവൻ നിന്റെ മേൽ ചൊരിയുന്ന വാക്കിൽ
എന്റെ
കേൾവിപ്പെടാത്ത സംഗീതമുണ്ട്
അദൃശ്യഗന്ധമുണ്ട്

അതിനാൽ കുടുംബിനി നിന്റെ
പൊന്മണിയായും
തിരിയായും
ദീപമായും നീ എന്നെ കാണുക
നിനക്ക്
ഞാൻ നിഴലല്ലെന്നറിയുക
നീയെന്റെ നിഴലെന്നു തിരിയുക
ഞാനാണ്
ഞാൻ മാത്രമാണ്
നിനക്ക് കാവൽ



**വി.എം.ഗിരിജ**

# സ്നേഹം



**പാതിരാവിങ്കലുണർന്നപ്പോൾ**, ഞാൻ നിന്റെ
വാതിൽക്കൽ ഏകയായ് നിൽപൂ....
ആരുമെന്നൊപ്പമില്ലെന്നല്ല... പാതിരാപ്പൂമണവും
കുളിർക്കാറ്റും പാവമൊറ്റക്കുയിൽപ്പാട്ടും
സിരകളിലോടും പ്രണയവും... ഞാനും
ദൂരമെന്തോരം നടന്നു, പാദങ്ങളിൽ
ചോരപൊടിഞ്ഞു വലഞ്ഞു
ആരറിയാൻ? ഏതുദിവ്യകരം നയിച്ചാവാം
ഇവിടെ ഞാനെത്തീ,
നിന്റെ വീടിന്റെ മുൻവാതിലിൽ വള്ളികൾ
നിന്നൂ ചുവന്ന പൂ നീട്ടി
നിന്റെ ജനൽക്കകം കാണാം, ആകാശത്ത്
മിന്നുന്ന ചന്ദ്രനെപ്പോലെ
നീയുറങ്ങുന്നു നിൻ സ്വപ്നത്തിലാരാവാം?
നീയതാ പുഞ്ചിരിക്കുന്നു
മുറ്റത്തു തിങ്ങും തുളസിച്ചെടികൾ തന്നുച്ഛ്വാസ-
മേറ്റു തരിച്ചൂ
മുല്ലപ്പൂപ്പന്തലിൽ നിന്നു സ്നേഹത്തിന്റെ തള്ളലും
വന്നു ഞാൻ വിങ്ങീ
എങ്ങിനെ നീയറിയും രാത്രി മാത്രമേ എന്റെയീ
രൂപമിരിക്കൂ
ഞാനലിയും മഞ്ഞുകട്ടപോൽ, സൂര്യന്റെയാദ്യകരം
വന്നു തൊട്ടാൽ
ആവട്ടെ... ഞാനലിയട്ടേ... ഒരു വിത്തായവേദനയിൽ
മുളക്കട്ടേ
നിന്റെ തോട്ടത്തിലറിയാത്ത പൂമരം വന്നു പൂവിട്ടു
പടർന്നാൽ
വന്നിരിക്കാമോ അതിന്റെ തണലിൽ നീയന്തിയിൽ
ഒട്ടിടനേരം?
എന്റെ വിരലുകൾ പോലെയിലത്തുമ്പ്
നിന്റെ മുടിയിൽ തടവും
എന്റെ വേർത്തുമ്പുകൾ പോലും പുളകത്താൽ
നിന്റെ സാന്നിദ്ധ്യമറിയും
എന്റെ പ്രണയമേ, എന്റെ സൗഹാർദ്ദമേ,
എന്റെ പച്ചപ്പേ കുളിരേ
ഇന്ന് ഞാൻ വന്നുദിക്കുന്നു നിൻ പാതിരാച്ചില്ലയിൽ
ത്താരക പോലെ!



**ആശാലത**

# അടിയന്തിരാവസ്ഥ

**സംസാരം** ഇരമ്പിവരും
സാഗരം പോലെ,
ചിലനേരങ്ങളിൽ നഗരാർണ്ണവമായും
ചിലപ്പോൾ തിമിംഗലാവതാരമായും
മുതലയായ് വേഷംപകർന്ന്
ഗജേന്ദ്രമോക്ഷോപാഖ്യാനമപ്പാടെ
കോർത്തുവലിക്കും കൂർത്തപല്ലിന്നിടയിൽ
(അതുകൊണ്ടാവണം
കുറച്ചുസംസാരം കൂടുതലധ്വാനമെന്ന്
കൽപ്പിച്ച-
തഭിവന്ദ്യ വല്ല്യമ്മച്ചി
വരാഭയങ്കരി
- വിപ്ലവം ജയിക്കട്ടെ)



# പറയാൻ വന്നത്



അലീന ഷാരോൺ

**വളരുന്തോറും** എത്രയെത്ര കാര്യങ്ങളാണ് പഠിക്കാൻ കഴിഞ്ഞത്! എനിക്ക് ചുറ്റുമുള്ളവരിൽ നിന്ന്, നേരിട്ടും അല്ലാതെയും. അതിർവരമ്പുകൾക്ക് തെളിച്ചം കൂടുകയായിരുന്നു. എനിക്കൊപ്പം വളർന്ന മതിലുകൾ പൊള്ളയെങ്കിലും ശക്തമാണെന്ന് തോന്നി.

ജാതി, മതം, ദേശം, ഭാഷ, രാഷ്ട്രീയം തുടങ്ങി യാതൊരു വേലിക്കെട്ടും നമുക്കിടയിലില്ലെന്നും ആണും പെണ്ണും മാത്രമാണ് വ്യത്യസ്തരെന്നും വലിയ ചിന്തകർ പറഞ്ഞു കേട്ടിട്ടുണ്ട്. എന്നാൽ അപ്പോഴും സംശയം ബാക്കിയായിരുന്നു. ആൺ-പെൺ എന്നത് ഒരു വലിയ വ്യത്യാസമായി കാണേണ്ടതാണോ എന്ന്. അങ്ങനെയെങ്കിൽ ഓരോ മനുഷ്യരും വ്യത്യസ്തരല്ലേ?

ശാരീരികമായ ചില വ്യത്യസ്തതകളെ ഇത്രമേൽ നാം പരിഗണിക്കേണ്ടതെന്തിനെന്ന് അത്ഭുതപ്പെട്ടിട്ടുണ്ട്. ചുറ്റും കാണുന്ന ഈ ലോകം കെട്ടിപ്പെടുത്തതു മുഴുവൻ ആ മതിൽക്കെട്ടിന് മുകളിലാണെന്ന് തോന്നിയിട്ടുണ്ട് പലപ്പോഴും. സ്വന്തമായി ഒരു ശരീരമുണ്ടാവുക എന്നതു പോലും പാപമാവുന്നത് പെണ്ണായി പിറന്നാലാണെന്നു തോന്നും. ഏതൊരാൾക്കും കഴിവും കഴിവുകേടുമുണ്ട്. അത് പെണ്ണിനും ആണിനുമുണ്ട്. അത് അംഗീകരിക്കാതെ, അവന്റെ കഴിവുകൾക്കും അവളുടെ കഴിവുകേടുകൾക്കും നേരെ മാത്രം കണ്ണുതുറക്കുന്ന സമൂഹം ഇനിയത്തെ തലമുറയെയും കൊത്തിയെടുക്കുക അതേ ഉളി കൊണ്ടാവില്ലേ?

സമത്വവും സ്വാതന്ത്ര്യവും എന്റെ അവകാശമാണെന്ന് അധ്യാപിക പഠിപ്പിക്കുമ്പോൾ എത്ര ആവേശത്തോടെയാണ് ഞാനത് ഉള്ളിൽ കൊളുത്തിയത്. പെൺകുട്ടിയും ആൺകുട്ടിയും തുല്യരാണെന്നും തുല്യാവകാശികളാണെന്നുമുള്ള അറിവ് ഞാൻ വരവേറ്റത് നിറഞ്ഞ അഭിമാനത്തോടെയായിരുന്നു. പക്ഷേ, ചുറ്റുപാടുകൾ എന്നെ പഠിപ്പിക്കാൻ ശ്രമിച്ചത് ഒരിക്കലും അതായിരുന്നില്ല. വികലമായ കാഴ്ചകൾ കാട്ടി കാഴ്ചപ്പാടുണ്ടാക്കുകയായിരുന്നു എല്ലാവരും. അന്നെന്റെ പ്രിയപ്പെട്ട അധ്യാപിക എന്നെ പഠിപ്പിച്ചത് പച്ചക്കള്ളമാ

ണെന്ന് വിശ്വസിക്കാൻ കുറെ പ്രയാസം തോന്നി.

മൂല്യങ്ങളെന്ന പേരിലാണ് സമൂഹം പലപ്പോഴും മനസ്സിൽ ദ്രവിച്ച പാഠങ്ങൾ കുത്തിവെക്കുന്നത്. അവ മൂല്യങ്ങളല്ലെന്നും മാലിന്യമാണെന്നും തിരിച്ചറിയുമ്പോഴേക്കും തീർത്തും നാം അതിന് അടിപ്പെട്ടു പോയിട്ടുണ്ടാവും. സമൂഹം മുന്നിൽ കാട്ടിത്തരുന്ന, അനുസരിക്കാൻ ആജ്ഞാപിക്കുന്ന പലതിനോടും അറപ്പും വെറുപ്പുമാണ് തോന്നിയത്. നമ്മുടെ മഹത്തായ സംസ്ക്കാരത്തിന്റേയും പൈതൃകത്തിന്റേയും പേരുപറഞ്ഞാണ് ഇത്തരം തീവ്രബോധവത്ക്കരണയജ്ഞങ്ങൾ നടക്കുന്നത്. അങ്ങനെ അവ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു. ചോദ്യംചെയ്യാനും സംശയമുന്നയിക്കാനുമുള്ള എല്ലാ പഴുതുമടച്ച് പൂർണ്ണ 'മൂല്യ' സമ്പന്നരെ ഈ 'യജ്ഞങ്ങൾ' വാർത്തെടുക്കുകയായി.

യഥാർത്ഥത്തിൽ എന്താണീ മൂല്യങ്ങൾ? നമ്മുടെ ജീവിതത്തിനു ചുറ്റും മെല്ലെ വളർന്നുവരുന്ന ചില എഴുതപ്പെടാത്ത നിയമങ്ങൾ! അതിൽ ഇന്നത്തെ സമൂഹം പാലിക്കാത്ത, എന്നാൽ പാലിക്കപ്പെടേണ്ട മൂല്യങ്ങൾ തീർച്ചയായും ഉണ്ട്. അടുത്തുള്ളയാളെ കേൾക്കാനുള്ള മനസ്സും വിട്ടുവീഴ്ചാമനോഭാവവുമെല്ലാം ഈ ഓട്ടപ്പാച്ചിലിലെവിടെയോ വീണുപോവുമ്പോഴാണ് ലോകം യാന്ത്രികമായിപ്പോവുന്നത്. അതൊരു വശം. മറുവശത്ത്, ഒരിക്കലും അംഗീകരിക്കാനാവാത്ത കാരണങ്ങൾ നിരത്തി അനുസരിക്കാൻ ശഠിക്കുന്ന 'അമൂല്യ'ങ്ങളും. മൂല്യങ്ങളേക്കാൾ വില അമൂല്യങ്ങൾക്കാണല്ലോ! യഥാർത്ഥ മൂല്യങ്ങൾ നിലനിൽക്കുമ്പോഴാണ് ആരോഗ്യകരമായ കാഴ്ചപ്പാടുകൾ രൂപം കൊള്ളുക. അത് സമൂഹത്തിന്റെ നല്ല മുന്നേറ്റത്തിനായിരിക്കണം. ഒരാളുടേയും സ്വാതന്ത്ര്യത്തെ മുറിവേൽപ്പിക്കാത്ത, സമത്വമുറപ്പാക്കുന്നതാവണം മൂല്യങ്ങൾ. അല്ലാതെ, സ്ത്രീ പ്രത്യേകമായി അനുസരിക്കേണ്ട കർക്കശനിയമങ്ങൾ അവളുടെ വ്യക്തിത്വമില്ലാതാക്കും.

സമഗ്രവും സമ്പുഷ്ടവുമായ ഭരണഘടനയുള്ള സ്വതന്ത്രഇന്ത്യയെന്നു കേൾക്കുമ്പോൾ തോന്നുന്ന വികാരമല്ല, ജീവിക്കുന്ന സമൂഹത്തിനോടുള്ളത്. അതിന് സ്വന്തമായി ഒരു ഭരണഘടനയുണ്ട്; അതിനെ സംരക്ഷിക്കാൻ, കാക്കിപ്പോലീസിനേക്കാൾ വെടിപ്പായി ജോലി ചെയ്യാൻ കെല്പ്പുള്ള സദാചാരപ്പോലീസ് ഏമാന്മാരും. ഇവിടെ സംസ്ക്കാരമെന്ന വാക്കുപയോഗിക്കുക തന്നെ തെറ്റായിരിക്കും.

***സമൂഹം എത്ര ആഴത്തിലാണ് പഠിപ്പിക്കുന്നത്, സ്ത്രീ ഇരയാവുന്നത് അവളുടെ വസ്ത്രത്തിന്റെ പിഴവുകൊണ്ടാണ്; അല്ലാതെ പുരുഷന്റെ മനസ്സിന്റെ അഴുകിനാറിയ കാടത്തം കൊണ്ടല്ലെന്ന് നമ്മുടെ ധീരനേതാക്കൾ തന്നെ ജനത്തെ ബോധവത്ക്കരിക്കുമ്പോൾ പിന്നെ എന്താണ് പറയേണ്ടത്? ഏതു വസ്ത്രം ധരിക്കണമെന്നു തീരുമാനിക്കാൻ നിങ്ങൾക്കവകാശമുണ്ട്. പക്ഷെ മറ്റൊരാളെ ആക്രമിക്കാനുള്ള അവകാശം നിങ്ങൾക്കില്ല.***

സമൂഹം എത്ര ആഴത്തിലാണ് പഠിപ്പിക്കുന്നത്, സ്ത്രീ ഇരയാവുന്നത് അവളുടെ വസ്ത്രത്തിന്റെ പിഴവുകൊണ്ടാണ്; അല്ലാതെ പുരുഷമനസ്സിന്റെ അഴുകിനാറിയ കാടത്തം കൊണ്ടല്ലെന്ന് നമ്മുടെ ധീരനേതാക്കൾ തന്നെ ജനത്തെ ബോധവത്ക്കരിക്കുമ്പോൾ പിന്നെ എന്താണ് പറയേണ്ടത്? ഏതു വസ്ത്രം ധരിക്കണമെന്നു തീരുമാനിക്കാൻ നിങ്ങൾക്കവകാശമുണ്ട്. പക്ഷെ മറ്റൊരാളെ ആക്രമിക്കാനുള്ള അവകാശം നിങ്ങൾക്കില്ല.

പത്രത്താളുകളും വാർത്താചാനലുകളും പീഡനവാർത്തകൾ കൊണ്ട് നിറയുമ്പോൾ ചുറ്റുമുള്ളവർ ഭീഷണിപ്പെടുത്തുന്നതും വിലക്കുന്നതും പെൺകുട്ടിയെയാണ്. അതിനു കാരണക്കാരാവുന്നവരെയല്ല. സന്ധ്യ കഴിഞ്ഞാൽ ഏതെങ്കിലും തരത്തിൽ പെൺരൂപസാദൃശ്യമുള്ളവർക്ക് നമ്മുടെ റോഡിലൂടെ നടക്കാനാവുമോ? സ്വതന്ത്രമായി യാത്ര ചെയ്താൽ, നിങ്ങൾക്കു മാന്യമല്ലെന്നു തോന്നുന്ന വസ്ത്രം ധരിച്ചാൽ അവളെ നിങ്ങൾ എന്തൊക്കെ പേരു വിളിക്കും? നിങ്ങളുടെ അളവുകോലിന് വലിപ്പം കുറവാണെങ്കിൽ അതിൽ പാകമാകാത്തവരെ ശിക്ഷിക്കാൻ നിങ്ങൾക്കെന്തവകാശം? ആത്മീയനേതാക്കളും ജന്മശത്രുക്കളായ വ്യത്യസ്ത പാർട്ടിത്തലവന്മാരും ഒരൊറ്റ ശബ്ദത്തിൽ പറയുന്ന പോംവഴി സ്ത്രീകളെ വീട്ടിലടച്ചിടുകയെന്നതാണ്. തെറ്റു ചെയ്യുന്നവരെയല്ലെ പൂട്ടിയിടേണ്ടത്? അനുഭവിക്കേണ്ടി വരുന്നവരെയാണോ?

ഈ അലിഖിതനിയമങ്ങൾ അറിയില്ലെന്ന് നടിച്ച് മുന്നോട്ട് നീങ്ങിയാൽ അവിടെ തീർത്തും ഒറ്റപ്പെട്ടുപോവുകയാണ്. എന്തുകൊണ്ടിങ്ങനെയെന്ന ചോദ്യം പലതവണ ആവർത്തിച്ചെങ്കിലും ഉത്തരമുണ്ടായില്ല. അനുസരിക്കില്ലെന്ന വാശിയിൽ പിടിച്ചുനിൽക്കുമ്പോഴും എപ്പഴൊക്കെയോ ഞാനറിയാതെ അതിന്റെ ഭാഗമാവുന്നതുപോലെ തോന്നിയിട്ടുണ്ട്. സ്വല്പമെങ്കിലും സമൂഹത്തിന്റെ അംഗീകാരം ആഗ്രഹിക്കുന്നവരാണ് മിക്ക ആളുകളും. താൻ പുറന്തള്ളപ്പെടുമെന്ന ഭീതിയിൽ സ്വന്തം ചിന്തകളെ പുറത്തുവിടാതെ സദാചാര

***മലയാളികൾ പലപ്പോഴും സ്ത്രീശാക്തീകരണത്തെ വാതോരാതെ വാഴ്ത്തിപ്പാടുന്നുവരും അതേ നാവുകൊണ്ട് സ്വന്തം വീട്ടിലെ സ്ത്രീകളെ ചൊൽപ്പടിക്ക് നിർത്തുന്നവരുമാണ്. പറയുന്നതിന്റെ യഥാർത്ഥ അർത്ഥം തിരിച്ചറിയാതെ താനുമല്പം ഫോർവേഡ് ആണെന്ന് കാണിക്കുന്നതിനുള്ള മാർഗ്ഗമായാണ് അവരതിനെ കാണുന്നത്. സമത്വത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ച് ഘോരഘോരം പ്രസംഗിക്കുമ്പോഴും അത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ധൈര്യമില്ലാത്തവർ.***

ത്തിന്റെ ആചാര്യന്മാരാവുന്നവരുണ്ട് ഒരുപാട്. ഒരു സ്ത്രീ സ്വന്തം പാത തിരഞ്ഞെടുത്ത്, സ്വതന്ത്രമായി ജീവിക്കാൻ തീരുമാനിച്ചാൽ അവളൊരു യുദ്ധം തന്നെ നടത്തേണ്ടിവരും. സ്വതന്ത്രമായ ചിന്ത പോലും അവളെ ഒറ്റപ്പെടുത്തിയേക്കാം. വാതിലിനു പുറകിൽ പാതി മറഞ്ഞുനിന്ന് എന്തും മൂളിക്കേൾക്കുന്നവൾ പെണ്ണ് എന്ന സങ്കല്പത്തെ പരോക്ഷമായെങ്കിലും അംഗീകരിക്കുന്നവരാണ് അധികവും. അല്ല എന്ന് എത്ര ആണയിട്ടാലും അതൊരു വസ്തുതയാണ്. ചിലപ്പോഴെങ്കിലും അത് പുറത്തുചാടിപ്പോകാറുമുണ്ട്. മുന്നിൽ കണ്ട കാഴ്ചകളും കേട്ട ശബ്ദങ്ങളും അത്തരത്തിലാവുമ്പോൾ ഉള്ളിലെവിടെയോ പരിണമിച്ചുണ്ടായതാവാം ഈ സങ്കല്പങ്ങൾ. തിരുത്തലുകൾക്ക് അവസരമില്ലാതാവുമ്പോൾ അതിന് വീര്യമേറുന്നു.

പഠിപ്പിക്കാനും പാലിപ്പിക്കാനും സമൂഹത്തിനുള്ള കഴിവ് നമ്മുടെ പാഠ്യപദ്ധതിക്കില്ലാതെ പോയതിൽ സങ്കടമുണ്ട്. പാഠപുസ്തകങ്ങളിൽ വെറും പരപ്പുമാത്രമെ ഉള്ളൂ. സമൂഹം എത്ര ആഴത്തിലാണ് പഠിപ്പിക്കുന്നത്!

മലയാളികൾ പലപ്പോഴും സ്ത്രീശാക്തീകരണത്തെ വാതോരാതെ വാഴ്ത്തിപ്പാടുന്നുവരും അതേ നാവുകൊണ്ട് സ്വന്തം വീട്ടിലെ സ്ത്രീകളെ ചൊൽപ്പടിക്ക് നിർത്തുന്നവരുമാണ്. പറയുന്നതിന്റെ യഥാർത്ഥ അർത്ഥം തിരിച്ചറിയാതെ താനുമല്പം ഫോർവേഡ് ആണെന്ന് കാണിക്കുന്നതിനുള്ള മാർഗ്ഗമായാണ് അവരതിനെ കാണുന്നത്. സമത്വത്തെയും സ്വാതന്ത്ര്യത്തെയും കുറിച്ച് ഘോരഘോരം പ്രസംഗിക്കുമ്പോഴും അത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ധൈര്യമില്ലാത്തവർ.

എന്റെ സുഹൃത്തുക്കളിൽ പലരിലും ഈയൊരു മനോഭാവം കണ്ടിട്ടുണ്ട്. പെൺകുട്ടിയും ആൺകുട്ടിയും തുല്യരല്ലെ എന്നു ചോദിച്ചാൽ സംശയലേശമെന്യേ അതെയെന്ന് മറുപടി പറയും. സഹോദരന്റെ അടിവസ്ത്രവും അവൻ കഴിച്ച പാത്രവും കഴുകി കൊടുക്കുന്നത് എന്തിനെന്ന് ചോദിച്ചാൽ യാതൊരു സന്ദേഹവുമില്ലാതെ 'അവനാൺകുട്ടിയല്ലെ' എന്ന മറുചോദ്യവും കേൾക്കാം. വ്യക്തമായ ഒരു അവബോധത്തിന്റെ അഭാവത്തിലേക്കാണ് ഈ വിരോധാഭാസങ്ങളൊക്കെയും വിരൽ ചൂണ്ടുന്നത്.

ഭൂരിപക്ഷംപേർക്കും ഇത്തരം മനോഭാവവും കാഴ്ചപ്പാടുമുണ്ട്. ഉള്ളു കൊണ്ടെങ്കിലും അതിനെ അവർ അംഗീകരിക്കുന്നു. തീർത്തും പൊള്ളയായൊരു കൂറ്റൻമരത്തിന്റെ വേരുകൾ അവരിൽ ബാക്കികിടക്കുന്നതായി തോന്നിയിട്ടുണ്ട്. തങ്ങളുടെ കാഴ്ചപ്പാടിന് എന്തെങ്കിലും തെറ്റുണ്ടോയെന്ന സംശയം പോലുമില്ലാത്തിടത്ത് എങ്ങിനെ ഒരു തിരുത്തലിനുള്ള അവസരമുണ്ടാകും? വളരുന്ന ചുറ്റുപാടും അന്തരീക്ഷവും അവരെ നിരന്തരം പറഞ്ഞുപഠിപ്പിച്ചത് ചിലപ്പോൾ അതാവാം. എങ്കിലും ഇത്രമേൽ അടിയുറച്ചുപോവാൻ മാത്രം ശക്തമായിരുന്നോ അവർക്ക് ലഭിച്ച വിദ്യാഭ്യാസമെന്ന് അതിശയം തോന്നും. ചിലപ്പോഴൊക്കെ ക്ലാസിൽ നടക്കാറുള്ള സംസാരങ്ങളിൽ നിന്ന് മനസ്സിലാക്കാം അതിന്റെ തീവ്രത. കാമ്പില്ലാത്ത സദാചാരങ്ങൾ പാലിക്കപ്പെടേണ്ടതാണെന്ന് അവർ വിശ്വസിക്കുകയും അതിനായി ശക്തമായി വാദിക്കുകയും ചെയ്യും. വ്യക്തവും കൃത്യവുമായ കാരണങ്ങളൊന്നും പറയാനില്ലെങ്കിലും അല്പനേരം മറിച്ചൊന്ന് ചിന്തിക്കുക കൂടി തെറ്റെന്ന് ഉറച്ചുവിശ്വസിക്കുന്നു അവർ. മറ്റു ചിലർ പ്രതികരിക്കേണ്ടതാണോ എന്നറിയാതെ മാറാല മൂടിയ ആശയങ്ങൾക്ക് വഴങ്ങിക്കൊടുക്കും.

മറ്റു ജീവികൾ അവരവരുടെ പ്രവൃത്തികൾ നിർവ്വഹിച്ചുകൊണ്ട് ആണും പെണ്ണും പരസ്പരം അംഗീകരിച്ചു ജീവിക്കുന്നു. പരസ്പരം ബഹുമാനിക്കാൻ കഴിയാത്തതാണ് നമ്മുടെ ഏറ്റവും വലിയ പരാജയം. നേട്ടങ്ങളുടെ മഹാശിഖരങ്ങൾ കാൽക്കീഴിലാക്കിയെന്ന് അഹങ്കരിക്കുമ്പോഴും ഈ പരാജയം അവശേഷിക്കുകയാണ്. ഒരു വ്യക്തിയുടെ സമ്പൂർണ്ണവും ശാസ്ത്രീയവുമായ മാനസിക വികാസമാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസം. അങ്ങനെ വരുമ്പോൾ സഹജീവിയെ ബഹുമാനിക്കാനുള്ള ആർജ്ജവമെങ്കിലും വേണം യഥാർത്ഥ വിദ്യാസമ്പന്നർക്ക്. എന്നാൽ അഭ്യസ്ഥവിദ്യരെ കൊണ്ടുനിറഞ്ഞ ഈ കൊച്ചുകേരളമാണ് സ്ത്രീകൾക്കു നേരെയുള്ള ചൂഷണങ്ങളിൽ മുൻനിരയിൽ.

സ്ത്രീയെ ബഹുമാനിക്കാനറിയാത്ത സമൂഹത്തിന്റെ സൃഷ്ടിയാണ് അവൾ ശരീരം മാത്രമാണെന്ന ചിന്താഗതി. ഇന്നവൾ നേരിടുന്നതൊക്കെയും അതിൽ നിന്നുണ്ടാവുന്നതാണ്. 'പെണ്ണ്' , 'ഫെമിനിസം' , സ്ത്രീശാക്തീകരണം തുടങ്ങിയ വാക്കുകളോടു പോലും പുലർത്തപ്പെടുന്ന മനോഭാലം ആ രീതിയിലാവുന്നു. ഒരിക്കൽ സ്കൂളിൽ വച്ചുനടന്ന ഒരു സെമിനാറിൽ ഒരിക്കലെങ്കിലും ആൺകുട്ടിയാവാൻ ആഗ്രഹിച്ചവരുണ്ടോ എന്നു ചോദിക്കുകയുണ്ടായി. പെൺകുട്ടികൾ മാത്രമുള്ള ഞങ്ങളുടെ സ്കൂളിൽ കൈ ഉയർത്താത്തവരായി ആരുമുണ്ടായിരുന്നില്ല അന്നവിടെ. അവരപ്പോൾ പറഞ്ഞത് പെൺകുട്ടിയാവാൻ എപ്പോഴെങ്കിലും ആഗ്രഹിച്ചോ എന്ന ചോദ്യത്തിന് മറ്റൊരു സ്കൂളിൽ ഒരാൺകുട്ടി പോലും കൈ ഉയർത്തിയില്ലെന്നാണ്!

***ഒരിക്കൽ സ്കൂളിൽ വച്ചുനടന്ന ഒരു സെമിനാറിൽ ഒരിക്കലെങ്കിലും ആൺകുട്ടിയാവാൻ ആഗ്രഹിച്ചവരുണ്ടോ എന്നു ചോദിക്കുകയുണ്ടായി. പെൺകുട്ടികൾ മാത്രമുള്ള ഞങ്ങളുടെ സ്കൂളിൽ കൈ ഉയർത്താത്തവരായി ആരുമുണ്ടായിരുന്നില്ല അന്നവിടെ. അവരപ്പോൾ പറഞ്ഞത് പെൺകുട്ടിയാവാൻ എപ്പോഴെങ്കിലും ആഗ്രഹിച്ചോ എന്ന ചോദ്യത്തിന് മറ്റൊരു സ്കൂളിൽ ഒരാൺകുട്ടി പോലും കൈ ഉയർത്തിയില്ലെന്നാണ്.***

സത്യത്തിൽ, ഞാൻ ചെയ്ത മഹാപാപമെന്താണെന്ന് എനിക്കറിയില്ല. ശിക്ഷിക്കുന്നതിനു മുമ്പ് തെറ്റെന്താണെന്ന് വ്യക്തമാക്കേണ്ടതല്ലേ. പെണ്ണിന്റെ ഉടലിൽ പിറന്നതാണോ എനിക്കുമേൽ ചുമത്തപ്പെട്ട കുറ്റം? ചിലപ്പോഴെങ്കിലും അതോർത്ത് വെറുത്തിട്ടുണ്ട്, ശരീരത്തെ. ശരീരം ഒരപകടമാണെന്ന് വിദഗ്ധമായി പറഞ്ഞുതന്നു, എല്ലാവരും. എപ്പോൾ വേണമെങ്കിലും പൊട്ടിത്തെറിക്കാവുന്നൊരു സ്ഫോടകവസ്തു. പൊതിഞ്ഞു സൂക്ഷിച്ചില്ലെങ്കിൽ സർവ്വനാശമാവും ഫലം. പക്ഷെ എന്റെ ശരീരം എന്റെ അവകാശമാണ്; ഏതർത്ഥത്തിലും. അനുവാദമില്ലാതെ ഇടപെടാൻ പാടില്ലാത്ത, ഏതു വസ്ത്രം വേണമെന്ന് സ്വയം തീരുമാനിക്കാൻ സ്വാതന്ത്ര്യമുള്ള അവകാശം എനിക്കുണ്ട്.

*(അലീന ഷാരോൺ- പ്രൊവിഡൻസ് ഗേൾസ് ഹയർസെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനിയാണ്)*

●


**KOSAMATTAM FINANCE**

(Estd. 1850)

(A renowned N.B.F.C and Gold Loan Company In India)

ഗോൾഡ് ലോൺ രംഗത്ത് 163 വർഷങ്ങളുടെ
നിസ്തുല സേവനപാരമ്പര്യവും, വിശ്വസ്തതയും ആർജ്ജിച്ച സ്ഥാപനം

**സേവനമേഖലകൾ**

ഗോൾഡ് ലോൺ
വിദേശ കറൻസി വിനിമയം
ട്രാൻസ് ഫാസ്റ്റ്
പാൻ കാർഡ് സൗകര്യം
ഡിബഞ്ചർ/ ബോണ്ടുകൾ
ജനറൽ ഇൻഷുറൻസ്
സ്വിഫ്റ്റ് ട്രാൻസ്ഫർ
വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ
എക്സ്പ്രസ്സ് മണി
വിമാന/ ട്രെയിൻ ടിക്കറ്റുകൾ

നിങ്ങൾക്കനുയോജ്യമായ പവൻനിരക്ക് തിരഞ്ഞെടുക്കുവാൻ വിവിധങ്ങളായ സ്വർണ്ണപണയ സ്കീമുകൾ.

ആകർഷകമായ നിരക്കിൽ സുരക്ഷിതമായ സ്വർണ്ണ ബോണ്ടുകൾ (Debentures)ഇഷ്യു ചെയ്യുന്നു.



# ലിംഗപദവി, ലൈംഗികത: രാഷ്ട്രീയത്തിന്റെ മാറുന്നതും മാറേണ്ടതുമായ ഭാഷകൾ



നവനീത .എം

**സ്ത്രീകൾ** പൊതുസ്ഥലങ്ങളിൽ പ്രവേശിക്കണം. അവർ ആ സ്ഥലങ്ങൾ സ്വന്തമാക്കണം എന്ന ആവശ്യം ഫെമിനിസം ഉന്നയിക്കുമ്പോൾ തന്നെ സ്ത്രീശരീരം എങ്ങനെ അടുക്കും ചിട്ടയും പാലിച്ച് പൊതുമേഖലയിൽ പെരുമാറണം എന്ന പ്രശ്നം ദൈനംദിന ജീവിതത്തിൽ നമ്മൾ കൈകാര്യം ചെയ്തുകൊണ്ടേയിരിക്കുന്നു. ചരിത്രപരമായി ആലോചിക്കുകയാണെങ്കിൽ സ്ത്രീശരീരം പലപ്പോഴും ആധികൃത്തിന്റെ sites ആയിട്ടാണ് കാണപ്പെടുന്നത്. ഈ ശരീരത്തെ നിയന്ത്രിച്ചാൽ മാത്രമേ അതിന് പൊതുമേഖലയ്ക്ക് ഉതകുന്ന രാഷ്ട്രീയ subject ആവാൻ കഴിയൂ.സ്വന്തം ലൈംഗികത നിയന്ത്രിക്കാത്ത സ്ത്രീശരീരം പൊതു ഇടങ്ങളിൽ പലപ്പോഴും ഭീതിയും ആകാംക്ഷയും ഉളവാക്കുന്നു.

കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി കേരളത്തിലെ ചർച്ചകൾ നാം നോക്കിയാൽ ലൈംഗികതയും ലിംഗനീതിയും വേർപെടുത്താൻ വളരെ ബുദ്ധിമുട്ടുള്ള വിഷയങ്ങളാണ്. 1970 മുതലുള്ള ഇന്ത്യൻ ഫെമിനിസത്തിന്റെ ദിശകളെ വിശകലനം ചെയ്താൽ ബലാൽസംഗം,ലൈംഗികപീഡനം, പെൺവാണിഭം എന്നിവക്കെതിരെയുള്ള mobilizations ആണ് സ്ത്രീസംഘടനകൾ സജീവമായി ഏറ്റെടുത്തിട്ടുള്ളത്. എന്നാൽ ലൈംഗികത മുഖ്യമായ identity- യായി കണക്കാക്കി പ്രവർത്തിക്കുന്ന സംഘടനകളും ചർച്ചകളും 1990കൾക്ക് ശേഷം കേരളത്തിൽ പ്രാബല്യം ആർജ്ജിക്കുന്നുണ്ട്. സഹയാത്രിക, വാതിൽ, ജ്വാലാമുഖി, FIRM (Foundation for Integrated research in Mental health) എന്നിങ്ങനെ ലൈംഗികതയെക്കുറിച്ച് തുറന്ന ചർച്ച ആവശ്യപ്പെടുന്ന പല സംഘടനകളും കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. എയ്ഡ്സ് ബോധവത്കരണ പ്രവർത്തനങ്ങളും ആഗോളതലത്തിലുള്ള ലൈംഗികഅവകാശങ്ങൾക്കു വേണ്ടിയുള്ള പോരാട്ടങ്ങളുമായി


ബന്ധപ്പെട്ടതാണ് ഈ മുന്നേറ്റങ്ങൾ. ലിംഗപദവി ലൈംഗികത പരസ്പരബന്ധമുള്ള ഈ രണ്ട് വ്യവഹാരങ്ങൾ തമ്മിലുള്ള സൃഷ്ടിപരമായ സംഭാഷണം പലപ്പോഴും വളരെ പരിമിതമാണ്. ഈ പരസ്പരസംഭാഷണത്തിലൂടെ താത്വികമായി ഫെമിനിസം എങ്ങനെ പുനരാവിഷ്കരണം ചെയ്യപ്പെടുന്നു എന്നുനോക്കാം.

ഇന്ത്യയിലെ ഫെമിനിസത്തിന്റെ പുതിയ രൂപങ്ങൾ നോക്കിയാൽ ഒരു പ്രധാനമാറ്റം ലൈംഗികത, ശരീരം എന്നീ വിഷയങ്ങളുടെ പ്രാതിനിധ്യമാണ്. ഇത് ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കോ, മൂകതയിൽ നിന്ന് വാചാലതയിലേക്കോ ഉള്ള കുതിച്ചുചാട്ടമല്ല. 1990-നെ ഒരു breaking point ആയി നാം കണക്കാക്കേണ്ട ആവശ്യമില്ല. സ്ത്രീവാദത്തിന്റെ ഇന്നലെയും ഇന്നും നാളെയും സങ്കീർണ്ണരീതികളിൽ കെട്ടുപിണഞ്ഞതാണ്. ലൈംഗികതയെക്കുറിച്ചുള്ള ചർച്ചകൾക്കും കേരളത്തിൽ ഒരു നീണ്ട ചരിത്രമുണ്ട് എന്ന് നമ്മൾ മനസ്സിലാക്കണം. ഉദാഹരണത്തിന് നളിനിജമീലയുടെ ആത്മകഥകൾ നമ്മൾ ആഴത്തിൽ വായിക്കണമെങ്കിൽ ലൈംഗികത്തൊഴിലാളികളുടെ സ്വത്വാവിഷ്കരണവും ഇന്നത്തെ ആവിഷ്കരണവും 1990 നു മുമ്പേയുള്ള വേശ്യാവൃത്തിയെക്കുറിച്ചുള്ള പൊതുസംസാരവുമായി കൂട്ടിച്ചേർത്ത് വായിക്കേണ്ട ആവശ്യമുണ്ട്.

1987ൽ ലൈംഗികത്തൊഴിലാളിയായ കുഞ്ഞീബിയുടെ പോലീസ് കസ്റ്റഡിമരണത്തിനെ തുടർന്ന് ബോധനയുടെ നേതൃത്വത്തിലുള്ള പ്രതിഷേധജാഥയിൽ ലൈംഗികത്തൊഴിലാളികളും പങ്കെടുത്തു. കോഴിക്കോട് നടന്ന ആ ജാഥയെക്കുറിച്ച് വർഷങ്ങൾക്ക ശേഷം 2008ൽ FIRM-ലെ ഒരു പ്രവർത്തക എന്റെയടുത്ത് അവരുടെ ഓർമ്മകൾ പങ്കുവെച്ചു. “കുഞ്ഞീബി മരിച്ചപ്പം ഞാൻ വളരെ ചെറുപ്പമായിരുന്നു. അങ്ങനെ ധൈര്യമൊന്നുമില്ലായിരുന്നു. എന്നാലും ഞാൻ ജാഥയിൽ കൂടാൻ പോയി. അവൾ ഞങ്ങളിൽ ഒരാളായിരുന്നു''. കുഞ്ഞീബിയുടെ മരണത്തിന്റെ പശ്ചാത്തലത്തിൽ ലൈംഗികത്തൊഴിലാളികൾ തമ്മിലുള്ള ഒരു കൂട്ടായ്മയുടെ സാധ്യത ആണ് ഇവിടെ ഉയർന്നു വരുന്നത്. പോലീസും ലൈംഗികത്തൊഴിലാളികളും തമ്മിലുള്ള അക്രമാസക്തമായ കൂട്ടിമുട്ടലുകളുടെ കഥകളും അവർ പറഞ്ഞു. സ്വന്തം സാരി കഴുത്തിൽ ചുറ്റി മരിച്ച നിലയിലാണ് കുഞ്ഞീബിയുടെ ശരീരം കാണപ്പെട്ടത്. “ആ സംഭവത്തിന് ശേഷം പോലീസ് ഞങ്ങളുടെ സാരിയും പാവാടയും അഴിച്ച് വാങ്ങും. വെറും അടിവസ്ത്രം മാത്രമേ ബാക്കിയുണ്ടാവൂ”. ശാരീരികമായ അനുഭവങ്ങൾ, പോലീസ് മർദ്ദനം എങ്ങനെ ലൈംഗികത്തൊഴിലാളികൾക്കൊരു നിത്യദുരിതമായി മാറുന്നു തുടങ്ങിയ വിഷയങ്ങൾ ജമീലയുടെ ആത്മകഥയിലും പ്രധാന വിഷയമായി ഉന്നയിക്കുന്നു. എന്നാൽ കുഞ്ഞീബി കേസ്സിൽ പ്രബലമാകുന്ന ഇരയുടെ (victimhood) ഭാഷയിൽ നിന്ന് വളരെ വ്യത്യസ്തമായ ഒരു ഭാഷയാണ് നളിനി ജമീല വാർത്തെടുക്കാൻ ശ്രമിക്കുന്നത്.

ലൈംഗികത്തൊഴിലാളികളുടെ 1990 കൾക്ക് ശേഷമുള്ള പൊതുപ്രസ്താവനകളിൽ നാം കാണുന്നത് ഫെമിനിസത്തിന്റെ ചില അടിസ്ഥാനപരമായ ഘടനകളുടെ പുന:ക്രമീകരണം ആണ്. ദൃശ്യതയുടെ ആവശ്യകത, സ്വകാര്യതയിൽ നിന്ന് പൊതു ഇടങ്ങളിലേക്കുള്ള നീക്കം എന്നിവ 1970കൾ തൊട്ടുള്ള മുഖ്യധാരസ്ത്രീവാദത്തിലെ പ്രധാന ഘടകങ്ങളാണ്. ‘രാത്രി തിരിച്ചുപിടിക്കുക, വ്യക്തിപരമായത് രാഷ്ട്രീയമാണ്’. എന്നീ പരിചിതമായ മുദ്രാവാക്യങ്ങൾ സ്ത്രീസ്വാതന്ത്ര്യത്തിന് ദൃശ്യതയുടെ ആവശ്യമാണ് ആരായുന്നത്.

രാത്രി പൊതുസ്ഥലങ്ങൾ, ദൃശ്യത എന്നീ വിഷയങ്ങൾ



***‘രാത്രി തിരിച്ചുപിടിക്കുക, വ്യക്തിപരമായത് രാഷ്ട്രീയമാണ്’. എന്നീ പരിചിതമായ മുദ്രാവാക്യങ്ങൾ സ്ത്രീസ്വാതന്ത്ര്യത്തിന് ദൃശ്യതയുടെ ആവശ്യമാണ് ആരായുന്നത്.***



***പീഡനം അനുഭവിക്കുന്ന സ്ത്രീശരീരം നമുക്കേവർക്കും പരിചിതമാണ്. ഇവിടെ ലൈംഗികമായി പരിക്കേൽക്കാനുള്ള സാധ്യതയാണ് സ്ത്രീശരീരത്തെ നിർവ്വചിക്കുന്നത്. പിന്നെ പ്രാബല്യത്തിലുള്ള മറ്റൊരു പ്രതിബിംബം കുടുംബത്തിനകത്തുള്ള സ്ത്രീശരീരമാണ്. പ്രത്യുൽപാദനം, ദാമ്പത്യം, മാതൃത്വം എന്നീ പ്രക്രിയകളിലൂടെ കടന്നുപോകുന്ന ശരീരമാണ് ഇവിടുത്തെ ഫോക്കസ്.***

ലൈംഗികത്തൊഴിലാളികളുടെ സ്വത്വാവിഷ്ക്കരണത്തിലും സ്ഥാനം പിടിച്ചുപറ്റുന്നു. എന്നാലിത് ദൃഢമായ രാത്രി/പകൽ, അകം/പുറം എന്നീ ദ്വന്ദ്വങ്ങളെ പല രീതികളിൽ മാറ്റിപ്പണിയുന്നു. തിരുവനന്തപുരത്ത് എ.ഡി. ബിക്കെതിരായി 'രാത്രി സ്വന്തമാക്കുക'. പ്രകടനം നടത്തിയതിനെക്കുറിച്ച് അത് ലൈംഗികത്തൊഴിലാളികളുടെ ആവശ്യമല്ല എന്ന് നളിനി ജമീല പറയുന്നു. 'അവരെ സംബന്ധിച്ചിടത്തോളം രാത്രി എന്നും സ്വന്തമാണല്ലോ. സമരം ചെയ്ത് അത് നേടിയെടുക്കേണ്ട ആവശ്യം ലൈംഗികത്തൊഴിലാളികൾക്കില്ല. അവരുടെ പ്രശ്നം പകൽ സ്വന്തമാക്കലാണ്' (പു.102, ഒരു ലൈംഗികത്തൊഴിലാളിയുടെ ആത്മകഥ:2005). സമൂഹം ഇരുട്ടിന്റെ മറവിൽ ലൈംഗികത്തൊഴിലാളികളെ പ്രവർത്തിക്കാനനുവദിക്കുന്നു. എന്നാൽ പകൽ വെളിച്ചത്തിൽ അവരെ അംഗീകരിക്കാൻ തയ്യാറല്ല. എയ്ഡ്സിന്റെ പേരിൽ ഇന്നവർ പൊതുജന ആരോഗ്യപദ്ധതികളിൽ പ്രധാന targets ആണ്. കോണ്ടം വിതരണം ചെയ്യാനും സുരക്ഷിതരതി സന്ദേശം പരത്താനും ഭരണകൂടസംവിധാനങ്ങൾ ലൈംഗികത്തൊഴിലാളികളെ സംബോധന ചെയ്യുന്നു. എന്നാൽ സമൂഹത്തിലെ മറ്റു പല സ്ഥാപനങ്ങളിലും ഇന്നും അവർക്ക് പ്രവേശനം വളരെ പരിമിതമാണ്. 1990 കൾക്ക് ശേഷം KSACS (Kerala State AIDS Control Society) പുറത്തുകൊണ്ടുവരുന്ന പോസ്റ്ററുകളിലും പരസ്യങ്ങളിലും, മറ്റു പോപ്പുലർ മീഡിയാ ചിത്രീകരണങ്ങളിലും ലൈംഗികത്തൊഴിലാളികൾ നിറഞ്ഞു നിൽക്കുന്നു. എന്നാൽ അവർ ഇന്നും പല രീതികളിൽ disenfrachesed ആണ്. ദൃശ്യത കൈവരിക്കുന്നതോടൊപ്പം സ്വാതന്ത്ര്യവും, സമത്വവും പ്രാപിക്കാൻ കഴിയും എന്ന ധാരണ ഇവിടെ ചോദ്യം ചെയ്യപ്പെടുന്നു. കുടുംബിനിയിൽ നിന്ന് മാറി ലൈംഗികത്തൊഴിലാളിയെ ഫെമിനിസത്തിന്റെ കേന്ദ്രബിന്ദുവാക്കി ചിന്തിച്ചാൽ പൊതു ഇടങ്ങൾ, സ്വകാര്യത, സ്ത്രീ ശരീരം എന്നിവയെക്കുറിച്ച് പുതിയ രീതികളിൽ ചിന്തിക്കാൻ നമുക്ക് കഴിയും. ചരിത്രപരമായും. ഇന്നത്തെ സാമൂഹ്യവ്യവസ്ഥകളിലും ലൈംഗികത, ജാതി, വർഗ്ഗം എന്നീ പരസ്പരബന്ധമുള്ള ഘടനകളെ ആസ്പദമാക്കി പല ശരീരങ്ങളുടെ ദൃശ്യതയുടെ അർത്ഥതലങ്ങൾ വളരെ വ്യത്യസ്തമാണ്. അധിനിവേശാനന്തരപരിഷ്കരണഘട്ടത്തിൽ മറക്കുട ഉപേക്ഷിക്കാനായി വരേണ്യവർഗ്ഗത്തിലെ സ്ത്രീകൾ പ്രയത്നിച്ചപ്പോൾ മാറുമറക്കാനുള്ള അധികാരത്തിനായി 1850കളിൽ നാടാർ സ്ത്രീകൾ പൊതുസമരം നടത്തിയല്ലോ. ഇന്നത്തെ സാഹചര്യത്തിൽ പകൽ തിരിച്ചുപിടിക്കാനായി പരിശ്രമിക്കുന്ന സ്ത്രീകളുടെ സമരങ്ങൾ , രാത്രിക്കായി പൊരുതുന്ന സ്ത്രീകളുടെ സമരങ്ങളുമായി ബന്ധമുള്ളതാണ്. ഇവ രണ്ടും കൂട്ടിവായിച്ചാലേ ഫെമിനിസത്തിന് പ്രസക്തമായ രൂപം കൊള്ളാൻ കഴിയുകയുള്ളൂ.

ഇന്ത്യൻ ഫെമിനിസത്തിൽ ശരീരത്തെക്കുറിച്ച് ചർച്ചചെയ്യാൻ ഒരു സ്ഥാപിത (set) പദാവലിയും, ഭാഷയും ഇന്ന് പ്രചരണത്തിലുണ്ട്. പീഡനം അനുഭവിക്കുന്ന സ്ത്രീശരീരം നമുക്കേവർക്കും പരിചിതമാണ്. ഇവിടെ ലൈംഗികമായി പരിക്കേൽക്കാനുള്ള സാധ്യതയാണ് സ്ത്രീശരീരത്തെ നിർവ്വചിക്കുന്നത്. പിന്നെ പ്രാബല്യത്തിലുള്ള മറ്റൊരു പ്രതിബിംബം കുടുംബത്തിനകത്തുള്ള സ്ത്രീശരീരമാണ്. പ്രത്യുൽപാദനം, ദാമ്പത്യം, മാതൃത്വം എന്നീ പ്രക്രിയകളിലൂടെ കടന്നു പോകുന്ന ശരീരമാണ് ഇവിടുത്തെ ഫോക്കസ്. അധ്വാനിക്കുന്ന ശരീരം കുടുംബത്തിനകത്തും പുറത്തും ഇതാണ് മറ്റൊരു പ്രധാന ചിന്താവിഷയം. ശരീരത്തെ രാഷ്ട്രീയത്തിന്റെ കേന്ദ്രമാക്കി തർജ്ജമ ചെയ്യണമെങ്കിൽ

അതിനെ സാമൂഹിക നിർവ്വചനങ്ങൾക്കും നിബന്ധനകൾക്കുമുള്ളിൽ നിലനിർത്തേണ്ട ആവശ്യം പലപ്പോഴും ഉയർന്നുവരുന്നു. സ്ത്രീശരീരം സമൂഹത്തിന്റെ സങ്കൽപ്പങ്ങളെ ചോദ്യം ചെയ്താൽ ഭരണകൂടം, നിയമാവലി എന്നിവയുടെ സംരക്ഷണവലയത്തിൽ നിന്ന് പുറത്തള്ളപ്പെടുമോ എന്നുള്ള ആശങ്ക ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾക്ക് പലപ്പോഴും നേരിടേണ്ടിവരുന്നു.

ലൈംഗികത്തൊഴിലാളികൾ പ്രവർത്തകരുടെ രാഷ്ട്രീയആവിഷ്കാരങ്ങൾ ശരീരത്തെക്കുറിച്ച് പ്രാബല്യം ആർജ്ജിച്ച സ്ഥാപിത മാതൃകകളെ അലട്ടുന്നു. അവർ പൊതുമേഖലയിലെ സ്ത്രീത്വത്തിന്റേയും പുരുഷത്വത്തിന്റേയും അംഗീകൃത മാതൃകകളെ ചോദ്യം ചെയ്യുന്ന ശരീരങ്ങളും ജീവിതരീതികളും കൊണ്ടുവരുന്നു. ഫെമിനിസത്തെ പ്രതിനിധാനം ചെയ്യാൻ ചില അച്ചിലടിച്ച ശരീരങ്ങൾക്ക് മാത്രമേ കഴിയുകയുള്ളോ എന്നുള്ള ചോദ്യമാണ് ഇവിടെ ഉയർന്നു വരുന്നത്. ഫെമിനിസത്തിന്റെ ഉത്കണ്ഠകൾക്ക് സ്ത്രീ/ പുരുഷൻ എന്നിങ്ങനെ സ്ഥിതീകരിച്ച ദ്വന്ദ്വങ്ങൾക്കപ്പുറം പോകാൻ കഴിയുമോ? സ്ത്രീത്വം/ പുരുഷത്വം എന്ന ദൃഢീകരിച്ച വേർതിരിവിനെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കാനുള്ള ഒരു ഇടം നിർമ്മിക്കലാണ് ഇന്നത്തെ ആവശ്യം.

ശരീരത്തിന്റെ നിയമാനുസൃതമല്ലാത്ത (disruptive potential) ഉൾക്കൊണ്ടുള്ള ഒരു രാഷ്ട്രീയ കർത്തവ്യത്തെ സ്വീകരിക്കാൻ നമുക്കു കഴിയുമോ എന്നുള്ള ചോദ്യമാണിവിടെ പ്രസക്തി ആർജ്ജിക്കുന്നത്. ഈ ചോദ്യം ഇന്നത്തെ ഫെമിനിസത്തിന് പ്രധാനപ്പെട്ടതാണ്. ശരീരത്തെക്കുറിച്ച് സംസാരിക്കാൻ നമ്മൾക്ക് ഒരു വിപുലമായ പദാവലിയുടെ ആവശ്യമുണ്ട്. അതിൽ ചിരിക്കും നൃത്തത്തിനും, വസ്ത്രത്തിനും വേദനക്കും, വിലാപത്തിനും ആലിംഗനത്തിനും ഇടമുണ്ടാകണം എന്നുള്ള സന്ദേശം ക്വീയർ activism ഏവർക്കും തരുന്നു .ഇത് ശരീരത്തിന്റെ അനുഭൂതികളെ ആഘോഷിക്കാനുള്ള ഒരു ആഹ്വാനം മാത്ര



മായി നമ്മൾ തെറ്റിദ്ധരിക്കരുത്. ശരീരത്തിന്റെ (shifting contigents) മാറി മറയുന്ന സംഭവമായ ആവിഷ്കരണങ്ങളെ ഉൾക്കൊണ്ടുള്ള ഒരു പുതിയ രാഷ്ട്രീയം പണിയാനുള്ള ശ്രമമാണിവിടെ കാണുന്നത്.


നളിനിജമീലയുടെ ആത്മകഥകളിൽ അവർ നമുക്കു മുമ്പിൽ അവതരിപ്പിക്കുന്ന പല സംഭവങ്ങളും ശരീരത്തിന്റെ ആവിഷ്കരണവും സ്വത്വരൂപീകരണവും തമ്മിലുള്ള സങ്കീർണ്ണമായ ഇടപഴകലുകൾ വിശകലനം ചെയ്യുന്നു. രണ്ട് ആത്മകഥകളിലും അവർ വിവരിക്കുന്ന ഒരു ഓർമ്മയാണിത്. പതിനൊന്ന് വയസ്സിൽ അവർ മിച്ചഭൂമി കയ്യേറുന്ന ഭാഗമായുള്ള ഒരു പ്രകടനത്തിന് പോയിരുന്നു. മുദ്രാവാക്യം വിളിച്ച് ജാഥയിൽ നടന്നപ്പോൾ അവർക്ക് സ്വയം പൊതുശ്രദ്ധപിടിച്ചു പറ്റിയ ഒരാൾ എന്നു തോന്നി "ഒരു ധീരവനിത എന്നൊക്കെപറയുന്ന മാതിരി" (105). പക്ഷേ പിന്നീട് അവർക്ക് മനസ്സിലായി ആളുകൾ അവരെ ഉറ്റുനോക്കിയത് അവരുടെ ശരീരസൗന്ദര്യം കണ്ടിട്ടായിരുന്നു എന്ന്. മുട്ടിറക്കമുള്ള പാവാടയും, കൊച്ചു ബ്ലൗസുമാണ് വേഷം (105). (പിൽക്കാലത്ത് സിൽക്ക് സ്മിതയുടെ ഒക്കെ വേഷം) ഒരേ ഓർമ്മയിൽ രണ്ട് വിരുദ്ധമായ ഫ്രേമിലൂടെ ജമീല പൊതുജനം അവളെ എങ്ങനെ കണ്ടു എന്നുള്ളത് വിശേഷിപ്പിക്കുന്നു. ഒന്ന് ഒരു ധീരയായ പോരാളിയായി. മറ്റൊന്ന് sexualised ശരീരമായി. പക്ഷേ നോട്ടങ്ങളുടെ erotic tensions പൊതുസ്ഥലങ്ങളിൽ സ്ഥാനം നേടിയതിലുള്ള അവരുടെ സന്തോഷത്തെ മായ്ച്ചുകളയുന്നില്ല. ഏതൊരു വ്യക്തിയും പൊതുസ്ഥലങ്ങളിൽ പ്രവേശിക്കുമ്പോൾ പലരീതിയിലുള്ള നോട്ടങ്ങളുടെ വലയം നമ്മെ ചുറ്റുന്നു. ഈ നോട്ടങ്ങളെ കൈകാര്യം ചെയ്തുകൊണ്ടുതന്നെയാണ് നാം നമ്മെത്തന്നെ തിരിച്ചറിയുന്നത്. സ്ത്രീ പുരുഷശരീരങ്ങൾ സ്ഥിതീകരിച്ച നിഷ്ക്രിയമണ്ഡലങ്ങളെ ശരീരത്തിന്റെ സജീവമായ പ്രവർത്തികളും പൊതു ഇടത്തിലുള്ള risky കൂട്ടിമുട്ടലുകളും സ്വത്വാവിഷ്കരണത്തിന്റെ പ്രധാന ഘടകങ്ങളാണ്.

ഇന്ന് ലിംഗനീതിക്കും ലൈംഗികനീതിക്കും ഉള്ള പോരാട്ടങ്ങളിൽ രാഷ്ട്രീയത്തിന്റെ മാറുന്ന ഭാഷകളും രൂപങ്ങളും നമുക്ക് കാണാം. ഹിംസ/ആനന്ദം, നിഷ്ക്രിയത/ കർതൃത്വം എന്നീ കറുപ്പും വെളുപ്പുമായി വകതിരിച്ച ഭൂപടങ്ങൾക്കപ്പുറം വകുപ്പു തിരിക്കാൻ കൂട്ടാക്കാത്ത ശരീരങ്ങളും അനുഭവങ്ങളും പൊതുസ്ഥലികളിൽ പ്രവേശിക്കുന്നു. ലൈംഗികത, ലിംഗപദവി എന്നീ വിഷയങ്ങൾ തമ്മിലുള്ള സംഭാഷണം ഭാവിയിലെ ഒരു സ്വപ്നമല്ല. പല രീതികളിൽ പല ഇടങ്ങളിൽ ഈ ചർച്ച തുടങ്ങിയിരിക്കുന്നു. ലൈംഗികതയുടേയും ശരീരത്തിന്റേയും പുതിയ മാനങ്ങൾ ഉൾക്കൊള്ളുന്നത് ഫെമിനിസത്തിനുള്ളിലെ ക്രിയാത്മകമായ ചലനങ്ങളുടെ ചിഹ്നമാണ്. ഈ ചലനങ്ങളിലൂടെ യാകാം നാം ഒരു പുതിയ ഭാവി സങ്കൽപ്പിക്കുന്നത്.

*(ഗുജറാത്തിലെ കേന്ദ്രീയ സർവ്വകലാശാലയിൽ കമ്പാരറ്റീവ് ലിറ്ററേച്ചർ വകുപ്പിലെ അദ്ധ്യാപികയാണ് നവനീത)* ●



പി.വി.വിജയമ്മ



Painting : Najeena (dismantling freedom)

***രാത്രിയുടെ സ്വാതന്ത്ര്യങ്ങളായ നിലാവും മഞ്ഞും തണുപ്പും ശാന്തവും വിജനവുമായ തെരുവുകളും തെരുവുവിളക്കിന്റെ പ്രകാശവും തട്ടുകടകളിലെ രുചിഭേദങ്ങളും സ്ത്രീകൾക്ക് നിഷേധിച്ചിരുന്നുവല്ലോ.***

# അനുഭവങ്ങൾക്കപ്പുറം

**ഒരു** സ്ത്രീപ്രവർത്തക എന്നനിലയിലും ഒരു അഭിഭാഷക എന്ന നിലയിലും ഇപ്പോൾ ഒരു പഞ്ചായത്ത് മെമ്പർ എന്ന നിലയിലും അതിലുപരി 'വീട്ടമ്മ' എന്ന പദവിയിലും അനുഭവങ്ങൾ ധാരാളമുണ്ട്. അവയൊക്കെ ഒരു ഫെമിനിസ്റ്റ് കാഴ്ചപ്പാടിലൂടെയും അല്ലാതെയും അവതരിപ്പിക്കാൻ കഴിഞ്ഞാൽ നല്ലതായിരിക്കുമെന്ന് എനിക്ക് തോന്നാറുണ്ട്.

22 വർഷം മുമ്പ് ഒരു പാതിരാത്രിയിൽ കോഴിക്കോട് മെഡിക്കൽകോളേജ് ജംഗ്ഷനിലെ തട്ടുകടയിൽ നിന്ന് എന്റെ സുഹൃത്തുക്കളായ ദേവി, ഷീന ജോസ്, ലൗലി, സെബാസ്റ്റ്യൻ, (സെബാസ്റ്റ്യൻ ഇന്നില്ല) ചന്ദ്രൻ എന്നിവരൊത്ത് തട്ടുദോശയും കട്ടൻചായയും അതീവരുചിയോടെ ഭക്ഷിച്ചത് ഞാൻ ഇന്നും ഓർക്കുന്നു. കാരണം രാത്രിയുടെ സ്വാതന്ത്ര്യങ്ങളായ നിലാവും മഞ്ഞും തണുപ്പും ശാന്തവും വിജനവുമായ തെരുവുകളും തെരുവുവിളക്കിന്റെ പ്രകാശവും തട്ടുകടകളിലെ രുചിഭേദങ്ങളും സ്ത്രീകൾക്ക് നിഷേധിച്ചിരുന്നതായിരുന്നുവല്ലോ. ഇന്നായിരുന്നു അത്തരമൊരു സ്വാതന്ത്ര്യത്തിന്റെ ആഹ്ലാദമെങ്കിൽ സദാചാരപോലീസുകാർ ഞങ്ങളെ വളഞ്ഞുവെച്ചിരിക്കും എന്നുറപ്പാണ്!

അന്നവിടെ, മുമ്പ് അപരിചിതരായ ആ യുവാക്കൻമാരോടും യുവതികളോടുമൊപ്പം ഭയമില്ലാതെ തലയുയർത്തി നിൽക്കാൻ എനിക്ക് സാധിച്ചത് അല്ലെങ്കിൽ എന്നെ അവിടെക്കൊണ്ടെത്തിച്ചത് കുറെ ചോദ്യങ്ങളായിരുന്നു. സ്ത്രീകളുടെ ജീവിതാവസ്ഥ എന്തുകൊണ്ടിങ്ങനെയായി? കാലാകാലങ്ങളിൽ സ്ത്രീകൾ യാതനകളും ദുരിതങ്ങളും അനുഭവിക്കണമെന്ന നിയോഗം സ്ത്രീകളുടെ മേൽ ആരെങ്കിലും അടിച്ചേൽപ്പിച്ചിട്ടുണ്ടോ? സ്ത്രീകൾക്ക് സ്വാതന്ത്ര്യം നൽകിയാൽ എന്താണ് സംഭവിക്കുക, എന്തുതരം സ്വാതന്ത്ര്യമാണ് വേണ്ടത്, സ്ത്രീസ്വാതന്ത്ര്യത്തെ ഉയർത്തിപ്പിടിക്കുന്ന വ്യക്തികളോ പ്രസ്ഥാനങ്ങളോ കേരളത്തിൽ നിലവിലുണ്ടോ? അത്തരം പ്രസ്ഥാനങ്ങളിലെ സ്ത്രീകൾ എങ്ങനെയിരിക്കും; അവരുടെ ആശയങ്ങളെ പ്രാവർത്തികമാക്കാൻ അവരെന്താണ് ചെയ്യുന്നത്? വിപ്ലവപ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള സ്ത്രീകൾക്ക് പുരുഷനോടൊപ്പം തുല്യപരിഗണന ലഭിച്ചിട്ടുണ്ടോ? അവരുടെ വിപ്ലവാശയങ്ങളും സ്ത്രീവിരുദ്ധസമീപനങ്ങളെ ഊട്ടിയുറപ്പിക്കുന്ന 'കുടുംബ' ജീവിതവും എങ്ങനെ പൊരുത്തപ്പെടും? സാധാരണ സ്ത്രീകളിൽ നിന്നും വ്യത്യസ്ഥരായി അവരെ സമൂഹം എങ്ങനെയാണ് നോക്കിക്കാണുന്നത്? ഇങ്ങിനെ നിരവധി ചോദ്യങ്ങളാണ് എന്നെ അജിയേച്ചിയുടെ അടുത്ത് എത്തിച്ചതെന്ന് പറയാം. തേടിയ വള്ളി കാലിൽച്ചുറ്റി എന്നപോലെ എന്നെപ്പോലെ ഒരു പെൺകുട്ടിയെ അജിയേച്ചിക്ക് വളരെ ആവശ്യമായിരുന്നു. അന്ന് 'ഇന്ത്യയിലെ സ്വതന്ത്ര സ്ത്രീ വിമോചനപ്രസ്ഥാനങ്ങളുടെ 4–ാം ദേശീയസമ്മേളനം' കോഴിക്കോട് ഡിസംബർ 28, 29,30 തിയ്യതികളിൽ സംഘടിപ്പിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ നടത്തേണ്ടിയിരുന്നത് അജിതയും പ്രൊഫ.ഗംഗയുമടങ്ങുന്ന സാറാജോസഫിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കേരള കോ–ഓർഡിനേഷൻ കമ്മിറ്റി(KCC)യായിരുന്നു. ഞാൻ എം.എ പഠനം കഴിഞ്ഞ് നിൽക്കുന്ന സമയത്ത് എന്റെ കയ്യിൽ വന്നുപെട്ട പി.ജെ.ജയിംസിന്റെ ഒരു പുസ്തകത്തിൽ നിന്നുള്ള പ്രചോദനമാണ് എന്നെ അവിടെയെത്തിച്ചത്. അജിയേച്ചിയുടെ ആവശ്യപ്രകാരം ഞാൻ

കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി കോഴിക്കോട് നിന്ന് പ്രവർത്തിച്ചു. ധാരാളം യാത്രകൾ, സെമിനാറുകൾ, പണപ്പിരിവുകൾ, ഒരുപാട് ആൾക്കാരുമായുള്ള കൂടിക്കാഴ്ചകൾ, ഒക്കെക്കൂടി വളരെ ഊർജ്ജസ്വലമായ നാളുകളായിരുന്നു. പരമ്പരാഗതസ്ത്രീസങ്കല്പങ്ങളിൽ നിന്നും വ്യത്യസ്തമായി പെരുമാറാനും പ്രവർത്തിക്കാനും 'സ്ത്രീസഹജ' മായ സങ്കോചങ്ങൾ വിട്ടൊഴിഞ്ഞ് കാര്യക്ഷമമായി പ്രവർത്തിക്കാനും അന്നത്തെ യാത്രകളും ആൾക്കാരുമായും വിവിധസംഘടനകളുമായുമുള്ള നിരന്തരസമ്പർക്കത്താൽ കഴിഞ്ഞിരുന്നു.

മിക്ക സെമിനാറുകളിലും സ്ത്രീസമത്വത്തെക്കുറിച്ച് ഗൗരവമായി ചർച്ചചെയ്യുമ്പോൾ എപ്പോഴും, സ്ത്രീകൾക്ക് തെങ്ങിൽകയറാനുള്ള സ്വാതന്ത്ര്യമാണോ വേണ്ടത്, പുരുഷന്മാരെപ്പോലെ നിങ്ങൾക്ക് വഴിയരികിൽ നിന്ന് മൂത്രമൊഴിക്കണോ? സിഗരറ്റുവലിച്ചും മദ്യപിച്ചും തുല്യത വരുത്തണോ എന്നൊക്കെയുള്ള ലഘൂകരിച്ചും അപഹസിച്ചുകൊണ്ടും ഉള്ള ചോദ്യങ്ങളായിരുന്നു മറുപക്ഷത്തുനിന്നും ഉയർന്നിരുന്നത്. പ്രത്യേകിച്ചും പുരുഷന്മാർ കൂടിയുള്ള വേദികളിൽ 'സ്ത്രീകൾക്ക് സമത്വം' എന്നു കേൾക്കുമ്പോൾ തന്നെ സ്ത്രീകൾ ദുർബ്ബലരും ചപലരും കായികശേഷി കുറഞ്ഞവരും എന്ന നിലയിൽ രണ്ടാം തരക്കാരാവേണ്ടതാണ് അല്ലെങ്കിൽ പ്രകൃതി സ്ത്രീയെ നിയോഗിച്ചിരിക്കുന്നത് അങ്ങനെയാണ് എന്നു സ്ഥാപിക്കാൻ ശ്രമിക്കുന്നവരുണ്ടായിരുന്നു.

ഇന്ന് സ്ത്രീകൾക്ക് തെങ്ങുകയറ്റ യന്ത്രവും പരിശീലനവും സൗജന്യമായി നൽകി സർക്കാർ പ്രോത്സാഹനത്തോടെ തൊഴിൽ മേഖലയിലേക്ക് ആനയിക്കുന്നു. മദ്യവും പുകവലിയും ഇന്ത്യൻ സ്ത്രീകളിലും വളരെയധികം വ്യാപകമാണ്. അപ്പോൾ മുൻചൊന്ന കൂട്ടർക്ക് സ്ത്രീസമത്വം വന്നു എന്ന് വാദിക്കാമല്ലോ. എന്നാൽ ഇന്നത്തെ സ്ത്രീകളുടെയവസ്ഥ അങ്ങനെയൊന്നുമല്ലെന്ന് സ്ത്രീവിരുദ്ധാശയങ്ങൾ പ്രചരിപ്പിക്കുന്നവർ പോലും വിശ്വസിക്കുമെന്ന് തോന്നുന്നില്ല.

ഇന്ന് പുരുഷനൊപ്പം പല മേഖലകളിലും കടന്നുകയറിയെങ്കിലും അവർക്ക് നേരെയുള്ള എല്ലാതരത്തിലുമുള്ള അതിക്രമങ്ങൾ കൂടിക്കൊണ്ടേയിരിക്കുന്നു. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളെ അപലപിക്കുന്നതും ഒരു ഫാഷൻ ആയിട്ടുണ്ടോ എന്ന് സംശയിക്കണം.

സ്ത്രീകളെ സംരക്ഷിക്കണം എന്നുള്ള മുദ്രാവാക്യം മാറേണ്ടതാണ്. സ്വയം സംരക്ഷിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കുകയാണ് വേണ്ടത്. വിവിധ തലങ്ങളിൽ, പ്രത്യേകിച്ചും സ്കൂൾ തലം മുതൽ ആൺ-പെൺ വേർതിരിവുകൾ ഇല്ലാതെ സ്ത്രീകൾക്കും പെൺകുട്ടികൾക്കും പരിശീലനം നൽകി അക്രമികളെ നേരിടാനുള്ള കായികക്ഷമത കൈവരുത്താൻ ബോധപൂർവ്വമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

രണ്ട് പതിറ്റാണ്ടിനു മുമ്പ് സ്ത്രീസ്വാതന്ത്ര്യം എന്ന് കേൾക്കുമ്പോൾ തന്നെ വിറളിപിടിച്ചു നടന്നവർ ആവർത്തിച്ചു ചോദിക്കുന്ന ചോദ്യമുണ്ട്. കുടുംബം, വിവാഹം, കുട്ടികൾ ഇതൊന്നുമില്ലാതെ നടക്കാൻ ഇഷ്ടപ്പെടുന്ന സ്ത്രീകളാണ് ഇതൊക്കെപ്പറയുന്നത്. നിങ്ങൾക്കിതൊന്നും വേണ്ടേയെന്ന്? വാസ്തവത്തിൽ അന്നും ഇന്നും സ്ത്രീ വിമോചനാശയങ്ങൾ കൊണ്ടു നടന്ന സ്ത്രീകൾ കുടുംബത്തിന്റെ ഭാരിച്ച ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തുകൊണ്ടു തന്നെയാണ് സ്ത്രീവിമോചനാശയങ്ങൾ പ്രചരിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തത്. കുറച്ചു പേരെങ്കിലും പ്രണയവിവാഹം നടത്തുകയും സ്ത്രീവിമോചനാശയങ്ങൾ ഉൾക്കൊള്ളുന്ന ബുദ്ധിജീവി ഭർത്താക്കന്മാർക്കൊപ്പം ജീവിതം തുടങ്ങുകയും എന്നാൽ കൂട്ടുത്തരവാദിത്വം മറന്ന ബുദ്ധിജീവി ഭർത്താക്കന്മാരെ സഹിക്കാൻ വിധിക്കപ്പെട്ടവരാവുകയും ചെയ്തു. സാധാരണസ്ത്രീകൾ ഇത്തരക്കാർക്കെതിരെ വിവാഹമോചനം നേടി സ്വതന്ത്രരാവുമ്പോൾ അതിനു കഴിയാതെ തൊണ്ടയിൽ പഴുത്തതിറക്കി ഒന്നിനുമാവാതെ നിസ്സഹായത അനുഭവിക്കുന്നവരുമുണ്ട്. അങ്ങനെയുള്ള സ്ത്രീകളുടെയവസ്ഥ ദയനീയമാണ്. നിങ്ങൾ വിപ്ലവാശയങ്ങളും സ്വതന്ത്രചിന്തകളുമുള്ള സ്ത്രീകളായിട്ടും എന്തേ കോടതിയിൽ പോകുന്നില്ല. അല്ലെങ്കിൽ ഇവരെ നിങ്ങളുടെ ജീവിതത്തിൽ നിന്നും പറിച്ചെറിയുന്നില്ല എന്ന ചോദ്യത്തിന് എന്തു മറുപടി കിട്ടാൻ. പകരം കുറെ വാദമുഖങ്ങൾ നിരത്തേണ്ടി വരും; അവയൊക്കെയും പരമ്പരാഗത സത്രീകളുടെ ആശയങ്ങളിൽ നിന്നു ഭിന്നമല്ല. എനിക്ക് പറയാനുള്ളത് കേരളത്തിലെ ഫെമിനിസ്റ്റുകളും കേരളത്തിന്റെ കുടുംബാന്തരീക്ഷത്തിൽ മെരുക്കപ്പെടുന്നവരും സാമൂഹ്യമായും മറ്റും ഞെരുക്കപ്പെട്ടവരുമായതിനാൽ ഒഴുക്കിനെതിരെ നീന്താനുള്ള വൈമനസ്യം പ്രകടിപ്പിക്കുന്നതാണ്.

*(2001-ൽ കേരളസ്ത്രീവേദിയുടെ സംസ്ഥാനകൺവീനറായിരുന്ന വിജയമ്മ ഇപ്പോൾ ചെന്നീർക്കര പഞ്ചായത്ത് മെമ്പറും അഭിഭാഷകയുമാണ്.)*







സുനീത.ടി.വി

## ചരിത്രത്തെ വീണ്ടെടുക്കുന്ന ഡോക്യുസിനിമ

# 'തൊഴിൽകേന്ദ്രത്തിലേക്ക്'

**അടുക്കളയിൽ** നിന്ന് അരങ്ങത്തെത്തിയ സ്ത്രീ നേരിട്ട ഏറ്റവും വലിയ ചോദ്യം 'ഇനിയെന്ത്?' എന്നതായിരുന്നു. 'തൊഴിൽചെയ്ത് പരാശ്രയമില്ലാതെ ജീവിക്കുക' അതായിരുന്നു സ്ത്രീകൾ കണ്ടെത്തിയ ഉത്തരം. അതിനായി 1946ൽ പാലക്കാട് ജില്ലയിലെ ലക്കിടി തിരുത്തിമ്മൽ ഇല്ലത്ത് തൊഴിൽകേന്ദ്രം സ്ഥാപിതമായി. നൂൽനൂൽപ്പും നെയ്ത്തും തുന്നലുമൊക്കെ ചെയ്ത് ആത്മാഭിമാനത്തോടെ സ്വാശ്രയശീലരായി ജീവിക്കാൻ സ്ത്രീകൾക്കുമാത്രമായ ഒരിടം! കേരളീയസ്ത്രീകളുടെ ആദ്യത്തെ കമ്മ്യൂൺ!

തൊഴിൽകേന്ദ്രത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പ്രചരിപ്പിക്കാനായി അവിടുത്തെ പെൺകൂട്ടായ്മ സൃഷ്ടിച്ച നാടകമാണ് 'തൊഴിൽകേന്ദ്രത്തിലേക്ക്'. തൊഴിൽകേന്ദ്രത്തിന്റെ പിറവിയിലേക്ക് നയിച്ച ഒരു ചരിത്രസംഭവമായിരുന്നു നാടകത്തിന് ആധാരം. കാവുങ്കരഭാർഗ്ഗവിയെന്ന പതിമൂന്നുകാരിയുടെ ജീവിതകഥയാണത്.

### ധർമ്മവേളി എന്ന വില്പന

തലശ്ശേരിയിലെ ഒരില്ലത്തെ മഹാദുഷ്ടനായ നമ്പൂതിരിയുമായി കാവുങ്കരഭാർഗ്ഗവിയുടെ വിവാഹം നിശ്ചയിച്ചു. അച്ഛനമ്മമാരില്ലാത്ത ഭാർഗ്ഗവിയുടെ ഇളയച്ഛൻ ധർമ്മവേളി (സ്ത്രീധനമില്ലാത്ത വിവാഹം) എന്ന പേരിൽ വരനോട് പണം വാങ്ങി ഭാർഗ്ഗവിയെ വിൽക്കാൻ തീരുമാനിച്ചു എന്നു സാരം. ഭാർഗ്ഗവിയുടെ എതിർപ്പ് വകവെക്കാതെ വിവാഹം നടത്തി. അവരുടെ ദുരിതജീവിതകഥയറിഞ്ഞ അന്തർജ്ജന സമാജം പ്രവർത്തകർ അവരെ അവിടെനിന്നും രക്ഷിച്ചു.

### തൊഴിൽകേന്ദ്രത്തിന്റെ പിറവി

ഭാർഗ്ഗവിയെ പിടിച്ചുകൊണ്ടു പോവാൻ ഭർത്താവിന്റെ ആൾക്കാർ വരുമ്പോൾ രക്ഷപ്പെട്ട് ഒളിച്ചിരിക്കാൻ അവർ പലപല സ്ഥലങ്ങൾ മാറി. ഒടുവിൽ അവരെ സുരക്ഷിതമായി പാർപ്പിക്കാൻ കൂടിയാണ് പാലക്കാട്ടെ ലക്കിടിയിൽ തൊഴിൽകേന്ദ്രം ആരംഭിച്ചത്. അവിടെ പന്ത്രണ്ടോളം സ്ത്രീകളുണ്ടായിരുന്നു. വിധവകളും രക്ഷപ്പെട്ട് ഓടിയെത്തിയവരും ദരിദ്രരും ഒക്കെയായ സ്ത്രീകൾ. ഭാർഗ്ഗവിയുടെ വിവാഹം പിന്നീട് ഒത്തുതീർപ്പാക്കി. അവർ നൂൽനൂറ്റും തുന്നൽപ്പണി ചെയ്തും അവിടെ ജീവിച്ചു.

ഇവർക്കെതിരെ യാഥാസ്ഥിതികർ അപവാദങ്ങൾ പറഞ്ഞു പരത്തി. തൊഴിൽകേന്ദ്രമെന്നാൽ വേശ്യാലയമെന്നായി അക്കൂട്ടർ. തെക്കേടത്തു ഭട്ടതിരി നടത്തിയിരുന്ന 'പതാക' പത്രമായിരുന്നു കുപ്രചരണങ്ങളുടെ കേന്ദ്രം.

### നാടകത്തിന്റെ പിറവി

ഇത്തരം അപവാദപ്രചരണങ്ങളെ ചെറുക്കാനും തൊഴിൽകേന്ദ്രത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ആളുകളെ അറിയിക്കാനുമായിട്ടാണ് നാടകം തയ്യാറാക്കിയത്.

പത്തുരംഗങ്ങളുള്ള നാടകം രണ്ടുപ്രമേയങ്ങൾ അവതരിപ്പിക്കുന്നു. കാവുങ്കരഭാർഗ്ഗവിയുടെ പ്രതി



ശ്രീദേവി കണ്ണമ്പിള്ളി, കാവുങ്കര ഭാർഗ്ഗവി, ഗംഗാദേവി, ദേവകി നിലയങ്ങോട്

രൂപമായ ദേവസേനയെന്ന നമ്പൂതിരിപ്പെൺകുട്ടിയെ കാനറയിലെ സിർസിയിലേക്കു വിൽക്കാൻ തീരുമാനിക്കുന്നതും അന്തർജ്ജനസമാജം പ്രവർത്തകർ അവരെ രക്ഷിക്കുന്നതുമാണ് ഒരു പ്രമേയം. ഭാർഗ്ഗവി തന്നെയാണ് ദേവസേനയായി വേഷമിട്ടത്. വിദ്യാഭ്യാസം നേടിയ ദേവകി അഭ്യസ്തവിദ്യനെങ്കിലും അറുപിന്തിരിപ്പനായ ഭർത്താവിനോട് കലഹിച്ച് വീടുവിട്ടിറങ്ങിപ്പോരുന്നതാണ് മറ്റൊരു പ്രമേയം.

നാടകത്തിൽ പുരുഷകഥാപാത്രങ്ങളെയടക്കം രംഗത്തവതരിപ്പിച്ചത് സ്ത്രീകൾ തന്നെയായിരുന്നു. തളിയിൽ ഉമാദേവി, ഇ.എസ്.സരസ്വതി. ആലമ്പിള്ളി ഉഷ, പി.എം. ശ്രീദേവി, എം.സാവിത്രി, പി.പ്രിയദത്ത, കാവുങ്കരഭാർഗ്ഗവി, വി.എൻ. ദേവസേന എന്നിവരാണ് രംഗത്തെത്തിയത്. നാടകരചനയും സംവിധാനവും ഒക്കെ ഇവരുൾപ്പെടുന്ന കൂട്ടായ്മ തന്നെയാണ് നിർവ്വഹിച്ചത്. ഇതിന് എം.ആർ.ബിയും എം.എസ്.നമ്പൂതിരിയും സഹായിച്ചു. കവി അക്കിത്തം ഉൾപ്പെടുന്ന ഒരു സംഘം പുരോഗമനാശയക്കാർ പിന്തുണ നൽകി.

1948ലാണ് നാടകം ആദ്യമായി അരങ്ങേറിയത്. ഉടൻ തന്നെ തൃശ്ശൂർ യോഗക്ഷേമം പ്രസ്സിൽ അച്ചടിക്കുകയുണ്ടായി. പത്തിലധികം വേദികളിൽ നാടകം കളിച്ചു.


### ചരിത്രത്തിന്റെ തമസ്കരണം

മലയാളനാടകസ്ത്രീചരിത്രം എഴുതിയ സജിതമഠത്തിൽ 'തൊഴിൽകേന്ദ്രത്തിലേക്ക്' എന്ന നാടകത്തെ അവതരിപ്പിക്കുന്നത് 'ചരിത്രം മറന്ന യോഗക്ഷേമനാടക'മായിട്ടാണ്. "നവോത്ഥാനനാടകങ്ങളിൽ അവസാനനാടകമെന്നു പറയാവുന്ന തൊഴിൽകേന്ദ്രത്തിലേക്ക് ഒഴികെ മറ്റൊന്നിലും സ്ത്രീകൾ അരങ്ങിന്റെ ഭാഗമായിട്ടില്ല" അവർ നിരീക്ഷിക്കുന്നു. ഇതിൽ മാത്രമാണ് സ്ത്രീകളുടെ സാന്നിധ്യം പൂർണ്ണമായും കാണാനായത്. പൂർണ്ണമായും സ്ത്രീകളുടെ കൂട്ടായ്മയിൽ രൂപം കൊള്ളുകയും അരങ്ങേറുകയും ചെയ്ത ആദ്യ സ്ത്രീപക്ഷനാടകം എന്ന വലിയ പദവി ഇതിനുണ്ട്. എന്നാൽ ഇങ്ങനെ കേരളീയ നാടകചരിത്രത്തിലും കേരളീയ നവോത്ഥാനചരിത്രത്തിലും ഒക്കെ അതീവ പ്രാധാന്യമർഹിക്കുന്ന ഈ നാടകം തമസ്ക്കരിക്കപ്പെട്ടതെന്തുകൊണ്ട്? മറ്റു നവോത്ഥാന നാടകങ്ങൾ ആഘോഷിക്കപ്പെട്ടപ്പോൾ ഈ നാടകം മറവിയുടെ ദശാബ്ദങ്ങൾ താണ്ടി (1948 മുതൽ ഇങ്ങോട്ട്) 2008-ൽ മാത്രം പുനഃപ്രസിദ്ധീകരിക്കപ്പെട്ടതെന്തുകൊണ്ട്? (പ്രശസ്ത നാടകപ്രവർത്തകനായ എൻ.ആർ.ഗ്രാമപ്രകാശാണ് ഇത് കണ്ടെടുത്ത് പ്രസിദ്ധീകരിച്ചത്.) കാരണങ്ങളിലൊന്ന് നാടകത്തിന്റെ സ്ഫോടനാത്മകമായ ഉള്ളടക്കം തന്നെയായിരുന്നു.

"ഈ നാടകത്തെ ഏറ്റവുമധികം ശ്രദ്ധേയമാക്കുന്നത് നാടകം പുതിയ സ്ത്രീയുടെ മാനസിക സംഘർഷങ്ങൾ ശക്തമായി ചിത്രീകരിക്കുകയും തന്റെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന കുടുംബാന്തരീക്ഷത്തെ ചോദ്യം ചെയ്യുകയും ചെയ്യുന്നു എന്നതാണ്. സ്ത്രീകൾക്കായുള്ള പൊതുഇടങ്ങൾ, സ്ത്രീകൾ മുൻകയ്യെടുത്തുനടത്തുന്ന സമരങ്ങൾ എന്നിവ നാടകത്തിന്റെ ഭാഗമായി" - സജിതമഠത്തിൽ നിരീക്ഷിക്കുന്നു. "തൊഴിൽകേന്ദ്രത്തിലേക്ക് ഏതർത്ഥത്തിലും പൂർണ്ണമായ ഒരു വിച്ഛേദമാണ്. സ്ത്രീപക്ഷത്ത് നിൽക്കുന്ന പുരുഷന്റെ രക്ഷാകർത്തൃത്വത്തിന്റെ സാന്ത്വനത്തിനപ്പുറം 'തൊഴിൽകേന്ദ്രത്തിലേക്ക്' തുറക്കുന്നത് ഗാർഹികവത്ക്കരണത്തിന്റെ പ്രത്യയശാസ്ത്രഭീകരതക്കെതിരായ പിൻമടക്കമില്ലാത്ത ഒരു സമരമാണ്. തറവാടിനെയും ഭർത്താവിനെയും സ്വാതന്ത്ര്യത്തിനു വേണ്ടി ത്യജിക്കുന്ന ദേവകിയിലൂടെ ആധുനിക സ്ത്രീസങ്കല്പത്തിന്റെ കരുത്തും കാന്തിയുമാണ് അജ്ഞാതരായ എഴുത്തുകാരികൾ ആവിഷ്ക്കരിച്ചത്" - കെ.ഇ.എൻ,



അഭിനയിച്ചവർ



നാടകത്തിൽ നിന്ന്

കുഞ്ഞഹമ്മദ് നാടകത്തെ വിലയിരുത്തുന്നു. "അന്ന് വി.ടിയുടെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന പ്രഹസനം വൈദികാധിപത്യത്തിന്റെ ആയുധശാലക്കാണ് തീ കൊളുത്തിയതെങ്കിൽ ഇന്ന് തൊഴിൽകേന്ദ്രത്തിലേക്ക് എന്ന ഈ നാടകം പുരുഷാധിപത്യത്തിന്റെ നേർക്കാണ് കയ്യോങ്ങുന്നത്" – അവതാരികയിൽ എം.സി.ഭട്ടതിരിപ്പാട് എഴുതുന്നു.

അതെ. ഇന്നും കേരളീയ സമൂഹത്തിന് ഉൾക്കൊള്ളാനാവാത്ത 'സ്ത്രീയുടെ സമ്പൂർണ്ണസ്വാതന്ത്ര്യം' എന്ന സങ്കല്പം അവതരിപ്പിച്ചതുകൊണ്ടു കൂടിയാണ് കാലത്തിനുമുമ്പേ നടന്ന ഈ നാടകം ഇരുളിൽ മറഞ്ഞുകിടന്നത്. താലി വലിച്ചൂരി ഭർത്താവിന്റെ മുഖത്തെറിഞ്ഞ ദേവകിയുടെ ഉൾച്ചൂട് ഇന്നും സമൂഹത്തെ പൊള്ളിക്കും.

### ചരിത്രത്തെ വീണ്ടെടുക്കുന്ന ഡോക്യുസിനിമ

മേൽപ്പറഞ്ഞ തമസ്ക്കരണത്തിന് ഒരു ഉചിതമായ പ്രായശ്ചിത്തമാവുന്നു കുറിയേടത്തുതാത്രിയുടെ നാട്ടുകാരനായ പ്രശസ്ത സംവിധായകൻ എം.ജി.ശശിയുടെ അതേ പേരിലുള്ള ഡോക്യുമെന്ററി. 54 വർഷങ്ങൾക്കുശേഷം സിനിമയിലൂടെ നാടകം വീണ്ടും അവതരിപ്പിക്കുകയും ആ കാലവും ചരിത്രവും അടയാളപ്പെടുത്തുകയും ചെയ്യുന്നു സംവിധായകൻ. 1948ൽ നാടകം അരങ്ങേറ്റിയവരിൽ ഇന്ന് ജീവിച്ചിരിപ്പുള്ള ശ്രീദേവി കണ്ണമ്പിള്ളിയും കാവുങ്കരഭാർഗ്ഗവിയും സ്ക്രീനിലെത്തുന്നു. ഒപ്പം അന്നത്തെ തൊഴിൽ കേന്ദ്രത്തിന്റെ പ്രധാനസംഘാടകരായ ഗംഗാദേവി, ദേവകി നിലയങ്ങോട് എന്നിവരുമുണ്ട്. ചരിത്രം സൃഷ്ടിച്ച ആ മുത്തശ്ശിമാർ പുതുതലമുറയിലെ സ്ത്രീകൾക്ക് ഊർജ്ജം പകർന്ന് ഡോക്യുസിനിമയിൽ പ്രത്യക്ഷപ്പെടുന്നു.

യുദ്ധം അവസാനിപ്പിക്കാൻ വേണ്ടി ഭർത്താക്കന്മാർക്ക് ലൈംഗികത നിഷേധിച്ച സ്ത്രീകളുടെ കഥ പറഞ്ഞ അരിസ്റ്റോഫെനീസിന്റെ ലിസിസ്ട്രാറ്റ, അച്ഛന്റേയും ഭർത്താവിന്റേയും ഇഷ്ടത്തിനൊത്തു തുള്ളുന്ന പാവയല്ല താനെന്ന് പ്രഖ്യാപിച്ച് വാതിൽവലിച്ചടച്ച് ഇറങ്ങിപ്പോന്ന ഇബ്സന്റെ (ഡോൾസ് ഹൗസിലെ) നോറ, സ്ത്രീകളെ വീട്ടടിമകളും ഭോഗോപകരണവുമായിക്കണ്ട പുരുഷാധിപത്യത്തോട് 63 പേരുകൾ ചരിത്രത്തിലേക്കെറിഞ്ഞുകൊണ്ട് കലഹിച്ച കുറിയേടത്തുതാത്രി എന്നിവരെ അവതരിപ്പിച്ചുകൊണ്ടാണ് ഡോക്യുമെന്ററി ആരംഭിക്കുന്നത്. തുടർന്ന് നാടകം അവതരിപ്പിക്കുന്നു. പഴയ നാടകത്തിലെന്നപോലെ ഇവിടെയും സ്ത്രീകൾ മാത്രമാണ് അരങ്ങിലെത്തുന്നത്.

ഗീതാജോസഫ്, കൃപ, സുനിതനെടുങ്ങാടി, ശോഭന.കെ., എം.ജി.ശൈലജ, രജിത, ആര്യ, ചിത്തിര എന്നിവരാണ് അഭിനേതാക്കൾ. ഇവരുടെ ഉജ്ജ്വലമായ പ്രകടനം പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. അമരത്താട്ടമ്മ, സ്ത്രീ ആൺവേഷത്തിലെത്തിയ അമരത്താട്ടഫ്പൻ, വക്കീൽ എന്നിവരൊക്കെ മനസ്സിൽ തങ്ങിനിൽക്കും എന്നു തീർച്ചയാണ്. മാനുഷി എന്ന ചരിത്രം സൃഷ്ടിച്ച നാടകസംഘത്തിൽ പ്രവർത്തിച്ചതിന്റെ അനുഭവസമ്പത്തും ഇവർക്ക് അതിന് സഹായകമായിട്ടുണ്ടാവും.

നാടകം ടെലിവിഷനിൽ അവതരിപ്പിക്കുക എന്നത് ശ്രമകരമായ ഒരു പ്രക്രിയയാണ്. അതേപടി അവതരിപ്പിച്ചാൽ അരോചകമാവും. എന്നാൽ ടെലിഫിലിമായി രൂപപ്പെടുത്തിയാൽ നാടകമെന്ന പ്രതീതി നഷ്ടമാവും. നാടകം എന്ന

ചിത്തിര, രജിത, ആര്യ



തോന്നൽ നിലനിർത്തിക്കൊണ്ട് ടെലിവിഷനിൽ സാങ്കേതിക മികവോടെ അവതരിപ്പിക്കുക എന്നത് ഇരുമാധ്യമങ്ങളിലും നല്ല അവഗാഹം നേടിയവർക്കുമാത്രം സാധിക്കുന്ന ഒരു സംഗതിയാണ്. അത് വളരെ ഗംഭീരമായി നിർവ്വഹിച്ചിരിക്കുന്നു, നാടകപ്രവർത്തകനും സിനിമാസംവിധായകനുമായ എം.ജി.ശശി. അദ്ദേഹത്തിന്റെ ആറു വർഷത്തോളമുള്ള ഗവേഷണത്തിന്റേയും പരിശീലനത്തിന്റേയും ഫലമാണിത്. ഒളരി, പട്ടാമ്പി, പറളി, തൃശൂർ എന്നിവിടങ്ങളിലായിരുന്നു ചിത്രീകരണം. മധു കാവിൽ ക്യാമറയും വേണുഗോപാൽ എഡിറ്റിംഗും നിർവ്വഹിച്ച ഈ 48 മിനുട്ട് ചിത്രം നിർമ്മിച്ചിരിക്കുന്നത് പ്രശസ്തകവി നിരഞ്ജൻ ആണ്.



ആര്യ, ഗീത ജോസഫ്

ലോകത്തിലെ സ്ത്രീപക്ഷനാടകങ്ങളുടേയും പോരാട്ടങ്ങളുടേയും ചരിത്രത്തിലെ അത്യുജ്ജ്വലമായ ഈ അദ്ധ്യായം ആ രീതിയിൽ തന്നെ അടയാളപ്പെടുത്താൻ ചിത്രത്തിന് സാധിച്ചിരിക്കുന്നു. എന്നാൽ അതോടൊപ്പം തന്നെ 54 വർഷങ്ങൾക്കുമുമ്പ് ഈ നാടകം മുമ്പോട്ടുവെച്ച സ്ത്രീവിമോചനത്തെപ്പറ്റിയുള്ള സങ്കല്പങ്ങൾ ഇന്നും കേരളീയസമൂഹം ഉൾക്കൊള്ളാൻ പ്രാപ്തമായിട്ടുണ്ടോ എന്ന ആത്മപരിശോധനക്കു പ്രേരകമാകുന്നുണ്ട് ഇത്. സാമൂഹ്യനീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സ്ത്രീയുടെ പോരാട്ടങ്ങൾ അവസാനിക്കുന്നില്ല എന്നും നടന്നുതീർത്തതിനേക്കാൾ എത്രയോ കഠിനവഴികൾ ഇനിയും താണ്ടാനുണ്ടെന്നും ഈ ഡോക്യുസിനിമ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ●

---

*പേജ് 30 തുടർച്ച*

മിച്ചതായും ഇസ്ലാമികചരിത്രപണ്ഡിതർ സാക്ഷ്യപ്പെടുത്തുന്നു.

ഈ അടുത്തകാലത്തായി ഡൽഹി കൂട്ടബലാത്സംഗവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ചില സാമുദായിക നേതാക്കളും മറ്റും നടത്തുന്ന ജല്പനങ്ങൾ കേട്ടാൽ സ്ത്രീയെ മതത്തിന്റെ പേരിൽ എങ്ങനെ അകത്തളത്തിൽ തളച്ചിടാം എന്നുള്ളതിന് അവസരം കാത്തിരിക്കുന്നത് പോലെയാണ്. ഇസ്ലാമിക നിയമം നടപ്പിലാക്കാൻ വാദിക്കാനുള്ള അവസരംകൂടിയായി അവർ ഇതിനെ കാണുന്നു. പാക്കിസ്ഥാനിൽ താലിബാൻ ആദ്യമായി പ്രഖ്യാപിച്ചതും നടപ്പിലാക്കിയതും പെൺകുട്ടികൾ വിദ്യാഭ്യാസം നേടരുത്, സ്ത്രീകൾ പുറത്ത് പോകരുത്, ജോലിക്ക് പോകരുത്, മറ്റുള്ളവരുമായി സമ്പർക്കം പുലർത്തരുത് എന്നൊക്കെയുള്ള കർശനമായ താക്കീതുകളായിരുന്നു. അതിന്റെ തുടർച്ചയായെ ഇപ്പോൾ സാമുദായിക നേതാക്കൾ നടത്തുന്ന പ്രഖ്യാപനങ്ങളേയും, ഉന്നതങ്ങൾ നൽകുന്ന നിർദ്ദേശങ്ങളേയും കാണാൻ കഴിയൂ. മതാധികാരശക്തികൾ എന്നും സ്ത്രീയെ രണ്ടാംകിട പൗരയായിട്ട് തന്നെയാണ് കൽപ്പിച്ചിരിക്കുന്നത് എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം.

*(മുസ്ലിംസ്ത്രീകളുടെ പ്രശ്നങ്ങൾക്കായി നിലകൊള്ളുന്ന 'നിസ' എന്ന സംഘടനയുടെ സ്ഥാപകയും പ്രധാന ഭാരവാഹിയുമാണ് വി.പി.സുഹറ)* ●

---

# പ്രിയ സുഹൃത്തുക്കളോട്

## 'സംഘടിത'യുടെ ഹൃദയംഗമമായ ആശംസകൾ!

ഇരുപത്തേഴ് ലക്കങ്ങൾ പിന്നിട്ട 'സംഘടിത'യുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ് നമ്മൾ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുണ്ടെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതാണ്. സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്, നിങ്ങളുടെ 'സംഘടിത' ടീം.

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:
അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370



അന്നമ്മ ജോസഫ്

# ഞാനറിഞ്ഞ 'ഫെമിനിസം'

> ***സ്ത്രീ, പുരുഷന്റെ ലൈംഗിക ആസ്വാദനത്തിനുവേണ്ടി പ്രകൃതി നൽകിയ ഒരു 'കളിക്കോപ്പ്' അല്ലെന്ന് ഉറക്കെപ്പറയുവാനും കുടുംബത്തിന്റെയോ മതത്തിന്റെയോ മറ്റേതൊരു ആൺകോയ്മാ സ്ഥാപനങ്ങളുടേയോ 'ചവുട്ടി' ആയിട്ട് ഇനി സ്ത്രീയെ കാണാൻ പറ്റില്ല എന്ന് സ്ഥാപിക്കുവാനും ഞങ്ങൾക്ക് അന്നു കഴിഞ്ഞു.***




Photo : Ramlath Kavil

**എനിക്ക്** വയസ്സ് അറുപത്തി എട്ട്. സ്ത്രീവിമോചന ആശയങ്ങൾ യൗവ്വനപ്രായത്തിൽ തന്നെ ഒരു ഭ്രാന്തമായ ആവേശമായി എന്നിലെത്തിയിരുന്നു. സ്ത്രീയും പുരുഷനും ഒരുപോലെ സമൂഹത്തെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്ത് പരസ്പരം ഊന്നുവടികളായി വർത്തിച്ചുകൊണ്ട് പുതിയ തലമുറയെ മതിയായ ഊർജ്ജം കൊടുത്ത്, വളർന്ന് രൂപപ്പെടാൻ സഹായിക്കുക, അങ്ങനെ മനുഷ്യത്വത്തിന്റെ വിശാലമാനങ്ങൾ തേടിക്കൊണ്ട് 'നാളെ'യിലേക്ക് കുതിക്കുക. സ്ത്രീവിമോചനത്തെ (മനുഷ്യവിമോചനത്തെ)പ്പറ്റിയുള്ള എന്റെ ധാരണയുടെ ആകെത്തുക ഇതായിരുന്നു. കടന്നു പോന്ന വഴികൾ സുഖശീതളമൊന്നും ആയിരുന്നില്ല. പ്രതിബദ്ധങ്ങളും പ്രതിസന്ധികളും ഉള്ളിലും പുറത്തും ഒരു പോലെ.

ഫെമിനിസ്റ്റ് ആശയം, എന്റെ തലമുറയിൽ ഒരുസ്ത്രീയുടെ സ്വതന്ത്രചിന്തക്ക്, സ്വപ്നങ്ങൾക്ക് നിറം പകരുന്ന ഒരു ആശയസംഹിതയുടെ തിരനോട്ടം ആയിരുന്നു. അതക്കാലത്തെ പെൺകൂട്ടായ്മകൾക്ക് ആവേശം നൽകി, ദിശാബോധം നൽകി. സ്ത്രീ, പുരുഷന്റെ ലൈംഗിക ആസ്വാദനത്തിനുവേണ്ടി പ്രകൃതി നൽകിയ ഒരു 'കളിക്കോപ്പ്' അല്ലെന്ന് ഉറക്കെപ്പറയുവാനും കുടുംബത്തിന്റെയോ മതത്തിന്റെയോ മറ്റേതൊരു ആൺകോയ്മാ സ്ഥാപനത്തിന്റെ 'ചവുട്ടി' ആയിട്ട് ഇനി സ്ത്രീയെ കാണാൻ പറ്റില്ല എന്ന് സ്ഥാപിക്കുവാനും ഞങ്ങൾക്ക് അന്നു കഴിഞ്ഞു. സ്ത്രീ സംഘങ്ങൾ, കൂട്ടായ്മകൾ, സ്ത്രീപഠനകേന്ദ്രങ്ങൾ ഇവ(പൂർണ്ണത അവകാശപ്പെടാൻ പറ്റില്ല എങ്കിലും) സമർപ്പിത

രായി അഹോരാത്രം പണിയെടുത്തു. ഭാഗ്യശാലികളായ കുറേപ്പേർക്ക് ഈ പ്രവർത്തനത്തിൽ സ്വന്തം അച്ഛന്റേയോ ഭർത്താവിന്റേയോ സഹോദരന്റേയോ പിന്തുണയും പിൻബലവും ലഭിച്ചു. എന്നാൽ സമ്പൂർണ്ണമായ ലിംഗനീതി, തുല്യമായ ലിംഗപദവി ഈ ആശയങ്ങൾക്ക് ഇന്ന് സമൂഹത്തിന്റെ തുറന്ന പിന്തുണ ലഭിച്ചു വരുന്നതേയുള്ളൂ.

പാട്രിയാർക്കി-പുരുഷമേധാവിത്വപ്രത്യയശാസ്ത്രം-സ്ത്രീകളെ മാത്രമല്ല ദളിത്/ആദിവാസി/ഗോത്ര സമൂഹങ്ങളെ ആകെ ആഗോളമുതലാളിത്വത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും താല്പര്യങ്ങൾക്ക് വേണ്ടി കൂട്ടിക്കൊടുപ്പ് നടത്തുന്ന ഒരു അവിശുദ്ധ ശക്തിയാണെന്ന് മനസ്സിലാക്കാൻ മിക്ക സ്ത്രീകൾക്കും അന്ന് കഴിഞ്ഞില്ല. കാലവും പച്ചയായ പെൺഅനുഭവങ്ങളും സമൂഹത്തെ അതിവേഗം പഠിപ്പിച്ചുകൊണ്ടേയിരിക്കുന്നു. ഒരു പുത്തൻ പരിഷ്കാരത്തിലധികമായി മറ്റെന്തോ ഈ പുത്തൻ സംജ്ഞ അർത്ഥമാക്കുന്നുണ്ട് എന്ന് അന്നേ തോന്നിയിരുന്നു. ഫെമിനിസ്റ്റ് ചിന്താശൈലികളും പ്രവർത്തനപദ്ധതികളും നൂതനവും വ്യത്യസ്ഥവുമായിരുന്നു. ഒരാൾ അല്ലെങ്കിൽ ഒരുപിടി ആളുകൾ ചിന്തിക്കുക തീരുമാനമെടുക്കുക, മറ്റുള്ളവർ അനുസരിക്കുക എന്നതിനുപകരം തീരുമാനങ്ങളിലും നടപ്പാക്കലുകളിലും കൂട്ടുത്തരവാദിത്വം ആവശ്യപ്പെടുന്ന ഒരു രീതി ഒരേ ലക്ഷ്യത്തിനു വേണ്ടി ഇറങ്ങി തിരിച്ച പങ്കാളികൾ പരസ്പരം കരുതുകയും വിഭവങ്ങൾ പങ്കുവെക്കുകയും വേണം. കൂടാതെ ഓരോ ടീം മെമ്പറും സ്വന്തം ഉത്തരവാദിത്തങ്ങൾ കഴിവതും മെച്ചമായി നിർവഹിക്കുകയും പൊതു താല്പര്യങ്ങൾക്കു വേണ്ടി എപ്പോഴും ത്യാഗബുദ്ധിയോടെ പെരുമാറുകയും ചെയ്യണം. ഇത്തരം ഒരു പുതിയ പ്രവർത്തനശൈലി ഒരു പുത്തൻ ജനാധിപത്യബോധത്തിന്റെ തിളക്കമുള്ള സാക്ഷിപത്രമായിരുന്നു. കുഞ്ഞുങ്ങളെയും വൃദ്ധരായ കുടുംബാംഗങ്ങളെയും സംരക്ഷിക്കേണ്ടത് പ്രവർത്തനത്തിന്റെ തന്നെ അഭേദ്യ

***സ്ത്രീ പുരുഷന്റെ ശത്രുവല്ല; പക്ഷേ ‘പുരുഷൻ സ്ത്രീയുടെ തല’ എന്നു തുടങ്ങുന്ന പാശ്ചാത്യ ക്രിസ്ത്യൻ ദൈവചിന്തയെ ആഴത്തിൽ പരിശോധിച്ചു. സ്ത്രീശരീരം അശുദ്ധമെന്നും സഭയിൽ അവർ മിണ്ടാതിരിക്കട്ടെയെന്നും തുടങ്ങിയ ഓരോ മതചിന്തയും അത് രൂപപ്പെട്ട നൂറ്റാണ്ടിന്റെ പൊതു സാമൂഹ്യബോധത്തിന്റെ സൃഷ്ടിയാണെന്നതിനാൽ അന്ധമായി മതഗ്രന്ഥങ്ങൾ എഴുതിവെച്ചിട്ടുള്ള സാമൂഹ്യക്രമങ്ങളും വ്യവസ്ഥകളും ദൈവികതയുടെ ഭാഗമായി കാണേണ്ട ആവശ്യമില്ല എന്ന് ഞങ്ങൾ വിലയിരുത്തി.***

ഭാഗമായിരുന്നു. ഇല്ലായിരുന്നെങ്കിൽ എന്റെ കുട്ടികൾ എങ്ങനെ വളരുമായിരുന്നു എന്ന് ഞാൻ ഓർക്കാറുണ്ട്. നാളെ പ്രസ്ഥാനം കൊണ്ടു നടക്കേണ്ട കുഞ്ഞുങ്ങളെ പൊതുസ്വത്തായി, ഭാവിയുടെ വാഗ്ദാനം ആയി കരുതി.

‘ഉണരട്ടൊരു നവചേതന
ഉണരും ജനത തൻ സംഗീതം
ഉണരും ജനത തൻ സംഗീതം...
ഉയരങ്ങളിലെ രോമാഞ്ചം,’

എന്ന് എഴുപതുകളുടെ ഉത്തരാർദ്ധം മുതൽ ഞങ്ങൾ ഉന്മേഷത്തോടെ പാടി. സ്ത്രീകളുടെ അനുഭവങ്ങളുടെ വലിയ ഗ്രന്ഥശാലയിലാണ് ഞങ്ങളുടെ പ്രധാന പാഠപുസ്തകങ്ങൾ പൊടിപിടിച്ച് അവഗണിക്കപ്പെട്ട്, കിടന്നത്. പൊടിമാറ്റി, തുടച്ച്. അവയുടെ താളുകൾ കൂട്ടിവെച്ച് വായിക്കുകയേ വേണ്ടിയിരുന്നുള്ളൂ. ലഭിച്ച മനുഷ്യസ്വാതന്ത്ര്യത്തിന്റെ പുത്തൻവെളിച്ചത്തിൽ ദ്രാവിഡ ദേശീയബോധവും നാടൻപാട്ടുകളും ബ്ലാക്ക് തിയോളജിയുമായും ഫെമിനിസ്റ്റ് പ്രത്യയശാസ്ത്രവുമായി ചേർത്ത് വായിക്കാൻ ശ്രമിച്ചപ്പോൾ ലഭിച്ച ഉൾക്കാഴ്ചകൾ കോരിത്തരിപ്പിക്കുന്നതായിരുന്നു. ഓരോ കൂടിവരവിലും വർത്തമാനപത്രവും ആനുകാലിക രാഷ്ട്രീയ വിഷയങ്ങളും വിശദമായി വിശകലനവിധേയമാക്കി. ചിന്തകൾ രാകി മൂർച്ചവരുത്തി. പുതിയൊരു ലോകക്രമത്തിന് മനസ്സുകളെ പരുവപ്പെടുത്തുന്നതിന് പരസ്പരം സഹായിച്ചു. സ്ത്രീ പുരുഷന്റെ ശത്രുവല്ല; പക്ഷേ ‘പുരുഷൻ സ്ത്രീയുടെ തല’ എന്നു തുടങ്ങുന്ന പാശ്ചാത്യക്രിസ്ത്യൻ ദൈവചിന്തയെ ആഴത്തിൽ പരിശോധിച്ചു. സ്ത്രീശരീരം അശുദ്ധമെന്നും സഭയിൽ അവർ മിണ്ടാതിരിക്കട്ടെയെന്നും തുടങ്ങിയ ഓരോ മതചിന്തയും അത് രൂപപ്പെട്ട നൂറ്റാണ്ടിന്റെ പൊതു സാമൂഹ്യബോധത്തിന്റെ സൃഷ്ടിയാണെന്നതിനാൽ അന്ധമായി മതഗ്രന്ഥങ്ങൾ എഴുതിവെച്ചിട്ടുള്ള സാമൂഹ്യക്രമങ്ങളും വ്യവസ്ഥകളും ദൈവികതയുടെ ഭാഗമായി കാണേണ്ട ആവശ്യമില്ല എന്ന് ഞങ്ങൾ വിലയിരുത്തി. ഇഷ്ടമില്ലാത്തപ്പോൾ തല്ലുവാനും ഇഷ്ടം വന്നാൽ തലോടുവാനും പുരുഷന് അനുവദിച്ചു നൽകിയിട്ടുള്ള ഏകപക്ഷീയമായ സ്വാതന്ത്ര്യം ദൈവദത്തമല്ല എന്ന് ഞങ്ങൾ ഉറക്കെ പ്രഖ്യാപിച്ചു.

മതസമുദായ പാരമ്പര്യഘടനകൾക്ക് ഇത്തരം നവകൂട്ടായ്മകൾ ഒട്ടും പത്ഥ്യമായിരുന്നില്ല. ഓർമ്മകളിൽ മായാതെ നിൽക്കുന്ന ചില ‘എപ്പിസോഡ്സ്’ രസകരമായിരിക്കും എന്ന് കരുതുന്നു.

കോളേജ് അധ്യാപിക കൂടി ആയിരുന്ന എന്നെ ഇടവകയിലെ ‘മുതിർന്ന’ വൈദികൻ മാതൃസംഘത്തിന് ബൈബിൾക്ലാസ് എടുക്കുവാൻ ചുമതലപ്പെടുത്തി. പുതിയനിയമത്തിലെ മത്തായിയുടെ സുവിശേഷം 25-ാംഅധ്യായം 42-ാം വാക്യം അടിസ്ഥാനപ്പെടുത്തി ഞാൻ അന്നത്തെ ക്ലാസ്സ് എടുത്തു.


നഗ്നനും ഉടുപ്പില്ലാത്തവനും രോഗിയും തടവിലും ആയിരിക്കുന്ന ദൈവത്തെ അന്വേഷിക്കുവാൻ ഇന്ന് നാം മാറി ചിന്തിക്കേണ്ടിയിരിക്കുന്നു എന്ന് ക്ലാസ്സ് അവസാനിപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞുവെച്ചു. പതിവുപരിപാടിയായി ഹോസ്പിറ്റൽ സന്ദർശനം നടത്തുന്ന സ്ഥാനത്ത് 'കൂട്ടബലാൽസംഗ' ത്തിന് വിധേയയായി ഗവൺമെന്റ് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ട ഒരു പെൺകുട്ടിയെ നമുക്ക് സന്ദർശിച്ചാലോ, എന്ന ഒരു ആശയം ഞാൻ അവതരിപ്പിച്ചു. 'ഈ തോന്ന്യാസം നടക്കുന്ന പെണ്ണുങ്ങളുടെ ഒക്കെ കാര്യം പള്ളിയിലിരുന്നുകൊണ്ടാണോ പറയുന്നത്' , മുതിർന്ന തലമുറയിലെ ചില അമ്മമാർ മൂക്കത്ത് വിരൽവെച്ചു. "ഇങ്ങനെയുള്ള കാര്യത്തിന് കൊച്ചുബസ്ക്യാമ്മ ഞങ്ങളെ മേലിൽ വിളിച്ചേക്കരുത്, വേദപുസ്തകത്തിലെ നല്ല കാര്യം വല്ലോം ഉണ്ടെങ്കിൽ പറഞ്ഞാട്ടെ."

എന്റെ നിർദ്ദേശത്തോട് അനുകൂലിച്ച്, തൊഴിലെടുക്കുന്ന ധനികഗൃഹത്തിൽവെച്ച് കൂട്ടബലാത്സംഗത്തിന് വിധേയയായ 'ലീല'യെ സന്ദർശിക്കുവാൻ ഭക്തിയുള്ള ഒരു 'നല്ല' സ്ത്രീപോലും തയ്യാറായില്ല. സ്വതന്ത്രചിന്ത അപകടം വിളിച്ചു വരുത്തും എന്ന് ആരോ ചെവിയിൽ മന്ത്രിച്ചപോലെ. അതുവരെ എന്നെ കാര്യമായി ശ്രദ്ധിച്ച അമ്മമാർ പോലും "ബാ, മറിയാമ്മേ, നേരം ഒത്തിരിയായി, പോകാം" എന്ന് കുശുകുശുത്തുകൊണ്ട് ഓരോരുത്തരായി സ്ഥലം വിട്ടു.

സ്ത്രീവിമോചന ആശയങ്ങളിൽ വിശ്വസിക്കുന്നതും അവ പ്രചരിപ്പിക്കുന്നതും അല്പം 'റിസ്ക്കു'ള്ള പണിയാണെന്ന് അന്നുതന്നെ മനസ്സിലായി. തെല്ലു പ്രതീക്ഷയോടെ എന്നെ കേൾക്കുന്ന സാധാരണക്കാരായ സ്ത്രീകളുടെ സാമൂഹ്യബോധം ഉണർത്താൻ ഒരുകൈ ശ്രമിച്ച ഞാൻ ആകെ ഇളിഭ്യയായതു മിച്ചം. കുറച്ച് സഹതാപത്തോടെ സംഭവം ശ്രദ്ധിച്ച ഒരു അമ്മച്ചി എന്നെ ആശ്വസിപ്പിച്ചു. "പോട്ടെ, മോൾക്ക് ഇതിന്റെ വല്ലോം ആവശ്യമുണ്ടോ? അച്ഛൻ വലിയ പദവിയിൽ ഇരിക്കുന്ന ആൾ അല്ലയോ? വെറുതെ അതുമിതും പറഞ്ഞ് മോളെന്തിനാ ആ പെണ്ണുങ്ങടെ അപ്രീതി സമ്പാദിക്കുന്നത്. വിവരമില്ലാത്ത കൂട്ടം! പോകട്ടെ!

വേറെ വല്യപണിയൊന്നും ഇല്ലാത്ത സൊസൈറ്റികൊച്ചമ്മമാരുടെ, ആഫ്റ്റർ ഡിന്നർ ടോക്ക് ആയി ഫെമിനിസ്റ്റ് ആശയങ്ങൾ കുറേയെല്ലാം എഴുതിത്തള്ളപ്പെട്ടു. സ്ത്രീവിമോചന ആശയങ്ങൾ വേദികളിൽ പ്രസംഗിക്കാനും ചർച്ചചെയ്യാനും കയ്യടി വാങ്ങാനും കഴിഞ്ഞവർതന്നെ സ്വന്തം വ്യക്തിജീവിതത്തിൽ ഇഴചേർത്തും ഇതേ ആശയങ്ങളെ മുഖവിലക്ക് ഏറ്റെടുക്കുവാനും ആശയങ്ങൾക്ക് അടിത്തറയായി ജീവിതസാക്ഷ്യം നൽകുവാനും വലുതായി ശ്രമിച്ചില്ല, അല്ലെങ്കിൽ അധികം പേർക്കും കഴിഞ്ഞില്ല. ഉദാഹരണത്തിന് ഒരു അധ്യാപികയായി ജീവിച്ചപ്പോൾ തന്നെ ഗാന്ധിജിയും നെഹ്റുവും ഒക്കെ രൂപം കൊടുത്ത സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ആകൃഷ്ടയായിരുന്നു എന്റെ അമ്മ, ഖദറിന്റെ ചട്ടയും ധരിച്ച് വലുതായി പ്രവർത്തനത്തിൽ ഇറങ്ങി ഇല്ലെങ്കിൽ പോലും സ്വദേശി പ്രസ്ഥാനത്തോട് കൂറ് പുലർത്തിയിരുന്നു. എന്നാൽ തനിക്ക് കിട്ടിയ തുച്ഛമായ ശമ്പളം മാറ്റിവെച്ച് ഒരേക്കർ ഭൂമി വാങ്ങിയപ്പോൾ ഭൂമി തന്റെ പേരിൽ വേണ്ട, പിതാവിന്റെ പേരിൽ എഴുതിയാൽ മതിയെന്ന് നിർബന്ധം കാട്ടി. പ്രബുദ്ധയായിരുന്നു അമ്മ. ഒരേക്കർ ഭൂമിയുടെ ഉടമ, സർക്കാർ ഉദ്യോഗസ്ഥ, ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം എന്നീ പദവികൾ കയ്യിൽ വന്നു ചേർന്നപ്പോൾ അമ്മ ഒരു വെറും പെണ്ണിനേക്കാൾ മുകളിലായി എങ്കിലും കുടുംബം എന്ന സാമൂഹ്യഘടന

***സ്ത്രീവിമോചന ആശയങ്ങളിൽ വിശ്വസിക്കുന്നതും അവ പ്രചരിപ്പിക്കുന്നതും അല്പം 'റിസ്ക്കു'ള്ള പണിയാണെന്ന് അന്നുതന്നെ മനസ്സിലായിതുടങ്ങി. തെല്ലു പ്രതീക്ഷയോടെ എന്നെ കേൾക്കുന്നു സാധാരണക്കാരായ സ്ത്രീകളുടെ സാമൂഹ്യബോധം ഉണർത്താൻ ഒരുകൈ ശ്രമിച്ച ഞാൻ ആകെ ഇളിഭ്യയായതുമിച്ചം.***



ക്കുള്ളിൽ ആ സ്ഥാപനവും അത് അടിച്ചേൽപ്പിച്ച മൂല്യസംഹിതയും അതിന്റെ എല്ലാ പവിത്രതയിലും സൂക്ഷിക്കുവാനും പിതൃമേധാവിത്വവും ജന്മി-ഭൂപ്രഭു വർഗ്ഗങ്ങളുടെ താല്പര്യങ്ങളും അതേപടി, സ്വന്തം ആൺമക്കൾക്കായി, സൂക്ഷിച്ച് സംരക്ഷിക്കുവാനും ഒട്ടും അമാന്തം കാണിച്ചില്ല. പിതാവ് മരിച്ചശേഷം, അവരുടെ ഇരുവരുടെയും സ്ഥാവരസ്വത്തുക്കൾ ഒരു പോറലും ഏൽക്കാതെ, ആൺമക്കൾക്ക് മാത്രമായി വിഭജിക്കുന്നതിന് മേൽകൈ എടുക്കുകയുണ്ടായി. 90 വയസ്സ് വരെ പരസഹായം കൂടാതെ സ്വതന്ത്രയായി ജീവിച്ചു; എന്നാൽ ആൺകോയ്മാ സമ്പ്രദായത്തിന്റെ മൂല്യങ്ങൾ തന്റെ മനസ്സാക്ഷിയിൽ എഴുതിച്ചേർത്തിരുന്നു.

എന്റെ സ്വന്തം അനുഭവം പറഞ്ഞാൽ സ്ത്രീവിമോചന ആശയങ്ങൾ പൂർണ്ണമായി എന്നെ നയിക്കുവാൻ തക്കവണ്ണം അവയോടു കർക്കശമായ വിശ്വസ്തത പുലർത്തുവാൻ കഴിഞ്ഞില്ല. പരസ്പരം സ്നേഹബന്ധത്തിൽ കുറേ നാൾ കഴിഞ്ഞതിനുശേഷം 1969 മെയ് മാസം ഞാനും എം.ജെ.ജോസഫ് അച്ചനും വിവാഹിതരായപ്പോൾ അച്ചന്റെ കുടുംബത്തിൽ നിന്ന് ഒളിഞ്ഞും മറിഞ്ഞും സ്ത്രീധനത്തിനുള്ള ഡിമാന്റ് വന്നു. കൈമാറ്റം ചെയ്യാൻ പണമായി എന്റെ കുടുംബം അധികം ഒന്നും കരുതിയിരുന്നില്ല. കോളേജ്/അധ്യാപികയായ മകൾക്കുവേണ്ടി സ്ത്രീധനം മുൻകൂട്ടി കരുതി വെക്കേണ്ട ആവശ്യം മാതാപിതാക്കൾക്കും തോന്നിയില്ല. അതിനാൽ ഒരു പ്രതിസന്ധി ഒഴിവാക്കാനായി വിവാഹത്തലേന്ന് എന്റെ മാതാപിതാക്കൾ, ഭാവി മരുമകന്റെ പേരിൽ സ്ത്രീധനത്തിന് തുല്യമായ വസ്തു എഴുതിവെക്കാൻ തയ്യാറായി; ഇതിന് ശിക്ഷയായി വസ്തു രജിസ്റ്റർ ചെയ്യാൻ പകലന്തിയോളം രജിസ്റ്റർ കച്ചേരിക്ക് മുമ്പിൽ കുത്തിയിരിക്കേണ്ടി വന്നു. അതോടെ സുന്ദരവും സുരഭിലവുമായ 'പ്രേമവിവാഹ'സങ്കല്പത്തിന് മുകളിൽ ഒരു കറുപ്പ് നിഴൽ വീണു. സ്ത്രീധനം എന്ന പിശാചിന്റെ മുഖത്ത് ഒന്ന് കാർക്കിച്ച് തുപ്പാനുള്ള ധീരതകാട്ടാൻ ഞങ്ങൾക്കിരുവർക്കും കഴിഞ്ഞില്ല. തന്റെ

***ഒരു അന്തർദ്ദേശീയ സമ്മേളനത്തിൽ പങ്കെടുക്കാൻ യാത്രക്കായി പാസ്പോർട്ട് എടുക്കേണ്ടിവന്നു. പേരിനോടൊപ്പം തൊഴിൽ എന്ന കോളത്തിൽ ഹൗസ് വൈഫ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കുടുംബനാഥ എന്നത് എന്റെ തൊഴിലാണോ? ഇതിനേക്കാൾ നല്ലത് തൊഴിലില്ല എന്നു ചേർക്കുകയായിരുന്നില്ലേ?***

കുടുംബത്തിന്റെ ഡിമാന്റിനെ ധിക്കരിക്കുവാൻ, പരിശുദ്ധപ്രണയത്തെ ഉയർത്തിപ്പിടിക്കുവാൻ, തനിക്ക് കഴിയാതെപോയതിനെപ്പറ്റി എന്റെ ഭർത്താവ് എന്നും ദുഃഖിതനായിരുന്നു. ആ കുറ്റബോധം ആത്മാവിൽ ഒരു ആണിപ്പാടായി അദ്ദേഹത്തെ പിൻതുടർന്നു.

ഇതരസംഭവങ്ങൾ ഇനിയും പരിശോദിച്ചാൽ കാണും. മുമ്പ്, അവിവാഹിത ആയിരുന്നു എന്ന ഒറ്റക്കാരണം കൊണ്ട് കോളേജ് മാനേജ്മെന്റ് സർവ്വീസിൽ ബ്രേക്ക് ഉണ്ടാക്കിയതും എന്റെ ജീവിതത്തെ കശക്കിയ ഒരു സംഭവമാണ്. തൊഴിൽമേഖലയിൽ നിന്ന് ഭർത്താവിന്റെ നിർദ്ദേശം മാനിച്ച് മനസ്സില്ലാമനസ്സോടെ പിൻമാറിയ എന്നെ മാനസികമായി ഇടിച്ചു താഴ്ത്തിയ ഒരു സംഭവം ഓർക്കുന്നു. 1978-ലാണെന്ന് തോന്നുന്നു ഒരു അന്തർദ്ദേശീയ സമ്മേളനത്തിൽ പങ്കെടുക്കാൻ യാത്രക്കായി പാസ്പോർട്ട് എടുക്കേണ്ടിവന്നു. പേരിനോടൊപ്പം തൊഴിൽ എന്ന കോളത്തിൽ ഹൗസ് വൈഫ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കുടുംബനാഥ എന്നത് എന്റെ തൊഴിലാണോ? ഇതിനേക്കാൾ നല്ലത് തൊഴിലില്ല എന്നു ചേർക്കുകയായിരുന്നില്ലേ? Is this going to be my status? ദീർഘവർഷങ്ങളായുള്ള അക്കാഡമിക്പഠനവും വിജയവുമെല്ലാം ഒരു കുടുംബനാഥ ആകാൻ മാത്രമായിരുന്നോ? തൊഴിൽ ഉപേക്ഷിക്കണമെന്ന് വന്നപ്പോൾ എന്തുകൊണ്ട് ഞാൻ അതിനെതിരെ കോടതിയിൽ പോയില്ല? ഈ ചോദ്യങ്ങൾ, ചിന്തകൾ ഏറെക്കാലം എന്റെ ഏകാന്തതകളിൽ തീക്കനൽകോരിയിട്ടുകൊണ്ടിരുന്നു.


മറ്റൊരവസരത്തിൽ ഒരു കോൺഫ്രൻസിൽ പങ്കെടുക്കുന്നതിലേക്ക് ശ്രീലങ്കയിലേക്ക് യാത്ര ചെയ്യേണ്ടിവന്നു. വിസ എടുക്കാൻ ചെന്നൈയിലെ ഇന്ത്യൻഹൈക്കമ്മീഷണറുടെ ഓഫീസ്സിൽ ചെന്നു. "ഈ യാത്രക്ക് നിങ്ങളുടെ ഭർത്താവ് നിങ്ങളെ അനുവദിക്കുന്നു എന്നതിന് എന്താണ് തെളിവ്?" ഞാൻ ഒരു നിമിഷം പകച്ചു നിന്നുപോയി. ഒരുമാസം പലതവണ വിദേശരാജ്യങ്ങളിൽ പോയപ്പോഴൊന്നും അദ്ദേഹത്തിന് ഭാര്യയുടെ സമ്മതപത്രം വേണ്ടിയിരുന്നില്ല. എന്റെ വിയോജിപ്പ് ഞാൻ ഹൈക്കമ്മീഷണറെ വിനയപൂർവ്വം അറിയിച്ചു. എന്തുഫലം? "നിങ്ങൾക്ക് പോകണമെങ്കിൽ നിയമം അനുശാസിക്കുന്നതുപോലെ അദ്ദേഹത്തിന്റെ സമ്മതപത്രം വാങ്ങിവരൂ. please. കമ്മീഷണർ അടുത്ത ആളെ വിളിച്ചു.

പുരുഷമേധാവിത്വം പലരൂപത്തിലും ഭാവത്തിലും ഇന്നും നമ്മെ പല്ലിളിച്ചു കാട്ടുന്നു. ധീരതയോടെ നാം പോരാട്ടം തുടരുമോ?

പോരാട്ടം, കൂട്ടായ പോരാട്ടം, അതാണ് ഏകവഴി.

*(തിരുവല്ലയിലെ ആദ്യത്തെ ഗ്രാമീണവനിതാസംഘത്തിന്റെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ് അന്നമ്മ ജോസഫ്)*

●



Painting : Najeena
(stitching holes in silence)



സീന പനോളി

# പുനർവിചിന്തനം ആവശ്യപ്പെടുന്ന സ്ത്രീവാദം

**ഒരു** പ്രത്യയശാസ്ത്രത്തിന്റെ വിജയവും തോൽവിയും നാമെങ്ങിനെയാണ് കണക്കാക്കുന്നത്? സമൂഹത്തിലെ ഒരു ചെറിയ വിഭാഗത്തിന്റെയെങ്കിലും ജീവിതശൈലിയോ മനോഭാവമോ ആയി ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രം മാറുന്നിടത്തല്ലേ അത്?.. എങ്കിൽ കേരളത്തിൽ ഫെമിനിസത്തിന്റെ ഇന്നത്തെ അവസ്ഥ എന്താണ്? കേരളത്തിൽ സ്ത്രീകളുടെ പൊതുവായ ജീവിതപരിസരത്തിന്റെ മാറ്റത്തിന് ആവശ്യമായ ഒരു രാഷ്ട്രീയപ്രത്യയശാസ്ത്രമായി ഫെമിനിസത്തെ നോക്കിക്കാണാൻ പൊതുസമൂഹവും അതിനുതകും വിധം അതിനെ പൊതുജനമധ്യത്തിലെത്തിക്കാൻ ഫെമിനിസ്റ്റ് പ്രസ്ഥാനവും ഒരേപോലെ പരാജയപ്പെട്ടിട്ടുണ്ട്. സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ചും വാചാലരാകുന്നവർ പോലും പകൽവെളിച്ചത്തിൽ ഒരു ഫെമിനിസ്റ്റാണെന്ന് ഉറക്കെപ്പറയാൻ മടിക്കുന്നു. പ്രത്യേകിച്ചും സ്ത്രീകളും പെൺകുട്ടികളും. എന്തുകൊണ്ടാണ് ഇതത്ര മോശം ഇസമായിപ്പോയത്?... ഇതിൽ ആരൊക്കെ പങ്കാളികളാണ്?

ഒരു ചിന്താധാര എന്ന നിലക്ക് സ്ത്രീവാദത്തിനു കേരളത്തിൽ ന്യൂനതകൾ എന്തായിരുന്നു എന്നത് പരിശോധനക്കു വിധേയമാക്കുമ്പോൾ ചില വസ്തുതകളാണ് വ്യക്തമാകുന്നത്. സ്ത്രീ എന്നത് ഒരൊറ്റ സ്വത്വബോധമാണെന്നും സാർവ്വലൗകികമായി സ്ത്രീകൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് സ്വഭാവവുമാണെന്നുമാണ് സ്ത്രീവാദപ്രസ്ഥാനം ഇന്നും വിശ്വസിക്കുന്നതും പൊതുസമൂഹത്തോട് പറയാൻ ശ്രമിക്കുന്നതും. സ്ത്രീ എന്നതു ലിംഗം എന്നതിലുപരി മതം, ജാതി, ലൈംഗികാഭിമുഖ്യം, സാമ്പത്തികനില, വിദ്യാഭ്യാസം എന്നീ ഘടകങ്ങളാലെല്ലാം നിർണ്ണയിക്കപ്പെടുന്ന നിരവധി സ്വത്വങ്ങളാണെന്നും, ഓരോ സ്വത്വത്തിന്റെ പേരിലും അവളനുഭവിക്കുന്ന പ്രശ്നങ്ങളും വ്യത്യസ്തമാണെന്ന തിരി

***കേരളത്തിൽ സ്ത്രീകളുടെ പൊതുവായ ജീവിത പരിസരത്തിന്റെ മാറ്റത്തിന് ആവശ്യമായ ഒരു രാഷ്ട്രീയ പ്രത്യയ ശാസ്ത്രമായി ഫെമിനിസത്തെ നോക്കിക്കാണാൻ പൊതുസമൂഹവും അതിനുതകും വിധം അതിനെ പൊതുജനമധ്യത്തിലെത്തിക്കാൻ ഫെമിനിസ്റ്റ് പ്രസ്ഥാനവും ഒരേപോലെ പരാജയപ്പെട്ടിട്ടുണ്ട്.***

***ഒരു ആദിവാസി സ്ത്രീയുടെ, ദളിത്‌സ്ത്രീയുടെ, മുസ്ലിം സ്ത്രീയുടെ അല്ലെങ്കിൽ ഒരു ലെസ്ബിയൻസ്ത്രീയുടെ പ്രശ്നങ്ങളെ ഇതൊന്നുമല്ലാത്ത മറ്റൊരു സ്ത്രീയുടെ പ്രശ്നവുമായി താരതമ്യം ചെയ്യുക തന്നെ അസാധ്യമാണ്. ഈയൊരു മനസ്സിലാക്കലിന്റെ അഭാവത്താലാണ് ഒരു മുന്നേറ്റമെന്ന നിലയിൽ സ്ത്രീവാദത്തിന് വ്യത്യസ്ത സ്ത്രീവിഭാഗങ്ങളെ അതിന്റെ കുടക്കീഴിലേക്കു കൊണ്ടു വരാൻ കഴിയാതെ പോയത്.***

ച്ചറിവില്ലാതെ ഈ മുന്നേറ്റത്തെ മുൻപോട്ടു കൊണ്ടുപോകാൻ കഴിയില്ല. ഇത്തരത്തിലുള്ള ഒരു മനസ്സിലാക്കലിലൂടെ മാത്രമേ ഘടനാപരമായി സമൂഹത്തിന്റെ ഓരോ തട്ടിലും നില്ക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെ നമുക്ക് അഭിസംബോധന ചെയ്യാൻ കഴിയൂ. ഒരു ആദിവാസി സ്ത്രീയുടെ, ദളിത് സ്ത്രീയുടെ, മുസ്ലിം സ്ത്രീയുടെ അല്ലെങ്കിൽ ഒരു ലെസ്ബിയൻ സ്ത്രീയുടെ പ്രശ്നങ്ങളെ ഇതൊന്നുമല്ലാത്ത മറ്റൊരു സ്ത്രീയുടെ പ്രശ്നവുമായി താരതമ്യം ചെയ്യുക തന്നെ അസാധ്യമാണ്. ഈയൊരു മനസ്സിലാക്കലിന്റെ അഭാവത്താലാണ് ഒരു മുന്നേറ്റമെന്ന നിലയിൽ സ്ത്രീവാദത്തിന് വ്യത്യസ്ത സ്ത്രീവിഭാഗങ്ങളെ അതിന്റെ കുടക്കീഴിലേക്കു കൊണ്ടു വരാൻ കഴിയാതെ പോയത്.

ഓരോ സ്ത്രീയുടേയും അവളവളെക്കുറിച്ചുള്ള ജ്ഞാനത്തിൽ നിന്നു തന്നെയാണ് ഫെമിനിസം ഒരർത്ഥത്തിൽ ഉരുവാകുന്നത്. ഞാൻ എന്നെ എങ്ങിനെ നോക്കിക്കാണുന്നു എന്നത് മറ്റുള്ളവർ എന്നെ എങ്ങിനെ കാണുന്നു എന്നതിനേക്കാൾ മുമ്പ് ചിന്തിക്കേണ്ട ഒന്നാണ്. സ്ത്രീയുടെ ശരീരം തന്നെയാണ് ഒരു പുരുഷകേന്ദ്രീകൃത സമൂഹത്തിൽ പുരുഷന്റെ 'ആയുധവും', 'ഇര' യും. ഒരു ആയുധം എന്ന നിലക്കു സ്ത്രീശരീരത്തെ ഏറ്റവും നന്നായി 'ഉപയോഗിക്കുന്നത്' പുരുഷൻ തന്നെയാണ്. അവന്റെ ഇതേ മൂല്യബോധത്തിൽ നിന്നുള്ള കാഴ്ചയിൽ തന്നെയാണ് സ്ത്രീശരീരം 'ഇര'യാവുന്നതും. ആയുധം, ഇര എന്നിങ്ങനെ പുരുഷൻ തീർത്തിട്ടുള്ള രണ്ടവസ്ഥകളിലൂടെത്തന്നെയേ സ്ത്രീക്കു സ്വന്തം ശരീരത്തെ കാണാൻ കഴിയുന്നുള്ളൂ എന്നിടത്താണ് നമ്മൾ പരാജയപ്പെടുന്നത്. ആൺകാഴ്ച്ചയിലൂടെയല്ലാതെ സ്ത്രീ സ്വന്തം ശരീരത്തെ കാണാനും അറിയാനും പരിഗണിക്കാനും അനുഭവിക്കാനും ശ്രമിച്ചു കൂടേ? ഒരുവൾ സ്വയം ഇഷ്ടപ്പെടുന്ന, ബഹുമാനിക്കുന്ന, ആസ്വദിക്കുന്ന, ആഘോഷിക്കുന്ന ശരീരം അവൾക്ക് ശക്തിയും ആത്മവിശ്വാസവും പകരും. ബഹുഭൂരിപക്ഷം സ്ത്രീകൾക്കും ആണുങ്ങൾ പഠിപ്പിച്ചു വെച്ച പെൺശരീരത്തെക്കുറിച്ചുള്ള ന്യൂനതകളേ ബോധ്യമുള്ളൂ. ഇങ്ങിനെ സ്വന്തം ശരീരത്തെക്കുറിച്ച് മാറി നിന്ന് ചിന്തിക്കുന്ന ഓരോ സ്ത്രീക്കും/പെൺകുട്ടിക്കും ശരീരത്തിനുള്ളിൽ കയറി നിന്നു കൊണ്ട് അതിനെ മനസ്സിലാക്കി, ഉൾക്കൊണ്ടു കൊണ്ട് പുറത്തു കടക്കാൻ കഴിയണം. ഇത്തരത്തിലുള്ള ഒരു സ്വയം അവബോധം ഓരോ സ്ത്രീയും നേടേണ്ടതുണ്ട്.

സ്ത്രീശരീരത്തെക്കുറിച്ചുള്ള ഇത്തരം ചിന്തകളോട് ചേർന്നു നിന്നുകൊണ്ടു മറ്റു ചില കാര്യങ്ങൾ കൂടി വായിക്കാനാകും. കേരളത്തിലെ ഇടതു പ്രസ്ഥാനവും മുൻതലമുറയിൽപ്പെടുന്ന സ്ത്രീവാദികളും ഇന്നും പരാതിപ്പെടുന്ന ഒന്നാണ് സ്ത്രീശരീരത്തിന്റെ കമ്പോളവൽക്കരണം. മൂലധനവ്യവസ്ഥയുടെ തള്ളിക്കയറ്റം നമ്മുടെ ജീവിതങ്ങളിലെല്ലാം ഉണ്ടാക്കിയിട്ടുള്ള സ്വാധീനവും മാറ്റങ്ങളും നമുക്കെല്ലാവർക്കും ബോധ്യമുള്ള ഒന്നാണ്. അവയെ മുഴുവനായി അംഗീകരിക്കാനോ തള്ളിപ്പറയാനോ ഇന്നു നമുക്കു കഴിയില്ല. അംഗീകരിക്കാൻ കഴിയാത്തത് അതു മനുഷ്യരുടെ മറ്റു തരം ജീവിതസാധ്യതകളെ പൂർണ്ണമായി ഇല്ലാതാക്കി എന്നുള്ളിടത്താണ്. തള്ളിപ്പറയാൻ കഴിയാത്തത് ഇവ നല്കുന്ന സംവിധാനങ്ങളും സൗകര്യങ്ങളുമില്ലാത്ത ഒരവസ്ഥയിലേക്കു തിരിച്ചു പോകുന്നത് സ്വപ്നം കാണാൻ പോലും പറ്റാത്ത തരത്തിൽ നമ്മുടെയെല്ലാം ജീവിതം മാറിക്കഴിഞ്ഞു എന്നുള്ളതു കൊണ്ടും. ഇവിടെ കമ്പോളസാധ്യതക്കനുസരിച്ച് സ്ത്രീശരീരം ഉപയോഗിക്കുന്നിടത്തെല്ലാം സ്ത്രീവാദികൾക്ക് പ്രശ്നങ്ങളുണ്ട്. അത് സിനിമയോ, പരസ്യചിത്രങ്ങളോ, മോഡലിംഗോ, സൗന്ദര്യമത്സരമോ, ലൈംഗികത്തൊഴിലോ ആവട്ടെ!..ഇവിടെയെല്ലാം സ്ത്രീശരീരം വീണ്ടും വീണ്ടും ഇരയാക്കപ്പെടുന്നു എന്ന അർത്ഥത്തിലാണ് സ്ത്രീവാദികൾ ഇതിനെ എതിർക്കുന്നത്. സ്ത്രീകളുടെ സ്വാതന്ത്ര്യവും സ്വയം നിർണ്ണയാവകാശവും സ്ത്രീപക്ഷ മുന്നേറ്റത്തിന്റെ അവശ്യഘടകങ്ങളാണെങ്കിൽ എന്തുകൊണ്ടു നമ്മൾ ഇവക്കൊക്കെ എതിരാവുന്നു?..എന്തിനാണ് നമ്മൾ സ്ത്രീയെ വീണ്ടും വീണ്ടും അവളുടെ ശരീരത്തിനുള്ളിൽ തളച്ചിടാൻ ശ്രമിക്കുന്നത്?.. മാത്രമല്ല ഒരു പുരുഷകേന്ദ്രീകൃത സമൂഹത്തിലെ സദാചാരസംഹിതകളെയല്ലേ നാമിവിടെ വീണ്ടും ഉയർത്തിപ്പിടിക്കുന്നത്?.. ആണുങ്ങൾ പളുങ്കുപാത്രത്തിലിട്ട് സൂക്ഷിക്കുന്ന സ്ത്രീയുടെ ചാരിത്രം, വിശുദ്ധി, കന്യകാത്വം എന്നിവയയെല്ലാം ഏറ്റവും കുറഞ്ഞത് സ്ത്രീവാദികളെങ്കിലും അലങ്കാരവസ്തുവായി കൊണ്ടു നടക്കാതിരിക്കണ്ടേ?..മറ്റൊരു വസ്തുത, ഇരയാകുന്നു എന്നതാണ് നാം ഭയക്കുന്നതെങ്കിൽ മറ്റുള്ള സ്ത്രീകളേക്കാളും ഇരയാവാനുള്ള സാധ്യതകളെ മറി

കടക്കാൻ കഴിവുള്ളവർ ഇവരൊക്കെ തന്നെയാണെന്നതിൽ തർക്കമേയില്ല. നളിനി ജമീലയെപ്പോലുള്ള ലൈംഗികത്തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ള പല ചർച്ചകളിലും ഉയർന്നു വന്നിട്ടുള്ള വാദമാണ് കുടുംബത്തിനകത്തെ ഒരു ഭാര്യക്കും, ഒരു ലൈംഗികത്തൊഴിലാളിക്കും സെക്സിനെക്കുറിച്ച് എപ്പോൾ എങ്ങിനെ വേണമെന്നു തീരുമാനമെടുക്കാനുള്ള അധികാരത്തിലുള്ള വ്യത്യാസം. സ്ത്രീശരീരത്തെക്കുറിച്ചുള്ള പുരുഷകേന്ദ്രീകൃത സദാചാരമൂല്യങ്ങളിൽ നിന്നു നമുക്കു പുറത്തു കടക്കാൻ കഴിഞ്ഞാൽ അധ്യാപികയേയും, ലൈംഗികത്തൊഴിലാളിയേയും, ഡോക്ടറെയുമെല്ലാം നമുക്കു ഒരേ കണ്ണിലൂടെ കാണാൻ കഴിയും.

വളരെ ശുഷ്കം വരുന്ന കേരളത്തിലെ പുതിയ തലമുറയിൽ നിന്നുമുള്ള സ്ത്രീവാദ പിന്തുടർച്ചക്കാരുടെ ആവിഷ്കാരങ്ങളിലും ചിന്തകളിലും മുൻതലമുറക്കാർ വിമർശനാത്മകമായി കാണുന്ന ഒരു ഘടകം ലൈംഗികതയുടെ അതിപ്രസരമാണ്. സ്ത്രീശരീരവും, ലൈംഗികതയും, വ്യത്യസ്ത ലൈംഗികാഭിമുഖ്യവുമെല്ലാം ലിംഗവിവേചനത്തിന്റെ ആണിക്കല്ലായി നിലകൊള്ളുന്ന ഒരു സാമൂഹ്യാവസ്ഥയിൽ ഇതൊന്നും സംസാരിക്കാതെയോ ചർച്ച ചെയ്യാതെയോ നമ്മളെങ്ങിനെ മുന്നോട്ടു പോകും?..

***വളരെ ശുഷ്കം വരുന്ന കേരളത്തിലെ പുതിയ തലമുറയിൽ നിന്നുമുള്ള സ്ത്രീവാദ പിന്തുടർച്ചക്കാരുടെ ആവിഷ്കാരങ്ങളിലും ചിന്തകളിലും മുൻതലമുറക്കാർ വിമർശനാത്മകമായി കാണുന്ന ഒരു ഘടകം ലൈംഗികതയുടെ അതിപ്രസരമാണ്.***

വ്യത്യസ്ത സ്ത്രീസ്വത്വങ്ങളുടെ പ്രശ്നങ്ങളെ ഉപരിപ്ലവമല്ലാതെ ആഴത്തിൽ അഭിസംബോധന ചെയ്യണമെങ്കിൽ അടിസ്ഥാനപരമായി ലൈംഗികത ചർച്ച ചെയ്യുക തന്നെ വേണം. അതുകൊണ്ടു തന്നെയാണ് വ്യത്യസ്തമായി ചിന്തിക്കുന്ന പുതിയ തലമുറയിലെ ചിലരുടേയും, സമാനചിന്താഗതിയുള്ള മറ്റു തലമുറകളിൽപ്പെട്ടവരുടേയും ചർച്ചകളിൽ ലൈംഗികത ഒരു മുഖ്യവിഷയമാകുന്നത്. ഇതിനെ ആധുനികത, ആഗോളീകരണം എന്നിവയുടെയൊക്കെ സ്വാധീനമായിക്കണ്ട് അഴിഞ്ഞാട്ടമെന്നോ,അരാജകമെന്നോ വിശേഷിപ്പിച്ച് മാറ്റി നിർത്താതെ അല്ലെങ്കിൽ അവയുടെ ഇരകളെന്ന പോലെ ഇവർക്കുനേരെ വിലപിക്കാതെ ഒരു പുതിയ മാറ്റത്തിനായി പരിശ്രമിക്കേണ്ടതും നാം ഒരുമിച്ചു വരേണ്ടതുമുണ്ട്.

*(സീന പനോളി- ഡോക്യുമെന്ററി, ചലച്ചിത്രമേഖലയിൽ പ്രവർത്തിക്കുന്നു.)*


വീട്ടകങ്ങളിലും
പൊതുഇടങ്ങളിലും
പെണ്ണിന്
വിവേചനമുണ്ടെന്ന്
തോന്നുന്നുവോ? എങ്കിൽ

ANWESHI
സമത്വം നിറഞ്ഞ
പെണ്ണിനെ
ആദരിക്കുന്ന
നല്ലൊരു നാളേക്കായി
നമുക്കൊരുമിക്കാം
അന്വേഷിയോടൊപ്പം
അണിചേരൂ....
അംഗത്വമെടുക്കൂ...










**അരങ്ങിന്റെ വകഭേദങ്ങൾ**
**സജിത മഠത്തിൽ**
**ഡിസി ബുക്സ്, വില : 130**

ഒരു സ്ത്രീഅരങ്ങ് എന്തായിരിക്കണം?
സ്ത്രീനാടകം എങ്ങനെആകണം?
അഭിനയത്തിലെ സ്ത്രൈണമുദ്രകൾ എന്തെല്ലാമാണ്?
മലയാള നാടകവേദിയിൽ അരങ്ങിലെ സ്ത്രീസാന്നിദ്ധ്യം എങ്ങനെയെല്ലാമായിരുന്നു?
അതിന്റെ തുടർച്ചകളെ കണ്ടെടുക്കാനാകുമോ?
പുതിയ കാലഘട്ടത്തിൽ സ്ത്രീനാടകവേദിയുടെ പ്രസക്തി എന്തായിരിക്കും?

**അലയാളത്തിന്റെ**
**അനശ്വരകഥകൾ**
**പഠനങ്ങൾ**
**ഡോ.മിനിപ്രസാദ്**
**മാതൃഭൂമി ബുക്സ്**
**വില : 90**

മലയാളത്തിലെ എക്കാലത്തേയും മികച്ച കഥകളെന്ന് നിരൂപകരും ആസ്വാദകരും വാഴ്ത്തിയ പത്തൊൻപതു കഥകളെക്കുറിച്ചുള്ള പഠനങ്ങളുടെ സമാഹാരം.

**ആരാച്ചാർ**
**കെ.ആർ.മീര**
**ഡിസി ബുക്സ്**
**വില : 250**

കൊൽക്കത്തയുടെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഈ നോവലിനെമലയാളത്തിലെ ഇന്ത്യൻ നോവൽ എന്നു വിശേഷിപ്പിക്കാം. ഒരു ആരാച്ചാർ കുടുംബത്തിന്റെ കഥ പറയുന്ന ഈ കൃതി ഭരണകൂടം എങ്ങനെഓരോരുത്തരേയും അതിന്റെ ഇരകളാക്കുന്നു എന്നു കാണിച്ചുതരികയാണ്.




പെയിന്റിംഗ് : സാവിത്രി രാജീവൻ



സാവിത്രി രാജീവൻ



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O), Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara



പെയിന്റിംഗ് : രതീദേവി



രതീദേവി



പെയിന്റിംഗ് : നജീന